കണാദവൈശേഷികം

കണാദവൈശേഷികത്തിൻ ആമുഖം

- **വൈശേഷികസിദ്ധാന്തത്തിൽ പദാർത്ഥങ്ങള്**

ബുദ്ധിപൂർവ്വം വാക്യകൃതി വേദേ . (വൈ.സി. 6.1.1) .ബുദ്ധിപൂർവ്വം ഗ്രഹിക്കാനും സംവദിക്കാനും കഴിയുന്നവരുടെ പ്രതിഭയാണ് വേദങ്ങളിലെ വാക്യങ്ങൾ സൃഷ്ടിച്ചത് എന്ന കണാദന്റെ നിലപാട് വളരെ അർത്ഥവത്താണ്. ആന്വീക്ഷികീവിദ്യ (Reflective thinking) വൈദികഋഷിമാര്ക്കുണ്ടായിരുന്നു എന്നാണല്ലോ ഈ സൂത്രം പറയുന്നത്. പദവും പദത്തിന്റെ അർത്ഥവും ബുദ്ധിപൂർവ്വം ഗ്രഹിക്കാനും സംവദിക്കാനും കഴിയുന്ന ഒരു ഭാഷയും (പദാർത്ഥജ്ഞാനം) വാക്യകൃത്തായ വേദജ്ഞനുണ്ട് എന്നും അർത്ഥം.

കണാദന്റെ പദാർത്ഥവും അരിസ്റ്റോട്ടിലിന്റെ കാറ്റഗറിയും കൂടി ഒരു താരതമ്യം സാദ്ധ്യമാണ്. പ്രശസ്തപാദൻ ,ഉദയനൻ,ഗൌതമൻ,എന്നിവരുടെ ന്യായവൈശേഷികത്തിൽ അഭാവം ഒരു പദാർത്ഥമാണ്. എന്നാൽ കണാദന് അതിനെ പറയുന്നില്ല. തർക്കസംഗ്രഹകർത്താവായ

അന്നംഭട്ടൻ കണാദന്റെ നിലപാട് വിശദീകരിക്കുന്നു. തർക്കസംഗ്രഹത്തില് 7 പദാർത്ഥം (സപ്തപദാർത്ഥി) ദ്രവ്യം,ഗുണം,കർമ്മം, സാമാന്യം,വിശേഷം,സമവായം, അഭാവം, എന്നിവയാണ്. തർക്കസംഗ്രഹകാരന് പദാർത്ഥങ്ങളെ അഭിധാനമെന്നു വിളിക്കുമ്പോള് അന്നഭട്ടന്റെ ദീപികാഭാഷ്യം പദാർത്ഥം അഭിധേയമാണ്,അഭിധാനമല്ല, എന്നു കരുതുന്നു.

(അഭിധേയം : designating , significatory name.

അഭിധാനം : designation, significant name)

അഭിധേയം നാമകരണത്തിന്റെ കർമ്മമെങ്കില് അഭിധാനം അതിന്റെ ഫലമാണ്. നാമകരണം ചെയ്യാവുന്നതും അറിയാവുന്നതുമായ ഒരു വസ്തു ബോധാനുഭവത്തിന്റെ ഒരു ഭാഗമാണ്. എന്നാൽ പദാർത്ഥം നാമവും അതിന്റെ അർത്ഥവുമാണ്. ഒരു വസ്തുവല്ല. നാമകരണം ചെയ്യാവുന്നതല്ല,പക്ഷേ ഗ്രഹിക്കാവുന്നതാണ്. പദം ഒരു ഓബ്ജക്റ്റ് (വസ്തു)അല്ല, ഒരു വാക്ക് (term)ആണ് .പദാര്ത്ഥഗ്രഹണമെന്നത് വാക്കും അതിന്റെ അര്ത്ഥവും ഗ്രഹിക്കുക എന്ന ഭാഷാപരമായ ഗ്രാഹ്യശക്തി എന്ന സങ്കുചിതമായ അര്ത്ഥമല്ല. നാമകരണം ചെയ്യാനാവാത്ത ഒരു പദാര്ത്ഥത്തെ ഗ്രഹിക്കുക എന്ന വിശാലാര്ത്ഥം കൂടി അതിലടങ്ങിയിട്ടുണ്ട്. തത്വജ്ഞാനത്തില് നാമകരണം ചെയ്യപ്പെട്ട അനേകം വിശേഷങ്ങളും സാമാന്യങ്ങളുമായ പദാര്ത്ഥങ്ങളുടെ സാധര്മ്മ്യവൈധര്മ്മ്യങ്ങളോടൊപ്പം നാമകരണം ചെയ്യപ്പെടാനാവാത്ത പദാര്ത്ഥഗ്രഹണവും കൂടി ഉള്ച്ചേര്ന്നിരിക്കുന്നു.(വൈ.സി. 1.1.4).അരിസ്റ്റോട്ടിൽ being നെ ആദ്യം ഋണാത്മകമായി സമീപിച്ച് വൈരുദ്ധ്യങ്ങളെ ഒന്നൊന്നായി നീക്കുന്നു. കണാദൻനേരിട്ട് അതിലേക്ക് പ്രവേശിക്കുന്നു. അത് രണ്ടു കാരണം കൊണ്ടാവാം.

1. കണാദനു മുമ്പേ ഈ വിഷയം സംസ്കൃതഭാഷയിൽ ഇന്ത്യയിലെ പഴയ ഋഷിമാർചർച്ച ചെയ്തിട്ടുണ്ട്. ഗ്രീസിൽഅങ്ങനെയല്ല. അര്സ്റ്റോട്ടിൽ ആ വിഷയം ആദ്യമായി അവിടെ അവതരിപ്പിക്കയാണ്.
2. സംസ്കൃതഭഷയിൽ നാമമായും ക്രിയയായും (predicative)ഒരേ സമയം ഉപയോഗിക്കാവുന്ന ഒരു വാക്ക് എന്ന പ്രത്യേകത പദാർത്ഥത്തിനുണ്ട്. Is (est) being(on) beingness (onsia)beingly(ontos) എന്ന രീതിയിലാണ് ഗ്രീക്കുഭാഷ. ഓക്സ്ഫോഡ് തർജ്ജമയില് (അരിസ്റ്റോട്ടിൽകൃതികള്).being = to on= what there is, what exists .ta onta=things that are'; existing things(pleural noun)എന്നാണ്.

പണ്ഡിതകാശിനാഥശർമ്മ തന്റെ കൃതിക്കുള്ള അവതാരികയില് (റഫ.2)ഇന്തോളജി വിദ്യാർത്ഥികൾക്ക് സാധാരണ പറ്റുന്ന ചില പിഴവുകൾചൂണ്ടിക്കാണിക്കുന്നു:-

ബുദ്ധജൈനമതദർശനങ്ങൾക്കു മറുപടിയായിട്ടാണ് ഇന്ത്യയിലെ ഷഡ്ദർശനങ്ങളു ണ്ടായതെന്ന തെറ്റിദ്ധാരണ. ബുദ്ധിസത്തിനു ശേഷമുണ്ടായ ദർശനസൂത്രഭാഷ്യങ്ങളി ൽ ധാരാളം വൈരുദ്ധ്യങ്ങളുണ്ട്. പ്രാചീനദർശനസൂത്രങ്ങളില് യാതൊരു വൈരുദ്ധ്യ വും കാണുന്നില്ല.(സിദ്ധാന്തസ്മൃതികളിൽ).സിദ്ധാന്തസ്മൃതികൾഒരിക്കലും നഷ്ടപ്പെട്ടുകയു ണ്ടായിട്ടില്ല. അവയിൽ ബുദ്ധിസത്തിനുശേഷം വ്യക്തിവൈരുദ്ധ്യങ്ങള് വരികയാണു ണ്ടായത്. ബുദ്ധിസത്തിനു സഹസ്രാബ്ദങ്ങൾക്കുമുമ്പ് സൂത്രങ്ങള് ഇന്ത്യയില് പ്രചാര ത്തിലുണ്ട്. അവയാണ് പിന്നീട് ഇവിടെ ബുദ്ധിസവും ജൈനിസവും ഉണ്ടാവാൻ കാര ണമായിത്തീർന്നത്.അല്ലാതെ ബുദ്ധിസത്തിനു മറുപടിയായിട്ടല്ല ഷഡ്ദർശനങ്ങളു ണ്ടായത്. ബുദ്ധമതകാലത്തിനു ശേഷമുള്ള ന്യായശാസ്ത്രത്തിന് നവ്യന്യായം എന്ന്പേരു കൊടുത്തിരിക്കുന്നതുതന്നെ പ്രാചീനഋഷിമാരുടെ സ്മാർത്തന്യായത്തിന്റെ ഒരു പുതിയ അവതാരമാണെന്നതിന് തെളിവാണ്.

പ്രപഞ്ചം ഉണ്ടായിട്ട് ഏതാനും സഹസ്രം വർഷങ്ങളേ ആയിട്ടുള്ളു എന്ന പഴയ ക്രിസ്ത്യ ൻതിയോളജിയുടെ അബദ്ധം വിശ്വസിച്ചുകൊണ്ട് ഇന്തോളജി പഠിക്കാനൊരുങ്ങുന്നത് അടുത്ത അബദ്ധം. 18ആം നൂറ്റാണ്ടിലെ ഇന്തോളജിസ്റ്റിനു പറ്റിയ ഈ അബദ്ധം ഇപ്പൾശാസ്ത്രം തിരുത്തിക്കൊണ്ടിരിക്കയാണ്. ശാസ്ത്രത്തിന്റെ കണക്കും ഇന്ത്യയുടെ യുഗ,കൽപ്പഗണനയും ശ്രദ്ധിക്കേണ്ടതാണ്.

മനുഷ്യൻകൃമികീടത്തിൽനിന്നു ജനിച്ചു എന്നും ഇന്നത്തെ മനുഷ്യനോളം ബുദ്ധി പ്രാചീ നമനുഷ്യനുണ്ടായിരുന്നില്ലെന്നും അടുത്ത അബദ്ധം. ശാസ്ത്രവും പുരാവസ്തുഗവേഷണവും ഈ അബദ്ധവും തിരുത്തിക്കൊണ്ടിരിക്കയാണ്.

മനുഷ്യാനുഭവത്തിന്റെ വികാസത്തിന്റെ ചരിത്രമാണ് തത്വചിന്ത എന്നും അതിന് ഏ താനും സഹസ്രം വർഷത്തെ പഴക്കമേ ഉള്ളു എന്നും അടുത്ത തെറ്റിദ്ധാരണ.

ഋതംഭരപ്രജ്ഞയുള്ള ഋഷിമാരുടെ സ്മാർത്തചിന്തയുടെ നട്ടെല്ലായ കണാദന്റെ തത്വചിന്തയെ ഉപേക്ഷിച്ച് നവ്യന്യായം ആ സ്ഥാനത്തു പ്രതിഷ്ഠിച്ചത് പിന്നത്തെ അബദ്ധം.

വൈശേഷികസിദ്ധാന്തത്തിലെ സമവായ(കണ)സിദ്ധാന്തത്തിന് വേണ്ടത്ര പ്രാധാന്യം കൊടുക്കാതിരിക്കുന്നത്. സാംഖ്യ,യോഗദർശകരായ കപില,ഹിരണ്യഗർഭന്മാരുടെ കാലത്തും പരമാണുവിനെ കുറിച്ച അറിവുണ്ടായിരുന്നില്ലേ. ബ്രഹ്മസൂത്രകാരന് പരമാണുവിനെ അറി ഞ്ഞിരുന്നില്ലേ. എന്നിട്ടും കണാദ,വാമദേവന്മാരെപ്പോലെ എന്തുകൊണ്ട് അവരതിനെ വിശദീകരിച്ചില്ല.തത്വചിന്ത പ്രപഞ്ചാനുഭവത്തെ 3 ശീർഷകങ്ങളിലാണ് പഠിച്ചിരുന്നത്. പ്രമാണശാസ്ത്രം(Epistomology) പ്രമേയശാസ്ത്രം (Ontology) ധർമ്മ ശാസ്ത്രം(Ethics).

Epistomology (പ്രമാണശാസ്ത്രം)

All knowledge is vibrational phenomenon in its different modified forms in accordance with the corresponding modified states of its medium called Sathwa, and admits of all the implicit considerations associated with the theory of wave motion. ജ്ഞാനം സത്വഗുണമെന്ന മീഡിയത്തിൽഅതിന്റെ തന്നെ വ്യത്യസ്തരൂപങ്ങളായ ചലനകമ്പനങ്ങളുടെ തരംഗഗതിയാണെന്ന സിദ്ധാന്തമാണ് പ്രമാണശാസ്ത്രത്തിന് ആധാരം. വൈശേഷികമാർഗ്ഗത്തില് ആത്മജ്ഞാനം ബുദ്ധി,മനസ്സ്,കായം ഇവയിലൂടെ പ്രവഹിച്ച് പുറത്തെ വസ്തുക്കളിലെത്തുകയാണ്. ഇതുപോലെ ഒരു തരംഗം പുറത്തെ വസ്തുക്കളിൽനിന്ന് കായം,മനസ്സ്,ബുദ്ധിവഴി ആത്മാവിലേക്കും പ്രവേശിക്കുന്നുണ്ട്. അവയുടെ പരസ്പരയോഗം കൊണ്ട് ആത്മാവിൽജ്ഞാനം ഉദിക്കുന്നു.ഇതിനെയാണ് നാം ഇന്ദ്രിയപ്രത്യക്ഷം (organic perceptions or empirical knowledge) എന്നു പറയുന്നത്. ഇന്ദ്രിയപ്രത്യക്ഷത്തെ ആധാരമാക്കിയാണ് വൈശേഷികദർശനം. സൂക്ഷ്മതലത്തിലുള്ള സൂക്ഷ്മഹ്രസ്വതരംഗങ്ങൾക്ക് തരംഗവേഗത കൂടും. (high frequency) ഇവയെ ഗ്രഹിക്കാൻ സ്ഥൂലമായ ഇന്ദ്രിയങ്ങൾക്ക് സാധിക്കയില്ല. അതിനാൽഅവ ഇന്ദ്രിയങ്ങൾകൂടാതെ നേരിട്ട് മനസ്സിലൂടെ ദർശിക്കണം. ഇതിനെ യോഗപ്രത്യക്ഷമെന്നു പറയും. യോഗപ്രത്യക്ഷത്തെ ആധാരമാക്കിയ താർക്കികവും യുക്തിഭദ്രവുമായ ചിന്തയെ പ്രസംഖ്യാനം എന്നുപറയും.ഇതിനെ ആധാരമാക്കിയതാണ് സാംഖ്യ,യോഗദർശനങ്ങള് . ഇതിനും അപ്പുറത്ത് കാരണതലത്തിലെ സൂക്ഷ്മതമങ്ങളായ തരംഗങ്ങളുണ്ട്. (Highest frequency order) അവയെ മനസ്സിനോ ബുദ്ധിക്കോ ഗ്രഹിക്കാനാവി ല്ല. പൂർണ്ണമായി മനസ്സും ബുദ്ധിയും അടങ്ങിയ സമാധി അവസ്ഥയിലാണ് (ബ്രാഹ്മീ സ്ഥിതി)ഈ മൈക്രോതരംഗങ്ങളെ ആത്മാവ് ഗ്രഹിക്കുന്നത്. ഇപ്രകാരം ഉള്ളത് അദ്ധ്യാത്മദർശനം അഥവാ അദ്ധ്യാത്മദൃഷ്ടി. ഈ അവസ്ഥയിൽ ആത്മാവ് ഒരു അപൂർവ്വശക്തി(energy)യെ നാദരൂപമായി അനുഭവിക്കുന്നു. പ്രകൃതിയുടെ വികാസത്തിനു കാരണമായ ഈ അവ്യക്തോർജ്ജത്തെ നാദബ്രഹ്മം (ലോഗോസ്) എന്നു വിളിക്കുന്നു. ഈ നാദത്തെ അതീവസൂക്ഷ്മമായ ചെറിയ കണങ്ങൾ അഥവാ ഊർജ്ജ ഭാണ്ഡങ്ങളായി (കലാകതമം)അനുഭവിക്കാം. ഇവയുടെ എണ്ണം ,ഗുണം എന്നിവ അനുസരിച്ചാണ് സ്ഥൂലവസ്തുവിന്റെ (പ്രകൃതി)ഗുണം ,രൂപം. ഓരോ പദത്തിലും ഇത്തരം അനേകം കലാമാത്രകളിരിക്കുന്നു. പദങ്ങളുടെ ഒരു സമാഹാരം പ്രകൃതിയിലെ ഒരു പ്രത്യേകവസ്തുവിന്,(ഗുണത്തിന്), തുല്യമായ തരംഗസ്വഭാവത്തോടുകൂടിയ ഒരു മന്ത്രമാണ്. അതിനെ ഒരു ക്രമത്തിൽ താളത്തിൽ,ആവർത്തിക്കുന്നതാണ് ആമ്നായം. അതീന്ദ്രിയജ്ഞാനതലത്തിൽനിന്നു വരികയാൽ,അത് ആഗമമാണ്. സൃഷ്ടിക്കുന്ന വസ്തുവിന്റെ അർത്ഥം കൂടി ദ്യോതിപ്പിക്കുന്നതു കൊണ്ട് (dialectic ആയതുകൊണ്ട്) അതു തന്നെ നിഗമവുമാണ്. നാദരൂപമായ ഈ ഊർജ്ജദർശനം ദർശനം മാത്രമല്ല,ശ്രുതിയുമാണ്. ഇതിനെ മന്ത്രദർശനമെന്നും പറയും. ഋഷി ഒരു മന്ത്രദ്രഷ്ടാവാണ്. വേദാന്തത്തിന്റെ ശ്രോതമാർഗ്ഗം ശ്രുതി(വേദം) ആണ്.സ്ഥൂലവസ്തുക്കൾ ,മനശ്ശാസ്ത്രം എന്നിവയിലൂടെ ഇത് ഗ്രഹിക്കാനാവില്ല. അതിനാൽഅ

തിന്റെ പഠനത്തിനായി ഗുരുശിഷ്യന്മാർഉപയോഗിക്കുന്ന dialectical മാര്ഗ്ഗമാണ് മീമാംസ. അതിനെ സാംഖ്യ,യോഗ,വൈശേഷിക, ന്യായദര്ശനങ്ങളെല്ലാം സഹായിക്കുന്നുണ്ട് . സത്യം ഒന്നേയുള്ളു. ഏതുമാർഗ്ഗത്തിലൂടെ പോയാലും അവിടെത്തന്നെ എത്തേണ്ടതാണ്. അതുകൊണ്ട്,സത്യത്തെ പരിശോധിക്കുന്ന കൂലങ്കഷമായ പ്രക്രിയയിൽ ഇവയെല്ലാം ഉപയോഗിക്കേണ്ടിവരുന്നു. 3 മാർഗ്ഗങ്ങളിലൂടെയും(സാംഖ്യയോഗങ്ങള്,വൈശേഷികന്യായങ്ങൾ,പൂർവ്വഉത്തരമീമാംസകൾ) പരീക്ഷിച്ച് സത്യമെന്ന് ബോദ്ധ്യപ്പെട്ട ജ്ഞാനമാണ് യഥാർത്ഥജ്ഞാനം.ഇതാണ് ഭാരതത്തിലെ തത്വശാസ്ത്രത്തിന്റെ കേന്ദ്ര ബിന്ദു. ഇത്രയും ശാസ്ത്രീയമായ ഒരു സമീപനം മറ്റെവിടെയും ഉണ്ടായിരുന്നില്ല. ഋഷിമാർയോഗസമാധിയില്, ദർശിച്ചു, ശ്രുതിയായി കേട്ട് അറിഞ്ഞു. അനേകം പൂർവ്വപ്രപഞ്ചങ്ങളിലുണ്ടായിരുന്ന പൂർവ്വികരുടെ ജ്ഞാനവും താന്താങ്ങളുടെ ദർശനവും ശ്രുതിജ്ഞാനവും ബുദ്ധിക്കും യുക്തിക്കും നിരക്കുന്ന രീതിയിൽഅപഗ്രഥിച്ച്,മനനംചെയ്ത്,ആ സ്മൃതിയെ അടുത്ത തലമുറകൾക്കായി സമാഹരിച്ചു. ഇപ്രകാരം ദർശനവും മനനവും ചേർന്ന തത്വചിന്തയാണ് സ്മാർത്തചിന്തയായി അറിയപ്പെട്ടന്നത്. വൈദികജ്ഞാനത്തെ ഉപേക്ഷിച്ച് പ്രത്യക്ഷവും ബൌദ്ധികവുമായതിനെ മാത്രം ആധാരമാക്കുന്ന ദ ർശനത്തെ നാസ്തികമെന്നു പറയുന്നു. രണ്ടിനേയും ഉപയോഗിക്കുന്നതിനെ ആസ്തികമെന്നാണ് പറയുക.സ്മാർത്തചിന്ത ആസ്തികവിഭാഗത്തിലാണ് പെടുന്നത്. വേദത്തെ (മീമാംസയെ)നിരസിക്കുന്നതെല്ലാം നാസ്തികമാണ്. സത്തിലാണ് തരംഗചലനം. ചിന്ത സംഭവിക്കുന്നത് സത്യത്തിലാണ്. ഈ ചിന്താസമ്പ്രദായമാണ് സാംഖ്യം. സാംഖ്യത്തിലാരംഭിക്കുന്ന സർഗ്ഗത്തേയും വിശേഷത്തിലവസാനിക്കുന്ന വൈശേഷികമായ ബാഹ്യപ്രപഞ്ചത്തേയും സാംഖ്യദർശനം കൂലങ്കഷമായി വിചാരവിധേയമാക്കുന്നു. സർഗ്ഗം(cosmology) ,വിസർഗ്ഗം,(anthropological creation ഇവ രണ്ടും അതിന്റെ പരിധിയിൽപ്പെടുന്നുണ്ട്. അതുകൊണ്ട്, ആസ്ട്രോണമി, ആ സ്ട്രോഫിസിക്സ്, ബയോളജി, മെഡിസിൻമുതലായ ശാസ്ത്രങ്ങളെല്ലാം ഇതിന്റെ വിഷയങ്ങളാണ്. ശ്രുതിപ്രകാരം ജീവാത്മാവ് ബ്രഹ്മത്തിന്റെ ഒരു തുടർച്ചയോ അനുബന്ധമോ പ്രതിബിംബമോ ഒക്കെ ആണ് .എന്നാലതിന് പൂർണ്ണസ്വാതന്ത്ര്യമില്ല എന്ന് ഒരു വ്യത്യാസമുണ്ട്. ഒരു മൈക്രോകോസ്മോസ് ആണത്. മൈക്രോകോസ്മോസിന്റെ സർഗ്ഗം കോസ്മോസിന്റെ സർഗ്ഗത്തെ ആശ്രയിച്ചാണ് .പ്രപഞ്ചമില്ലെങ്കിൽ ജീവാത്മാവുമില്ല. ബ്രഹ്മസിന്ധുവിലൊഴുകുന്ന ഒരു മഞ്ഞുകട്ടയാണ് ജീവാത്മാവ്. ബ്രഹ്മസിന്ധുവിലലിഞ്ഞു ചേരുന്നതു വരെയേ അതിന് വേറിട്ട് ഒരു നിലനിൽപ്പുള്ളു. ലയനത്തി ൽഅമൃതപദം ചേരുന്ന ജീവാത്മാവും പരമാത്മാവും ഒന്നാണ്. വേദാന്തത്തിലെ അദ്വൈതവാദമാണത്. ദ്വൈതവാദം ഇത് നിരസിക്കുന്നില്ല. ദ്വൈതവും അദ്വൈതവും തമ്മിലുള്ള വ്യത്യാസം പലരും ശരിക്കു മനസ്സിലാക്കിയിട്ടില്ല. ജീവാത്മാവിന്റെ ഉത്ഭവത്തെക്കുറിച്ച് അദ്വൈതം ഒന്നും പറയുന്നില്ല. ആ ഭാഗം ദ്വൈതികൾ ഒട്ടേറെ പറയുന്നു. സത്തും ചിത്തും ആനന്ദവും ഒന്നാവുന്ന സായൂജ്യം ദ്വൈതികളും അംഗീകരിക്കുന്നുണ്ട്.

ഇവിടെ സാംഖ്യം കപിലസാംഖ്യമതം,സാംഖ്യയോഗമെന്ന് രണ്ടുമാർഗ്ഗമായി പിരിയുന്നു. ജീവാത്മാവിനെ പരമാത്മാവിൽനിന്ന് വിഭിന്നമായ കപിലപുരുഷനായി ഗണിക്കുന്നതാണ് കപിലസാംഖ്യം.ഇതിന് അദ്ധ്യാത്മസ്മൃതി എന്നും പേരുണ്ട്. യോഗസാംഖ്യം കോസ്മിക് സർഗ്ഗത്തെ പ്രധാനമായി പരിഗണിക്കുന്ന ശാഖയാണ്. സത്ത്, അതിന്റെ രൂപവികാസഭേദങ്ങൾ,ഇവയോടൊപ്പം അതിന്റെ ജ്ഞാനം ഉദിക്കുന്ന ബോധമണ്ഡലത്തിലും രൂപവികാസഭേദങ്ങൾസംഭവിക്കുന്നു. ഒരു കേന്ദ്രബിന്ദു കൂടാതെ ഒരു സങ്കീർണ്ണ ദ്രവ്യവും സ്ഥിരമായിരിക്കുന്നതല്ല. അതുപോലെ പ്രപഞ്ചത്തിനും ഒ രു കേന്ദ്രത്തേയും അതിനെ ചുറ്റിയ കേന്ദ്രീകൃതമായ ക്രമീകൃതമായ സമവായത്തേയും നിർണ്ണയിക്കുമ്പോൾ,ആത്മാവെന്ന കേന്ദ്രത്തെ അംഗീകരിക്കുന്നു. ശ്രുതി 3 തരം പുരുഷനെ അംഗീകരിക്കുന്നു:- ആദിദൈവതപുരുഷന്,വിരാട്പുരുഷ ൻ,അദ്ധ്യാത്മപുരുഷ ൻ. വേദത്തിന്റെ ബ്രാഹ്മണങ്ങളിൽ ഈ ontology വേദാന്തം ഉപയോഗിക്കുന്നു. പ്രപഞ്ചത്തിന്റെ ആധിഭൌതികമായ അവസ്ഥയെയാണ് വൈശേഷികദർശനം വിഷയമാക്കുന്നത്. ആധിഭൌതികത്തിന്റെ മിഥുനമായിട്ട് ബോധത്തിൽവരുന്ന മായാശാസ്ത്രം അതിനാല് ആധുനികശാസ്ത്രം ,ടെക്നോളജി എന്നിവയിലാണ് പെടുന്നത്. ഈ കാരണം കൊണ്ടാണ് ഇന്നത്തെ ഇന്തോളജിസ്റ്റ് സ്മാർത്തചിന്ത അറിഞ്ഞിരിക്കണമെന്നു പറഞ്ഞത്. ആധിഭൌതികവും സ്ഥൂലവുമായ പ്രപഞ്ചത്തിന്റെ തന്നെ വേഗത, അതു കൊണ്ടു ചെയ്യാവുന്ന ടെക്നോളജി,യന്ത്രങ്ങൾ-ഇതെല്ലാം മാറിമാറിവരും. ശാശ്വതമല്ല. യഥാർത്ഥമായ സത്തയല്ല. സ്മാർത്തചിന്തയില് ഒരു പ്രത്യേക കാലഘട്ടത്തിൽ,ഒരു പ്രത്യേകവിഷയത്തെക്കുറിച്ച് ഒരു പ്രത്യേകവ്യക്തി എന്തുപറഞ്ഞു എന്നതിനേക്കാളും ശ്രുതി എന്തുപറഞ്ഞു ,അത് യുക്തിക്കു നിരക്കുന്നതാണോ എന്നതാണ് ചോദ്യം. ഷഡ്ദർശനങ്ങളില്,ഒന്നിൽമറ്റൊന്നു പറയുന്നത് കാണുന്നില്ല എന്നും അവർതമ്മിൽമത്സരവും വെറുപ്പും നിലനിന്നിരുന്നു എന്നുംപറയുന്നത് , ഇന്ത്യൻപീനൽകോഡിൽ, അലോപ്പതിമെഡിസിനോ ജ്യോതിഷമോ കാണാനില്ല എന്നു പറയുന്നപോലെയാണ്. ക്ഷേത്രം നിർമ്മിക്കുന്ന ശിൽപ്പി ദൈവത്തെക്കുറിച്ച് ഒന്നും പറഞ്ഞില്ല എന്നു പറയുന്ന പോലെയുമാണ്.വേദത്തെ ആധാരമാക്കിയവയാണ് ആറു ദർശനവും. അവയും വേദം പോലെ അത്രതന്നെ പഴക്കമുള്ളവയാണ്. സ്മാർത്തചിന്തകരായ ഋഷിമാരുടെ വേദകാലത്തെ ചിന്തകളുടെ സ്മൃതിയാണ് അവ. വേദപ്രാമാണ്യം ഉള്ളവയാണ്.

പ്രമേയശാസ്ത്രം:-

പ്രപഞ്ചത്തിന്റെ മൂലകാരണമെന്ത്. അതെങ്ങനെ എന്തിന് സൃഷ്ടിക്കപ്പെട്ടു. ശ്രുതിയിൽബ്രഹ്മമാണ് മൂലകാരണം. അത് സ്യന്ദനം ചെയ്യുന്ന രസസിന്ധുരൂപത്തില്, സത് അഥവാ ആപസ്സ് എന്ന് അറിയപ്പെടുന്നു. സത് എന്ന ദ്രവ്യം എപ്പോഴും ശാന്തമായി ചലനമറ്റ് (വിശ്രാന്തി)സർവ്വവ്യാപിയായിരിക്കുന്ന ചിത്ത് അഥവാ ഊർജ്ജമാണ്.

(എനർജ്ജി).പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടുംമുമ്പ് അതിന്റെ പൂർണ്ണരൂപം ആ സദ്,ചിദാകാശത്തി ൽ ചിന്തിക്കപ്പെട്ടു,അഥവാ പ്രതിബിംബിച്ചു. ഈ ബോധപ്രഞ്ചത്തെ അസദ്ബ്രഹ്മമെന്നും ,പ്രതിബിംബിക്കപ്പെട്ട അഥവാ ചിന്തിക്കപ്പെട്ട പ്രക്രിയയയെ വിവർത്തമെന്നും പറയുന്നു. ചിന്തിക്കപ്പെട്ട പ്രപഞ്ചം സൃഷ്ടിക്കപ്പെടട്ടെ എന്ന ചിന്ത (ഇഛാശക്തി)നാദോർജ്ജം
അഥവാ നാദബ്രഹ്മമായി സത്തിൽ ചലനതരംഗങ്ങളുണ്ടാക്കി. ചലനതരംഗങ്ങളുണ്ടാക്കുന്ന മാറ്റങ്ങൾ പരിണാമം (evolution)എന്ന് അറിയപ്പെടുന്നു. പരിണാമശക്തി അഥവാ ക്രിയോർജ്ജത്തെ രജോഗുണമെന്നു വിളിക്കുന്നു.ഇപ്രകാരം വിശ്രാന്തിലയരൂപമായി സാത്വികമായ ആപസ്സിൽ രജോഗുണപ്രധാനവും ചലനരൂപവുമായ പ്രപഞ്ചം ഉണ്ടായി. ഈ സർഗ്ഗക്രമത്തെ സത്കാര്യവാദം (സത് എന്ന കാരണത്തിൽനിന്ന് കാര്യമായ പ്രപഞ്ചം ഉണ്ടായി)എന്നു പറയുന്നു.
വിവർത്തവാദം സത്തിൽത്തന്നെ സത്തിന്റെ തന്നെ പ്രതിബിംബമാണ് . സത്കാര്യവാദം ആ പ്രതിബിംബത്തില്നിന്ന് ഇഛാശക്തിയാലുണ്ടാവുന്ന രജോഗുണപ്രപഞ്ചസൃഷ്ടിയും. ആദ്യത്തേത് ശുദ്ധസത്വചിത്തരൂപം,രണ്ടാമത്തേത് അതിൽനിന്നുണ്ടായ ബോധപ്രപഞ്ചം .മൂന്നാമത്തേത് അതിന്റെ പ്രവർത്തനഫലമായുണ്ടായ നാമരൂപാത്മകദൃശ്യപ്രപഞ്ചം. വിശ്രാന്തികാലത്ത് തമസ്സ് അഥവാ നിദ്രയുണ്ട്. ഓരോരോ ചലനവേഗതകളിൽ, വ്യത്യസ്ത ഫ്രിക്വൻസിതരംഗങ്ങളാല് സൃഷ്ടിക്കപ്പെടുന്ന വിശേഷരൂപങ്ങളായ (individualized)പദാ ർത്ഥങ്ങ ൾ ആദ്യമുണ്ടായിരുന്ന സാമാന്യത്തിന്റെ ക്രമത്തിലുള്ള വികാസപരിണാമങ്ങൾ മാത്രമാണ്. ഇപ്രകാരമുള്ള ക്രമമായ സാന്ദ്രീകൃതാവസ്ഥയിൽ ദ്രവ്യം ഉണ്ടാവുന്നു. ദ്രവ്യത്തിന് സത്തിന്റെ അഥവാ ആപസ്സിന്റെ സ്യന്ദനശക്തി പൂർണ്ണമായി നഷ്ടപ്പെടുന്നു. സാന്ദ്രീകൃതമായ ദ്രവ്യത്തിന്റെ ആദിമരൂപമായി പരമാണു ഉണ്ടായി. അതുതന്നെയാണ് ദ്രവ്യവികാസത്തില് അവസാനത്തെ വിശേഷം. കാരണം,അതിന്റെ അപ്പുറം ഒരു പരിണാമം അതനുവദിക്കുന്നില്ല. ഭൌതികവസ്തുക്കളെല്ലാം തന്നെ ഈ പരമാണുവാല് നിർമ്മിതമാണ്. 4 തരം പരമാണുക്കളുണ്ട്. 1. വായു,2. തേജസ്സ്,അഗ്നി,വൈദ്യുതിശക്തി.3. ആപസ്, ജലം ഇതു രണ്ടും ചേർന്നത്.4.പൃഥ്വി. ഇതുമൂന്നും ചേർന്നതിനോട് ആകാശപരമാണു കൂടിചേ ർന്നത്.
പരമാണുവുണ്ടായശേഷമുള്ള സർഗ്ഗത്തെ വൈശേഷികര് ദ്രവ്യാരംഭമെന്നു വിളിക്കുന്നു. ആരംഭവാദമെന്നാണ്, പരിണാമവാദമെന്നല്ല ,സൃഷ്ടിയെ വൈശേഷികർ വിളിക്കുന്നത്. പരമാണുക്കളുടെ ചേർച്ച അഥവാ സമവായം കൊണ്ട് അണുക്കൾ(ആറ്റം)അണുക്കളുടെ സമവായം കൊണ്ട് ത്രുടി(മോളിക്യൂളുകൾ,ത്രിടികളുടെ സമവായം കൊണ്ട് സ്ഥൂലദ്രവ്യം-സ്മാർത്തചിന്തയുടെ പ്രമാണവും പ്രമേയവും ഇപ്രകാരം മനസ്സിലാക്കിയാൽവേദാന്തവും പ്രപഞ്ചഘടനയും തമ്മിൽ വൈരുദ്ധ്യമില്ല. പരമാണു ആദ്യത്തെ ദ്രവ്യസർഗ്ഗാരംഭവുമാണ്

, അവസാനത്തെ വിശേഷവുമാണെന്നത് ആധുനികശാസ്ത്രവും സമ്മതിക്കുന്നുണ്ടല്ലോ.

ധർമ്മശാസ്ത്രം

സംസ്കൃതഭാഷയിൽ ധർമ്മപദം ഒരു സമാഖ്യയാണ്.(multivocal term) ഒരു വസ്തുവിന്റെ ഗുണങ്ങളും ക്രിയകളുമാണ് അതിന്റെ ധർമ്മം. ധർമ്മത്തോടുകൂടിയ വസ്തുവാണ് ധർമ്മി. ഇന്ദ്രിയങ്ങൾക്കതീതമാകയാൽ(അതീന്ദ്രിയം) ധർമ്മത്തെക്കുറിച്ച് നമുക്കറിയാനാവുന്നില്ല.സ്വധർമ്മം,പരധർമ്മം എന്നിവ ധർമ്മത്തിന്റെ രണ്ടു സ്റ്റേജുകളാണ്. അവയെ നാം ലക്ഷണമറിയുന്നില്ല. അവ നമ്മുടെ ബുദ്ധിമേല് ഉണ്ടാക്കുന്ന ഫലങ്ങളെക്കൊണ്ട് നാം അവയെ ചുവപ്പ്,പച്ച,നീല മുതലായ വർണ്ണങ്ങളായി അറിയുന്നു. ഈ അവസ്ഥയിൽ അവ ലക്ഷണധർമ്മങ്ങളെന്നറിയപ്പെടുന്നു. (empirical knowledge) നാദതരംഗങ്ങൾ വർണ്ണ രൂപത്തിൽ വൈദ്യുതകാന്തതരംഗങ്ങളായി ജൈവോർജ്ജമണ്ഡലത്തില് പ്രത്യക്ഷമാകുന്നതാണ് അവ. ശരീരത്തിലെ നാഡീകേന്ദ്രങ്ങളിൽ ഇവ ശക്തമായി കാണുന്നു. നമ്മുടെ ലക്ഷണധർമ്മമനുസരിച്ചാണ് നാം സ്വധർമ്മ,പരധർമ്മങ്ങളെ ഗ്രഹിക്കുന്നത്. ശ്രദ്ധാപൂർവ്വം യുക്തിപൂർവ്വം ശ്രമിച്ചാല് അവയുടെ വിവിധമാർഗ്ഗങ്ങൾ(ജ്ഞാനമാർഗ്ഗങ്ങൾ) ധരിക്കാനും നമുക്കു സാധിക്കും.ഇപ്രകാരം ധരിച്ച് നമ്മുടെ ധർമ്മത്തെ നന്മയിലേക്കു മാറ്റാനുള്ള പ്രായോഗികക്രിയയാണ് കർത്തവ്യകർമ്മം. ധർമ്മലോകത്തിലെ (യമധർമ്മലോകത്തിലെ) തരംഗങ്ങൾ നമ്മില് മൂന്നാംഘട്ടമായ ലക്ഷണധർമ്മം,നാലാംഘട്ടമായ കർത്തവ്യകർമ്മം എന്നീ രീതിയിലാണ് അറിയുന്നതും പ്രകടമാവുന്നതും. ശരീരദ്രവ്യത്തിൽ 9 ഘടകമുള്ളതില് ആത്മാവ് ഒന്നുമാത്രമാണ് ബോധമുള്ള ചിത്ത്. മറ്റ് 8 ഘടകം അചേതനപിണ്ഡമാണ്.ആദ്യത്തെ 3 ധർമ്മങ്ങളെ കുറിച്ച അറിവും വിചിന്തനവും ശാസ്ത്രമാണ്.(science) നാലാമത്തേത് യാന്ത്രികമായ (അറിവുകൂടാതെയുള്ള) എല്ലാ പ്രവർത്തനവുമാണ്. ടെക്നോളജിയെ ഉപയോഗിക്കുന്നതുകൂടി ഈ ഇനത്തിലാണ് പെടുന്നത്. ദ്രവ്യത്തിന്റെ ഗുണമായ ചലനനിയമങ്ങൾ അറിഞ്ഞുപ്രവർത്തിക്കുന്നത് ശാസ്ത്രം .അറിയാതെ പ്രവർത്തിക്കുന്നത് യാന്ത്രികം. മായാവാദം ഇതിനെയാണ് പരാമർശിക്കുന്നത്. പ്രപഞ്ചപ്രവർത്തനനിയമങ്ങൾ,അവയുടെ ക്രമം,കാരണം എന്നിവ അറിയാതെ പ്രപഞ്ചത്തിൽ പ്രവർത്തിക്കുന്നത് (കർമ്മം ചെയ്യുന്നത്,ജീവിക്കുന്നത്) മായയാണ്.

ചേതനവും ബോധിയുമായ ആത്മാവിനുമാത്രമേ ജ്ഞാനമുള്ളു. അചേതനവും അബോധവുമായ ദ്രവ്യങ്ങൾക്ക് ജ്ഞാനമില്ല. അവ അറിയാതെ ,പ്രപഞ്ചപ്രവർത്തനം നടത്തുക മാത്രം ചെയ്യുന്നു. ധർമ്മത്തെ കുറിച്ച ശാസ്ത്രീയാന്വേഷണം നടത്തുന്നത് ദർശനശാസ്ത്രം അഥവാ സിദ്ധാന്തശാസ്ത്രമാണ്.(ഷഡ്ദർശനം) കർത്തവ്യകർമ്മത്തെക്കുറിച്ചും ആചാരത്തെക്കുറിച്ചും ചിന്തിക്കുന്നത് (നാലാം ഘടകം) ധർമ്മശാസ്ത്രമെന്ന് അറിയപ്പെടുന്നു. എന്നാ

ലത് ദർശന(സിദ്ധാന്ത)ധർമ്മത്തേക്കാള് താഴെയാണ്. അതുകൊണ്ടാണ് പത്തുകൽപ്പ ന കൾ പോലുള്ളവയോ പൂജാവിധികളോ ഷഡ്ദർശനത്തില് കാണാത്തത്. മതം,ശാസ്ത്രം, ദർശനം എന്നിവ തമ്മില് എന്നും അഭേദ്യമായ ബന്ധമുണ്ടായിരുന്നിട്ടും ഈ പ്രത്യേകരീതി ഭാരതീയർ ആദ്യംമുതലേ പിന്തുടർന്നിരുന്നു.അതുകൊണ്ടാണ് ബുദ്ധജൈനമതങ്ങളിലെ വേദ(ഈശ്വര)നിഷേധം ഷഡ്ദർശനങ്ങളിലില്ലാത്തത്. ഷഡ്ദർശനങ്ങള് മതഗ്രന്ഥങ്ങളല്ല. ശാസ്ത്രഗ്രന്ഥങ്ങളാണ്. അവ വേദവിരുദ്ധങ്ങളല്ല. വേദത്തെ അംഗീകരിക്കുന്നവയാണ്. എല്ലാറ്റിനും പരമകാരണമായ സത്തയെ (ഈശ്വരനെ)ശാസ്ത്രീയമായി അന്വേഷിച്ച് കണ്ടെത്തുന്ന വിഭിന്നമാർഗ്ഗങ്ങളാണ്. ജ്ഞാനം (അതീന്ദ്രിയമായാലും ഇന്ദ്രിയജ്ഞാനമായാലും)ആത്മാവിന്റെ ഏറ്റവും ഉദാത്തമായ മൂല്യങ്ങളെ പ്രകാശിപ്പിക്കുമെന്നും അങ്ങനെ മുക്തി എന്ന പരമലക്ഷ്യത്തിലെത്തിക്കുമെന്നും ഈ തത്വാന്വേഷികളെല്ലാം അറിഞ്ഞിരുന്നു. നാലു പാദങ്ങളോടു കൂടിയ ധർമ്മം സത്യമാണ്. സത്വം വദ, ധർമ്മം ചര. അത് ഏതുകാലത്തും ഏതുരാജ്യത്തും ജീവിക്കുന്ന എന്നാ മനുഷ്യവർഗ്ഗങ്ങൾക്കും ഒരുപോലെയാണ്. അതുകൊണ്ട് ധർമ്മത്തിന് സനാതനധർമ്മമെന്ന് പേർ.ഈ സനാതനധർമ്മത്തെ സമ്പ്രദായം,ആചാരം എന്നിവയോടും ഒരു പ്രത്യേകകാലഘട്ടത്തിലെ ഒരു പ്രത്യേകജനവിഭാഗത്തിന്റെ മാത്രം പ്രവാചകനോടും ബന്ധിപ്പിച്ച് മതം (religion)ഉണ്ടാക്കിയത് ആദ്യം ബുദ്ധനും പിന്നെ സെമിറ്റിക് രാജ്യങ്ങളിലെ പ്രവാചകരുമാണ്. മതം എന്നാൽ അഭിപ്രായമാണ്. ധർമ്മം ഒരഭിപ്രായമല്ല, സത്യമാണ്.

മതത്തിന്റെ തത്വശാസ്ത്രം

സത്യമെന്നു വിശ്വസിക്കുന്ന ഒന്ന് കൃത്യമായി അനുഷ്ഠിച്ചാല്,അതിനെക്കുറിച്ച അറിവ് (ജ്ഞാനം) ഇല്ലെങ്കിലും ,ബുദ്ധി ഇല്ലെങ്കിലും ,ഒരേ ഫലംതന്നെ ലഭിക്കുമെന്നതാണ് ബുദ്ധമതത്തിന്റെ തത്വശാസ്ത്രം. ഭക്തി,ഗുരുഭക്തി,(സംഘം,ധർമ്മം,ബുദ്ധം)എന്നിവയെ ശരണം പ്രാപിച്ച ഈ സമ്പ്രദായം ഒരു പ്രായോഗികമാർഗ്ഗമെന്ന നിലയില് ബുദ്ധിസ്റ്റുകൾക്കുമുമ്പ് ജൈനരും (ഋഷഭൻമുതൽ)മറ്റു ഭാഗവതോത്തമരും പണ്ടേ സ്വീകരിച്ചിരുന്നു. എന്നാൽ, ജ്ഞാനം കൂടാതെയും ഭക്തന് ജ്ഞാനഫലം കിട്ടുമെന്നല്ലാതെ ,ജ്ഞാനം വേണ്ടെന്നോ ,വേദം വേണ്ടെന്നോ അവരാരും പറഞ്ഞില്ല. രണ്ടും ഒപ്പം കൊണ്ടുപോകണമെന്ന്-രണ്ടും ഒന്നാണെന്ന്-അറിഞ്ഞു. ബുദ്ധനാണ് ആദ്യമായി ഇതിലൊരു മാറ്റം വരുത്തിയത്. ബുദ്ധ ൻ ശാസ്ത്രീയമായ അന്വേഷണം വേണ്ടെന്നു മറ്റുള്ളവരോടു പറഞ്ഞുവെങ്കിലും അദ്ദേഹം ജ്ഞാനിയായിരുന്നു,അന്വേഷണം നടത്തുകയും ചെയ്തിരുന്നു.ക്രിസ്തുവും ജ്ഞാനിയായിരുന്നു. ഭക്തിമാർഗ്ഗം മാത്രം മതി, ശാസ്ത്രാന്വേഷണമോ ജ്ഞാനമാർഗ്ഗമോ പള്ളിക്കും സംഘത്തിനും ആവശ്യമില്ല എന്ന് ആദ്യകാലക്രൈസ്തവരും,പിന്നീടുവന്ന ബൌദ്ധരും സ്വീകരി

ച്ചതിലുള്ള അപകടം നമുക്കിന്ന് അറിയാം. ഭക്തിയും ജ്ഞാനവും വേണമെന്ന നിലപാടിന്റെ ഗുണവും അറിയാം.

ലോഗോസ് (നാദം)നിർവ്വചനത്തില് ഭാരതം എടുത്ത ശാസ്ത്രീയനിലപാട് നാദശ്രവണം (revelation)യോഗികൾക്കു സാദ്ധ്യമാണെങ്കിലും അത് ഒരു വ്യക്തിയുടെ കുത്തകയല്ല,ഒരു പ്രത്യേകകാലഘട്ടത്തിന്റെ കുത്തകയുമല്ല,എന്നാണ്. വെളിപാടുകിട്ടിയ ഒരു പ്രത്യേകവ്യക്തിയോ പ്രവാചകനോ മാത്രമാണ് ലോഗോസ് എന്നോ ,ഒരു പ്രത്യേകവ്യക്തിമാത്രമാണ് ഗുരു എന്നോ,അവസാനത്തെ പ്രവാചകനെന്നോ ഭാരതത്തിലെ ഒരാളും (ബുദ്ധനും കൂടി)പറഞ്ഞിട്ടില്ല . ഇത് യുഗധർമ്മമനുസരിച്ച് സത്ത വീണ്ടും വീണ്ടും സംഭവിക്കുമെന്ന ശാസ്ത്രീയമായ അറിവുകൊണ്ടാണ്. പരമാണുവിന്റെ ക്വാണ്ടം ഡൈനാമിക്സും വർണ്ണങ്ങളുണ്ടാക്കുന്ന നാദതരംഗങ്ങളുടെ ക്രോമോഡൈനാമിക്സും ആപേക്ഷികീഗൌണിസ്ഥിതി എന്ന റിലേറ്റിവിസ്റ്റിക് ആസ്ട്രോഫിസിക്സും അവക്കെല്ലാം അതീതവും കാരണവുമായ പരമസത്തയുമാണ് ഷഡ്ദർശനങ്ങളുടെ പ്രപഞ്ചം. അത്രയും ശാസ്ത്രീയമായ ദർശനമായതുകൊണ്ടാണ് സനാതനധർമ്മം ഇന്നും ഭാരതത്തിൽനിലനിൽക്കുന്നത്. കർമ്മത്തിനെന്നപോലെ ജ്ഞാനത്തിനും,ജ്ഞാനത്തിനെന്നപോലെത്തന്നെ ഭക്തിക്കും തുല്യസ്ഥാനം ,തുല്യപ്രാധാന്യം കൊടുത്തതുകൊണ്ടാണിത്.

പ്രകൃതിശക്തി,സിദ്ധി,ഒക്കൾട്ടിസം

ജ്ഞാന,യോഗമാർഗ്ഗങ്ങലില് കൃത്യമായി അനുഷ്ഠിക്കുന്ന ഒരു വ്യക്തിക്ക് ചില സിദ്ധികള് സ്വാഭാവികമായി ലഭിക്കുന്നുണ്ട്. എന്നാലാ സിദ്ധികള് അന്തിമലക്ഷ്യങ്ങളല്ല. അവ അന്തിമലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിന് തടസ്സമാണ്.സമൂഹത്തിന് അവ ചിലപ്പോളെല്ലാം ഉപകാരപ്രദവും (ഉദാഃ healing powers)പലപ്പോഴും ഉപദ്രവകാരിയുമാണ്.(ഉദാഃ ദുർമ്മന്ത്രവാദം)ഇത്തരം സിദ്ധികൾ ആധുനികശാസ്ത്രയുഗത്തിലും ടെക്നോളജിക്കല് യുഗത്തിലുമുണ്ട് എന്ന് ഓർക്കണം. അർഹതയും അധികാരവും നോക്കിമാത്രം പഠിപ്പിക്കുകയും , ലൈസൻസ് കൊടുക്കുകയും ചെയ്യുന്ന സമ്പ്രദായം ഇന്നും ഉണ്ടല്ലോ. ശാസ്ത്രത്തിലിത് ഉണ്ട്. മതത്തിലില്ല,രാഷ്ട്രീയത്തിലുമില്ല. ആളുടെ സംഖ്യമാത്രം നോക്കി പ്രചരിപ്പിക്കുന്ന ഒരു സമ്പ്രദായത്തിലും ഇതുണ്ടാവുക വയ്യ. ജ്ഞാനം അങ്ങനെ എല്ലാവർക്കും ഉണ്ടാവുന്ന ഒന്നല്ല. അ വനവന്റെ കഴിവനുസരിച്ച്,ധർമ്മമനുസരിച്ച്,തെരഞ്ഞെടുക്കാനും പഠിക്കാനും പഠിപ്പിക്കാനും ഉള്ള അധികാരവും അവകാശവുമാണ് ഭാരതീയസനാതനധർമ്മത്തിന്റെ വർണ്ണാശ്രമധർമ്മം.

ധർമ്മവിരുദ്ധമായതെല്ലാം അധർമ്മമാണ്. ഒരാളുടെ ആത്മാവിന് പൂർണ്ണവികാസം പ്രാപിക്കാനുള്ളതാണ് ധർമ്മമാർഗ്ഗം. അത് സ്വയം തെരഞ്ഞെടുക്കാനനുവദിക്കാതിരിക്കുന്ന

താണ് അധർമ്മം. സ്വയം തെരഞ്ഞെടുത്ത വിഷയം പഠിക്കാനെത്തുന്ന കുട്ടി അതിന്ന് അർഹത നേടിയിട്ടുണ്ടോ എന്നു പരീക്ഷിക്കുന്നത് (പരിശോധിക്കുന്നത്) ഗുരുവിന്റെ ധ ർമ്മം. ഈ ധർമ്മമാർഗ്ഗത്തില് മതംമാറ്റം എന്ന വാക്കിന് അർത്ഥമില്ല. ലോകത്തുള്ള എല്ലാവർക്കുമായി സൈന്ധവദേശത്തെ ഋഷിപരമ്പര(ഒരു ഋഷിയല്ല) അനേകസഹസ്രാ ബ്ദങ്ങളായി (ഒരു പ്രത്യേകകാലത്തല്ല)മനനം ചെയ്തും അന്വേഷിച്ചും രൂപപ്പെടുത്തിയ സ നാതനധർമ്മത്തില് അതിനെങ്ങനെയാണ്,എവിടെയാണ് സ്ഥാനമുണ്ടാവുക. എവിടെ യും എപ്പോഴും ആർക്കും സാക്ഷാത്കരിക്കാവുന്ന സത്യത്തിന് ഒന്നിൽനിന്ന് മറ്റൊന്നിലേ ക്കു മാറാനെങ്ങനെ സാധിക്കും.എല്ലാം ഒന്നാണെന്നിരിക്കെ. ഏറ്റവും സ്ഥൂലമായതും ഏറ്റ വും സൂക്ഷ്മമായതും അവസാനവിശകലനത്തില് നാദോർജ്ജമാണ്. കമ്പനസംഖ്യകളുടെ ഏറ്റക്കുറവുമാത്രമാണ് ആകെ വ്യത്യാസം എന്നറിഞ്ഞവർക്ക് എവിടെനിന്ന് എവിടേക്ക് മാറാനാവും.

മെഡിസിനോ എഞ്ചിനീയറിങ്ങിനോ നിർബന്ധിച്ച് കുട്ടികളെ അയക്കുന്നതും മാർക്കില്ലാ ത്തവർക്ക് പണം കൊടുത്തു സീറ്റു വാങ്ങുന്നതും സനാതനധർമ്മത്തിന് പരിചയമുണ്ടാ യിരുന്നില്ല. ദരിദ്രരെ പണം കൊടുത്തും മറ്റു പ്രലോഭനങ്ങളിലൂടെയും സഹായിക്കുന്ന സേവ നത്തിനു പ്രതിഫലമായി അവരെ മതംമാറ്റാമെന്ന പ്രക്രിയയിലെ രീതിയും അവർക്ക് അറിഞ്ഞിരുന്നില്ല.ആത്മീയതക്ക് ദാരിദ്ര്യമോ സമ്പന്നതയോ വിലങ്ങുതടിയായിരുന്നില്ല. (ആത്മീയത കാശുകൊടുത്തുവാങ്ങാവുന്ന ഒന്നായിരുന്നില്ല.സ്വയം നേടേണ്ട പ്രക്രിയയായി രുന്നു)കുട്ടിയുടെ ബുദ്ധിയിൽ പ്രകാശിക്കുന്നതും കൊക്കിലൊതുങ്ങുന്നതുമായ പഠനരീതിയും വിഷയവും കൊണ്ട് ക്രമേണ ജീവിതം സാർത്ഥകമാക്കുന്ന വികാസമാണത്. അർഹതയി ല്ലാത്തവർക്ക് പല വിഷയങ്ങളും അജ്ഞാതരഹസ്യങ്ങളായിരിക്കുന്നത് ചില കാരണങ്ങ ളെ കൊണ്ടാണ്.

1. അതു പഠിക്കാനോ ഗ്രഹിക്കാനോ താൽപര്യം,ശ്രദ്ധ,കഴിവ് ഇവ ഇല്ല.
2. താൽപ്പര്യവും ശ്രദ്ധയും കഴിവുമുണ്ട്. എന്നാലും ലോകോപകാരപ്രദമായ കാര്യങ്ങൾക്ക ല്ല, ലോകോപദ്രവത്തിനാണ് അതുപയോഗിക്കുന്നത്.(ഉദാഃ ദുർമ്മന്ത്രവാദി) അതു കൊണ്ട് അത്തരക്കാരിൽനിന്ന് രഹസ്യമാക്കി വെക്കേണ്ടിവരുന്നു.
3. പലപ്പോഴും സാഹചര്യങ്ങളുടെ സമ്മർദ്ദം കൊണ്ട് പഠിക്കാനാവുന്നില്ല. ഇത്തരം സാഹചര്യങ്ങളെ മാറ്റിക്കൊടുക്കാനേ രാഷ്ട്രത്തിനു സാധിക്കൂ. അല്ലാതെ വ്യക്തിയെ പൂര്ണ്ണവികാസം പ്രാപിച്ച വ്യക്തിത്വത്തിനുടമയാക്കാൻആവില്ല.അതിനു വ്യക്തി തന്നെ ചില ഗുണങ്ങളെ സ്വയമാർജ്ജിക്കണം.

   സ്ഥാർത്ഥചിന്തയുടെ സ്വഭാവങ്ങളിതെല്ലാമാണ്.ഇതിലേക്കുള്ള പ്രവേശനമാണ്, അഥ വാ ആമുഖമാണ് വൈശേഷികശാസ്ത്രം.വൈശേഷികദർശനത്തെ ഗ്രഹിക്കാതെ ഇ

ന്തോളജി മനസ്സിലാക്കാനാവില്ല എന്ന് സാരം. ഒരാളുടെ മതം (അഭിപ്രായം) മനുഷ്യ ന് ഉപദ്രവകരമാവരുത് എന്ന മതമുള്ളവരായിരുന്നു ഋഷിമാരെല്ലാം. ആത്മീയത എല്ലാവരുടേതുമാണെന്നും ആർക്കും ശ്രദ്ധയുണ്ടെങ്കില് അതിലേക്കു പ്രവേശിക്കാമെ ന്നും അവരറിഞ്ഞു.നാമിന്ന് ശാസ്ത്രത്തിന്റേയും മതത്തിന്റേയും നല്ലതും ചീത്തയുമായ വശങ്ങളെല്ലാം അനുഭവിച്ചുകൊണ്ടിരിക്കയാമ്. അതിനാല് ഇത്തരം വിചിന്തനം ആവ ശ്യമാണ്. ഋഷിമാരുടെ നിർമ്മലമായ ബോധത്തിലൂടെ,ദർശനങ്ങളിലൂടെ , ശ്രുതികളി ലൂടെയുള്ള ഈ യാത്രയിൽ നന്മ മാത്രം നമുക്ക് പാഥേയമാകട്ടെ.

കണാദന്റെ വൈശേഷികം

ശ്രീ കണാദേ വൈശേഷികദർശനേ കാശീയം വേദഭാസ്കരഭാഷ്യം.

പ്രഥമാദ്ധ്യായം പ്രഥമാഹ്നികം.

സൂത്രം 1. അഥാതോ ധർമ്മവ്യാഖ്യാസ്യാമഃ

അഥ എന്നത് സാധാരണ ഉപക്രമത്തിൽമംഗളവാചിയായ ശബ്ദം.പൂർവ്വവൃത്തത്തി ലെ സാധാരണജ്ഞാനാനന്തരം,ഉപരിപഠനത്തിന് അധികാരം നേടിയ വിദ്യാർത്ഥി കളോടാണ് ഇനി ഞാൻധർമ്മമുപദോശികാകം,വ്യാഖ്യാനിക്കാം എന്നു പറയുന്നത്. ധർമ്മവ്യാഖ്യാനം സാധാരണജ്ഞാനമല്ല. അസാധാരണജ്ഞാനമാണ്. അത് ഉപ ക്രമത്തിൽത്തന്നെ പറയണമെങ്കിൽ,അതിനുമുമ്പ് ചില അധികാരങ്ങളെല്ലാം ശിഷ്യൻ നേടിയിട്ടുണ്ടാവണം.തർക്കശാസ്ത്രാദ്ധ്യയനം കഴിഞ്ഞിട്ടാണ് പദാർത്ഥധർമ്മജ്ഞാ നം ഉപദേശിക്കുന്നത്. ശക്തി, ധർമ്മം,പ്രധാനം(മൂലകാരണം)ധർമ്മി. പ്രധാനത്തിൽ ശക്തി ത്രിവിധം ഇരിക്കുന്നു. ജ്ഞാനം,ക്രിയ,സ്ഥിതി. (സത്വ,രജ,സ്തമോഗുണം) ഇതാ ണ് ധർമ്മത്തിന്റെ പ്രഥമകൽപ്പം.

ധർമ്മിയില് സത്വാദിയില് ഈക്ഷണശക്തി എന്ന ഗുണത്തിന്റെ ക്ഷുബ്ധാവസ്ഥയാല് വൃത്ത്യാത്മകമായി ന്യൂനാധികഭാവം ഉണ്ടായി. സമാവസ്ഥയിൽനിന്ന് വിഷമാവസ്ഥ ഉണ്ടായപ്പോളാണ് തരംഗരൂപത്തിൽ ചലനപരിണാമമായ ക്ഷോഭം കാണപ്പെട്ടത്. അതുകൊണ്ടാണ് പ്രധാനമായ ധർമ്മിയുടെ സ്വഭാവമാണ് ധർമ്മം എന്ന പരിണാമ, ധർമ്മധർമ്മാന്തരപ്രതിപത്തിരൂപപരിവർത്തനശീലം. മാത്രാപരിണാമം, ഗുണപരിണാ

മം,എന്നിവകൊണ്ട് വിശേഷമായി അത് പരിണമിക്കയാണ്. തത്വപരിണാമത്തിൽ ശുദ്ധസത്വരൂപമായ പ്രഥമം, പരിണമിച്ചതാണ് മഹത്തത്വരൂപമായ ശക്തി. അവിശേഷമായ അതിൽനിന്ന് ആദ്യത്തെ വിഷേഷമായ അഹങ്കാരം. അതിൽനിന്ന് ആകാശാദിപഞ്ചതന്മാത്ര. അവയിൽനിന്ന് പഞ്ചഭൂതങ്ങൾ. അതിൽനിന്ന് ദ്രവ്യാരംഭം.

പൃഥിവ്യാദികളായ നാലുവിധം ഭൂതപരമാണുക്കളിൽ നിന്ന് ത്രപു,സീസ, ലോഹ,രജത, സുവർണ്ണാദി നാനാ ലക്ഷണവിശിഷ്ടങ്ങളായ ദ്രവ്യങ്ങള് സംഭവിക്കുന്നു. ദൃശ്യവസ്തുക്കളിലെല്ലാം ലക്ഷണതത്വം കൊണ്ട് ലക്ഷണനിയമങ്ങളുണ്ട്. അതിനാലവയുടെ സ്വഭാവം വ്യഭിചരിക്കുന്നു. (വ്യത്യസ്തമായിരിക്കുന്നു)ലക്ഷണനിയമങ്ങ ൾ, പ്രതിനിയമലക്ഷണഹോതുഭൂതങ്ങളെന്നിവയുടെ നിയതക്രമങ്ങൾ, പരമാണുക്കളുടെ സന്നിവേശവിശേഷത്താൽ സംഭവിക്കുന്നു. ക്രമവിശേഷത്താൽ പരമാണുക്കള് പരസ്പരം ധാരണം ചെയ്യുവയായി ഇരിക്കുന്നു. (പരസ്പരം ധാരയന്തോവതിഷ്ഠന്തെ) അവയുടെ ദിഗ്(direction)ദേശാ(space)പേക്ഷക്രമവിശേഷത്താൽ ഈ അവസ്ഥാനത്തിന്റെ സംസ്ഥാനം തന്നെയാണ് പരമാണുക്കളുടെ ധർമ്മം. (order of arrangement)

ദ്രവ്യത്തിൽ പരമാണുക്കളുടെ ദിക്കും ദിശയും തമ്മിലുള്ള ആപേക്ഷികതകൊണ്ട് പരസ്പരം ധാരണ,ആകർഷണം മുതലായ സംസ്ഥാനം അഥവാ ധർമ്മം സംഭവിക്കുന്നതിനെ സമവായമെന്നു പറയുന്നു. ഗിക്കും ദേശവും തമ്മിലുള്ള ആപേക്ഷികത സംഭവിക്കുന്നത് ധ്രുവം കൊണ്ടാണ്.സമവായത്തെ ആശ്രയിച്ച് പൃഥി,വായു മുതലായവ ഏകത്വാവസ്ഥയിലിരിക്കുന്നതിനാൽ സമവായു(balancing Praana,breath)എന്ന് സംയോഗാവസ്ഥയെ പറയുന്നു. ഗുണവൈഷമ്യം,ഗുണവൈഷമ്യമുള്ളവയെ ധ്രുവത്താൽ ധാരണം ചെയ്ത് ,ആകർഷിച്ച് ,സംയോഗം,സമവായം,പുതിയ ദ്രവ്യസൃഷ്ടി-നാനാദ്രവ്യരൂപങ്ങളുയെ ഈ സൃഷ്ടിയെ ധർമ്മത്തിന്റെ ദ്വിതീയകൽപ്പം എന്ന് പറയുന്നു.ധർമ്മനിഷ്ഠമാണ് ലക്ഷണം .(ബ്രഹ്മനിഷ്ഠമാണ് പ്രകൃതി.ശിവനിഷ്ഠമാണ് ശക്തി)ധർമ്മിയെ (ബ്രഹ്മത്തെ,ശിവത്തെ)അതിന്റെ ലക്ഷണമായ പ്രകൃതി,ശക്തികൊണ്ട് അറിയുന്നു. ഇന്ദ്രിയാതീതമാകയാല് അതീന്ദ്രിയമാണ് ബ്രഹ്മജ്ഞാനം. ലക്ഷണം രൂപം(സ്വരൂപം) ആണ്.പുരുഷബുദ്ധിതന്ത്രം കൊണ്ട് അദ്ധ്യവസാനം ചെയ്ത് ഗ്രാഹ്യം,ഗ്രഹണം, ഗൃഹീതം (ഗ്രാഹക)എന്ന് വസ്തുതന്ത്രജ്ഞാനം നേടുന്ന ലക്ഷണാത്മകമായ ജ്ഞാനം ധർമ്മത്തിന്റെ തൃതീയകൽപ്പമാണ്.ലക്ഷണം ധർമ്മാനുരൂപമായിരിക്കും.കൃഷ്ണത്വം ,കഠിനത്വം,എന്നിവ ഉള്ള പരമാണുക്കളാൽ ഇരുമ്പും, പീതത്വം,മൃദുത്വം എന്നിവയുള്ള പരമാണുക്കളാൽ സുവർണ്ണവും ആരംഭിക്കുന്നു. പരമാണുവിന്റെ ക്രമം അതിന്റെ ലക്ഷണത്തേയും നിശ്ചയിക്കുന്നു.അതിനാൽ ക്രമം (ധർമ്മം)ലക്ഷണത്തിന് ഹേതുവായിരിക്കുന്നു. യോഗദർശനത്തില്(1,14)പരിണാമൈകത്വാദ് വസ്തുതത്വം എന്ന് സർവ്വത്ര ലക്ഷണാനുരൂപമാണ് ധർമ്മമെന്നു പറഞ്ഞിരിക്കുന്നു.സ്വാർത്ഥാഭാവമുള്ള ധർമ്മി

(മനുഷ്യൻ)യാണ് ധർമ്മവ്യാഖ്യാനത്തിന് അർഹൻ.മനുഷ്യൻ അദ്ധ്യാത്മസംബന്ധ മായി ഉയർന്നവനാണോ,സ്വാർത്ഥചിന്തയില്ലാത്തവനാണോ,എന്നു പരീക്ഷിക്കാന് ത്രികൽപധർമ്മങ്ങളുടെ വിശേഷപരീക്ഷ ഗുരു ശിഷ്യനില് ചെയ്യുന്നു.ഇരുമ്പും സ്വർണ്ണ വും കലർപ്പുള്ളതാണോ എന്ന് ലോഹപ്പണിക്കാര് പരീക്ഷിച്ചു കണ്ടുപിടിക്കുന്നു. അതു പോലെ മനുഷ്യൻ(ശിഷ്യന്) ശുദ്ധനാണോ നിസ്വാർത്ഥനാണോ ,ശ്രദ്ധാലുവാണോ എന്നെല്ലാമറിയാന് ഉത്തമനായ ഗുരു മുമ്പുപറഞ്ഞ മൂന്നു കൽപ്പധർമ്മങ്ങളുടെ വിശേ ഷശിക്ഷ ചെയ്യുന്നു.

ചിതിശക്തി (ഊർജ്ജം)അപരിണാമിനിയാണ്.അതിന് മാറ്റമേ ഇല്ല. ശുദ്ധസത്വാത്മി കയായ മഹത്തത്വം പരിണാമിനിയാണ്. അതിൽ പ്രതിസംക്രാന്തികളില് സന്നിധിമാ ത്രേണ സംസ്കാരരൂപമായ സംസ്ഥാനവിഷേഷങ്ങള് അഥവാ ധർമ്മങ്ങള് ജനിച്ചു കൊണ്ടിരിക്കുന്നു.ഇവ നാലെണ്ണമാണ്. സ്വസ്വരൂപാനുരൂപമായി ,ധർമ്മം,ജ്ഞാനം, വൈരാഗ്യം,ഐശ്വര്യം എന്ന് മഹത്തത്വത്തിൽ 4 ധർമ്മലക്ഷണം ജനിക്കുന്നു. മഹ ത്തത്വത്തിൽ അഭിവ്യഞ്ജിക്കുന്ന ഈ നാലു ലക്ഷണങ്ങളെ ഭാവശബ്ദം കൊണ്ട് വ്യപ ദേശിക്കപ്പെട്ടിരിക്കുന്നു.പുരുഷസാന്നിദ്ധ്യം മാത്രം കൊണ്ട് ബാഹ്യനിമിത്തനിരപേക്ഷ മായി മഹത്തത്ത്വത്തിൽ ജനിക്കുന്ന ഈ സംസ്കാരധർമ്മങ്ങള് പ്രധാനത്തിന്റെ ഗുണ ങ്ങളാകയാൽ പ്രാകൃതിക എന്നറിയപ്പെടുന്നു. ഇതനുസരിച്ച് പ്രകൃതിയുടെ സഹജഗു ണങ്ങളാണ് മഹത്തത്ത്വത്തിലെ മുമ്പറഞ്ഞ 4 ഗുണങ്ങൾ.(അവ ഒരാളെ മനുഷ്യത്വ ത്തിൽനിന്ന് ഈശ്വരത്വത്തിലേക്കും ഉയർത്താന് കഴിയുന്നവയാണ്). ഗുണവൈഷമ്യ വിമർദ്ദം കൊണ്ട് സിദ്ധിക്കുന്ന സത്യധർമ്മവികാരത്തെ വൈകൃതിക എന്നു പറയും. ക്രിയാശീലം രജോഗുണം കൂടിക്കൂടി ക്ഷോഭമെന്ന സംസ്കാരവിഷേഷമാവും. അത് താ പം, ലോഭം മുതലായ ലക്ഷണങ്ങലായിട്ട് അഭിവ്യക്തമാകും. സ്ഥിതിശീലത്തിൽ തമ സ്സ് കൂടിക്കൂടി വന്നാൽ ജാഡ്യാതിശയത്താൽ(ജാഡ്യം എന്ന സംസ്കാരവിശേഷം) മോ ഹാദിലക്ഷണങ്ങളായി അഭിവ്യക്തമാകും.ഇപ്രകാരം അംശാംശകൽപ്പനയാല് രജസ്സും തമസ്സും സത്വത്തിൽ നാനാഭേദവിശേഷങ്ങളാല് ധർമ്മപരിണാമം ഉണ്ടാക്കുന്നു. ഇപ്ര കാരം അദ്ധ്യാത്മതന്ത്രത്തിൽപ്രപഞ്ചത്തിലെ മനുഷ്യരില് ഭാവങ്ങളുണ്ടാവുന്നു. ബുദ്ധി സത്വത്തിൽ ഇവ(ധർമ്മലക്ഷണപരിണാമം)വ്യത്യാസമുണ്ടാക്കുന്നതിനാൽഎല്ലാ മനു ഷ്യരും ഒരുപോലെ ധാരണാശീലമോ ബുദ്ധിയോ ഉള്ളവരല്ല.

ചിതിശക്തിയുടെ ലക്ഷണങ്ങളായ ധർമ്മം,വൈരാഗ്യം,ഐശ്വര്യം മുതലായ ബോധാ ത്മികാവൃത്തികളെയാണ് ബുദ്ധി എന്നു പറയുന്നത്.ചിത്തിലാണ് ബുദ്ധിവൃത്തി അധി വസിക്കുന്നത്.ചിതിശക്തി പുരുഷനാണ്.മഹത്തത്ത്വസഹിതമായ പുരുഷൻ ജീവാ ത്മാവാണ്. ബുദ്ധിവൃത്തി ആത്മഗുണമാണ്. മഹത്ത് എന്നു പറയുമ്പോൾ ഗ്രഹണ ശ്ക്തിയുള്ള ആത്മാവാണ്. സുഖദുഃഖാദിധർമ്മഫലങ്ങള് ഭുജിക്കുന്ന ഭോക്താവാക

യാ ൽ ധർമ്മാദിഭാവങ്ങള് ആത്മാവില് വ്യപദേശിക്കപ്പെട്ടിരിക്കുന്നു. ഇപ്രകാരം ആത്മസംബന്ധത്താൽ ത്രികൽപ്പധർമ്മങ്ങള് വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു.

ധർമ്മത്തിന്റെ നാലാമത്തെ കൽപ്പം(ചതുർത്ഥകൽപ്പം)

ധർമ്മാനുഷ്ഠാനം ഓരോ മനുഷ്യനും യഥായോഗ്യം നാനോപചാരസഹിതം ചെയ്യുന്നത് അഭ്യുദയനിശ്രേയസങ്ങൾ സിദ്ധിക്കാനാണ്. കൽപ്പശാസ്ത്രവിഹിതമായ നിയമങ്ങളും അനുഷ്ഠാനങ്ങളും ധർമ്മമെന്നു തന്നെ വിളിക്കപ്പെടുന്നു. ചില മനുഷ്യർ ഹിംസാവൃത്തികളാണ്. അവരുടെ ആത്മാവിൽ ഹിംസാലക്ഷണം ഉണ്ട്. അപ്രകാരം ഹിംസാവൃത്തിലക്ഷണമുള്ള ആളുകളുടെ കുശലാനുഷ്ഠാനാചാരങ്ങൾ വേറെയാണ്. ഇവയെ ശാസ്ത്രചോദിതമെന്നു വിളിക്കുന്നു. വർത്തമാനധർമ്മം നാശോന്മുഖമാകയോ നശിക്കയോ ചെയ്യുമ്പോൾ മറ്റു ധർമ്മങ്ങൾ(ധർമ്മാന്തരം)മനുഷ്യരെ ചോദിപ്പിക്കയും ഭാവിപ്പിക്കയും (ചോദയതി ഭാവയതി)ചെയ്ത് ,അങ്ങനെ പരധർമ്മം അനുഷ്ഠിപ്പിക്കുന്നു. ചോദനാലക്ഷണമായ ഈ അനുഷ്ഠാനധർമ്മത്തെ ധർമ്മത്തിന്റെ നാലാംപാദമെന്ന് അറിയുന്നു. കലികാലത്തിൽ ഇതുമാത്രമായി തീർന്നു എന്ന് ഭാഗവതം. ചോദനകൾ കർത്തവ്യം,അകർത്തവ്യം എന്ന വികൽപ്പമുള്ളവയാണ്. ധർമ്മാധർമ്മങ്ങൾ, കർത്തവ്യാകർത്തവ്യങ്ങള് എന്നിവ വേർതിരിച്ചറിയേണ്ടതുണ്ട്. അതുകൊണ്ട്, ഇനി ഞാൻ ധർമ്മത്തെ വ്യാഖ്യാനിച്ചുതരാമെന്ന് ആദ്യസൂത്രത്തില് ഗുരു പറയുന്നു.

സൂത്രം 2. യതോഭ്യുദയനിഃശ്രേയസസിദ്ധിഃ സ ധർമ്മഃ

യത എന്നത് സാർവ്വവിഭക്തികശബ്ദം. അഭ്യുദയവും നിശ്രേയസവും സിദ്ധിക്കുന്നതിനാണ് പദാർത്ഥജ്ഞാനകുശലാനുഷ്ഠാനമായ ധർമ്മം.അതായത്,സാധകന്റെ ജ്ഞാനം തന്നെയാണ് പരമധർമ്മം.പുരുഷാർത്ഥസാധകത്വത്തെ പ്രതിഷേധിക്കുന്നതൊന്നും ധർമ്മമല്ല. അഭ്യുദയധർമ്മം (കാമം,അർത്ഥം,ധർമ്മം), നിഃശ്രേയസധർമ്മം(മോക്ഷം) ഇവ രണ്ടിന്റെയും ജ്ഞാനമാണ് ഉത്തമസാധകധർമ്മം. അഭ്യുദയനിശ്രേയസങ്ങളെ ബാധിക്കുന്ന എല്ലാ കർമ്മവും സാധകര് ഉപേക്ഷിക്കുന്നു.

ആത്മാവല്ലാതെ ഒരു പരമാർത്ഥവസ്തു ഇല്ല. ധർമ്മോദയത്തില് ഈ ഭാവമുണ്ടാകുന്നു.അപ്പോൾ മാത്രമാണ് അതിനെ അന്വേഷിക്കാനുള്ള ശാസ്ത്രചോദന ഉണ്ടാവുന്നത്. ധർമ്മോദയത്തിലേ ശുദ്ധഭാവം ഉണ്ടാവുകയുള്ളൂ. ശുദ്ധസത്വമായ മനസ്സിലേ പരമാത്മവസ്തുവായ ആത്മവിചാരം ഉദിക്കുകയുള്ളൂ.അധർമ്മികളുടെ തമോരജോമയമനസ്സിൽ ആത്മവിചാരം ഉദിക്കയില്ല. പാപമെന്നത് അശുദ്ധിയാണ് ഇവിടെ. അതിനെ അകറ്റാനുള്ള അനുഷ്ഠാനമാണ് പുണ്യം. അതുകൊണ്ട് ധർമ്മാനുഷ്ഠാനം പാവനമാണ്,പുണ്യമാണ്.ഘർമ്മാനുഷ്ഠാനം ചെയ്യുന്നവർക്ക് സത്വശുദ്ധികൊണ്ട് ഉത്തരോത്ത

രം അഭ്യുദയം ലഭിക്കുന്നു.കാലാന്തരത്തിൽ,ലഭിക്കുന്ന ഈ അഭ്യുദയം ക്ഷണികമായ ഐശ്വര്യങ്ങളെ പോലെയല്ല,ശാശ്വതമാണ്.

ശുദ്ധസത്വയോഗത്താൽ ധർമ്മോദയത്തില് പുരുഷനിലുണ്ടാവുന്ന ഭാവം ശുദ്ധസ്വരൂപമായ പുരുഷവിശേഷം ,ഈശ്വരം എന്നറിയപ്പെടുന്ന ശാശ്വതമായ ഈശ്വരഭാവമാണ്. അതുകൊണ്ട് ധർമ്മം തന്നെയാണ് പരമമായ ഐശ്വര്യം. പരമദേവൻ. ധർമ്മത്തിന്റെ നാമം കാരുണ്യം,സർവ്വജ്ഞത്വം(ജ്ഞാനം),സ്വാർത്ഥാഭാവത്തോടുകൂടിയ വൈരാഗ്യമെന്നിവയാണ്. ഇവ ശുദ്ധിയുടെ ലക്ഷണങ്ങളാണ്. ഈശ്വരലക്ഷണമാണ്. (സുഷ്ഠു എന്നാണ് ഇവിടെ ശുദ്ധിക്ക് ഉപയോഗിച്ചിരിക്കുന്ന പദമെന്നത് എന്നെ ആനന്ദിപ്പിക്കുന്നു. കാര ണം, നന്നെ ചെറിയ കുട്ടിയായിരിക്കുമ്പോൾ അമ്മ എന്നെ ഇവളൊരു സുഷ്ഠുവാണ് എന്നു പറയുമ്പോൾ അതൊരു ചീത്തവാക്കാണെന്നാണ് ഞാൻ വിചാരിച്ചിരുന്നത്. ഇത്ര നല്ല ഒരു വാക്കാണ് അമ്മ എന്നെ വിളിക്കാനായി തെരഞ്ഞെടുത്തത് എന്ന് വിചാരിക്കുമ്പോളാണ് ആനന്ദം).നിരതിശയമായ ദോഷാഭാവമാണത്. നിസ്വാർത്ഥതകൊണ്ടേ ഇത് സംഭവിക്കയുള്ളു. യോഗദർശനത്തില് ക്ലേശകർമ്മവിപാകാശയൈരപരാമൃഷ്ടഃപുരുഷവിശേഷ ഈശ്വരഃ എന്നു കാണാം. രജസ്തമോഗുണസംബന്ധമില്ലാത്ത നിത്യശുദ്ധബുദ്ധമുക്തസത്വസ്വരൂപവും അനാദിയും അനന്തവുമായ ആത്മസ്വരൂപമാണ് ഈശ്വരഭാവം. ജന്മമൃത്യുദുഃഖാദികളും ലാഭനഷ്ടങ്ങളും രജസ്തമോഗുണങ്ങളും കൊണ്ട് വ്യവച്ഛേദിതമായി തോന്നുന്നതെല്ലാം സംസാരപ്രവർത്തനമാണ്. സുഷ്ഠുവിൽ പുരുഷാർത്ഥങ്ങള് (പദാർത്ഥധർമ്മജ്ഞാനം) ഇരിക്കുന്നു. ഇത്തരം ധർമ്മോദയമുണ്ടായ പുരുഷനാമ് ഗുരു.(ശാസിതാവ്).സർവ്വശ്രേയസ്സും അദ്ദേഹത്തിലിരിക്കുന്നു. അഭ്യുദയവും നിശ്രേയസവും സുഷ്ഠുവിലിരിക്കുന്നു. അയം ആത്മാ ബ്രഹ്മഃ അഹം ബ്രഹ്മാസ്മി,മുതലായ മഹാവാക്യങ്ങൾ സുഷ്ഠുവിന്റെ ഹൃദയത്തിലനുഭവപ്പെടുന്നു. ശ്രേയസ്സിന്റെ പരമകാഷ്ഠയാണ് അത്.കൃതകൃത്യനും സർവ്വപ്രാണിഹിതസമർത്ഥനും സർവ്വജ്ഞനും ആത്മസംസ്ഥനും ശാന്തനും ആയ പുരുഷനാണ് സുഷ്ഠുവായ ശാസിതാവ്(ഗുരു).ഇപ്രകാരം ധർമ്മിഷ്ഠനായ പുരുഷനില് അഭ്യുദയപൂർവ്വകമായി നിഃശ്രേയസം സംഭവിക്കുന്നു. അഭ്യുദയനിഃശ്രേയസസിദ്ധിക്കുള്ള ശാസ്ത്രവിഹിതമായ കർമ്മമാണ് ധർമ്മമെന്നതുകൊണ്ട് വിവക്ഷിക്കുന്നത്. (പ്രൊഫഷനെന്നല്ല, ജോലിയെന്നല്ല).നിത്യവും സ്വഭാവസിദ്ധവുമായി ഓരോ പ്രാണിയിലുമിരിക്കുന്ന ശാസ്ത്രവിഹിതധർമ്മം ചോദനാധീനമാണ്. ഇതിനെ പരീക്ഷിച്ചറിയണം. ദൃഷ്ടം ,അദൃഷ്ടമെന്ന് ശാസ്ത്രചോദിതധർമ്മത്തില് രണ്ടുവിധം കർമ്മങ്ങളുണ്ട്.

1.യജ്ഞം,ദാനം എന്നിവ പ്രത്യക്ഷോപലഭ്യങ്ങളാകയാൽ കാണാവുന്ന ദൃഷ്ടകർമ്മങ്ങളാണ്.

2. അഹിംസ മുതലായവ ആത്മഗതമായ ശാസ്ത്രവിഹിതകർമ്മങ്ങളാണ്. കാണാൻ സാധിക്കില്ല. അഹിംസ,സത്യം,അസ്തേയം മുതലായ അദൃഷ്ടകർമ്മങ്ങള് നിഃശ്രേയസം തരുന്നവയാണ്. ധർമ്മവിശേഷപ്രസൂതാത്തത്വജ്ഞാനാ നിഃശ്രേയസം. അഥവാ സിദ്ധന്മാരുടെ നിവൃത്തിമാർഗ്ഗം ഇതാണ്. യജ്ഞദാനാദികൾ വിനിയോഗാധീനമാണ്. ധനമുണ്ടെങ്കിലേ ചെയ്യാനാവൂ. അതിനാൽ ഭോഗമാത്രഫലം തരുന്നവയാണ്. ധനമുണ്ടാക്കണമെന്നു വരുമ്പോൾ മനുഷ്യന് നിഷ്കാമകർമ്മമുപേക്ഷിക്കുന്നു. കാമവും വിത്തവും ഒരുമിച്ചുപോകുന്നു. നിഷ്കാമകർമ്മംകൊണ്ട് ധനമുണ്ടാക്കുന്നപക്ഷം അശുദ്ധിവരാതെ നോക്കാം. ഭോഗങ്ങളുടെ ഇടയിലും മോക്ഷമാർഗ്ഗത്തില് സഞ്ചരിക്കാം. ഇത് വളരെ ശ്രമകരമാണ്. അതിനാൽ ഋഷിമാര് യജ്ഞദാനാദികളും ഭോഗകാമങ്ങളുമുള്ള ദിവ്യസ്വർഗ്ഗവിജയരൂപമായ അഭ്യുദയഫലം മാത്രം തരുന്ന ദൃഷ്ടമാർഗ്ഗത്തെ പ്രവൃത്തിമാർഗ്ഗമെന്നു വിളിച്ചു.ഭാര്യ,പുത്രൻ,പശു,ധനം,സ്വർഗ്ഗം,ഭൂമി എന്നിവ നേടുന്നതിനുള്ള പ്രവൃത്തിമാർഗ്ഗം അനുസരിക്കുന്നവര് യജ്ഞദാനാദികള് ചെയ്യുന്നത് സ്വാർത്ഥത്തെ കുറക്കുന്നതിനാണ്.ധാർമ്മികരുടെ ഇത്തരം ധർമ്മാനുഷ്ഠാനം കൊണ്ടാണ് സമാജത്തിൽ ധർമ്മം നിലനിൽക്കുന്നത്.ഗീത(3.20)കർമ്മണൈവ ഹി സംസിദ്ധിമാസ്ഥിതാ ജനകാദയഃഎന്ന് ജനകനെഉദാഹരിക്കുന്നു.സർവ്വത്തേയും ധരിക്കുന്നത്(ധാരയതി) ധർമ്മമാണ്.

സൂത്രം. 3. തദ്വചനാദാമ്നായസ്യ പ്രാമാണ്യം.

അവരുടെ വചനത്തിന് ആമ്നായം തന്നെയാണ് പ്രമാണം.ആമ്നായം (വേദവാക്യം) അപൌരുഷേയമാണ്.പ്രത്യക്ഷം,തർ ക്കം,അനുമാനം മുതലായ പ്രമാണങ്ങളാൽ സാധർമ്മ്യവൈധർമ്മയാർത്ഥപരീക്ഷ നടത്തി,തത്വനിർണ്ണയം ചെയ്യുന്ന ഷഡ്ദർശനരീതിയിൽനിന്ന് വ്യത്യസ്തമാണല്ലോ അപൌരുഷേയമായ ആമ്നായം.ദർശനത്തിന് സ്ഥാനദ്വയമുണ്ട്.പ്രത്യക്ഷാദിജ്ഞാനസാധനോപായങ്ങള്, ബുദ്ധീന്ദ്രിയവ്യാപാരവിശേഷമായ പ്രമാണമാണ്. ഇതിന്റെ പ്രമാണവിജ്ഞാനീയത്തെ തർക്കശാസ്ത്രമെന്നു വിളിക്കുന്നു.തർക്കത്താല് പ്രമേയഭൂതങ്ങളായ പദാർത്ഥതത്വജ്ഞാനം ലഭിക്കുന്നു,ഇത് പ്രമേയശാസ്ത്രം.

പ്രത്യക്ഷദർശനം തന്നെ ദ്വിഭൂമികമാണ്.ബാഹ്യേന്ദ്രിയപ്രത്യക്ഷം ഒന്ന് .മണി,യന്ത്രം, ഔഷധാദികളാൽ പരിഷ്കരിക്കപ്പെടുന്ന ശാസ്ത്രമാണ് ലൌകികപ്രത്യക്ഷം. (astronomy, astrophysics,technology,medical science).ഇതിന്റെ പ്രത്യക്ഷപൂർവ്വകമായ അനുമാനങ്ങളി ൽനിന്നും നിരീക്ഷണപരീക്ഷണങ്ങളിൽനിന്നും ജനിക്കുന്ന ജ്ഞാനമാണ് പ്രഥമഭൂമിക. ഇതിന് ഒട്ടേറെ പരിമിതികളുണ്ട്.

അന്തഃകരണാലോകനത്തിന്റെ വ്യാപകത്വം കൊണ്ട് മാനസപ്രത്യക്ഷമായി ലഭിക്കുന്നതാണ് യോഗപ്രത്യക്ഷം. ഇത് യോഗശാസ്ത്രത്തിന്റെ പരീക്ഷണമേഖലയാണ്, അതീ

ന്ദ്രിയജ്ഞാനമാണ്. പരമാണ്വാദിമഹത്തത്വാന്തം വരെ സൂക്ഷ്മമായി കാണാൻ ഇന്ദ്രിയങ്ങൾക്കാവില്ല. ഏറ്റവും സൂക്ഷ്മമായ മഹത്തത്വസാക്ഷാത്കാരം യോഗികൾക്കേ സാധിക്കുകയുള്ളൂ. സ്വപ്രതിഭയാൽ സർവ്വവിഷയത്തിനും അതീതമായതിനെ അറിയുന്ന അപൂർവ്വജ്ഞാനമാണത്.അത് സത്വപുരുഷന്മാർക്കേ സാധിക്കൂ.എല്ലാവർക്കും ശുദ്ധസത്വമായ ജ്ഞാനസാക്ഷാത്കാരം സാധിക്കാത്തത് അശുദ്ധി കലർന്നിരിക്കയാലാണ്..യോഗദർശനമാണ് രണ്ടാമത്തെ ഭൂമിക.
നാമറിഞ്ഞാലും അറിഞ്ഞില്ലെങ്കിലും സർവ്വവും ബ്രഹ്മമയം തന്നെയാണ്.എന്നാലും ശുദ്ധജ്ഞാനം കൂടാതെ അതിനെ അനുഭവിക്കാനാവില്ല എന്നതാണ് ശാസ്ത്രന്യായം (സയൻസിന്റെ ലോജിക്ക്). ഇതിനെ മ്ലേഛ,ബൌദ്ധാദി ദർശനങ്ങള് അംഗീകരിക്കുന്നില്ല. ഈ ശാസ്ത്രയുക്തിരാഹിത്യം അവയെ സനാതനധർമ്മത്തിൽനിന്ന് വേർതിരിക്കുന്നു.അവ വേദത്തെ നിരസിക്കുന്നു.സനാതനധർമ്മം വേദത്തെ അംഗീകരിക്കുന്നു.
ഒരു വ്യക്തി നാമം,അഥവാ ഖ്യാതി കേൾക്കുന്നു,ദർശിക്കുന്നു,അർത്ഥങ്ങളെ ഗ്രഹിച്ച ശേഷം അവയെ ആവിഷ്കരിക്കാൻ ആരംഭക്രിയ തുടങ്ങുന്നു. ഇത് പൌരുഷേയമാണ്. നിത്യമായ വാഗാമ്നായത്തിൽനിന്ന് ശുദ്ധസത്വസ്വരൂപമായ ഒരാളുടെ മനസ്സില് വാക്ക് സ്വയംഭൂവായി അവതരിക്കുക,വെളിപ്പെടുക എന്നത് അപൌരുഷേയവും.കൃഷ്ണനും ബുദ്ധനും ക്രിസ്തുവും നബിയും ഇങ്ങനെ അപൌരുഷേയമായ വെളിപാടുകൾ കിട്ടിയ മഹദ്വ്യക്തികളാണ്. ഈ വേദപ്രാമാണ്യത്തെ നാസ്തികദർശനങ്ങൾ അംഗീകരിക്കുന്നില്ല, ആസ്തികദർശനങ്ങള് അംഗീകരിക്കുന്നു. പരമമായ തപസ്സുകൊണ്ട് ഋഷിമാർ വാക്കിനെ(പരാവാക്കിനെ) ദർശിക്കുന്നു.(പശ്യന്തി). മന്ത്രരാശിയിൽനിന്ന് (ജലരൂപമായ സാരസ്വതത്തിൽനിന്ന്)മന്ത്രം അവരിൽ സ്വയംഭൂവായി അവതരിക്കുന്നു. ഈ വേദാവതാരം പ്രതിഭയായി വെളിപ്പെടുന്നു.മറ്റൊരാളെ പ്രതിബോധിപ്പിക്കാനാണ് വൈഖരീരൂപമായ ശബ്ദംകൊണ്ട് ഉപദേശരൂപത്തിൽ പ്രതിപാദനം നടത്തുന്നത്. വ്യാഖ്യാനംകൊണ്ട് ലക്ഷണശാസ്ത്രങ്ങൾ സംഭവിക്കുന്നു. തലമുറകൾ കൈമാറി ഇതിന്റെ പുനർദ്ദർശനാപേക്ഷ വരുന്നു. ഇപ്രകാരം ഓർമ്മയില് (വ്യക്തികളുടേയും തലമുറകളുടേയും) ജ്ഞാനം നിരന്തരമാവുന്നു. ഇതിനെ സ്മൃതിശാസ്ത്രാവതാരമെന്നു വിളിക്കുന്നു. ആദ്യമാദ്യം സൂത്രരൂപമായും പിന്നീട് വ്യാഖ്യാനമായും ഈ സ്മൃതികൾ കൈമാറപ്പെടുന്നു. ഇതിനായി, മഹാശ്രോത്രീയർ പദാര്ത്ഥപരീക്ഷണങ്ങൾക്കായി നാനോപ കരണപരികൽപ്പിതങ്ങളായ മഹാശാലകളെ നിർമ്മിച്ചു. വൈശേഷികവിധി അനുസരിച്ച് കാര്യകാരണപരീക്ഷാക്രമം കൊണ്ട് അർത്ഥതത്വങ്ങളാരാഞ്ഞു. സൂര്യചന്ദ്രാഗ്നികളായ രൂപങ്ങളുടെ കാരണരൂപത്തെ പ്രതിപാദിച്ചു.
ഏതദ്വസ്മവൈതദ്വിദ്വാംവ ആഹുഃ
പൂർവ്വേ മഹാശാലാ മഹാശ്രോത്രീയാ ന നോധ്യ

കശ്ചനാശ്രുതമവിജ്ഞാതമുദാഹരിഷ്യതീതി ഹ്യേഭ്യോ വിദശ്ചക്രുഃ(ഛാ. 6,4,5)
പരമയോഗിവര്യന്മാരായ മനുവും കപിലനും യാജ്ഞവൽക്യനും ധ്യാനവതം കൊണ്ട് പൂർവ്വകൽപ്പങ്ങളിലെ വേദം (ശ്രുതി) ഓർമ്മിച്ചെടുത്ത് (സംസ്മൃത്യ) അവധാരണം ചെയ്ത്, സംക്ഷിപ്തമായി സ്മൃതിശാസ്ത്രം നിർമ്മിച്ചു.

പ്രത്യക്ഷം ചാനുമാനം ച ശാസ്ത്രം ച വിവിധാഗമം
ത്രയം സുവിദിതം കാര്യം ധർമ്മശുദ്ധിമഭീപ്സതാ
ആർഷം ധർമ്മോപദേശം ച വേദശാസ്ത്രാവിരോധിനാ
യസ്തർക്കേണാനുസന്ധത്തേ സ ധർമ്മ വേദനേതരഃ(മനുസ്മൃതി 12)

സ്മൃതിബലം കൊണ്ടാണ് യാഗികളെല്ലാം വേദം വ്യാഖ്യാനിക്കുന്നത്. വേദാർത്ഥഗ്രഹണത്തിന് (cognition) സ്മൃതി(memory)കൂടിയേ തീരൂ..അതിനാകട്ടെ ശുദ്ധബുദ്ധി വേണം.ശുദ്ധബുദ്ധിക്ക് നാഡീശുദ്ധി(ആരോഗ്യം)യും ചിത്തവൃത്തിനിരോധവും വേണം. യോഗശാസ്ത്രം അതിനുള്ളതാണ്.ഋഷിമാരെല്ലാം സ്മൃതിപ്രവർത്തകരും ധർമ്മസാക്ഷാത്കാരം നേടിയ ആപ്തകാമരുമാണ്. അവരിലൊന്നും ലൌകികമായ സ്വാർത്ഥചിന്തയില്ല.സ്വപക്ഷാഭിനിവേശമില്ല.ഉണ്ടെങ്കിലവരിൽ മന്ത്രദർശനം സംഭവിക്കയുമില്ല.

കൽപ്പാദിയില് ഈശ്വരന് തന്റെ സ്മൃതിയിൽനിന്ന് പ്രപഞ്ചത്തെ യഥാപൂർവ്വം വീണ്ടും സൃഷ്ടിച്ചതുപോലെയുള്ള പ്രതിഭാസർഗ്ഗമാണത്. സർഗ്ഗത്തിന്റെ താന്ത്രികാനുശാസനത്തിൽ ബുദ്ധിവൃത്തിവിശിഷ്ടമായ മഹത്തത്ത്വത്തെ സാംഖ്യം എന്നു പറയുന്നു. സംഖ്യയെ അധികരിച്ചാണ് ആകാശം മുതലായ മറ്റു വിശേഷങ്ങളായ പ്രമേയവിഷയങ്ങളെല്ലാം ഉണ്ടാവുന്നത്. അതുകൊണ്ട് സംഖ്യയെ പ്രമേയങ്ങളേല്ലാം ആശ്രയിച്ചിരിക്കുന്ന സമാഖ്യാ (സംഖ്യാ) എന്ന് തന്ത്രം വിചാരിക്കുന്നു. പ്രത്യക്ഷാനുമാനവിശിഷ്ട വൈശേഷികവിധി കൂടാതെ കേവലപ്രസംഖ്യാനം കൊണ്ട് തത്വത്തെ സാക്ഷാത്കരിക്കുന്ന സംഖ്യായന്ത്രം എന്ന് സാംഖ്യത്തെ കരുതുന്നു. വൈശേഷികപ്രമാണത്തോടു ബന്ധമില്ലാത്തതാണ് സമാഖ്യ എന്ന് അർത്ഥം. അധിദൈവപുരുഷനിൽ ആധിദൈവികി,അദ്ധ്യാത്മപുരുഷനിൽ ആത്മീകി എന്ന് ദ്വിവിധം സംഖ്യയുണ്ട്. പുരുഷന്റെ ലിംഗശരീരത്തോടുള്ള സംബന്ധത്തിനാൽ ആധിദൈവികമായ സാംഖ്യമാണ് യോഗം.

അഭ്യുദയനിഃശ്രേയസമാർഗ്ഗത്തില് വേദാര്ത്ഥപ്രതിപത്യർത്ഥം ഹിരണ്യഗർഭാദി ദേവതാസംബന്ധത്തിൽ അധിഷ്ഠിതമായ മഹത്തത്ത്വം ജ്ഞാനാപേക്ഷിതമാണ്. യോഗത്തിൽ ഭൂതേന്ദ്രിയതന്മാത്രകള് ഭൂതങ്ങളേക്കാളും സൂക്ഷ്മങ്ങളാണ്. അഹങ്കാരം,മനസ്സ്,മഹത്തത്വം,അന്തർഭവമായ അദ്വയമായ ചിത്തം ഇങ്ങനെ മേൽക്കുമേല് സൂക്ഷ്മതരമാണിവ. അതുകൊണ്ട് തന്ത്രം ചതുപർവ്വം പരിണാമം പറയുന്നു. വിശേഷാ

വിശേഷലിംഗമാത്രാലിംഗാനി ഗുണപർവ്വാണി (യോ.ദർശനം 2.18).വിശേഷമൊഴിച്ച് മറ്റുള്ളവ പരിഗ്രഹവിശേഷങ്ങളാണ്.

യോഗപ്രവർത്തകൻസാക്ഷാത് ഹിരണ്യഗർഭനാണ്.സർഗ്ഗാദിയില് ഈ ഭഗവാന് നാനാസ്ഥാനപ്രതിഷ്ഠാനവിശിഷ്ടമായ യോഗസംഹിത രചിച്ചു. ദേശകാലാവികാരി ഭേദാദിയോടെ ഈ സംഹിത യുഗേയുഗേ യോഗാചാര്യന്മാര് തന്ത്രാർത്ഥം സമ്യഗ്വി ജ്ഞന്മാർക്കായി യഥായോഗ്യം സംക്ഷിപ്തമായും വിസ്തരിച്ചും ഉദ്ധരിച്ചു.ഭഗവാൻ പത ഞ്ജലി താനിതിനെയാണ് സംസ്കരിച്ച് അവതരിപ്പിക്കുന്നതെന്ന് പറഞ്ഞിട്ടുണ്ട്.

സാംഖ്യപ്രവർത്തകനായ കപിലന് പറയുന്നു:

യമാഹുരഗ്രം പുരുഷം മഹാന്തം
പുരാതനം സാംഖ്യനിബദ്ധദൃഷ്ടയഃ
യസ്യാപി ദേവസ്യ ഗുണാൻസമഗ്രാം-
സ്ത്വാം ശ്ചതുർവിംശതിമാഹുരേകേ (ഹരിവംശം 3. 10-17)
വ്യാസാശ്ചൈവാഷ്ടവിംശത്കാ
ദ്വാപരേദ്വാപരേ വിഭോ
യോഗേശ്വരാവതാരശ്ച
പ്രാരംഭേ ച കലൌ കലൌ(ശിവപുരാണം 3.5. 52)

ഈ യോഗേശ്വരന്മാരിൽ കണാദനും വാമദേവനും പ്രധാനികളായിരുന്നു.

അക്ഷപാദഃകണാദശ്ച ഉല്ലൂകോ വത്സ ഏവ ച
കുലികശ്ചൈവ ഗർഗ്ഗശ്ച മിത്രകോരുഷ്യ ഏവ ച
ഏതേ ശിഷ്യാ മഹേശസ്യ യോഗാചാര്യസ്വരൂപിണഃ
സംഖ്യാ ച ശതമേതേഷാം സഹദ്വാദശസംഖ്യയാ
സർവ്വശാസ്ത്രാർത്ഥതത്വജ്ഞാ വേദവേദാംഗപാരഗാഃ
സർവ്വദ്വന്ദ്വസഹാധീരാഃ സർവ്വഭൂതഹിതേരതാഃ
ഋജവോ മൃദവഃസ്വസ്ഥാ ജിതക്രോധാ ജിതേന്ദ്രിയാ
ശിഖാജടാഃസർവ്വജടാ അജടാ മുണ്ഡശീർഷികാഃ
ഫലമൂലാശനപ്രായാഃപ്രാണായാമപരായണാഃ

ബൌദ്ധാഗമത്തിൽ വൈശേഷികരുടെ പ്രതിരൂപമാണ് മായാശാസ്ത്രം. മായയെ പ്ര ജ്ഞാനാമത്തിലറിയുന്നു. ഒന്നിനെ പലതാക്കി വിഭജിച്ചു പഠിക്കുന്നത് എന്ന് അർത്ഥം. സംഖ്യാപരിമാണം അങ്ങനെ സംഭവിക്കുന്നു. വിഛേദനംകൊണ്ട് പരിമിതി ഉണ്ടാകു ന്നു. മിതി(അളവ്)സാദ്ധ്യമാവുന്നു. ഇങ്ങനെയുള്ള വിശേഷവിജ്ഞാനീയത്തെ തന്ത്ര ത്തിൽ വിമാനസ്ഥാനമെന്നു(Quantitative analysis) പറയും. ദ്രവ്യങ്ങൾക്ക് അതാതി ന്റെ വിഹിതമായ യോഗം കൊണ്ട് ഉണ്ടാവുന്നത് കൽപ്പസ്ഥാനം. (Technology) വിദ്യ,

കല എന്ന് ഉഭയാത്മികയായ (science and art) പ്രജ്ഞ ഇപ്രകാരം അനേകം ഭേദങ്ങളെ കൽപ്പിക്കുകയാല് മായാശക്തിയാണ്. വിമർശപൂർവ്വകത്വത്താല് ശിൽപ്പപ്രാധാന്യമായ (മൂർത്തി,രൂപം ഉണ്ടാവുന്ന) വിജ്ഞാനമാണ് മായ.രൂപമില്ലാത്ത ബ്രഹ്മത്തിൽനിന്ന് രൂപങ്ങളുണ്ടാവുന്നത് എന്ന് അർത്ഥം . ഈശ്വരമായയാൽസത്വാദിഗുണങ്ങളാല് സൃഷ്ടി. ഗുണമയിയായ മായ ദൈവീമായയാണ്.ബ്രാഹ്മി,വൈഷ്ണവി,രൌദ്രി,ഗാൻധർവ്വി,രാക്ഷസി,പൈശാചി എന്നിങ്ങനെ മായ വിവിധരൂപമുണ്ട്.

ദിതിപുത്രനായ മയൻ ഭഗവാന് ശങ്കരനിൽനിന്നു നേടിയതിനാല് മായ എന്നു പേരു വന്നു. മായാവാദത്തിൽ ഒന്നിനെ അനേകമാക്കി സൃഷ്ടിക്കുന്നതും ,അനേകമാക്കി വിഭജിച്ചു പഠിക്കുന്നതുമായ എല്ലാ മഹാശാസ്ത്രങ്ങളും ഉൾപ്പെടുന്നു.

സർവ്വസ്യ ജഗതോ അപ്യത്ര മോഹനാർത്ഥം കലൌ യുഗേ
വേദാർത്ഥവത് മഹാശാസ്ത്രം മായാവാദമവൈദികം
മയൈവ കഥ്യതേ ദേവീ ജഗതാം നാശകാരണം(പത്മപുരാണം 6. 236. 10)

മയാചാര്യൻ ശിഷ്യപ്രശിഷ്യസഹിതം സ്വപുത്രനായ ബലന് കാമം,ഭോഗം,ഐശ്വര്യം, ആനന്ദം,ഭൂതി,വിഭൂതി എന്നിവ സുസമൃദ്ധമായ ഭവനം,ഉദ്യാനം എന്നിവയിൽ ക്രീഡാവിഹാരങ്ങൾ,നിത്യപ്രമുദിതാനുരക്തകലത്രാപത്യബന്ധുസുഹൃദനുചരന്മാരോടുകൂടി രാജൈശ്വര്യാദിമഹാബലപരാക്രമത്തോടെ അഹങ്കാരത്തെ ഉപാസിച്ച് മായാവിനോദങ്ങളനുസരിച്ച് ഇഷ്ടംപോലെ ജീവിക്കേണ്ട വിധം ഉപദേശിച്ചു.

ഈ മഹാശാസ്ത്രങ്ങളെ വൈദികശാസ്ത്രവിധിപ്രകാരം ധർമ്മാനുസൃതമായി , യമനിയമാശൌചാദികൾ പാലിച്ച് ,അഹങ്കാരരഹിതരായി കർമ്മഫലത്തില് ഇഛയോ മമതയോ കൂടാതെ നിസ്വാർത്ഥരായിരുന്ന് ഉപഭോഗിക്കണം. അത്ര വ്യത്യാസമേ ഉള്ളു. ഭോഗൈകമാത്രപ്രയോജനമാകയാൽ മനുഷ്യര് നിരപരാധികളായ സ്ത്രീബാലവൃദ്ധാദിജനങ്ങൾക്കു ദ്രോഹം വരുത്തുമെന്നതുകൊണ്ടാണ് വൈദികശാസ്ത്രം സമൂഹനന്മക്കായി ഇപ്രകാരം വിധിച്ചത്. ത്രിപുരാസുരനുവേണ്ടി മയൻ പണ്ട് നിർമ്മിച്ച മനോഹരനഗരം എല്ലാഭോഗവും തികഞ്ഞിട്ടും അധർമ്മം നിറഞ്ഞതാകയാലാണ് പരമേശ്വരന് ദഹിപ്പിക്കേണ്ടിവന്നത്. മയൻ അസുരനെന്നു പറയുന്നു. കംസൻ,സാല്വനെന്നിവർ ക്ഷത്രിയരും അസുരരുമാണ്. രാവണൻ ബ്രാഹ്മണനും രാക്ഷസനുമാണ് (ബ്രഹ്മരക്ഷസ്സ്).

ദാനവാരാജ്യമിഛന്തി മഹാബലാ പരാക്രമാഃ
തപ ഇഛന്തി സഹിതാ ദേവാഃ സത്യപരാക്രമാഃ(ഹരിവംശം 3. 31.2)

എന്നതാണ് ദേവദാനവരുടെ സ്വഭാവവ്യത്യാസം.

പാഷണ്ഡശാസ്ത്രാവതാരം

പാ ശബ്ദം പതിതമെന്നു കുറിക്കുന്നു.വേദോക്തധർമ്മത്തെ ഖണ്ഡിക്കുന്ന ശാസ്ത്രങ്ങളെ പാഷണ്ഡശാസ്ത്രങ്ങളെന്നു വിളിക്കുന്നു.(പത്മപുരാണം ഉത്തരഖണ്ഡം ഉമാമഹേശ്വര സംവാദം).കൽപ്പാദിയില് പ്രാജാപത്യസാമാന്യം കൊണ്ട്ദേവന്മാരും അസുരന്മാരും ഒരുപോലെ വൈദികധർമ്മം ആചരിച്ചുപോന്നു.പിന്നീട് നമുചി മുതലായവർ പ്രതാപാഹങ്കാരബലം കൊണ്ട് സ്വഭാവദോഷം വന്ന് ലോകങ്ങളെ പീഡിപ്പിച്ചു. വൈദികധർമ്മം ഉപേക്ഷിച്ചു. അവർക്കായി ശങ്കരനിയോഗത്താൽ പ്രകൃയിയിൽനിന്നുണ്ടായതാണ് പാഷണ്ഡശാസ്ത്രങ്ങൾ.ഇത്തരക്കാരിൽനിന്ന് മറഞ്ഞിരിക്കുന്നതുകൊണ്ടാണ് വേദത്തിന് രഹസ്യസ്വഭാവം വന്നത്. അവരുടെ കയ്യിലകപ്പെട്ടാലത് നശിപ്പിക്കും, അശുദ്ധമാക്കും എന്നതുകൊണ്ടും രഹസ്യമാക്കി വെക്കേണ്ടിവന്നു. ഭക്തി,ജ്ഞാന,ദാനവൈരാഗ്യാദികളായ പാവനകർമ്മങ്ങളെല്ലാം ഗോപനം ചെയ്യപ്പെട്ടുകയാല് കാലക്രമേണ പ്രയോജനാഭാവത്താൽ നഷ്ടമായി,പാഷണ്ഡശാസ്ത്രം പ്രചാരത്തിലുമായി. ഇടക്കിടെ വേദം ഉദ്ധരിക്കേണ്ട ആവശ്യം ഇതിനാലാണ് വന്നത്.ബൌദ്ധാഗമകാലത്ത് പാഷണ്ഡമതത്തിന് കൂടുതലായി പ്രചാരമുണ്ടായി. പ്രഛന്നപാഷണ്ഡശാസ്ത്രം നിലവിൽവന്നു.

മയൈവ കഥ്യതേ ദേവീ കലൌ ബ്രാഹ്മണരൂപിമാ
അപാർത്ഥം ശ്രുതിവാക്യാനാം ദർശിതം ലോകഗർഹിതം
കർമ്മസ്വരൂപം ത്യാജ്യത്വം യത്രവൈ പ്രതിപാദ്യതേ
സർവ്വകർമ്മപരിഭ്രഷ്ടോ വികർമ്മസ്ഥഃസ ഉച്യതേ
പരേശജീവയോരൈക്യം മയാത്രപ്രതിപാദ്യതേ
ബ്രഹ്മണോത്ര പരംരൂപം നിർഗ്ഗുണം വക്ഷ്യതേ മയാ.
മഹാഭാരതം വനപർവ്വം യക്ഷയുധിഷ്ഠിരസംവാദത്തില് ,
ശ്രുതയോ വിഭിന്നാഃസ്മൃതയോ വിഭിന്നാ
നൈകോ മുനിരസ്യമതം പ്രമാണം
ധർമ്മസ്യ തത്വം നിഹിതം ഗുഹായാം
മഹാജനോ യേന ഗതഃസ പന്ഥാ ഇതി
ഹരിവംശത്തിൽ (3.4.47)
അർത്ഥവാദഃപരംബ്രഹ്മ വേദാർത്ഥം ഇതി തം വിദുഃ
അനിർണ്ണിക്തമവിജ്ഞാതം ദായാദ്യമിവ ധാര്യതേ
പത്മപുരാണത്തിൽ (6.173.36)
യോഗീ സിദ്ധോ അഥവാ ജ്ഞാനീ സത്ക്രിയോ അത്ര ന ദൃശ്യതേ
കലിദാവാനലേ നാധ്യസാധനം ഭസ്മതാം ഗതം
ഇതെല്ലാം പൌരുഷേയമാണ്.

സൂത്രം 4. ധർമ്മവിശേഷപ്രസൂതാദ് ദ്രവ്യഗുണകർമ്മസാമാന്യ
വിശേഷസമവായാനാം പദാർത്ഥാനാം സാധർമ്മ്യവൈധർമ്മ്യാഭ്യാം
തത്വജ്ഞാനാന്നിഃശ്രേയസം

ദർശനവിഷയങ്ങളില് ഭുവിഭാഗം ആദ്യം പറയുന്നത് , ആദ്യം കാണുന്നത് ഭൂമിയെ യായതുകൊണ്ടാണ്.നിരീക്ഷകനായമനുഷ്യൻ ആദ്യം കണ്ടനുഭവിച്ച് നാമരൂപങ്ങള് നൽകുന്നത് ഭൂമിക്കും അതിന്റെ വസ്തുക്കൾക്കുമാണ്. പ്രധാനം ,മഹത്തത്വം ആദി ക്രമ ത്തി ൽ ആകാശാദിവിശേഷങ്ങളുടെ അന്തസ്ഥമായി സൃഷ്ടിക്കപ്പെടുന്ന വസ്തുക്കളില് , സാംഖ്യദർശനവിഷയങ്ങളിൽ, രണ്ടാമത്തേതാണ് ഭൂമി.വൈശേഷികദർശനവിഷയ ത്തിൽ ഭൌതികസർഗ്ഗത്തില് മൂന്നാമത്തേതാണ് ഭൂമി.സാമാന്യം ഏകത്വകരവും വി ശേഷം പൃഥക്കൃതവുമാണ്.ഒരുകാര്യം സാമാന്യകാരണത്തിൽനിന്നും വിശേഷകാരണ ത്തിൽനിന്നും ഉണ്ടാകാം.ഇപ്രകാരം കാര്യകാരണപരമ്പരയുടെ വിവേചനം ചെയ്യുന്ന തിനെയാണ് വൈശേഷികകർമ്മം എന്നു പറയുന്നത്.(Inductive method)

ജഗദ്സാമാന്യമായ ഏകകാര്യം. ദ്രവ്യാദികൾ ഷഡ്പദാർത്ഥങ്ങൾ അതിന്റെ വിശേ ഷകാരണങ്ങൾ. ദ്രവ്യത്തിന് പിന്നെ പൃഥിവ്യാദി നവവിശേഷം. ഗുണങ്ങൾക്ക് സദൃശമാ യ രൂപങ്ങൾ സപ്തദശം (17) വിശേഷങ്ങൾ. കർമ്മങ്ങൾക്ക് 5 വിശേഷങ്ങൾ.

സാമാന്യമായ ദ്രവ്യകർമ്മങ്ങൾക്ക് സാധർമ്മ്യം കൊണ്ട് സമാനമായ ബുദ്ധിമാത്രയും പ്രത്യയവിശേഷവും. വിശേഷത്തിൽ ദ്രവ്യഗുണകർമ്മത്തില് വൈധർമ്മ്യത്താല് പൃഥ ക്ത്വബുദ്ധിമാത്ര ഉണ്ടാവുന്നു. തുല്യാർത്ഥതാ ഹി സാമാന്യം വിശേഷസ്തു വിപര്യയഃ (ച രകസംഹിത 1.1.44).

ഭൂതങ്ങൾ സ്വസ്വകർമ്മവിശിഷ്ടങ്ങളാണ്. ഭൂതങ്ങളുടെ മൂലസ്വരൂപമായ പരമാണുരൂ പം അതിന്റെ സൂക്ഷ്മതമരൂപമായ 1, 2, 3, 4 എന്നിങ്ങനെ പരമാണുസംയോഗത്താല് (ഏകം,ദ്വണുകം,ത്ര്യണുകം,ചതുരണുകം) സജാതീയപരമാണുസമൂഹങ്ങളും വിജാതീയപ രമാണുസമൂഹങ്ങളും അതതിന്റെ കർമ്മം,ധാരണ,ആകർഷണം ഇത്യാദികളോടെ സമവായങ്ങളായി അനേകം ഉണ്ടാവുന്നു.

സൂത്രം 5. പൃഥിവ്യപ്തേജോവായുരാകാശം കാലോദിഗാത്മാ മന ഇതി ദ്രവ്യാണി.

ക്രിയാഗുണം കൊണ്ട് ജഗത്തിൽ ദ്രവ്യങ്ങളുടെ ഭാവം ദൃശ്യമാവുന്നു.പൃഥ്വി ,ആപസ്സ്, തേജസ്സ്,വായു,ആകാശം,കാലം,ദിക്ക് എന്നിവയാണ് 7 ദ്രവ്യം.ആദ്യത്തെ നാലിനും മൂർത്തിയുണ്ട്.അവസാനത്തെ മൂന്നിനും മൂർത്തി ഇല്ല.മൂർത്തി ഉള്ളതെല്ലാം പരിഛി ന്നവും പരിമിതവുമാണ്. പരിഛിന്നമല്ലാത്ത പരമാണുവിനും ആകാശകാലാദികളെ പ്പോലെ മൂർത്തിയില്ല. അഖണ്ഡവും സന്തതവും നിരവയവവുമായ ദ്രവ്യം വിഭുവാണ്. (ആകാശാദി).സൂക്ഷ്മതരമായ കാലവും വിഭുവാണ്. അതിനെ ശൂന്യമെന്നു വിളിക്കുന്നു.

ശൂന്യം നാമവസ്തുശൂന്യമിവ സദസദാത്മകം സമരസം തത്വം. കാരണമാണത്. ഗണിതത്തിലെ ശൂന്യം (അസദ്) സദാത്മകമായ ഏകം തുടങ്ങിയ അംശങ്ങൾക്കെല്ലാം മുമ്പുള്ളതാണ്. അതുപോലെ ശാശ്വതം ,വസ്തുശൂന്യം,ബുദ്ധിനിർമ്മാണം,പ്രത്യക്ഷവദ് ഭാസമാനമാണ് ഈ വസ്തു.

സൂത്രം 6. രൂപരസഗന്ധസ്പർശഃസംഖ്യാഃപരിമാണാനി പൃഥക്ത്വം
സംയോഗവിഭാഗൌപരത്വാപരത്വേ ബുദ്ധയഃസുഖദുഃഖേ
ഇഛാദ്വേഷൌപ്രയത്നാശ്ചഗുണാഃ

രൂപം,രസം,ഗന്ധം,സ്പർശം എന്ന് 4 ഗുണമുണ്ട്. ചക്ഷുസ്സ് രൂപം കാണുന്നു.കണ്ണിന്റെ സത്യം രൂപമാണ്. നാവ് രസം രുചിക്കുന്നു.നാസാ ഗന്ധം അനുഭവിക്കുന്നു.ത്വക്ക് സ്പർശം അറിയുന്നു. രൂപം ,വർണ്ണം എന്നിവ കണ്ണിനും മധുരം,അമ്ലം ഇത്യാദി നാവിനും സുഗന്ധം മൂക്കിനും സ്പർശം ചർമ്മത്തിനും സത്യമാണ്.ശബ്ദമാണ് ചെവിയുടെ സത്യം. സംഖ്യ,പരിമാണം ,പൃഥക്ത്വം,സംയോഗം,വിഭാഗം,പരത്വം,അപരത്വം ഈ 7 ഗുണം ബുദ്ധിക്ക് മാത്രം ഗ്രഹിക്കാവുന്നതാണ്.

സംഖ്യ അനന്തമാണ്. അളവ്,തൂക്കം,പരിധി എന്നിവയെല്ലാം പരിമാണത്തില് പെടും. പൃഥക്ത്വം (അനേകത്വം)ഏകത്വം ഇവയുടെ വേർതിരിച്ചറിവ് ,വസ്തുസംയോഗം, അവയുടെ വിഭാഗങ്ങൾ,സാധർമ്മ്യവൈധർമ്മ്യങ്ങളാല് വരുന്ന പരാപരത്വം ഇവയൊന്നും ബാഹ്യേന്ദ്രിയങ്ങളെക്കൊണ്ടുമാത്രം അറിയാവതല്ല. ബുദ്ധികൊണ്ട് അറിയേണ്ട ശാസ്ത്രവിഷയങ്ങളാണ്. അനേകത്വം,ഏകത്വം (ദ്വൈതം,അദ്വൈതം)എന്നിവ അമലബുദ്ധിയുള്ളവർ വിവേചിച്ചറിയുന്നു.രണ്ട് എന്ന സംഖ്യയെ അറിയണമെങ്കിൽ,ആദ്യം ഒന്ന് എന്തെന്ന് അറിയണം. ഏകത്വബുദ്ധിയിൽനിന്ന് ദിത്വബുദ്ധി ഉണ്ടാവുകയാണ്. മൂന്നിനെ അറിയണമെങ്കിൽ രണ്ട് എന്തെന്ന് അറിയണം.ഇപ്രകാരം പൂർവ്വാപരങ്ങളെ അറിയുന്നതാണ് സംഖ്യാ.ഭക്തി(Division)കൊണ്ടാണ് ദിത്വം (ദ്വന്ദ്വം) അഥവാ സംഖ്യ ഉണ്ടാകുന്നത്.സംയോഗത്തിന് ദ്വന്ദ്വം വേണം.സംയോഗമെന്ന പ്രക്രിയക്കാണ് ഏകം ദ്വയവും അനേകവുമായത്.കർമ്മപ്രവൃത്തിക്ക് ഏതൊന്നാണോ ഹേതു, ആ സംയോഗനാമമായ കർമ്മത്തിന് ഗുണവിശേഷംരശ്മ്യാത്മകമായ പരമാണുക്കളുടെ മണ്ഡലവിശേഷമാണ്. ഈ സംയോഗരശ്മികളുടെ കുണ്ഡലിപോലുള്ള (പാമ്പിന്റെ ചുരുൾ)സങ്കോചവികാസശീലം എല്ലാ ദ്രവ്യങ്ങളുടെ സംയോഗവിഭാഗത്തിലും കാണുന്നു.

ദ്രവ്യങ്ങളെ സംയോജിപ്പിക്കുന്നത് സംയോഗം. ഇത് ദ്രവ്യങ്ങളിൽ സ്വഭാവസിദ്ധമായ ഗുണമാണ്.രണ്ടുപരമാണു,രണ്ടു വസ്തു,സ്ത്രീപുരുഷന്മാർ ഇവയിലെല്ലാം മേൽപ്പറഞ്ഞ വികാസസങ്കോചശീലമടക്കമുള്ള സംയോഗഗുണം സഹജസ്വഭാവമാണ്..

ഗുരുത്വം(Gravity)- ലഘുവായ രണ്ടെണ്ണം സംയോജിച്ച് ഗുരുത്വം നേടുന്നു. ഗുരുത്വംനേടുമ്പോ ൾ ഭൂമിയില് പതിക്കുന്നത് ഫലം. സംയോഗം കൊണ്ട് പതനം സംഭവിക്കുന്നു.

ദ്രവത്വം(Fluidity)-ദ്രവ്യാവയവങ്ങൾ ശിഥിലമാകുമ്പോള് ദ്രവത്വം .

സ്നേഹം(Adhesion)-പാർത്ഥിവധാതുവില് അണ്വന്തരാളവർത്തിയായ രൂപങ്ങളില് എണ്ണ പ്രവേശിച്ച് അവയെ ശിഥിലമാക്കുന്നു.ഇതിനെ ഭൂമിയുടെ സംയോഗമെന്നു പറയുന്നു. പരത്വാപരത്വം ,പരസ്പരാപേക്ഷ എന്നിവ ദേശകാലസംബന്ധം കൊണ്ട് ഉണ്ടാവുന്നു.(Relativity in time-space and order).ബുദ്ധ്യാദികൾക്ക് ഷഡാത്മഗുണം . ബുദ്ധി മനസ്സിന്റെ അന്തർവൃത്തിയാണ്.ശുദ്ധസത്വമഹോദധിയായ അതിൽ ജ്ഞാന സംസ്കാരം സംഭവിക്കുന്നു.ധർമ്മ,ജ്ഞാന,വൈരാഗ്യ,ഐശ്വര്യങ്ങളാണ് ബുദ്ധിയിൽ സമാവേശിതമായ സംസ്കാരങ്ങള്.അദ്ധ്യവസായത്താൽ ഉണ്ടാവുന്ന ജ്ഞാനം ബുദ്ധിയാണ്.തർക്കം ജ്ഞാനവിഷയമാണ്. സൌന്ദര്യശാസ്ത്രം (കല,Aesthetics) വികാരവിഷയമാണ്.ഇഛ(ധർമ്മത്തിലുള്ള ഇഛ)മൂല്യബോധം,സദാചാരം എന്നിവയുടെ (Ethics)വിഷയമാണ്.ആത്മഗുണമായ ആനന്ദം സംവേദനാത്മകമാണ്. ആത്മവികാസം ആനന്ദം(സുഖം)സങ്കോചം ദുഃഖം.17 കരണദ്രവ്യങ്ങളോടും അപേക്ഷയില്ലാത്ത മൂലഗുണമാണ് മൂലകാരണവസ്തു.

സൂത്രം 7.ഉത്ക്ഷേപണമവക്ഷേപണമാകുഞ്ചനം പ്രസാരണം ഗമനമിതി കർമ്മാണി.

ഉത്ക്ഷേപണം,അവക്ഷേപണം,ആകുഞ്ചനം,പ്രസാരണം ,ഗമനം എന്ന് അഞ്ചുവിധമാണ് കർമ്മം.ഓരോന്നും ഉത്തരോത്തരം ചേഷ്ടാധിക്യം ദ്യോതിപ്പിക്കുന്നതാണ്. അതായത്,കർമ്മങ്ങളിലെല്ലാം വെച്ച് ബലവത്താണ് ഗമനം. ഉത്ക്ഷേപണാദിപഞ്ചകർമ്മങ്ങളി ൽ കാരണദ്രവ്യനിഷ്ഠ കാണാം.(പരമാണുനിഷ്ഠത്വം).സർവ്വകർമ്മവും ചലനാത്മകമാണ്.(ഗതി.Movement. Energy in motion).സർവ്വവും ദിക് വിശിഷ്ടമാണ്. ഉത്ക്ഷേപണാദികള് പ്രകൃതിയില് ദിക്ഭേദത്തെ ആശ്രയിച്ചിരിക്കുന്നു.നിയതദിശയിൽ നിയതഗതി ഋജുമാർഗ്ഗത്തിലുള്ള പരമാണുചലനത്തെ താന്ത്രികചലനമെന്നുപറയുന്നു. ഗമനവിശേഷം(Kinetic motion)ചലനമാത്ര കൊണ്ടാണ്.പരമാണുക്കൾ പര്യയത്താല് സ്വയം ദിക്പരിവർത്തനഹേതുക്കളാണ്.നിയതചേഷ്ടകൾ സ്വാഭാവികങ്ങളാണ്. നിയതദിക്കിലേക്കു ഗമനം സ്വാഭാവികമാണ്.ഏതുദിശയിലാണോ പരമാണുഗമനം അതിനെ മുഖമെന്നു വിളിക്കുന്നു.അതായത് ഗമനദിശവെച്ചാണ് പരമാണുമുഖം ,പുഛം എന്നിവ നിശ്ചയിക്കുന്നത്.

പരമാണു പരമാണ്വന്തരത്തെ സ്വദിശയിലാകർഷിക്കുന്നത് അവക്ഷേപണം. ഉദഗ് എന്ന തിന്നു വിപരീതമായത് ഉത്ക്ഷേപണം.പരമാണു സങ്കോചിക്കുന്നത് ആകുഞ്ചനം. പ്രസരിക്കുന്നത് പ്രസരണം. ആകുഞ്ചനപ്രസരണങ്ങൾ പരമാണുവിന്റെ ഉദരത്തിലാണ് സംഭവിക്കുന്നത്.ഏകദേശേ ഇത്യേസ്മിൻ ശിരഃപൃഷ്ഠമുദരം മർമ്മാണി തദ്വിശേഷസ്തദ്വിശേഷഭ്യഃ(10.1.7)പരമാണു മറ്റൊരു പരമാണുവെ വിശേഷമായി ആകർഷിക്കുന്നത് അവക്ഷേപണകർമ്മം.(ഗുരുത്വാകർഷണം അവക്ഷേപണകർമ്മമാണ്) കന

വസ്തുക്കൾ താഴോട്ടുപതിക്കുന്നു.മറിച്ച് കനം കുറഞ്ഞവ (വായുപോലുള്ളവ) വിപരീതക്രമത്തിൽ ഉയരുന്നതാണ് ഉത്ക്ഷേപണം.ഇവ പുഛം,ശിരസ്സ് എന്നീ ദിശകളിൽ സംഭവിക്കുന്നു. മറിച്ച് കുഞ്ചനപ്രസരണങ്ങൾ മണ്ഡലത്തിന്റെ കേന്ദ്രത്തിലാണ് സംഭവിക്കുന്നത്. ഇതിനെ സ്വസ്തികരൂപത്തിലാണ് വരക്കുന്നത്.

Kinetic motion (ഗമനവിശേഷം)



സൂത്രം 8. സദനിത്യം ദ്രവ്യവത് കാര്യം കാരണം സാമാന്യവിശേഷവദിതി ദ്രവ്യഗുണം കർമ്മണാമവിശേഷഃ

സാമാന്യവിശേഷങ്ങളായഗുണങ്ങളുടെ സമവായം കൊണ്ട് സത്തും നിത്യവുമായ വസ്തു അസത്തും അനിത്യവുമായി തോന്നിക്കുന്നു.ഈ പരിമാമമില്ലായിരുന്നെങ്കിൽ (അഭാവത്തിൽ)വിശേഷം അഥവാ കാര്യമില്ല.കാരണം മാത്രമേ ഉള്ളു. (സാമാന്യം). ദ്രവ്യം സത്ത് ,ഗുണം സത്ത്,കർമ്മം സത്ത്.ഇവിടെ ദ്രവ്യഗുണകർമ്മങ്ങളെല്ലാം സത് എന്ന് സാധർമ്മ്യം. ഇപ്രകാരം കാലത്രയത്തിലും ഒന്നായിരിക്കുന്ന കാരണവസ്തുവാണ് സത്ത്.പരമാണു നാനാപരിണാമാനുസരണം തന്റെ സ്വസ്വരൂപം നഷ്ടപ്പെട്ട് മറ്റൊന്നുപോലെ തോന്നിക്കുന്നു.ഇത് കാര്യം.കാര്യം നശിക്കുമ്പോൾ വീണ്ടും സ്വസ്വരൂപമായ സത്തിലേക്കു മടങ്ങുന്നു.പരിണാമമുള്ളതും അനിത്യവുമായ ഒന്നും തന്നെ പാരമാർത്ഥികമല്ല.

ദ്രവ്യങ്ങളില് ദ്രവ്യം കാര്യം,ഗുണങ്ങൽക്ക്,ഗുണമാണ് കാര്യം.കർമ്മങ്ങൾക്ക് സംസ്കാരം കാര്യം.കാര്യങ്ങൾക്ക് അനിത്യത്വം സാധർമ്മ്യം.ആകാശം കാര്യമാണെങ്കിലും നിത്യത്വം ഉള്ളതുകൊണ്ട് അനിത്യത്വത്തിൽ സാധർമ്മ്യമില്ല.(പ്രതിഷേധം). ദ്രവ്യങ്ങളിൽ ദേശകാലാശ്രിതത്വമുണ്ട്.ദേശകാലാശ്രിതത്വത്താലാണ് ദ്രവ്യങ്ങളുടെ ദ്രവ്യത്വം. ആകാശത്തിൽ ദേശകാലങ്ങളുണ്ട്.എന്നാൽ അവയുടെ സമവായാഭാവത്താല് നിഷ്ക്രിയമാണ്.നിത്യമാണ്. അതുകൊണ്ട്,കാര്യത്തേക്കാൾ,കാരണസ്വഭാവമുള്ളതാണ് ആകാശം.മറ്റനാല്ല പരമാണുക്കളും(പൃഥ്വി,വായു,അഗ്നി,ജലം)സമവായത്താൽ കാര്യാരംഭംകൊണ്ട് അനേകം കാര്യങ്ങളെ ഉണ്ടാക്കുന്നു. അവക്ക് കാര്യസാധർമ്മ്യം അതിനാലാണ് പറഞ്ഞത്. ഭൂതങ്ങള്ക്ക് ശരീരേന്ദ്രിയരൂപമായ വൈസർഗ്ഗികത്വം (physiological structure)ഭൌതികസമവായം കൊണ്ട് ലഭിക്കുന്നു. (ഭൌതികസമവായം - physical structure).ആരംഭവാദത്തിൽ മൂലഭൂതമായതാണ് നിയമം.ദ്രവ്യഗുണകർമ്മാരംഭത്തിലെ സാമാന്യനിയമം (laws of composition of physical matter, properties, and forces of nature)പറയാം.

സൂത്രം 9.ദ്രവ്യഗുണായോഃസാജാതീയാരംഭകത്വം സാധർമ്മ്യം.

ദ്രവ്യാരംഭത്തിൽ സജാതീയം,വിജാതീയം എന്നു രണ്ടുവിഭാഗമില്ല.എല്ലാം സജാതീയമാണ്. സാധർമ്മ്യമേ ഉള്ളൂ. വൈധർമ്മ്യമില്ല.ദ്രവ്യാരംഭത്തിൽ ഗുണാരംഭം സ്വയമേവ സമവായത്താൽ പ്രവർത്തിക്കുന്നു.ഇപ്രകാരം ആരംഭിച്ച ഗുണവിശേഷങ്ങൾ ഗുണാധീനങ്ങളും സാക്ഷാത്ദ്രവ്യാധീനങ്ങളുമാണ് എന്നറിയുക.(അപ്പോഴത്തെ ഗുണവിശേഷം ദ്രവ്യത്തിന്റെ യഥാർത്ഥഗുണമാണ്).ഇതാണ് ഒന്നാമത്തെ നിയമം.

സൂത്രം 10. ദ്രവ്യാണി ദ്രവ്യാന്തരമാരംഭതേ ഗുണാശ്ചഗുണാന്തരം.

രണ്ടാമത്തെ നിയമം ഇതാണ്. അനേകം കാരണദ്രവ്യങ്ങളുണ്ടായ ശേഷം ഒരു കാര്യദ്രവ്യം ഉണ്ടാവുന്നു.(കാര്യദ്രവ്യാരംഭം).ഈ കാര്യം കാരണത്തിൽനിന്ന് ലക്ഷണങ്ങളാൽ, ഗുണങ്ങളാൽ വിഭിന്നമാണ്. (വിലക്ഷണം,ഗുണാന്തരം,ഗുണഭേദം).അതുകൊണ്ട് ഇത് പുതിയ ഒരു ദ്രവ്യമാണ്.(ദ്രവ്യാന്തരം).ഇപ്രകാരം സാമാന്യമായതിൽനിന്ന് വളരെ വ്യത്യസ്തമായ ഗുണങ്ങളോടുകൂടിയ അനേകം ദ്രവ്യങ്ങളുടെ ആരംഭം (സൃഷ്ടി) നടക്കുന്നു.അതോടുകൂടി പരിണാമങ്ങൾ കൊണ്ട് വിശേഷങ്ങള് കാണുന്നു.ഇനി കർമ്മാരംഭത്തിലെ വിശേഷനിയമം (മൂന്നാമത്തെ നിയമം) സൂത്രം 11ൽ പറയുന്നു.

സൂത്രം 11. കർമ്മ കർമ്മസാദ്ധ്യം ന വിദ്ധ്യതേ.

നാനാകർമ്മങ്ങളുടെ സംയോഗം കൊണ്ട് ഗതി സംഭവിക്കുന്നു.കർമ്മോത്തമം ചലനാത്മകമാണ്.ചലനാത്മകമായത് സംപ്രത്യയമാണ്.(പ്രത്യയമുള്ളത്)വ്യതിരേകം (വ്യത്യാസം)കൊണ്ട് പ്രത്യയം,അസംപ്രത്യയം എന്ന് രണ്ടുതരം ദ്രവ്യങ്ങളുണ്ടാവുന്നു. ഇപ്രകാരം ദ്രവ്യങ്ങളിൽ വ്യതിരേകമായിരിക്കുന്ന കർമ്മമാണ് അവയുടെ സംസ്കാരം. ഗതി

രൂപമായ അപ്രതീയമാനത്വം (Potential energy) കൊണ്ട് ദ്രവ്യങ്ങളിൽ അവയുടെ ഗുണപക്ഷവും (quality,property of matter) കർമ്മപക്ഷവും(property of forces-power) വ്യത്യസ്തമായിത്തീരുന്നു. ഈ ദ്രവ്യസംസ്കാരം(creation of matter with specific properties and kinetic energy which is conserved or preserved) അനേകത്വത്തെ സൃഷ്ടിക്കുന്നു.അനേകകർമ്മസമാസംകൊണ്ട് (വ്യത്യസ്തശക്തികളുടെ സംയോഗം കൊണ്ട്) ഏതൊരു സംപ്രത്യയം കർമ്മാരംഭത്തില് ചലനപ്രത്യയസാമാന്യത്താല് കാരണകർമ്മമായി അവിശേഷമയിരുന്നുവോ അതുതന്നെ കാര്യകർമ്മമായി വിശേഷകർമ്മമായി,കർമ്മാന്തരമായി കാണുന്നു.സംസ്കാരരൂപേണ പരിണമിച്ചതിൽ അപ്രത്യയകർമ്മത്വം കാണാനാവുന്നില്ല.(അദൃശ്യം).ഏകകം അനേകമായി അനുഭവപ്പെട്ടുന്നു. കർമ്മം സംസ്കാരരൂപമായി പരിണമിച്ചുകഴിഞ്ഞാല് 3 വിധം സംസ്കാരം കാണാം. 1.വേഗം. 2.ഭാവന.3.സ്ഥാപകം.

1. വേഗസംസ്കാരം. (momentum)

ശതപരമാണുകമായ ഒരു പിണ്ഡം ഒരു നിയതവേഗതയിൽ ചലിക്കുന്നു.സഹസ്രപരമാണുകമായ മറ്റൊരു പിണ്ഡം മറ്റൊരു നിയതവേഗതയൽ ചരിക്കുന്നു.പ്രതിപരമാണുകം (ഓരോരോ പരമാണുവിനും) ഓരോ ഏകകർമ്മം കൽപ്പിച്ചിരിക്കുന്നു.ശതപരമാണുകപിമ്ഡത്തിന് ശതം കർമ്മം, സഹസ്രപരമാണുകത്തിന് 1000 കർമ്മം ഇപ്രകാരം ഗതിസാമ്യം എല്ലാത്തിനും ഉണ്ടെങ്കിലും കർമ്മമാനം,ഓരോന്നിനും അസമാനമായി ഭവിക്കുന്നു. ഈ ദ്രവ്യഗുണത്തെ വേഗസംസ്കാരമെന്നു പറയുന്നു.

ഗതി അപ്രതീയമാനം- അപ്രത്യയം കർമ്മം.

ഗത്യാത്മനാ പ്രതീയമാനമായ വേഗം സംപ്രത്യയം. വേഗം ദ്രവ്യഗുണമാണ്.അത് ഗതിയുടെ ഗുണിതമാണ്.(ഗതിഗുണിതദ്രവ്യസ്യേന പ്രതിപത്തി).ദ്രവ്യത്തിൽ പരമാണുക്കളുടെ അദൃശ്യത്വത്താൽ,അപരിസംഖ്യേയത്വത്താലും, കർഷപലാദിഭാരങ്ങളാലും ദ്രവ്യമാനം വ്യപദേശിക്കപ്പെട്ടിരിക്കുന്നു. പ്രതിക്ഷണം ഗതി അംഗുലാദിമാനങ്ങളാൽ വ്യപദേശിക്കപ്പെട്ടിരിക്കുന്നു. (ജ്യോതിഷത്തിൽ ഒരു ദേശത്തിന്റെ പലാംഗുലം ഈ നിയമം വെച്ചാണ്)

2.ഭാവനാസംസ്കാരം.

നിയതമായ ഗതിശീലമുള്ള പിണ്ഡത്തിന് ദിഗ്വിക്ഷേപത്തിലുള്ള വിക്ഷേപകകർമ്മമാണ് ഭാവനാസംസ്കാരം. ഗതിശീലമില്ലെങ്കിൽ(Inertia) അപ്രത്യയമാണ്.ഏകം,ദ്വികർഷം എന്ന് പിണ്ഡം, പിന്നീട് ദക്ഷിണഭാഗത്ത് സമകോണമായി യുഗപദ് ആയി കർമ്മദ്വയത്താല് ഉദയാത് പരം ചതുരംഗുലഗതികൊണ്ട് പ്രാക്ചലനം. ത്ര്യംഗുലഗതിയാൽ ഉദക് ചലനം. 8 പ്രാചീനവേ

ഗം, ഉദീചിയിൽ 6 (ഷഡ്)വേഗം. ഇപ്രകാരം നാലുദശയിൽ വേഗം യുഗപദ് ആയി പ്രവർത്തിക്കുന്നു.എന്നാൽ ഗതിദ്വയസമാസംകൊണ്ട് പിണ്ഡത്തില് ഏകം,ഉഭയം എന്ന് ദിശമദ്ധ്യത്തിൽ അനുപാതിനിയായി ഗതി ജനിക്കുന്നു. കേവലപഞ്ചാംഗുലമെന്ന് ഇതിനെ അറിയുന്നു. സമസ്തഗതിയാൽ പിണ്ഡത്തില് 10 വേഗങ്ങള് ലഭിക്കുന്നു. നാലു ദിശാവേഗതകളിൽ ദിഗ്വിക്ഷേപാത്മകമായ ഭാവനാസംസ്കാരം കൊണ്ടാണ് ഇവ ഉണ്ടായത്.ഇത് പ്രത്യക്ഷമായ കർമ്മസംസ്കാരമാണ്.



ഭാവനാസംസ്കാരം



3.സ്ഥാപകസംസ്കാരം

ദ്വികർഷമിതഃ- പിണ്ഡം ചതുരംഗുലഗതിയാല് മുന്നോട്ട്(പ്രാക്)ചലിക്കുന്നു.അത് നഷ്ടമാവുമ്പോൾ പ്രാചീനവേഗം (പിന്നിലേക്ക് പോകുന്നത്)അധികരിക്കുന്നു.ഇങ്ങനെ അതാതു കർമ്മത്താല് 8 വേഗങ്ങള് പ്രവർത്തിക്കുന്നു. എന്നാൽ,പ്രതീചിയിൽ ദികിവിരോധത്താല് (വിപരീതദിശ)പിണ്ഡത്തിന് ഉഭയനാശം സംഭവിക്കുന്നു.അതിനാലത് സ്ഥിരമായി ഭവിക്കുന്നു. ഇതിന് സ്ഥാപകസംസ്കാരമെന്നു പറയുന്നു.വേഗഭാവനാസംസ്കാരങ്ങളിൽ കർമ്മസാഹചര്യങ്ങളാൽ,അപ്രത്യയത്വം ഉണ്ട്. സ്ഥാപകസംസ്കാരത്തിൽ കർമ്മത്തിന്റെ സർവ്വഥാ ഭാവപ്രത്യയത്താൽ അത് അസംപ്രത്യയകർമ്മം തന്നെയാണ്. ഈ സ്ഥിതിസംസ്കാരം നാലാമത്തെ നിത്യം എന്നറിയുന്നു. പ്രവൃത്തം ന സ്വയം നിവർത്തതേ, നിവൃത്തം പുനർ ന സ്വയം പ്രവർത്തതേ. ഒരിക്കൽ പ്രവൃത്തമായത് സ്വയം നിവർത്തിക്കുന്നില്ല. (മറ്റൊരു ശക്തി ഇടപെട്ടാലല്ലാതെ). നിവൃത്തമായത് സ്വയം പ്രവർത്തിക്കുന്നുമില്ല. അതിനാൽ അവസ്ഥിതത്വം

അഥവാ സ്ഥാപകസംസ്കാരം (INERTIA) പറയുന്നു. സ്ഥിരവും അസ്ഥിരവുമായ പിണ്ഡത്തില് ഇപ്രകാരമുള്ള അവസ്ഥാനത്തെ സ്ഥിതിസംസ്കാരമെന്നു പറയുന്നു.ഏതൊരു കർമ്മം സംസ്കാരരൂപമായി പരിണമിച്ചുവോ ആ കർമ്മത്തിന് നാശമില്ല.(നാശാഭാവം).സംസ്കാരത്തിന് പിന്നീട് കർമ്മരൂപത്തിൽ പരിണതി വന്നാൽ, അത് സംസ്കാരനാശമാണ്.പുതിയ ക ർമ്മോത്പ്പത്തിയാണ്. എന്നാൽ,അപൂർവ്വോത്പത്തിയല്ല.മുമ്പില്ലാത്ത ഒന്ന് ഉണ്ടാവുകയല്ല. പണ്ടുണ്ടായിരുന്നതിന്റെ വീണ്ടുമുള്ള പ്രത്യക്ഷമാണ്.യഥാപൂർവ്വം എന്ന് വേദം പറയുന്നപോലെ.

മേൽപ്പറഞ്ഞ മൂന്നു സംസ്കാരങ്ങളെ കൂടാതെ ഭ്രമണസംസ്കാരം,കിരണസംസ്കാരം എന്ന് രണ്ടെണ്ണം കൂടി സംഭവിക്കുന്നു.അങ്ങനെ ആകെ 5 സംസ്കാരമുണ്ട്.

4.ഭ്രമണസംസ്കാരം.

ഗമനം,അവക്ഷേപണം ഇവയാലാണ് ഭ്രമണസംസ്കാരനിഷ്പത്തി. ഋജുഗതിയിൽ,നേർരേഖയിൽ,(linear motion) സഞ്ചരിക്കുന്ന ദ്രവ്യം ബാഹ്യസ്ഥിരപദത്താൽ എപ്പോഴും അവക്ഷിപ്യമായിരിക്കുന്നു.അപ്രകാരം ഭ്രമണം പറയുന്നു. ഗമനനിത്യസഹചരമായ ഭാവനാസംസ്കാരമാണ് ഭ്രമണം. എപ്രകാരം പൃഥിവിയാൽ പ്രതിക്ഷ ണം ചന്ദ്രമസ്സിന്റെ ഗമനം,ഭ്രമണത്വം എന്നിവ ബാധിക്കപ്പെടുന്നുവോ ,അതുപോലെ. സൂര്യാദി ഗ്രഹനക്ഷത്രഗോലങ്ങൾക്ക് യഥായോഗം ഭ്രമണം ഊർദ്ധ്വോർദ്ധ്വം സവ്യാപസവ്യമായി പരിലംബനം മുതലായ നാനാസംസ്കാരങ്ങളാല് വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. (classical physics,solar system ,movement of spheres, revolution, rotation ,law of parallax)

5.കിരണസംസ്കാരം

ഒന്ന് സ്ഥിരപരമാണു,മറ്റൊന്ന് ഗതിമാനമായ പരമാണു.ഇവതമ്മിലുള്ള സതതമായ അവക്ഷേപണവും ഗമനവുമാണ് ഭ്രമണം.അവക്ഷേപകമായ സ്ഥിരപരമാണു സമവായിയായി ഭവിക്കുന്നു.അവക്ഷിപ്തപരമാണുവെ സംയോഗിപരമാണു എന്നു വിളിക്കുന്നു. സമവായിപരമാണു ഋജുഗതിയിൽ സഞ്ചരിക്കുന്ന പക്ഷം അണുപ്രബന്ധം കൃത്സ്നമാണ്. സംയോഗിനീഭ്രമണത്താ ൽ ഉദയം,ഉദയാനുവിശേഷങ്ങളിൽ വലയാകാരത്തിലാണ് ഗതി ചെയ്യുന്നത്.(linear motion അല്ല,spiral motion ആണ്).ഇതിനെയാണ് കിരണസംസ്കാരമെന്നു പറയുന്നത്. കിരണമെന്നാൽ രശ്മി.രശ്മീവ്യൂഹത്തിന്റെ ഗതിപോലെയാണ് അണുപ്രബന്ധഗതി.കിരണത്തിൽ സംയോഗിസമവായികൾ പൃഥിവ്യാദി ജാതിവികൽപ്പത്താല് അനേകം കിരണങ്ങളെ (Endless rays)ഉണ്ടാക്കുന്നുണ്ട്. ഇതിനെ ഛാഗമെന്നു പറയുന്നു.ഇവയുടെ സമഭിവ്യാഹാരത്താൽ ലോ കലോകാന്തരങ്ങളില്ം പരസ്വാദാനരൂപവ്യവഹാരങ്ങൾ അഥവാ യജ്ഞങ്ങൾ നടക്കുന്നു. (സംഭവിക്കുന്നു).തൈജസപരമാണു മാത്രമല്ല,പാർത്ഥിവപരമാണുവും സൂര്യനെത്തന്നെയാ ണ് പ്രതിവഹിക്കുന്നത്.സൂര്യൻ

തൈജസമാണ്.പാർത്ഥിവപരമാണുവും സൂര്യവാഹിയാക യാ ല് യഥാർത്ഥത്തില് തൈജസം തന്നെയാണ്.ഇപ്രകാരം ലോകാന്തരങ്ങളിൽപ്പോലും ഒരേ യജ്ഞംതന്നെയാണ് സതതം നിരന്തരം പ്രവർത്തിക്കുന്നത്.ഇവിടെ എന്തുണ്ടോ അതു തന്നെ ലോകാന്തരങ്ങളിലുമുണ്ട്.

അഗ്നൌ പ്രാസ്താ ആഹുതിഃസമ്യഗാദിത്യമുപതിഷ്ഠതേ

ആദിത്യാജ്ജായതേ വൃഷ്ടിവൃഷ്ടേരന്നം തതഃപ്രജാഃ(മനുസ്മൃതി 3.76)

ഇപ്രകാരമുള്ള സംസ്കാരവിജ്ഞാനം മായികമായ (മയന്റേതായ)വിമാനസ്ഥാനത്തിൽ വളരെ കാണാം.പ്രപഞ്ചിതമായ ശിൽപ്പകർമ്മത്തില് കുഹകന്റെ ദൃഷ്ടം എന്ന പ്രയോഗശാസ്ത്രത്തിൽ നിഗമോദ്ദലനത്തിനായി മാത്രമാമ് ദിക്ക് മാത്രമാണ് ഉപദർശിതമായിരിക്കുന്നത്.എന്നാൽ അദൃശ്യമായ മേൽപ്പറഞ്ഞ കിരണം (യജ്ഞം,ഛാഗം)ശാസ്ത്രത്തിന്റെ പരമകാഷ്ഠയാണ്.

ദ്രവ്യത്തിൽ ക്രിയാസംസ്കാരം പറഞ്ഞു.(science of vibratory motion in matter). ഗുണസംസ്കാരം (vibrations in quality)ജ്ഞാനസംസ്കാരം(vibrations in knowledge –ideation)എന്നിവയും അറിയുക.കർമ്മത്തോടെ കർമ്മാന്തരങ്ങളും ആരംഭിച്ചു.സംസ്കാരാത്മകത്വത്താലാണ് കർമ്മത്വം എന്നില്ല.ഗുരുത്വാദികളിൽനിന്ന് കർമ്മത്തിന് അർത്ഥാന്തരത്വം ഇപ്രകാരം കർമ്മംകർമ്മം (പലകർമ്മം)സാദ്ധ്യം എന്നുമില്ല.(സംസ്കാരത്തിനുമുമ്പേ കർമ്മമുണ്ട്.ഗുണത്തിനും കർമ്മത്തിനും ജ്ഞാനത്തിനും കാരണം ചലനം(vibration)തന്നെയാണ്.

സൂത്രം 12 .ന ദ്രവ്യം കാര്യം കാരണം ച ബധ്യതി.

ദ്രവ്യത്തിൽ കാര്യാവസ്ഥയില് കാരണങ്ങല് സ്വേനൈവരൂപത്തിലിരിക്കുന്നുണ്ട്.അതാണ് ദ്രവ്യത്തിന്റെ സ്വസ്വരൂപം.കാര്യത്തിന്റെ അന്തരാളത്തിൽ ആകാശപരമാണുക്കളാല് ഇതര പരമാണുക്കൾ വ്യവഹിതമായിരിക്കുന്നു.പരസ്പരാകർഷണത്വം,സംയോഗം,വിധൃതം എന്നിവ പരമാണുക്കൾ തമ്മില് അവതിഷ്ഠമായിരിക്കുന്നു.അതുകൊണ്ട് കാര്യകാരണരൂപമായി ,യുഗപദ് ആയി,ഉഭയമായി,സർവ്വത്തേയും അറിയണം.കാര്യകാരണങ്ങൾക്കു തമ്മില് വിരോധമില്ല,അവിരോധമാണ്.ഇനി ഗുണങ്ങളിൽ വിശേഷം പറയുന്നു.

സൂത്രം 13.ഉഭയതാ ഗുണാഃ

ഗുണങ്ങളിൽ സന്നികൃഷ്ടം,അസന്നികൃഷ്ടം എന്ന് ഭേദം വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്നു. സന്നികൃഷ്ടം (undulatory properties)നിറം,രുചി,ഗന്ധം,സ്പർശം,ശബ്ദം.

അസന്നികൃഷ്ടം(Nonundulatory properties –quantity,magnitude etc)

സംഖ്യ അസന്നികൃഷ്ടമാണ്. കാര്യവും കാരണവും തമ്മിലുളള സംഖ്യാവ്യത്യാസം കൊണ്ട് കാര്യാവസ്ഥയിലെക്കാള് കാരണാവസ്ഥയിലാമ് സ്വരൂപാവസ്ഥ അവതിഷ്ഠമായിരിക്കുന്ന ത്. കാരണപരമാണുവിൽ പാരിമണ്ഡലമാണ് പരിമാണം. കാര്യത്തിൽ വ്യസ്തമായ രൂപത്തിൽ ജനിച്ചതിനെല്ലാം വിനാശവുമുണ്ട്. അതുകൊണ്ട് അന്തിമമായി നോക്കുമ്പോൾ കാര്യകാരണഗുണങ്ങളിൽ ഇതരേതരവ്യത്യാസമില്ല. സന്നികൃഷ്ടഗുണങ്ങളിൽ വിശേഷനിയമം പറയുന്നു: കാര്യരൂപമായി പരിണമിച്ചുകഴിഞ്ഞ ഒരു വസ്തുവിൽ കാരണരൂപം സ്വസ്വരൂപമായി അവതിഷ്ഠമായി കാണുകയില്ല. അതുകൊണ്ട് സന്നികൃഷ്ടമായ വസ്തുക്കളിൽ കാര്യകാരണങ്ങൾക്ക് വിരോധം ഉണ്ടെന്നു തോന്നും.

രൂപസ്പർശഗന്ധരസമെന്ന് നാലുവിധം ഗുണം. ഇവയെ സംസ്കാരാത്മകമായ സന്നികൃഷ്ടഗുണമെന്നു പറയുന്നു. ആകാശോദധിയിൽ കേവലക്രിയാപവർഗ്ഗമാത്രവൃത്ത്യാത്മകമായ തരംഗം ,കർമ്മപക്ഷത്തില് ഇവയില് കണ്ടുവരില്ല. (എന്നാലും അവ്യക്തമായി അതുതന്നെയാണ് പ്രവർത്തിക്കുന്നത്). ജലത്തിൽ കല്ലിടുന്ന പക്ഷം, പരിധിയിലേക്ക് തരംഗങ്ങൾ വൃത്താകാരത്തിൽ പ്രസരിക്കുന്നത് ദൃശ്യമാകുന്നു. ജലാവയവത്തിൽ ഈ ക്രിയാവയവം കാണാം. എന്നാൽ ശരീരമെടുത്ത ഒരു വ്യക്തിയില് ,ദ്രവ്യത്തിൽ,ഇത് കാണില്ല. ജലത്തിന് ഈ തരംഗത്താൽ (തരംഗത്തിലെ vibration കൊണ്ട്) ദേശദേശാന്തരം പ്രാപിക്കാം. ഖരവസ്തുവിന് ഇതു സാദ്ധ്യമല്ല.(പരിധിയുണ്ട്).വിവിധദ്രവ്യങ്ങളിൽവിവിധമായ കമ്പനരൂപേണ ക്രിയാസന്താനസംസ്കാരം (.wave motion) അറിയുക.ഈ സംസ്കാരത്തിന്റെ അധിഷ്ഠാന, ഗതി,ആകൃതി, ജാതി ഇവയാലാണ് 4 തരം പരമാണുവിശേഷം (പൃഥ്വി,വായു,അഗ്നി,ജലം) പറയപ്പെട്ടിട്ടുള്ളത്.അധിഷ്ഠാനം(source, center) ഗതി (motion) ആകൃതി(form) ജാതി (type).

ഗതി:പ്രതിക്ഷണം കമ്പസംഖ്യാ.(ഗതി എന്നാൽ ഓരോ ക്ഷണത്തിലും ഉള്ള കമ്പനങ്ങളുടെ സംഖ്യ (frequency). ആകൃതി അതിന്റെ പരിമാണം അഥവാ അളവുകൊണ്ട് വരുത്തുന്ന രൂപം .കമ്പനത്തിന്റെ ഉച്ചം (height ,zenith) വിസ്താരം,മുതലായവയെ ആധാരമാക്കി കോ ൺ,ചതുരം, ദീർഘം , വൃത്തം മുതലായ ആകൃതിരൂപങ്ങളുണ്ടാവുന്നു. തരംഗത്തിന്റെ ജാതി അതിന്റെ ഉത്ഭവസ്ഥാനമാണ്. ഇപ്രകാരമാണ് തൈജസമായ രൂപസംസ്കാരം. സമാനാകാരമായവ സജാതീയമാണ്.ഭിന്നാകാരമായത് വിജാതീയവും.സജാതീയ,സമാനാകാരവസ്തുക്കളിൽ ഗതിവിശേഷാദികള് ഒരുപോലെ ഇരിക്കും.

ഗതിവ്യുത്ക്രമേണൈഷാം വിസ്താരവിശേഷാ ജായന്തെ.

ഗതിവ്യുത്ക്രമണം (wave length and frequency are inversely proportional.)കൊണ്ട് വസ്തുവിന്റെ വിസ്താരവിശേഷം ഉണ്ടാവുന്നു.

യഥാ യഥാ ച തീവ്രാ ഗതിസ്ഥഥാതഥാ സംസ്കാരവിസ്താരാപകർഷഃ യഥായഥാ ച ഗത്യപകർഷസ്ഥഥാതഥാ മഹാനസ്യവിസ്താരഃഏവം ഗതിവചനേനൈവ വിസ്താരസ്യാപി ഗതാർത്ഥത്വാദവിഭാഗേന ഗ്രഹണം.

ഗതി തീവ്രമാകുന്തോറും വസ്തുവിന്റെ വിസ്താരം കുറയും. ഗതി പതുക്കെയാവുമ്പോൾ വസ്തുവിന്റെ വിസ്താരം കൂടും. ഇപ്രകാരം വസ്തുവിന്റെ വലിപ്പത്തിൽനിന്ന് അതിന്റെയും അതിന്റെ പരമാണുക്കളുടേയും ഗതി ഗ്രഹിക്കാം.(മറിച്ചും).

യഥാ പരമാണൂനാം പരസ്പരധാരണാകർണരൂപഃസംയോഗ ഉക്തസ്ഥാ സംസ്കാരാണാം സംയോഗഃസന്നികർഷ ഉച്യതേ.

പരമാണുക്കൾ പരസ്പരം ധാരണ,ആകർഷണം ഇവകൊണ്ട് സംയോഗം നടക്കുമ്പോള് ഉണ്ടാവുന്ന സംസ്കാരസംയോഗത്തെ സന്നികർഷം എന്നു വിളിക്കുന്നു.(Composition and coupling of two waves.)സജാതീയ,സമാനാകാരമായവയുടെ സന്നികർഷം സംഭവിക്കു മ്പോൾ ഗതിവിസ്താരം സംഭവിക്കുന്നതിനെയാണ് സവർണ്ണമെന്ന് (resonant)പറയുന്നത്. ഈ സന്നികർഷത്തില് തുല്യത്വത്താല് അപകർഷം സംഭവിക്കയില്ല.വിജാതീയങ്ങളായ തരംഗങ്ങൾ ചേരുമ്പോള് വിസ്താരം കുറയുന്നു.(മഹത്വം കുറയുന്നു,അൽപ്പത്വം കൂടുന്നു). ഇങ്ങ നെ ചെറുതാവുന്നതിനെ അവർണ്ണം (non-resonant, less resonant)എന്നു പറയുന്നു. ഉത്ക ർഷം കുറയുന്നത്,ഒന്ന് ചെറുതായതിന്റെ അപകർഷം കൊണ്ടാണ്.കാരണഗുണമാണ് കാര്യഗുണത്തെ നിർണ്ണയിക്കുന്നത് എന്ന ദ്രവ്യനിയമമാണ് അത്.

സൂത്രം 14. കാര്യവിരോധി കർമ്മഃ

കാരണകർമ്മങ്ങൾക്ക് കാര്യം കർമ്മവിരോധിയായി ഭവിക്കുന്നു.സർവ്വഥാ ഭക്ത്യാഭാ വത്താൽ കർമ്മങ്ങളുടെ സംയോഗത്തില് ഏകാത്മ്യരൂപസാമരസ്യത്താല് സർവ്വഥാ കാരണരൂപത്തിൽ പ്രതിബിംബം അസംഭവമാണ്.ജലത്തിൽ നിക്ഷിപ്തമായ ജലത്തിന് ഏകാത്മകത വരുന്നു.അതിനെ പിന്നീട് വേർതിരിച്ചെടുക്കാനാവില്ല.നദീജലം സമുദ്രജലത്തി ൽ ചേർന്നപോലെ).അതുപോലെയാണ് കാരണത്തിൽ കാര്യം ലയിക്കുന്നത്. (കാരണക ർമ്മമായ ഏകാത്മകത്വത്തിന് കാര്യകർമ്മമായ നാനാത്വം വിരോധിയാണ്) ദ്രവ്യഗുണക ർമ്മങ്ങളില് ഓരോന്നിന് സജാതീയാരംഭകത്വം പറയണം.ദ്രവ്യങ്ങളിൽ മൂന്നും സൃഷ്ടിക്കപ്പെട്ട ശേഷം വിജാതീയമായ ഏകകാര്യാരംഭകത്വം.

സൂത്രം 15.ക്രിയാഗുണവത് സമവായികാരണമിതി ദ്രവ്യലക്ഷണം.

ക്രിയവത്വം,ഗുണവത്വം,സമവായികാരണത്വം എന്ന് മൂന്നു ധർമ്മങ്ങള് ഗുണാദിപഞ്ചപദാ ർത്ഥങ്ങളെ ദ്രവ്യമായി വ്യാവർത്തം ചെയ്യുന്നു.ഈ ധർമ്മങ്ങള് സാഹചര്യത്താല് ഉള്ള

പദാർത്ഥമാണ് ദ്രവ്യം.അഥവാ ഇവ ദ്രവ്യലക്ഷണമാണ്. ക്രിയാകർമ്മം പാരസ്പര്യം കൊണ്ടാണ്.അതിന് ചലനാത്മകത്വം ദൃശ്യമാണ്.സ്ഥിരാവസ്ഥയിൽ ദ്രവ്യത്തിന് കർമ്മമില്ല.അ കർമ്മാവസ്ഥയാണ്.അവക്ഷേപണം,ഭ്രമണം മുതലായ പരമാണുകർമ്മങ്ങളാല് വ്യാപ്തി പ്രമാണാദി കർമ്മങ്ങള് നിത്യമായി(സ്ഥിരമായി)ഭവിക്കുന്നുണ്ട്.പരമാണുവിന് അവ്യാപ്തി പറയപ്പെട്ടിട്ടില്ല. എവിടേയും വ്യാപിച്ചിരിക്കുന്നു.കർമ്മത്താല് അത് സർവ്വ വസ്തുക്കളിലും സമാവേശിച്ചിരിക്കുന്നു.അക്രിയമായ ദ്രവ്യവും കർമ്മത്താലാണ് സംഭവിക്കുന്നത്.കർമ്മഗുണത്താല് ദ്രവ്യങ്ങളിൽ നിത്യസംബന്ധം ഭവിക്കുന്നു.ദ്രവ്യത്തെ ആശ്രയിച്ച് കർമ്മഗുണമിരിക്കുന്നു.ഇപ്രകാരം പരസ്പരാശ്രയത്തോടെ സമവായമായിരിക്കുന്നു.ദ്രവ്യങ്ങൾക്ക് ദ്രവ്യം തന്നെയാണ് സമവായി കാരണം.പൃഥിവ്യാദി നാലു ഭൂതപരമാണുക്കൾ സമൂഹരൂപത്തില് പരിണമിച്ച് കാര്യം ഉണ്ടാവുന്നു. കാര്യങ്ങൾ നാനാധർമ്മത്തോടുകൂടിയവയാണ്. പരമാണുക്കൾക്ക് യാദൃഛികപ്രചയമാത്രേണ കാര്യത്തില് ധർമ്മനാനാത്വം വരുന്നു.കൃഷ്ടമായതാണ് നിയമം.അതിനാൽ സമൂഹഭൂതത്തില് കാര്യത്തില് പരമാണുക്കൾക്ക് ദിക് ദേശവിശിഷ്ടസന്നിവേശവിശേഷമാണ് ധർമ്മം. നാനാത്വഹേതു എന്ന നിയമം കാണപ്പെട്ടതാണ്.ദിക് ദേശവിശിഷ്ടസന്നിവേശത്താൽ ഒരു ധ്രുവത്തെ അപേക്ഷിച്ചതാണെന്നുവരുന്നു. അണുവിശേഷത്തെപ്പോലെ കാര്യവും ധ്രുവം (സ്ഥിരബിന്ദു). ദിക്,ദേശ,കാലങ്ങളെ ആശ്രയിച്ചാണ് ഇത്.ഇവയുടെ സമവായമാണ് അണുവും കാര്യവും.ധാരണ,ആകർഷണം എന്നിവയും, അവകളാൽ സ്വശാസനയില് അവസ്ഥിതമായ സംയോഗിസ്വഭാവവും അതിനാല് പറയപ്പെടുന്നു.കാരണങ്ങൾക്ക് മിശ്രണത്താൽസംബന്ധം ഉണ്ടായി ,കാര്യസൃഷ്ടി ഉണ്ടാവുന്നു.അയുതം കാര്യം കാരണസംബന്ധത്താൽ ദ്രവ്യസമ വായത്താൽ സംഭവിച്ചാലും അവയെ സൃഷ്ടിച്ചതും അവക്കാശ്രയമായതുമായ അണുസമൂഹത്തിലോരോന്നിനും പ്രത്യേകസ്വഭാവമുണ്ട്.ദ്രവ്യസമവായം അനിത്യമാണ്. (കാര്യസമവായം). കാരണസമവായം നിത്യമാണ്.ദ്രവ്യങ്ങൾക്ക് ദ്രവ്യങ്ങള് (അനിത്യം)തന്നെയാണ് സമവായി കാരണമായിരിക്കുന്നതെന്ന് അതിനാലാണ് പറയുന്നത്.

സൂത്രം 16.ദ്രവ്യാശ്രയഗുണവാൻ സംയോഗവിഭാഗേഷ്വനപേക്ഷ ഇതി ഗുണലക്ഷണം.

സംയോഗമെന്നാൽ രണ്ടു ദ്രവ്യങ്ങളുടെ സംയോജനകർമ്മം. അങ്ങനെ ഉണ്ടായ പുതുദ്രവ്യം യോഢിച്ച രണ്ടു കാരണദ്രവ്യങ്ങളുടേയും ഗുണത്തെ ആശ്രയിച്ച ഗുണങ്ങളോടുകൂടിയതായിരിക്കും.കർമ്മജഃസംയോഗജശ്ച സംയോഗഃ(7.2.9).പരമാണുസംയോഗത്തിൽ അന്തരാളത്തില് ആകാശമുണ്ട്. എന്നാൽ കർമ്മത്തില് പരമാണു ആകാശത്തിൽനിന്ന് വിഭിന്നമാണ്. ആകാശഗുണമില്ല.(വ്യത്യസ്തമാണ്)ഏകമായ പരമാണു സംയോഗം കൊണ്ടുണ്ടായതല്ല.അത് അദമാണ്.(ജനിമൃതിയില്ലാത്തതാണ്).അതിനാലതിന് ആകാശഗുണമുണ്ടതാനും. (ആകാശവിഭവം)പരമാണുഗതമായ കർമ്മം സംസ്കാരരൂപത്തില് സംയോഗരശ്മിദ്വാരാ പരമാണുസംയോഗത്താല് ജനിക്കുന്നു.അതിനാൽ അജസംയോഗം (ജനിക്കാത്ത ഒന്നിന്റെ സംയോഗം)

പരമാണുഗുണമാണ്. അത് കർമ്മത്തിന്റെ അപവർഗ്ഗത്തിന് കാരണമായി ഭവിക്കുന്നു. സംയോഗം വിഭാഗം,വിഭജനം എന്നിവക്ക് കാരണമായ ഗുണമാണ്. കാരണദ്രവ്യത്തിൽ അനപേ ക്ഷത എന്ന ഗുണം നിത്യമാണ്. സ്വന്തം ഉത്പത്തിക്ക് കാരണമായി മറ്റൊന്നില്ലാത്തതിനെ യാണ് അജമെന്നു പറയുന്നത്. അതിനാൽ അനപേക്ഷത നിത്യദ്രവ്യത്തിന്റെ ഗുണമാണ്. അത് 17 തരം പറയപ്പെടുന്നു. ഗുരുത്വാദികൾ കാര്യത്വത്താല് സാപേക്ഷമാണ്.

ഇനി കർമ്മലക്ഷണം.

സൂത്രം17.ഏകദ്രവ്യമഗുണം സംയോഗവിഭാഗേഷ്വനപേക്ഷകാരണമിതി കർമ്മലക്ഷണം.

ഏകദ്രവ്യം സ്ഥാനത്തുനിന്ന് സ്ഥാനാന്തരം പ്രാപിക്കയല്ലാതെ ,മറ്റൊരുഗുണവുമില്ലാത്തതും , സംയോഗവിഭാഗാദികളെ ആശ്രയിക്കാത്തതുമാണ്. ഏകത്വം,പൃഥക്സംഖ്യാവിശിഷ്ടത്തിൽ പരി ഛിന്നമായി കാണുന്നു. വിഭുത്വത്തിൽ ഏകത്വവും പൃഥക്ത്വവും ഭക്തികൂടാതെ ഭക്തിരഹിതമാ യിരിക്കുന്നു.(Without division).ഭക്തിരഹിതമായ ദേശത്തിന് ദേശാന്തരപ്രാപ്തിരൂപമായ അയ നം സാദ്ധ്യമല്ല. സ്ഥാനാന്തരം മാത്രമേ സാധിക്കൂ. (position change only)



Position change . സ്ഥാനാന്തരം മാത്രം .

ഈ തത്വമാണ് മാജിക് സ്ക്വയറുകളിലും ഉപയോഗിക്കുന്നത്. (ലോപാമുദ്രാസൂത്രം, പഞ്ചദശി യന്ത്രം . പത്മസിന്ധു .മാതൃഭൂമി പ്രസിദ്ധീകരണം.ഡോ.സുവർണ്ണനാലപ്പാട്ട്)ക്രമത്തിലുള്ള വ്യത്യാസം കൊണ്ട് ക്രിയയും സ്വഭാവവും മാറിയതായി തോന്നുന്നു.കർമ്മം അഗുണമാണ്. ഗുണമില്ലാത്തതാകയാൽ കർമ്മം ഗുണത്തിൽനിന്ന് വിഭിന്നമാണ്. ഗുണങ്ങൾ കർമ്മത്തെ ആശ്രയിച്ചിരിക്കുന്നു. സംയോഗവിയോഗങ്ങളാൽ ജനിച്ച ദ്രവ്യങ്ങൾക്ക് കർമ്മം മാത്രമാണ് കേവലം സ്വതന്ത്രകാരണം. മറ്റൊരു കാരണവുമില്ല. അജസംയോഗത്താൽ കർമ്മാപവർഗ്ഗ

മാത്രേ കാരണത ജന്യസംയോഗവിഭാഗവസ്തുക്കളിലില്ല. സജാതീയാരംഭകത്വം ദ്രവ്യഗുണക ർമ്മങ്ങളാലുണ്ടായി.ഇനി വിജാതീയാരംഭം പറയുന്നു.

സൂത്രം 18. ദ്രവ്യഗുണകർമ്മണാം ദ്രവ്യം കാരണം സാമാന്യം.

ഏതൊരു കാരണത്തിൽനിന്ന് കാര്യമായ ദ്രവ്യം ഉണ്ടായോ അത് നിമിത്തകാരണമാണ്. ഏതൊന്ന് കാര്യസ്ഥിതിക്കുള്ള കാരണത്തിന് സഹകാരണമായി പ്രവർത്തിച്ചുവോ അത് സാമാന്യകാരണം .കാര്യങ്ങളില് ദ്രവ്യഗുണകർമ്മത്താല് ദ്രവ്യം സാമാന്യകാരണം.

സൂത്രം 19. തഥാ ഗുണഃ

ഏതുഗുണം സാഹചര്യമായി വർത്തിച്ചുവോ അത് കാര്യസഹഭാവി.

സൂത്രം 20.സംയോഗവിഭാഗവേഗാനാം കർമ്മസമാനം.

സംയോഗം,വിഭാഗം എന്ന് രണ്ടുവിധം കർമ്മം.സംയോഗം പ്രവൃത്തിമാർഗ്ഗം. വിഭാഗപ്രവൃത്തി യും സഹപ്രവൃത്തിയാകയാൽ സമാനകർമ്മമാണ്.അതിൽ നിവൃത്തിമാർഗ്ഗമില്ല. വേഗഭാവ നാസംസ്കാരങ്ങളിൽ കർമ്മം സാമാന്യകകാരണം സഹഭാവി എന്ന് വ്യാഖ്യാതമായിരിക്കു ന്നു.

സൂത്രം 21. ന ദ്രവ്യാണാം കർമ്മഃ

കാര്യത്തിൽ കാരണത്തിന്റെ അവക്ഷേപണകർമ്മത്താലും പരസ്പരധാരണാകർഷണത്താ ലും ഭവിക്കുന്ന ക്രിയ കർമ്മമല്ല. (കാര്യത്തിന്റെ സ്വായിത്വത്താൽ).ദ്രവ്യാരംഭകം ആയ ആദി കർമ്മത്തിന്റെ സാമാന്യകാരണത്വം പ്രതിഷിദ്ധമായിരിക്കുന്നു.

സൂത്രം 22. വ്യതിരേകാത്. ഏതുകാര്യം നിഷ്പാദ്യത്തിൽനിന്ന് നിവർത്തിക്കുന്നുവോ,ആ കർമ്മ ത്തിന് നിമിത്തകാരണമെന്നുപറയും. കാര്യത്തിൽ സാമാന്യകാരണത്വമില്ല.

സൂത്രം 23. ദ്രവ്യാണാം ദ്രവ്യം കാര്യം സാമാന്യം.

അനേകം കാരണങ്ങളിൽ ഒന്ന് കാര്യത്തിന്റെ സാമാന്യകാരണമായിരിക്കുന്നു.ഇതിനെ സാ മാന്യകാര്യമെന്നു പറയാം. അനേകകാരണദ്രവ്യങ്ങളിലൊന്ന് ഒരു സാമാന്യകാര്യമായി കാ ര്യദ്രവ്യമാരംഭിക്കുന്നു. ഇങ്ങനെ അനേകം ഗുണങ്ങൾ സന്നികൃഷ്ടമായി ഏകമായ സാമാന്യമാ യ കാര്യഗുണം ആരംഭിക്കുന്നു.

സൂത്രം 24.ഗുണവൈധർമ്മ്യാന്ന കർമ്മണാം കർമ്മഃ

സാമാന്യകാര്യമായി കർമ്മം ഭവിക്കയില്ല. കാര്യകർമ്മത്തില് കാരണത്തിന്റെ അവിശേഷാത്കർമ്മാന്തരത്വം പ്രതിഷേധിക്കുന്നു. ഭക്ത്യഭാവത്താൽ കർമ്മങ്ങളില് ഏകാത്മകത്വം കൊണ്ട് കാര്യത്തിൽ അവിശേഷം വ്യാഖ്യാനിക്കുന്നു. അതിനാൽ കർമ്മത്തിൽനിന്ന്(സാമാന്യം) കർമ്മാന്തരം ആരംഭിക്കുന്നു.

സൂത്രം 25.ദ്വിത്വപ്രഭൃതയഃസംഖ്യാഃപൃഥക്ത്വസംയോഗവിഭാഗാശ്ച.

ഒന്നിലധികം വസ്തുക്കളുണ്ടാവുമ്പോൾ നാനാത്വം ,സംഖ്യാശാസ്ത്രം,അവയുടെ വ്യത്യസ്തരീതിയിലുള്ള സംയോഗങ്ങൾ,വിഭാഗങ്ങളെന്നിവ ഉണ്ടാവുന്നു. ബ്രഹ്മത്തിൽ അദ്വയമാകയാല് ഇതൊന്നും ഇല്ല. സൃഷ്ടി(പ്രകൃതി)അഥവാ പ്രപഞ്ചമെന്ന ശക്തിയിലേ ഉള്ളൂ.

സൂത്രം 26.അസമവായാത് സാമാന്യകാര്യം കർമ്മ ന വിദ്യതേ.

അനേകകർമ്മങ്ങളില് ഒന്ന് സാമാന്യകാര്യമായി തീരുന്നു.അത് പിന്നെ കര്മമെന്നറിയുന്നില്ല.അതിന് പിന്നെ സമവായം സംഭവിക്കുന്നില്ല.(അസമവായം)കാര്യത്തിൽ ദിഗ്ദേശ വിശിഷ്ടവസ്ഥാനരൂപസമവായത്താൽ മൂർത്തികള് സംഭവിക്കുന്നു.അവയുടെ വൃത്തി (കർമ്മം) ഉണ്ടാവുന്നു.അല്ലാതെ,കാരണരൂപമായ ആദികർമ്മം(സർഗ്ഗം,പ്രപഞ്ചസർഗ്ഗം)ഇല്ല. ജീവാത്മാവിന് തന്നെപ്പോലെ ഉള്ള രൂപമെടുത്ത മറ്റൊരു ശരീരത്തിൽനിന്നേ ശരീരം(പ്രജ) സൃഷ്ടിക്കാനാവൂ.പരമാത്മാവിനെപ്പോലെ പ്രപഞ്ചസൃഷ്ടി സാദ്ധ്യമല്ല എന്ന് അർത്ഥം. വൃത്തിയിൽ അവ വൈധർമ്മ്യമുള്ളവയാണ്.രൂപത്തിൽ,സാമാന്യത്തിൽ,അവ സഹപ്രവർത്തനം (സഹധർമ്മം)ചെയ്ത് സൃഷ്ടിക്കാൻ പര്യാപ്തങ്ങളുമാമ്. ഈ സഹധർമ്മത്തെ (ദ്രവ്യത്തിന്റെ) സംയോഗമെന്നു പറയുന്നു.

സൂത്രം 27.സംയോഗാനാം ദ്രവ്യം.

സംയോഗംകൊണ്ടാണ് ദ്രവ്യം പുതിയദ്രവ്യത്തെ സൃഷ്ടിക്കുന്നത്. കാരണബഹുത്വം കൊണ്ട് സംയോഗബഹുത്വവും ഉണ്ടെന്നറിയണം.

സൂത്രം 28.രൂപാണാം രൂപം.

രൂപശബ്ദങ്ങളാൽ (പ്രകാശനാദങ്ങൾ.light and sound)സംസ്കാരാത്മകമായി രസഗന്ധ സ്പർശാദിഗുണങ്ങൾഉപലക്ഷിതമായിരിക്കുന്നു.ഇത്തരം അനേകരൂപസംസ്കാരങ്ങളിലൊന്നു മാത്രമാണ് മൂർത്തിമത്തായ ശരീരം.ഇപ്രകാരം രസാദികളേയും അറിയുക.

സൂത്രം 29.ഗുരുത്വപ്രയത്നസംയോഗാനാം ഉത്ക്ഷേപണം.

ഉത്ക്ഷേപണമെന്നാൽ മുകളിലേക്ക് ഉയരുന്നത്. പ്രയത്നമെന്നാൽ കർമ്മമാണ്. ഉയരാനുള്ള പ്രയത്നം. ഗുരുത്വം നേടാനുള്ള പ്രയത്നം. ഇതിന്നായി സംയോഗം ചെയ്യുന്നു. ഉത്കർഷേഛയാല് സംയോഗം ചെയ്ത് പ്രയത്നിച്ച് ഗുരുത്വം നേടുന്നു.ഒരു കല്ല് മുകളിലേക്കിട്ടാൽ അത് താഴെ വീഴും. ഭൂമി കല്ലിനേക്കാൾ ഗുരുത്വമുള്ളതാകയാലാണത്. ഗുരുത്വജന്യം അവക്ഷേപകം കർമ്മം. ഭൂമിയുടെ ഗുരുത്വം കാരണമാണ് കല്ലിന്റെ അവക്ഷേപകം (താഴെ വീഴൽ)സംഭവിച്ചത്.

സൂത്രം 30.സംയോഗവിഭാഗശ്ച കർമ്മണാം.

സംയോഗം ചെയ്തതിനെല്ലാം വിഭാഗം എന്ന കർമ്മവുമുണ്ട്. അവയെ വിഭജിക്കാനും വർഗ്ഗീകരിക്കാനുമാവും. (classification)

സൂത്രം 31.കാരണസാമാന്യേ ദ്രവ്യകർമ്മണാം കർമ്മകാരണമുക്തം.

സംയോഗത്തിനെല്ലാം വിഭജനമുണ്ട് എന്നു പറയുമ്പോൾ, അവയിൽ(സംയോഗവിയോഗങ്ങളുള്ള ദ്രവ്യത്തില്)വേഗം ഭാവന ചെയ്യാം.വേഗഭാവനാദിഗുണങ്ങൾ സാമാന്യകാര്യകർമ്മങ്ങളിൽ ഭവിക്കുന്നു. പക്ഷേ ,ദ്രവ്യകർമ്മങ്ങലില് കർമ്മങ്ങളുടെ സാമാന്യകാര്യം സംഭവിക്കുന്നില്ല എന്ന് പ്രഥമാദ്ധ്യായത്തിലെ പ്രഥമാഹ്നികം ഉപസംഹരിക്കുന്നു.

പ്രഥമാദ്ധ്യായം ദ്വിതീയാഹ്നികം.

ദ്രവ്യാദിഷഡ്പദാർത്ഥങ്ങളിൽ, ദ്രവ്യാദിത്രയങ്ങളുടെ സദാത്മകത്വത്തിന്റെ പരിണാമസംഭവത്താൽ,കാര്യകാരണഭാവം ഉണ്ടാവുന്നു.സജാതീയാരംഭകത്വം ,വിജാതീയാരംഭകത്വം എന്നിവ ആദ്യത്തെ ആഹ്നികത്തിൽ പറഞ്ഞു.സാമാന്യവിശേഷങ്ങളുടെ ക്രമപ്രാപ്തി പരീക്ഷണീയമാണ്.അവയുടെ അസദാത്മകത്വാദികള്, അപരിണാമത്വാദികൾ,സത്കാര്യസംഭവം, കാര്യകാരണാഭാവം ഇവയെല്ലാം പരീക്ഷിക്കേണ്ടതുണ്ട്. ആദ്യം കാര്യകാരണവ്യവസ്ഥാപനം പറയാം(cause and effect)

സൂത്രം 1. കാരണാഭാവാത് കാര്യാഭാവഃ

കാരണമില്ലെങ്കിൽ കാര്യമില്ല.എന്നാൽ,

സൂത്രം2. ന തു കാര്യാഭാവാത് കാരണാഭാവഃ

കാര്യാഭാവത്തിൽപ്പോലും കാരണമുണ്ട്.സത്കാര്യകാരണമായ പരമാണുക്കൾ സദാ ഉണ്ട്. അവയിൽനിന്ന് കാര്യം(ദ്രവ്യം)ഉണ്ടാവുന്നു.കാര്യം നശിച്ചാലും പരമാണു(കാരണം) നിലനിൽക്കുന്നതിനാല് കാര്യാഭാവത്തില് കാരണാഭാവം എന്നു പറയാന് പാടില്ല.അത് സത്യമല്ല.

സൂത്രം 3. സാമാന്യം വിശേഷ ഇതി ബുദ്ധ്യപേക്ഷം.

രണ്ടുവിധം ഭാവം ഭവിക്കുന്നു.വസ്തുസ്വരൂപം സദാത്മകം.വസ്തുസ്വരൂപശൂന്യവും നിരുപാധികവും കേവലവും ബുദ്ധിക്കുമാത്രം പ്രാപ്യവുമായ(ബുദ്ധ്യപേക്ഷ)ജ്ഞാനമാത്രയെ അസദാത്മകമെന്നു പറയുന്നു. എപ്രകാരമെന്നാൽ ഗൌരി എന്നു പറഞ്ഞാല് 3 വിധഭാവം. ഗൌരിയെന്ന ശബ്ദം (ഭാവം ശബ്ദവും അർത്ഥവും കൂടിയതാണ്).ഗൌരി എന്ന് ലോകത്തിലറിയപ്പെട്ടുന്ന ചതുഷ്പാത്ത് സത്വസ്വരൂപമായ സദ്വസ്തു.(relative truth) .ഗൌരി എന്ന് ജ്ഞാനമാത്രം(absolute truth.)സത്യമെന്നാൽ,സത്യമെന്ന ശബ്ദവും അതിന്റെ ഭാവവുമാണ്. ജ്ഞാനഭാവം സത്യമാണ്. പക്ഷേ സത്യമെന്ന് ലോകത്തില് കാണപ്പെട്ടുന്ന ഒരു വസ്തു(relatives)ഇല്ല.ലോകത്തിൽ സ്വരൂപത്തോടെ ദൃശ്യമാകാത്തതിനാൽ സത്യസങ്കല്പം എന്ന് അർത്ഥം.പദാർത്ഥത്വം അതിന്റെ അഭിധേയത്വത്താൽ (നാമത്താൽ)ജ്ഞേയമാണ്(അറിയപ്പെടേണ്ടത്)എന്നത് നിർവ്വിവാദമായ വിശേഷമാണ്.സർവ്വത്തിലും ഭാവം,സത്ത(സത്യം)തന്നെ.പക്ഷേ സർവ്വത്തിലും അതിന് മൂർത്തിത്വം (ദർശിക്കാവുന്ന രൂപം)കാണുകയില്ല.ഇപ്രകാരം സാമാന്യവിശേഷങ്ങളായ പദാർത്ഥങ്ങളില് കേവലം ബുദ്ധ്യപേക്ഷവും ഭാവമാത്രവും സത്താശൂന്യമെന്ന്(അസദ്) തോന്നിക്കുന്നവയുമായവയെ സാമാന്യശബ്ദങ്ങളെന്നറിയുക.സത്താവാചികളായ ഈ സാമാന്യങ്ങളുടെ തത്വപരിണാമത്താല് വിശേഷശബ്ദങ്ങളുണ്ടാവുന്നു.ഇങ്ങനെ ഉണ്ടായ പരമാണുവാചികളായ വിശേഷങ്ങളെ ധ്യാനിച്ചറിയാം. കാണാനാവില്ല. ഭാവമാത്രത്വത്താൽഅസദാത്മകത്വം . കേവലവിവർത്തമാത്രകളില് സാമാന്യവിശേഷമെന്ന ഭേദഭാവമില്ല.

ബുദ്ധിയിൽ സാമാന്യബുദ്ധി,വിശേഷബുദ്ധി എന്ന് രണ്ടുവിധം ഉള്ളതിനാല് ബുദ്ധി കാര്യമാണ്. കാരണമല്ല.ആദികാരണത്തിൽ ഇപ്രകാരം കാര്യത്വമില്ല. സാമാന്യവിശേഷജ്ഞാനനിഷ്പത്തിയാ ൽ,ദ്രവ്യഗുണകർമ്മങ്ങളില് കാരണങ്ങള് സാമാന്യവിശേഷങ്ങളുണ്ട്. സാമാന്യവിശേഷങ്ങളിൽ,സാമാന്യവിശേഷാഭാവമുള്ളത് ഏതോ അതാണ് കേവലജ്ഞാനം.

സൂത്രം 4.ഭവേനുവൃത്തേരേവ ഹേതുത്വാത് സാമാന്യമേവ

അസ്തി എന്ന പ്രത്യയത്താൽ സർവ്വവും അറിയപ്പെടുന്നു.നാസ്തി എന്ന സാമാന്യഭാവമുള്ള ഒന്നും വിശേഷകാര്യത്തിൽ പെടുന്നില്ല.അത് നിത്യസാമാന്യവാചകമാണ്.

സൂത്രം 5.ദ്രവ്യത്വം,ഗുണത്വം,കർമ്മത്വം ച സാമാന്യാനി വിശേഷശ്ച.

ദ്രവ്യം സത്ത്,ദ്രവ്യത്വം ഭാവമാത്രം.

ഗുണം സത്ത് ,ഗുണത്വം ഭാവമാത്രം.

കർമ്മം സത്ത്,കർമ്മത്വം ഭാവമാത്രം.

സാമാന്യഭാവം,വിശേഷഭാവം എന്നിവ ഭാവമാത്രത്വത്താൽ സാമാന്യമാണ്.വിശേഷമല്ല.

സൂത്രം 6.അന്യത്രാന്തേഭ്യോ വിശേഷേഭ്യഃ

ദ്രവ്യഗുണകർമ്മത്തില് സാധർമ്മയത്താല് സമാനത ബുദ്ധിയില് അനുഭവപ്പെടുന്നു.അത് സാമാന്യം. വൈധർമ്മ്യത്താല് വിശേഷബുദ്ധി അനുഭവപ്പെടുന്നത് വിശേഷം.വിശേഷത്തിൽ വീണ്ടും സാധർമ്മയത്താല് സാമാന്യബുദ്ധി ഭവിക്കുന്നു.വൈധർമ്മ്യത്താല് വിശേഷബുദ്ധിയും. ഇപ്രകാരം പരസ്പരാപേക്ഷയാൽ സാമാന്യവിശേഷങ്ങളുണ്ടാവുന്നു.ഇതില് ആദിസാമാന്യം മാത്രം സാമാന്യമെന്ന് അറിയുന്നു.അവസാനത്തെ വിശേഷത്തിൽ ഇനി ഒരു വിശേഷം ഉണ്ടാവാത്ത(വിശേഷാഭാവം)അവസ്ഥയിൽ വീണ്ടും സാമാന്യബുദ്ധി വരുന്നു.ആദ്യവും അവസാനവും സാമാന്യം.മദ്ധ്യത്തിലുള്ളതെല്ലാം വിശേഷമാണ്.

അവസാനത്തെ വിശേഷത്തെ പരമാണു എന്ന് വിളിക്കുന്നു.ഇത് അമാത്രാകൃതമാണ് .തത്വ പരിണാമത്തിൽ കാരണകാര്യപരമ്പരാക്രമേണ തത്വപ്രസംഖ്യാനം പറയപ്പെടുന്നു.

കാരണം സാമാന്യം.കാര്യം വിശേഷം.പരമാണു വിശേഷം.വിശേഷാഭാവത്താൽ സാമാന്യം.

വൈശേഷികനയത്തിൽ പ്രത്യക്ഷലൈംഗികത്തിൽ,കാര്യത്തിൽനിന്നു കാരണം (സ്ത്രീ, പുരുഷ, പ്രജ)ജനിക്കുന്ന പ്രക്രിയ കാണാം.കാര്യത്തിൽനിന്നുകാരണം,കാരണത്തിൽനിന്ന് കാര്യം-ഇത് വിപരീതക്രമമാണ്.കാര്യം,കാരണം,കാര്യം എന്ന് ആവർത്തനാത്മകത്വം.

ഇവിടെ കാര്യകാരണപരമ്പരയിൽ പരമാണുക്കളാണ് അന്ത്യവിശേഷം. അവയാണ് സാമാന്യകാരണം.എന്നാൽ,ദ്രവ്യത്തിൽ പരമാണുക്കള് അന്ത്യമായ വിശേഷം, വിശേഷം എന്നല്ലാതെ സാമാന്യമെന്നു പറയപ്പെടുന്നില്ല.ഇപ്രകാരം ഗുണകർമ്മങ്ങളിൽ,അവയിലുൾച്ചേർന്ന ഗുണകർമ്മങ്ങൾ,അവയിലുൾച്ചേർന്നവയെന്ന് അന്ത്യമായ വിശേഷത്തെ ബോധിക്കണം.

സൂത്രം 7.സദിതി യതോ ദ്രവ്യഗുണകർമ്മസു സാ സത്താ.

അസദാത്മകത്തിലും പ്രത്യയഭാവം അസ്തി (ഉണ്മ,ഉണ്ട്)എന്നുതന്നെയാണ്. സദാത്മകത്തിൽ,അസ്തി സദ് എന്ന് വാസ്തവികമായി എളുപ്പം ഇന്ദ്രിയഗ്രാഹ്യമാണ്.ഇപ്രകാരമുള്ള ഇന്ദ്രിയ ഗ്രാഹ്യമായ സത്താഭാവത്തിന്റെ അഭാവം എന്നേ നാസ്തിക്ക് അർത്ഥമുള്ളു. സത്താസംബന്ധത്താൽ, ദ്രവ്യഗുണകർമ്മത്തിൽ, സദ് എന്ന പ്രത്യയം ഭവിക്കുന്നു.

സൂത്രം 8.ദ്രവ്യഗുണകർമ്മഭ്യോ അർത്ഥാന്തരം സത്താ.

ദ്രവ്യം സത്ത്,ദ്രവ്യം സത്തയല്ല.

ഗുണം സത്ത്.ഗുണം സത്തയല്ല.

കർമ്മം സത്ത്,കർമ്മം സത്തയല്ല.

സത്തിന്റെ അർത്ഥാന്തരമാണ് സത്ത. ദ്രവ്യവും കർമ്മവും ഗുണവുമുണ്ട്.(സദ് സത്യമാണ്) പക്ഷേ ,അവയല്ല പരമാർത്ഥസത്ത.

സൂത്രം 9.ഗുണകർമ്മസു ച ഭാവനാ കർമ്മ ന ഗുണഃ

എപ്രകാരം ദ്രവ്യത്തിൽ സത്ത പ്രവർത്തിക്കുന്നുവോ ,അതുപോലെ സത്തയിൽ ദ്രവ്യത്തിന് പ്രവർത്തിക്കാനാവില്ല.ഇതുപോലെ ഗുണത്തിലും കർമ്മത്തിലും അറിയണം.

സൂത്രം 10.സാമാന്യവിശേഷാഭാവേന ച

ദ്രവ്യഗുണകർമ്മങ്ങളുടെ സാമാന്യവിശേഷഭാവങ്ങള് സത്തയില് ഭവിക്കുന്നില്ല. സാമാന്യ വിശേഷാഭാവം കൊണ്ട് സത്തയെ അറിയണം.(അഭേദം,അദ്വൈതഭാവം)

സൂത്രം 11.അനേകദ്രവ്യവത്വേന ദ്രവ്യത്വമുക്തം

അനേകദ്രവ്യങ്ങളുള്ളതിനാൽ,ദ്രവ്യത്വശബ്ദം കൊണ്ട് ദ്രവ്യജാതിയെ ഗ്രഹിക്കുമ്പോൾ ഏക ദ്രവ്യസമൂഹത്തെ കുറിക്കുന്നു.ദ്രവ്യത്തിന്റെ ഭാവം ദ്രവ്യത്വമെന്ന ഭാവാർത്ഥത്തില് ദ്രവ്യത്വ ശബ്ദം കൊണ്ട് ജാതിഗ്രഹണമില്ല.ജാതി മറ്റൊരു ഭാവമാണ്. എപ്രകാരമെന്നാൽ, ആകാ ശത്തിൽ ഏകത്വമുണ്ട്. ആകാശശബ്ദത്തിൽ ഭാവമാത്രം കൊണ്ടേ അസ്തി എന്നു പറയാ നാവൂ.

സൂത്രം 12.സാമാന്യവിശേഷാഭാവേന ച.

ആകാശമെന്ന ദ്രവ്യത്തിൽ സാമാന്യവിശേഷാഭാവത്താല് ജാതി ഇല്ല.ദ്രവ്യത്വശബ്ദം ഭാവമാത്രംദ്രഷ്ടവ്യമാണ്.ഭാവത്തിൽ സാമാന്യവിശേഷാഭാവം.

സൂത്രം 13.തഥാ ഗുണേഷുഭാവാദ് ഗുണത്വമുക്തം.

ദ്രവ്യത്തിൽ ഗുണജാതമായ അനേകം ഗുണങ്ങളുണ്ട്. അവയെ ഗുണത്വശബ്ദത്താൽ പറയണം.

സൂത്രം 14.സാമാന്യവിശേഷാഭാവേന ച. ഗുണഭാവത്തിലും മുമ്പറഞ്ഞ പോലെ സാമാന്യവിശേഷാഭാവത്തെ ഗ്രഹിക്കുക.

സൂത്രം 15.കർമ്മസു ഭാവാത് കർമ്മത്വമുക്തം.

അനേകകർമ്മങ്ങളിൽ സാമാന്യവിശേഷങ്ങളിൽ,ജനിക്കുന്നതാണ് കർമ്മത്വശബ്ദം.

സൂത്രം 16.സാമാന്യവിശേഷാഭാവേന ച

കേവലകർമ്മഭാവമാത്രമായി,സാമാന്യവിശേഷാഭാവം കൊണ്ടും കർമ്മത്വശബ്ദത്തെ ഗ്രഹിക്കണം.

സൂത്രം 17.സദിതിലിംഗാവിശേഷാദ്വിശേഷലിംഗാഭാവാച്ചൈകോഭാവഃ

സത്താഭാവം സത്ത(സദ്)എന്ന് അസ്തി മാത്രപ്രത്യയത്താൽ അവിശേഷം. അതിൽ ഭാവത്തിൽ ലിംഗാന്തരം കൊണ്ട് വിശേഷമറിയുക.ഭാവമാത്രത്താൽ സത്ത ഏകമാണ്. അസ്തി എന്ന മാത്രാപ്രത്യയമാണ് ഭാവം.അസ്തി വസ്തുഭൂതമായ തത്വമാണ്.ഈ ഭാവത്തോടു കൂടി സത്തയും അറിയപ്പെടുന്നു.നാസ്തി എന്നാൽ ദ്രവ്യമല്ലാത്ത ഭാവമാണ്.എന്നാൽ നിർഭാവമായ സത്ത ഇല്ല എന്ന് അറിയുക.നാസ്തി എന്ന അസദ് ദ്രവ്യത്തിന്റെ ദൃശ്യരൂപഗുണകർമ്മവിശേഷസാമാന്യാദി ദ്വന്ദ്വരഹിതമായ ആദിമസത്ത് അഥവാ കേവലകാരണമായ സത്തയാണ്. ഇപ്രകാരം പ്രഥമഅദ്ധ്യായത്തിൽ രണ്ടാമത്തെ ആഹ്നികം അവസാനിക്കുന്നു.

രണ്ടാം അദ്ധ്യായം ഒന്നാം ആഹ്നികം.

ഇവിടം മുതൽ മൂന്നാം അദ്ധ്യായത്തിന്റെ അവസാനം വരെ ദ്രവ്യസ്വരൂപപരീക്ഷയാണ്. പൃഥി മുതൽ ദിക്കുവരെ 7 രൂപങ്ങളെ രണ്ടാം അദ്ധ്യായത്തില് പരീക്ഷിക്കുന്നു.

സൂത്രം 1.രൂപരസഗന്ധസ്പർശവതീ പൃഥി.

ക്രിയാവത്വത്താൽസർവ്വം ദ്രവ്യമെങ്കിലും ദ്രവത്വശബ്ദം വ്യാപകത്വാദിപരീക്ഷണത്തിനുശേഷം ജലത്തിനാണ് കൊടുക്കുന്നത്. ജ്ഞാനക്രിയകൊണ്ട് ആത്മാവും ദ്രവ്യമാണ്.ആധാരം കൊണ്ടും പരസ്പരസംബന്ധം കൊണ്ടും ക്രിയാപ്രതിസന്ധകത്വം കൊണ്ടും ദേശകാലങ്ങള് ദ്രവമാണ്.(fluidity of timespace കണാദസിദ്ധാന്തത്തിലുണ്ട്).സംസ്കാരസ്വത്വംകൊണ്ട് മനസ്സും ദ്രവമാണ്.ആകുഞ്ചനപ്രസരണങ്ങളാൽ പരമാണുവും ദ്രവമാണ്.ഇപ്രകാരം സർവ്വകാര്യദ്രവ്യവും ക്രിയകൊണ്ട് ദ്രവംതന്നെയാണ്.

ഭക്ത്യഭാവത്തിന്റെ താരതമ്യത്താല് ദ്രവത്തെ വ്യവസ്ഥ ചെയ്യണമെന്ന് അതുകൊണ്ട് സിദ്ധിക്കുന്നു.അവയവങ്ങളോടും മൂർത്തിത്വത്തോടുംകൂടിയതും ,ദൃഢസംയോഗം സംഭവിച്ചതുമായ കാര്യദ്രവ്യത്തെ ഒരു സംഘാതമെന്നു പറയുന്നു.ഉദാഃകാഷ്ഠം,പാഷാണം,സ്വർണ്ണം,ശരീരം. മൂർത്തിവിശിഷ്ടമായ സംഹതദ്രവ്യമാണത്.ജലാദിദ്രവ്യങ്ങളില് നിയതമൂർത്തിസന്നിവേശമില്ല. അതിനാൽ ശിഥിലസംയോഗമാണ്.ഇക്കാരണത്താൽ ജല ത്തിലാണ് താന്ത്രികമായി യഥാർത്ഥദ്രവത്വമുള്ളത്.അത് ദ്വിവിധമാണ്. സംയോഗശൈഥില്യമായ അവയവങ്ങളാൽ പരസ്പരം ശ്ലിഷ്യമായ സംയോഗമുള്ള സ്നേഹം. ധൂമാദികളിൽ അവയവങ്ങളുടെ സ്നേഹാഭാവത്താല്

സ്വാതന്ത്ര്യേണ ഒഴുകുന്ന തരത്തിലുള്ള ദ്രവത്വം.ജലം സ്യന്ദനശീലം കൊണ്ട് അനിയതമൂർത്തിയാകയാൽ,സ്നിഗ്ദ്ധദ്രവ്യമാണ്..അഗ്നിജ്വാല ഊർദ്ധ്വജ്വലനശീലംകൊണ്ട് അസ്നിഗ്ദ്ധദ്രവം. വായു,ധൂമമെന്നിവ തിര്യഗ്(വക്രം)പവനശീലത്താൽ രൂക്ഷദ്രവം.ഇവയിൽ രൂപരസഗന്ധസ്പർശാദികള് സംഹതമായിരിക്കയാൽ കാര്യമായ പൃഥിയില് (പഞ്ചഭൂതവുമുള്ള)ഈ ഗുണങ്ങളെല്ലാം അന്തർഗതമായിരിക്കുന്നു.

സൂത്രം 2. രൂപരസസ്പർശവത്യ ആപോ ദ്രവാഃസ്നിഗ്ദ്ധാഃ

രൂപവും രസവും സ്പർശവുമുള്ളതും ദൃഷ്ടവും സ്നിഗ്ദ്ധവുമായ ദ്രവത്തെ ആപസ്സ് എന്നു പറയുന്നു.

സൂത്രം 3.തേജോ രൂപസ്പർശവത്.

തേജസ്സിൽ രൂപവും സ്പർശവും മാത്രമേയുള്ളു.

സൂത്രം 4.സ്പർശവാന് വായു

വായുവിലുള്ളത് സ്പർശം മാത്രമാണ്.

സൂത്രം 5.ന ആകാശേ ന വിധ്യതേ

ആകാശത്തിൽ സ്പർശഗുണംപോലുമില്ല.അതുകണ്ട് ആകാശരൂപം അവധാരണം ചെയ്യാൻ മറ്റൊരു ലക്ഷണസൂത്രം വേണം.പൃഥിവ്യാദിചതുർത്ഥങ്ങളില് നിന്നുള്ള വ്യതിരേകം പ്രതിപാദിക്കുന്നതിനാണിത്.ഇനി ആകാശസാധനം പറയുന്നു.ജലഹിമകരകാദികളിൽആപസ്സ് വ്യഭിചാരദർശനത്താല് വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്നപോലെ.

സൂത്രം 6.സർപ്പിർജ്ജതുമധൂച്ഛിഷ്ടാനാമഗ്നിസംയോഗാത് ദ്രവത്വമദ്ഭിഃസാമാന്യം.

ചിലവസ്തുക്കൾ അഗ്നിസംയോഗത്താല് (ഉരുക്കുമ്പോൾ)താൽക്കാലികമായി ദ്രവത്വം പ്രാപിക്കുന്നു.നൈമിത്തികമായ ദ്രവത്വം ധാതുക്കൾക്ക് അഗ്നിയോഗംകൊണ്ടുവരും.നെയ്യിന്റെ മൂലദ്രവ്യമായ വെണ്ണ ഉരുക്കിയാലാണ് ദ്രവമായ നെയ്യ് കിട്ടുക.ലതാവൃക്ഷവനസ്പതികളിൽനിന്നു ലഭിക്കുന്ന ജതു(അരക്ക്,പശ)അതുപോലെയാണ്.മധു(മധുമക്ഷികകൾ ശേഖരിക്കുന്നത്)വും മെഴുകും നൈമിത്തികദ്രവത്വമുള്ളതാണ്.ഉച്ഛിഷ്ടമെന്നാൽ സിക്ഥം മുതലായ കിട്ടഗണങ്ങളാണ്.(വെളിച്ചെണ്ണയിൽനിന്നു കിട്ടുന്ന കീടനാണ് ഉദാഹരണം).

സൂത്രം 7.ത്രപുസീസലോഹരജതസുവർണ്ണാനാമഗ്നിസംയോഗാത് ദ്രവത്വമദ്മിഃസാമാന്യം.

ത്രപു,സീസം,ലോഹം,വെള്ളി,സ്വർണ്ണം എന്നിവയില് പൃഥിഗുണങ്ങളായ പഞ്ചവർഗ്ഗങ്ങളും അന്തർഭവിച്ചിരിക്കുന്നു.ഇവയും അഗ്നിസംയോഗംകൊണ്ട് ദ്രവമാകുന്നു. തേജഃപരമാണുസം

യോഗത്താൽ,ജലപരമാണു ബാഷ്പത്വം പ്രാപിക്കുന്നു.(വായുത്വം)സംയോഗം, ആപീഡനം, സംഹനനം,എന്നിവയാൽ തേജസ്സ് ഹിമം ,കരകം മുതലായ സംഘാതരൂപങ്ങളെ ഉണ്ടാക്കു ന്നു.ആപസ്സിനെ നൈമിത്തികമായി പൃഥിവിത്വം പ്രാപിപ്പിക്കുന്നു.സോമവിശേഷത്തെ പീയൂഷ മെന്നു പറയുന്നു.പീയൂഷസംയോഗത്താൽ ഗുരുത്വവിശിഷ്ടമായ ഭ്രമണ്ഡലത്തില് വായുവെ പതനശീലത്വം കൊണ്ട് വായുനാഡി എന്നു വിളിക്കുന്നു.അവയിൽ,തേജസ്സിന്റെ സംയോഗ ത്താ ൽ,ആപീഡനം,സംഹനനം മുതലായ പീയൂഷങ്ങളുടെ സംഘാതമുണ്ടാവുന്നു. പീയൂഷ സംഘാതം നൈമിത്തികമാണ്.പീയൂഷങ്ങൾക്ക് പൃഥിത്വം സാദ്ധ്യമല്ല.ദ്രവങ്ങളിൽ സാന്ദ്രതാ താരതമ്യം പൃഥിവ്യാണുസംയോഗാദികളാല് ഉദ്ധ്യൂഹനം ചെയ്ത് കാണണം.വായുപൃഥ്യാദികളി ൽ വ്യതിരിക്തദ്രവ്യത്വം സന്നിശ്ധമായ വ്യാവർത്തകലിംഗഭാവാദിആശങ്കകൾക്കായി, ലിംഗ പരാമർശം.

സൂത്രം 8.വിഷാണികകുദ്വാൻപ്രാന്തേ ബാലധിഃസാസ്താവാൻഇതിധീത്വേ ദൃഷ്ടം ലിംഗം.

വിഷാണമെന്നാൽ കൊമ്പ്.ചന്ദ്രലേഖയുടെ വളഞ്ഞഭാഗം. വിഷാണത്തിന് നാലുതരം ലിംഗം.അതുപോലെ സത്യത്തിനും സാഹചര്യേണ ദൃഷ്യമാകുന്നതും സത്വാന്തരവും വ്യവൃത്തവും ഗൌരിത്വവുമായി നാലുതരം ലിംഗമുണ്ട്.വിഷാണത്തിന് വ്യസ്തവും സത്വത്തിന് സാമാന്യവുമാണ് ലിംഗം.നാലു തരം സാമാന്യലിംഗം സംഭവിക്കാനുള്ള കാരണങ്ങൾ, 1. അതിവ്യാപ്തത്താൽ,2.സ്വാതന്ത്ര്യത്താൽ,ഗോത്വത്താൽ,വ്യാവർത്തകത്വത്താൽ.

സൂത്രം 9.സ്പർശശ്ച വായോഃ

ദ്രവത്വം,സ്പർശത്വം ഇവയാണ് വായുവിന്റെ ഗുണങ്ങൾ.ഉത്ഥാനബുദ്ധിയായി ഭ്രാന്തമായിരി ക്കുന്ന വായുവിലാണ് ദ്രവത്വമുള്ളത്. അല്ലാത്തതിൽ സ്പർശം മാത്രമേയുള്ളൂ.ശബ്ദത്തിന് വായുഗുണത്വമുണ്ട്.

കാര്യാന്തരാപ്രാദുർഭാവാച്ച ശബ്ദഃസ്പർശാവതാം ഗുണഃ

രണ്ടിനും ആകൃതിയില്ല.വൃക്ഷാദികളുടെ കമ്പനം വായുവിന്റെ ലിംഗം കൂടാതെ സംഭവിക്കയില്ല. ആകാശത്തിൽ,വായുമണ്ഡലത്തിൽ,ഉള്ള പൃഥീരേണുക്കളിലും ആപസ്സിലും ബാഷ്പാദി,ധൂമ, പീയൂഷങ്ങളിലും അതുപോലെ കമ്പനം (ചലനം)വായുലിംഗസംയോഗത്താൽ ഉണ്ടാവുന്നു. (vibratory motion).വായുവിന്റെ ഷഷ്ഠിയോഗം കൊണ്ട് സ്പർശവിശേഷകാരണത്താലാണ് ഗമനകമ്പനങ്ങളുണ്ടാവുന്നത്.

വായുവിന്റെ സ്പർശവിശേഷങ്ങൾ:

1. ആപസ്സിൽ ശീതം

2. തേജസ്സിൽ ഉഷ്ണം
3. രണ്ടിലും ശീതോഷ്ണം.(അനുഭവപ്പെടുന്നത് പൃഥിയിലാണ്)
4. ധൂമ്യയോഗം .സന്നിദ്ധത്വം
5. ശീതോഷ്ണം .ചിലപ്പോൾ ഒട്ടുമില്ലാതെയും ചിലപ്പോള് മാറിമാറിയും വരുന്നത്.
6. ഗമനകമ്പനങ്ങൾ. (ഷഷ്ഠിയോഗം) നാഡികളില് വായുപക്ഷം കൊണ്ടുണ്ടാവുന്നത്.

സൂത്രം 10. ന ച ദൃഷ്ടാനാം സ്പർശ ഇത്യദൃഷ്ടലിംഗോവായുഃ

വിദ്യുത്ത്,സ്പർശം,തീഷ്ണം,അനുഷ്ണം,ശീതം,എന്നിവ നാസികയിൽ പ്രാണന് തേജസ്സിനെ സ്പർശിച്ച് സഞ്ചരിക്കുമ്പോള് പരീക്ഷിച്ചറിയാം.ജലമില്ലാത്തതും അശീതത്വവുമായ അവസ്ഥ പൃഥിയിൽ അവ്യഭിചാരംകൊണ്ടും അനപേക്ഷത്വം കൊണ്ടും അറിയാം.ലിംഗമാത്രമായി ദൃഷ്ടമായ ലിംഗി ,ത്വഷ്ടൻ,വായു എന്ന് ലിംഗലിംഗകൾ,സംബന്ധിക്കുന്നതിനാൽ ദർശിക്കാനാവാത്തതും ,അതിനാൽ സന്ദേഹം തോന്നുന്നതും എന്നാല് അനുഭവവേദ്യമായതുമായ അദൃഷ്ടലിംഗമാണ്. കാര്യദ്രവ്യങ്ങളുടെ സ്വരൂപം നിയമാനുസൃതമായ ക്രമത്തിൽ,സർവ്വപൃഥിവിയിലും അന്തർഭവിച്ചതും അതുപോലെ ആപതേജോവായുക്കളാല് വ്യവസ്ഥാകൃതവുമാണ്.ആ നിയമമനുസരിക്കാത്തക്രമങ്ങളെ വ്യഭിചാരമെന്നു പറയുന്നു.

സൂത്രം 11.അദ്രവ്യവത്വേന ദ്രവ്യം.

ദ്രവ്യങ്ങൾ പരസ്പരസംയോഗത്താല് ദ്രവ്യം ഉണ്ടാക്കുന്നു.ഇത് രണ്ടുവിധം. 1.ആശ്രയാശ്രയീഭാവത്തിലുള്ള സംയോഗം സമവായം. ധാതുക്കളുടെ സ്വഭാവമനുസരിച്ച് ദ്രവ്യപ്രകൃതി.2. ആശ്രയാശ്രയീഭാവമില്ലാത്ത സംയോഗം സംബന്ധം.എന്നാൽ സംബന്ധസാകല്യത്താൽ ദ്വന്ദ്വസമാസത്താല് ഉഭയപ്രാധാന്യതയാല് മുമ്പ് പറഞ്ഞ പ്രാകൃതികമായ സമവായത്തിൽനിന്ന് വ്യത്യസ്തം.അതിൽ ഒരി പ്രധാനവും ഒരു സമവായിയുമുണ്ട്. ഇതിൽ അങ്ങനെയല്ല.തുല്യപ്രാധാന്യമാണ്. അഗ്നിസംയോഗം ആശ്രയാശ്രയിഭാവം കൂടാതെ സാമാന്യമായി പ്രവർത്തിക്കുന്നു.അതിനാൽ,പാകദ്രവ്യങ്ങളിൽ പൃഥിവ്യാദികളുടെ മിശ്രം ഒരേ മാതിരിയല്ല കാണുക.

1.ദ്രവ്യമിശ്രം(simple combination. Mixtures) 2. പാകജസംയോഗം (Chemical combination and reaction. Digestion etc.)

സൂത്രം 12.ക്രിയാവത്വാദ് ഗുണവച്ചാച്ച.

സമവായസിദ്ധമായ അദ്രവ്യം അശുദ്ധവും ക്രിയാഗുണത്താൽ കാര്യദ്രവ്യവുമാണ്. രൂപരസഗന്ധസ്പർശക്രിയയാല് ദ്രവ്യാന്തരസംയോഗവർജ്ജിതമായത് ശുദ്ധമെന്ന് അറിയപ്പെട്ടു ന്നു. പൃഥീസ്വരൂപമായ ദ്രവ്യങ്ങൾ ശുദ്ധമാണ്.

സൂത്രം 13. അദ്രവ്യത്വേന നിത്യത്വമുക്തം.

ദ്രവ്യാശ്രയമില്ലാത്തത് അദ്രവ്യം.മൂലകാരണവും ഏകവും നിത്യവുമായ വസ്തു.പരമാണുഭൂതങ്ങളുടെ സൂക്ഷ്മസ്വരൂപമാണ്. അവയുടെ ഒരു സമുദായമാണ് ദ്രവ്യം. പരമാണു subatomic particle. അവയുടെ സമുദായം അണു atom.ആറ്റങ്ങളുടെ സമുദായം ദ്രവ്യം.

സൂത്രം 14.വായോർവ്വായുസ്സമൂർഛനം നാനാത്വലിംഗം.

പൃഥിയുടെ പരിധിയിൽ 64 യോജന ചുറ്റം ധൂമ്യോപസൃഷ്ടമായ വായുമണ്ഡലമുണ്ട്. ഇതിനെ നാഢ്യവായു (trade winds)എന്ന് പറയുന്നു.പതനം,നർത്തനം,അവസ്കന്ദനം മുതലായ ശീലങ്ങളിതിനുണ്ട്. ഇത് പ്രവഹാദിവായുവിൽനിന്ന് വിഭിന്നമാമ്. പൃഥിയിൽനിന്ന് ജലം തേജസ്സിന്റെ സXയോഗത്താൽ,ഉത്കർഷം പ്രാപിച്ച് അത്യന്തവിലയനത്താൽ, സ്നേഹാഭാവത്തിൽ, അതിന്റെ അണുക്കളുടെ സ്വാതന്ത്ര്യത്തിന്റെ അവസ്ഥാനമാണ് ധൂമം. ധൂമസമൂഹം ധൂമ്യാ. നാഢ്യവായുഗതമായ ധൂമ്യാസത്വത്തിൽ സ്പർശം,ഗുരുത്വം എന്നിവ ഉപലബ്ധമാണ്. തേജസംയോഗത്തിന്റെ അപകർഷത്താൽ,ആപീഡനം(compression)സംഘാതത്തി ൽ (condensed air).സംഭവിക്കുന്നു. അങ്ങനെ രൂപാദിഉപലബ്ധി പ്രമാണം.ധൂമ്യം മുതലായവായു, വായുവോടുചേർന്ന് പരസ്പരസമ്മൂർഛനം കൊണ്ട് നാനാത്വം ലിംഗ(ലക്ഷണ)മായിത്തീരുന്നു.പൃഥിയും വായുവും സംയോഗഗുണമുള്ളതാണ്.സജാതീയസംയോഗം പരമോത്കൃഷ്ടമെന്നു പറഞ്ഞു . പൃഥിവ്യാദി വിജാതീയങ്ങൾ, ഉത്തരോത്തരം സംയോഗത്താൽ പരമമായ ദൌർബ്ബല്യം അറിയുക. പൃഥിവ്യാദിഭൂതങ്ങളിൽ മിത്ര,ശത്രു,സമഭാവം (neutral) എന്നിവയുടെ സംയോഗതാരംഭം (degree of affinity) ചിന്തിക്കണം. അതുപോലെ സജാതീയത്തിലും. സംയോഗസ്തത്പരസ്പരേണ അന്യോന്യസ്യ നിഗരണാത് ഗുരുത്വം ഉച്യതേ. (gravitation) സംയോഗികളിൽ,അന്യോന്യം നിഗരണം സമവായലക്ഷണം.എന്നാലും സമത്തിലും ഹീനത്തിലും അപ്രവൃത്തി എന്ന പ്രവൃത്തിനിയമം കൊണ്ട് മഹതി(മഹത്തായ വസ്തു)ക്കളിൽ പതനകർമ്മം ഉണ്ടാവുന്നില്ല.(because of inertia) .മഹത്തമമായ ദ്രവ്യസമൂഹങ്ങളിൽ, സജാതീയമായത് അതിന്റെ ഭൂയസ്ത്വത്താൽ (വലിപ്പം)ഭൂമിയെന്നുവിളിക്കപ്പെട്ടു. പൃഥി,ആപസ്സ് എന്നിവ മഹത്തമമാണ്. അവയുടെ സമൂഹമായ ഭൂഗോളമാണ് ഭൂമി. തേജസ്സിൽ സൂര്യനും വായുവില് മേരുവും ഭൂയസ്ത്വമുള്ളവയാണ്. ആ വായുവെ(മേരുവെ)അതിന്റെ നിഗരണം (magnetism)സ്ഥിരമാകയാൽ ധ്രുവമെന്നു വിളിക്കുന്നു. ഭൂമിയുടെ കാന്തികകേന്ദ്രമാണ്(magnetic core) അഥവാ ധ്രുവമാണ് മേരു. മേരുനാമമായ ഭൂഗോളമദ്ധ്യത്തിന് ഉദഗ്,ദക്ഷിണം,തിര്യഗ് എന്ന് 3 ദിശയില് വായുസംസ്ഥാനവിശേഷമുണ്ട് .സൂര്യസിദ്ധാന്തത്തിൽ,

അനേകരത്നനിചയോ ജംബൂനദമയോഗിരിഃ

ഭൂഗോളമദ്ധ്യേ മേരുരുഭയത്രവിനിർഗ്ഗതഃ(12.34).

ദക്ഷിണമേരു(south pole)വിലെ രശ്മികൾ ഉത്തരമേരു(North pole)ദ്വാരേണ പൃഥ്വീനാഭിയെ (center of earth)സമാനപദമായി പ്രത്യാസാദം ചെയ്ത് പ്രണമിക്കുന്നു.ഇപ്രകാരം പ്രാണാപാനന്മാരെപ്പോലെ വായുചക്രം അനിശം പ്രവർത്തിക്കുന്നു. (ഒന്ന് മുകളിലേക്കും ഒന്ന് ചുവട്ടിലേക്കും 2 ദിശയില് 2 മേരുധ്രുവങ്ങളിൽചുഴലുന്ന വായുമാർഗ്ഗം) ദക്ഷിണോത്തരനാഡിക ൾ തമ്മിൽ ഇപ്രകാരം പരസ്പരം സമ്മൂർഛനവും സുവർച്ചവും ഉണ്ടാക്കുന്നു.ഈ മേരുധർമ്മം എന്നമായികൈശ്ചുംബകവിജ്ഞാനീയസ്ഥാനത്തിൽ(Theory of knowledge of magnetism and of attraction)പ്രപഞ്ചത്തിൽ അനേകം ഉദാഹരണങ്ങളുണ്ട് .സ്വസ്വഭൂമികളിൽ പൃഥി വ്യാദികള് ഇതിനാൽ ഗുരുത്വം (Theory of gravitational attraction) ആർജ്ജിക്കുന്നു. അതിനാ ൽ പതനം(fall) ഭൂമിക്കഭിമുഖമായി (ഭൂമിയിലേക്ക്)മാത്രം സംഭവിക്കുന്നു.പാർത്ഥിവം ആഗ്നേ യം (തേജഃ)എന്നിവക്ക് സ്വഭൂമി സൂര്യനാകയാൽ അവ സൂര്യനില് പതിക്കുന്നു.(ഊർദ്ധ്വജ്വല നം) .മേരുക്കളുടെ അനുവിധാനം കൊണ്ട് ഉത്തരമേരുവിൽനിന്ന് ദക്ഷിണമേരുവിലേക്കും ദക്ഷിണമേരുവിൽനിന്ന് ഉത്തരമേരുവിലേക്കും പ്രതിമണ്ഡലസ്ഥമായി വായുവിന്റെ പതനം തിര്യഗ് പവനമുണ്ടാക്കുന്നു.തിര്യക് എന്നാൽ തിരിഞ്ഞ് വിപരീതദിശയിലുള്ളത് (opposite. ഇത് tradewinds ന് കാരണമാകുന്നു.)സൂര്യഗതിയനുസരിച്ച് ഋതുപ്രഭാവത്താൽ തേജഃസംയോഗനിമിത്തത്താൽ വായു ഉണ്ടാവുന്നു. , വായുസമ്മൂർഛനം കൊണ്ട് വായുവിന്റെ ഗതിയിൽ നാനാത്വം സംഭവിക്കുന്നു.

സൂത്രം 15 വായുസന്നികർഷേ പ്രത്യക്ഷാഭാവാത് ദൃഷ്ടം ലിംഗം ന വിദ്യതേ.

വിദ്യുത്ത് ഉഷ്ണതേജസ്തീക്ഷ്ണസ്പർശവിശേഷമാണ്.ഇത് വായുവിന്റെ തന്നെ ഒരു സ്പർശവിശേഷമാണ്.എന്നാൽ വായു അദൃശ്യമാണ്. അതും അഗ്നിയും കാന്തികശക്തിയും ചേർന്ന സ്പർശം മാത്രം അനുഭവിക്കുന്നു. സന്നികർഷം കണ്ട് വായുവാണ് വിദ്യുതി ഉണ്ടാക്കുന്നതെന്ന വാദം പ്രത്യക്ഷാഭാവത്താല് ലിംഗം (ലക്ഷണം)ദൃഷ്ടമല്ലായ്കയാൽ തെളിയിക്കപ്പെട്ടിട്ടില്ല.

സൂത്രം 16.സാമാന്യതോദൃഷ്ടാച്ചാവിശേഷഃ

എവിടെവെച്ച് വായു ദർശിക്കപ്പെടുന്നുവോ അവിടെയവിടെ വിദ്യുതി പ്രത്യക്ഷമാവുന്നില്ല. യുക്തികൊണ്ടും അത് സംഭവിക്കാമെന്ന് വായുദ്രവ്യലക്ഷണം വെച്ച് പറയാവതല്ല.

സൂത്രം 17.തസ്മാദാഗമികം.

അതീന്ദ്രിയമായി അദൃഷ്ടമായി പൂർവ്വികര് കണ്ട് ഇപ്രകാരം ആമ്നായത്തില് പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഈ വായുസന്നികർഷന്യായം ആഗമികമാണ്,ദൃഷ്ടമല്ല.

സൂത്രം 18.സംജ്ഞാകർമ്മത്വസ്മദ്വിശിഷ്ടാനാം ലിംഗം

ശാസ്ത്രത്തിൽ,സംജ്ഞാകർമ്മമെന്നത് സാധാരണ ലൌകികര് ചെയ്യുന്നതല്ല. സംജ്ഞാകർത്താക്കള് അസ്മദ്വിശിഷ്ടരും സാക്ഷാത്കൃതധർമ്മാക്കളുമാണ്.പരമമായ തപസ്സാലാണ് പദാർത്ഥങ്ങൾക്ക് സാക്ഷാത്കൃത്യം കൊണ്ട് സംജ്ഞാകർമ്മം(Nomenclature) ചെയ്തിട്ടുള്ളത്.

സൂത്രം 19.പ്രത്യക്ഷപ്രവൃത്തത്വാദ് സംജ്ഞാകർമ്മണഃ

ദൃഷ്ടവും അദൃഷ്ടവുമായ സർവ്വവും,പ്രത്യക്ഷപ്രവൃത്തമായ സർവ്വവും നാമകരണം ചെയ്യപ്പെട്ടിട്ടുണ്ട്. അദൃഷ്ടങ്ങളുടെ സംജ്ഞ പരമർഷികളുടെ അലൌകികപ്രത്യക്ഷപ്രവൃത്തികൊണ്ട് സാധിക്കുന്നു.ലക്ഷണത്താൽ അനുസന്ധാനം ചെയ്താണ് സംജ്ഞ.സംബന്ധത്തെ അവധാരണം ചെയ്തിട്ടുമാണ്.

ദേശകാലനിമിത്തം ലോകത്തിൽ പ്രയോഗപ്രാചുര്യത്വം കൊണ്ട് പ്രകൃതിപ്രത്യയാനപേക്ഷമായി, രൂഢമായിരിക്കുന്നു.രൂഢമല്ലാത്ത ഒന്നിനെ മാത്രമേ സാധാരണ ഗതിയിൽ വ്യാഖ്യാനിക്കാറുള്ളു.സ്വരസംസ്കാരാവിരുദ്ധാർത്ഥമാണ് ശബ്ദം. ശ്രുതിലിംഗവാക്യപ്രകരണസമാഖ്യാനുരോധത്താൽ,ഉന്നീതാർത്ഥമായി യഥാതഥമായ അർത്ഥപ്രതിപാദനം ,രൂഢ്യമായവക്ക് യദൃഛയാ സ്മൃതിവചനത്തിൽ ലഭിക്കുന്നതല്ലാതെ, ലഭിക്കാറില്ലെന്ന് സർവ്വത്രസ്മരണീയമത്രെ.ഇനി പൃഥിവ്യാദി പഞ്ചഭൂതപരീക്ഷണം. ഏറ്റവും സൂക്ഷ്മമായ ആകാശത്തിൽനിന്ന് ആരംഭിക്കുന്നു.

സൂത്രം 20.നിഷ്ക്രമണം പ്രവേശനമിത്യാകാശസ്യലിംഗം.

നിഷ്ക്രമിക്കുക,പ്രവേശിക്കുക ഇപ്രകാരമുള്ള അകത്തേക്കും പുറത്തേക്കുമുള്ള നിർബ്ബാധഗമനമാണ് ആകാശത്തിന്റെ ലിംഗം(ലക്ഷണം).

സൂത്രം 21.തദലിംഗമേകദ്രവ്യത്വാക്രമണഃ

ഏകദ്രവ്യവൃത്തികർമ്മങ്ങളാലാണ് നിഷ്ക്രമണപ്രവേശനങ്ങള് . ഭേദമുള്ളതിൽ ഇവയില്ല. അദ്വയത്തിലേ ഉള്ളു. അതുകൊണ്ട് ആകാശം അലിംഗമാണ്. പുരുഷലിംഗവും സ്ത്രീയോനിയും ഏകദ്രവ്യമാണ്.(കണ്ണ്,ചെവി ഇവപോലെ രണ്ടെണ്ണമില്ല)ഇവയിൽ ലിംഗം യോനിയിലേക്ക് പ്രവേശിക്കുന്നു.ആക്രമിക്കുന്നു.പുറത്തുവരുന്നു. യോനിക്ക് ആ കർമ്മങ്ങളില്ല. യോനിയിലേക്ക് പ്രവേശനനിഷ്ക്രമണങ്ങളുണ്ടുതാനും. ബ്രഹ്മലിംഗം നിശ്ചലമാണ്. അതിനാലിവിടെ യോനിക്കാണ് ബ്രഹ്മലിംഗത്വം. പുരുഷലിംഗത്തിന് പ്രകൃതി അഥവാ ശക്തിലിംഗത്വം (ശ്ത്രൈമം)ആണ് സ്വഭാവം.

സൂത്രം 22.കാരണാന്തരാനക്ലൃപ്തിവൈധർമ്മ്യാച്ച.

ഋജ്ജുമാർഗ്ഗം സഞ്ചരിക്കുന്ന പ്രകാശാണു ആകാശത്തില് സവ്യാപസവ്യം ദക്ഷിണോത്ത രായനങ്ങളിൽ കാണുന്നു. കിരൺഗച്ഛതീതി കിരണ എന്ന് അതിനെ അറിയുന്നു.പതനം ഗച്ഛതീതി എന്നതിനാൽ പതംഗം എന്നതുപോലെ പ്രയോഗം.ദക്ഷിണായനത്തിൽ നിഷ്ക്ര മണം.ഉത്തരായനത്തിൽ പ്രവേശനം.ഉത്തരാദ് ദക്ഷിണം നിഷ്ക്രമണപ്രവേശനം. നിർന്നിമി ത്തമായിട്ട് ഋജ്ജുമാർഗ്ഗത്തില് പതനം സംഭവിക്കാറില്ല.(ജിയോഡെസിക് അഥവാ വളഞ്ഞാ ണ് ഇതുസംഭവിക്കുക)എന്നാൽ ആകാശകൃതമായി അതുസംഭവിക്കുന്നത് കാണുന്നു. അതു കൊണ്ട് കിരണങ്ങളുടേത് ഒന്നുകിൽ ഋജ്ജുഗതിയല്ല.അല്ലെങ്കിൽ ഒരു നിമിത്തം (കാരണം.) അഥവാ കാരണമായി പ്രവർത്തിക്കുന്ന ശക്തി Force ,power)ഇതിനുണ്ടാവണം.അനുക്ലൃപ്തം എന്ന നാദാനുമാനികമാണിത്.

പ്രസിദ്ധലിംഗത്തിന്റെ വൈധർമ്മ്യം കൊണ്ടാണ് ആകാശലിംഗത്തില് ഇപ്രകാരം ഒരനു മാനം വരുന്നത്.പക്ഷി ആകാശത്തിൽ പറക്കുമ്പോള് ആകാശവുമായി സംയോഗമില്ല. സമ വായിത്വമില്ല.എന്നാൽ ആകാശഗമനമുണ്ട്.കിരണവും അതുപോലെയാണ് ആകാശഗമനം ചെയ്യുന്നത്. അത് ആകാശത്തിന്റെ പ്രവേശനനിഷ്ക്രമണഗതിയല്ല എന്ന് അർത്ഥം.

സൂത്രം 23.സംയോഗാദഭാവഃകർമ്മണഃ

സംയോഗാഭാവത്താൽ കർമ്മാപവർഗ്ഗമില്ല.അപവർഗ്ഗാഭാവത്തില് കർമ്മാഭാവമില്ല. ആകാശത്തിൽനിന്നു വ്യതിരിക്തമായിരിക്കുന്ന വായുവില് സംയോഗം,പൃഥിയില് സംയോ ഗം,ഗുരുത്വം എന്നിവകൊണ്ട് ഗതിശീലം നിർണ്ണയിക്കുന്നു.അതിന് ശ്രോത്രഗ്രഹണവിഷ യമായ ശബ്ദത്തിന്റെ വൃത്ത്യാത്മകത്വം(വൃത്തി വളയുന്നശീലം. തരംഗംപോലെ വളഞ്ഞു കുടിലമായ ഗതി.ജിയോഡെസിക്ക്)എന്ന ഗുണത്തിന്റെ ആശ്രയത്വമുണ്ട്.ആ ആശ്രയത്തെ യാണ് വിവേചിച്ചറിയേണ്ടത്.

സൂത്രം 24.കാരണഗുണപൂർവ്വകഃകാര്യഗുണോ ദൃഷ്ടഃ

കാരണത്തിനുള്ള ഗുണംകാര്യത്തിന്റെ ഗുണത്തിലും കാണാം.സംസ്കാരാത്മകത്വത്താൽ ഗുണശബ്ദം.കൃതകത്വത്താൽ കാര്യം.കാര്യത്തിൽ കാണുന്ന ഗുണം സമവായികാരണപൂ ർവ്വകമാണ്.അസമവായിഗുണസന്നികർഷത്താല് ഉണ്ടായ കാര്യഗുണത്തില് ഗുണാന്ത രത്വം പ്രാപിക്കുന്നതാണ് വിശേഷം. സന്നികൃഷ്ടഗുണാരംഭത്തില് വ്യാപകമായ നിയമം പറയുന്നുഃ

സൂത്രം 25 .കാര്യാന്തരാപ്രാദുർഭാവാച്ച ശബ്ദഃസ്പർശവതാമഗുണഃ

പൃഥി,ആപസ്സ്,തേജസ്സ്,വായു,എന്നിവയിൽ സ്പർശാദികളായ ഗുണങ്ങള് ഒന്നൊന്നായി ഏറിവരുന്നു.ശബ്ദം ഈ ഗുണങ്ങളിൽനിന്ന് വ്യത്യസ്തമാണ്.അത് നിത്യമാണ്.ശബ്ദത്തിന്

സ്പർശഗുണമുണ്ട്.സന്നികർഷത്താല് ഉണ്ടാവുന്ന ശബ്ദത്തിൽനിന്ന് വ്യത്യസ്തമായി നിത്യശബ്ദമുണ്ട്.ഒന്ന് കാര്യവും മറ്റേത് കാരണവുമാണ്.

സൂത്രം 26.പരത്ര സമവായാത് പ്രത്യക്ഷത്വാച്ച നാത്മഗുണോ ന മനോഗുണഃ

അനാത്മശബ്ദത്തിൽ ഉപലഭ്യമായ ഗുണങ്ങള് ആത്മഗുണമാണ്.പ്രത്യക്ഷമായി അത് കാണില്ല.മനോഗുണങ്ങളും പ്രത്യക്ഷമായി കാണാവതല്ല.നഗ്നനേത്രഗ്രഹണം ഇത്തരം ഗുണങ്ങളെ സംബന്ധിച്ചേടത്തോളം അസംഭവ്യമാണ്.ദേശഗുണം കാലഗുണം എന്നിവയും ഇപ്രകാരമാണ്.ശബ്ദം സംസ്കാരത്വത്താൽ ശാശ്വതത്വമെന്ന ഗുണത്തോട്ടുകൂടിയതാണ്. ശബ്ദത്തിന് അനാത്മഗുണമല്ല,ആത്മ(ബ്രഹ്മ)ഗുണമാണ്.

സൂത്രം 27.പരിശേഷാല്ലിംഗമാകാശസ്യ.

അതുകൊണ്ട് ആകാശത്തിന്റെ ഗുണമാണ് ശബ്ദം.സംജ്ഞാകർമ്മത്തില് വായുവില് അത് വ്യാഖ്യാനിക്കപ്പെടുന്നു.

സൂത്രം 28.ദ്രവ്യത്വനിത്യത്വേ വായുനാ വ്യാഖ്യാതേ.

ശബ്ദത്തിന്റെ ക്രിയാത്മകത്വത്താലും ഗുണത്വത്താലും അത് ആകാശത്തിന്റെ ദ്രവ്യത്വമാണ്. ആകാശവും ശബ്ദവും നിത്യമാണ്.ദ്രവ്യത്വം,നിത്യത്വം എന്നിവകൊണ്ട് ആകാശദ്രവ്യമായ ശബ്ദം വായുവാൽ വ്യാഖ്യാനിക്കപ്പെടുന്നു.

സൂത്രം 29.തത്വം ഭാവേന

ആകാശത്വം ശബ്ദത്തിന് ഭാവമാത്രമാണ്.ബഹുത്വാഭാവത്താൽ അത് ജാതിവാചകമല്ല.

സൂത്രം 30.ശബ്ദലിംഗോ വിശേഷാദ് വിശേഷലിംഗാഭാവാച്ച.

ശബ്ദത്തിന്റെ ഏകലിംഗം ആകാശം.അതിന് ലിംഗാന്തരമില്ല.വിശേഷലിംഗാഭാവത്താൽ ഏകമായ ശബ്ദം സാമാന്യമാത്രമാണ്.എപ്രകാരം രൂപം അതിന്റെ സാമാന്യം ഗുണത്തിന് വിശേഷം നൽകി,രൂപത്വംകൊണ്ട് ജാതി സൃഷ്ടിക്കുന്നുവോ ,അതുപോലെ ശബ്ദസാമാന്യത്തിന് വിശേഷമില്ല,ജാതിയുമില്ല.അതിന് എവിടേയും പ്രവേശിക്കാം,നിഷ്ക്രമിക്കാം. തീവ്രത്വമന്ദത്വാദികൾ വിശേഷങ്ങളാണ്.എന്നാലവ പരിണാമികളല്ല.മാത്രാവിശേഷനിബന്ധനകളാണ്.മാത്രാവിശേഷനിബന്ധം ജാതിയാവുന്നില്ല.അതുപോലെ ആകാശത്തിന്റെ ഭാവം ആകാശത്വമല്ല, ആകാശത്തിന്റെ ജാതിയുമല്ല.ശബ്ദത്തിനും ആകാശത്തിനും ജാതിയില്ല.

സൂത്രം 31.തദനുവിധാനാദേകപൃഥക്ത്വം ചേതി.

ലിംഗമുള്ളത് ലിംഗി.ലിംഗമായ ശബ്ദത്തിന് വിശേഷം ദൃശ്യമല്ല.ലിംഗിയായ ആകാശത്തിനും വിശേഷമില്ല.ശബ്ദവിശേഷത്താല്,ആകാശത്തിൽ വിശേഷകമായ ലിംഗാന്തരമില്ല. അതു കൊണ്ട് ആകാശം ഏകമാണ്.നിത്യമാണ്.അതിന് പൃഥക്ത്വം(നാനാത്വം)ഇല്ല.

ഇപ്രകാരം രണ്ടാമത്തെ അദ്ധ്യായത്തിൽ ആദ്യത്തെ ആഹ്നികം കഴിഞ്ഞു.

അദ്ധ്യായം 2 ആഹ്നികം 2.

ഇവിടെ ദിക് കാലപരീക്ഷണം(Experiments with timespace) തുടങ്ങുന്നു.ഈ പരീക്ഷണപ്രവ ർത്തനത്തോടെ, ഇതിനു മുമ്പുള്ള പരിഛിന്നങ്ങളായ പരീക്ഷകൾ മുഴുവനും പരിസമാപിക്കുന്നു. പൃഥിവ്യാദിചതുർഭൂതങ്ങൾക്ക് സ്ഥൂലം,സൂക്ഷ്മം,സ്വരൂപമെന്ന് 3 അവസ്ഥകൾപറഞ്ഞു. പരമാ ണുക്കൾക്ക് കാരണഭൂതമായ സൂക്ഷ്മരൂപം പ്രഥമപദം. സൂക്ഷ്മരൂപസമവായത്താൽ ദ്വിതീയപദ മായ പരമാണു അണു(ആറ്റം)ആരംഭിക്കുന്നു.വിശേഷങ്ങൾക്കെല്ലാം സാമാന്യമായ കാര്യസ്വ രൂപം ആണിത്.(Atomic form of matter)മൂന്നാമത്തെ സ്വരൂപഭൂതങ്ങളുടെ സംയോഗമാത്ര യാ ൽ നിഷ്പന്നമായ കാര്യദ്രവ്യമെന്ന സ്ഥൂലരൂപമെന്ന പദം (molecular form)സാമാന്യവിശേ ഷസമുദായമാണ് ദ്രവ്യം.

ദ്രവ്യങ്ങളുടെ സമവായത്താൽഗുണം,ഗുണാന്തരം,എന്നിവയുടെ ആരംഭം അനിവാര്യമാണ്. എപ്രകാരം ദ്രവ്യാരംഭത്തില്, സൂക്ഷ്മഭൂതത്തിൽ പരമാണുവും സമവായത്താല് സ്വരൂപാണു വായി ആരംഭിച്ചുവോ,അപ്രകാരം പരമാണുഗതസൂക്ഷ്മഗുണങ്ങളിൽ സ്വരൂപഗുണാരംഭത്തില് സംഭവിക്കുന്നു. പരമാണുഗതസൂക്ഷ്മഗുണസ്വരൂപം നിർവ്വിശേഷമായി ഭവിക്കുന്നു. വായ്വാദിനാ ലുഭൂതത്തിലും പരമാണുവിൽ സ്പർശം എപ്രകാരം അറിയുന്നുവോ,അപ്രകാരം സാക്ഷാത്ഇ ന്ദ്രിയസന്നികർഷാഭാവത്തില് ശീതോഷ്ണത്വാദിവിശേഷപ്രതിപത്തിയുടെ അഗ്രാഹ്യത്വം അ സംഭവ്യമാണ്.സർവ്വപരമാണുക്കളിലും സ്പർശത്തിന്റെ നിർവ്വിശേഷത്വം പറഞ്ഞിട്ടുണ്ട്. അ തിനാൽ,വായുപരമാണുവില് ഉഷ്ണം,ശീതം. തേജപരമാണുവിൽ ഉഷ്ണം.ഇങ്ങനെ പറയാനാവി ല്ല. നിർവ്വിശേഷമായ പരമാണുവില് ശീതോഷ്ണാദിവിശേഷഗുണമില്ല. സംയുക്തസമവായ ജന്യങ്ങളായി വിശേഷങ്ങളായ കാര്യങ്ങളിൽ ജനിക്കുന്നവയാണ് വൈശേഷികഗുണങ്ങൾ.

വൈശേഷികഗുണമെന്നാൽ വിശേഷഗുണമെന്ന് ഭ്രമിക്കരുത്.ഭൂതങ്ങളില് ആകാശം മുത ലായവയിൽ അനുക്രമമായി പൂർവ്വം ,ഉത്തരം എന്ന് വിശേഷമായി വ്യാവർത്തനം ചെയ്യ പ്പെടുന്നതിനെ വിശേഷഗുണമെന്നു പറയുന്നു.വായുഗുണമായ സ്പർശം ആകാശത്തിലേക്ക ല്ലാതെ തേജസ്സ് മുതലായ ഉത്തരങ്ങളിലേക്ക് വ്യാവർത്തനം ചെയ്യപ്പെടുകയില്ല.അതുപോലെ തേജസ്സിന്റെ രൂപമെന്ന വിശേഷഗുണം വൈശേഷികഗുണമല്ല.തേജസ്സിന്റെ വൈശേഷിക

ഗുണം ഉഷ്ണതയാണ്.വൈശേഷികഗുണത്തെ പരാമർശിക്കുന്നതിനായി വ്യവസ്ഥകളുണ്ട്. അവ പറയുന്നു.

സൂത്രം 1.പുഷ്പവസ്ത്രയോഃസതി സന്നികർഷേ.

ഗുണാന്തരാ പ്രാദുർഭാവോ വസ്ത്രേഗന്ധാഭാവലിംഗം

വസ്ത്രം പാർത്ഥിവമാകയാല് അതിന് ഗന്ധം വേണമെന്ന് നിയമം.പക്ഷേ വസ്ത്രത്തിന് ഗന്ധമില്ല.പുഷ്പവും വസ്ത്രവും തമ്മിൽ യോഗമുണ്ടാവുമ്പോള് ഗന്ധം വസ്ത്രത്തില് കാണുന്നു.ഈ ഗുണാന്തരം വസ്ത്രത്തിൽ മുമ്പുണ്ടായിരുന്നില്ല.അതിനാലത് അനിത്യമാണ്.

സൂത്രം 2.വ്യവസ്ഥിതഃപൃഥിവ്യാം ഗന്ധഃ

പൃഥിക്ക് ഗന്ധം വൈശേഷികഗുണമാണ്.പൃഥ്യാണുക്കളിൽ വൈശേഷികഗന്ധം അന്തർഭൂതമാണ്. പൃഥിപരമാണുക്കൾ,സുരഭി,അസുരഭി എന്ന് 2 വിധം ഗന്ധപ്രോക്തങ്ങളാണ്. അവയിൽനിന്ന് സന്നികർഷം ,അസന്നികർഷം ഇവകളാല് നാനാതരം ഗന്ധങ്ങളുണ്ടാവുന്നു.

സൂത്രം 3.ഏതേനോഷ്ണതാവ്യാഖ്യാതാ.

ഗന്ധംപോലെ ഉഷ്ണം,സ്പർശം എന്നിവയും വൈശേഷികകാര്യഗുണങ്ങളാണ്ട.

സൂത്രം 4.തോജസ ഉഷ്ണാതാ

തേജസ എന്ന് വിഭക്തിവിപരിണാമം.തേജസ്സിൽ പ്രസക്തമായ സ്പർശവൈവിദ്ധ്യനിവൃത്ത്യർത്ഥം ഏകവിശം സ്പർശം.എത്രയെത്ര ഉഷ്ണസ്പർശം ഉപലബ്ധമാകുന്നുവോ,അത്രയത്ര തേജസ്സ് വർദ്ധിക്കുന്നു.

സൂത്രം 5 അപ്സു ശീതതാ.

ജലത്തിന്റെ സ്വരൂപമാണ് ശീതസ്പർശം.അത് ജലത്തിന്റെ വൈശേഷികലിംഗം. പൃഥി, തേജസ്സ്,വായു എന്നിവയുടെ ഈ വിവേചനം അവയുടെ കാര്യസ്വരൂപത്തിന്റേതാണ്. സൂക്ഷ്മകാരണരൂപമായ പരമാണുവിന്റേതല്ല എന്ന് ധ്യാനിച്ചറിയണം. പരമാണുവിൽ അത്തരം ലിംഗമില്ല.അത് സൂക്മമാണ്.അതിന്റെ അനുമിതസദ്ഭാവസ്വരൂപഗുണം അനുമേയമാത്രങ്ങളാണ്.പ്രത്യക്ഷമല്ല.അപ്രത്യക്ഷമാണ്.ഉഷ്ണശീതഗന്ധാദികൾ വിശേഷസ്വരൂപനിഷ്ഠങ്ങളാണ് , സൂക്ഷ്മാണുനിഷ്ഠങ്ങളല്ല.സൂക്ഷ്മത്തിലെ സ്വരൂപാരംഭം നാലാമദ്ധ്യായത്തിൽ പറയും. ദേശ,കാ ലാ,കാശങ്ങ ൾക്ക് നിഷ്ക്രിയത്വത്താല് അനാരംഭത്വം (അനാദി),സ്ഥൂലസ്വരൂപാഭാവം, സൂക്ഷ്മ ത്വം എന്നിവ ധ്യാനിക്കണം.

സൂത്രം 6.അപരസ്മിന്നപരം യുഗപച്ചിരം ക്ഷിപ്രമിതി കാലലിംഗാനി.

അപ്രത്യക്ഷമായ കാലത്തിന്റെ ജ്ഞാനം അലൈംഗികമാണ്.ലൈംഗികമല്ല.കാലലിംഗം അലിംഗമാണ്.(ലക്ഷണം ലക്ഷണമില്ലായ്മയാണ്)പരിണാമമാനത്തിൽ പരം,അപരം, യുഗ പദ്,ചിരം,ക്ഷിപ്രം എന്നീ പ്രത്യയഹേതുക്കളാണ് കാലലിംഗം.

സൂത്രം 7 ദ്രവ്യത്വനിത്യത്വേവായുനാവ്യാഖ്യാതേ.

ഗുണവത്വം കൊണ്ട് കാലം ദ്രവ്യമാണ്.ചിരത്വം ,ക്ഷിപ്രത്വം എന്നിവ ഗുണങ്ങളാണല്ലോ. അവ നിത്യമായ കാലനിഷ്ഠങ്ങളാണ്.

സൂത്രം 8 തത്വം ഭാവേന.

കാലത്വം കാലത്തിന്റെ ഭാവം. ബഹുത്വാഭാവത്താൽ അതിൽജാതിയില്ല.

സൂത്രം 9. നിത്യേഷ്വഭാവാദ്നിത്യേഷ്യഭാവാത് കാരണേ കാലാഖ്യേതി.

കലയതി,കാരയതി-ഇപ്രകാരം കാലം തന്റെ കാരണത്തിൽ കാലാഖ്യമാണ്.ശബ്ദത്തിൽത്തന്നെ ഹേതുവചനമാണത്.എന്തുകൊണ്ട് കാരയതി. നിത്യത്തി ൽ ജനിച്ചു,ജനിക്കുന്നു,ജനിക്കും മുതലായ പ്രത്യയങ്ങള് ഇല്ല. ആ പ്രത്യയാഭാവമാണ് കാലത്തി ന്റെ കാരണത. പരിണാമമാനത്തിലേ മേൽപ്പറഞ്ഞ പ്രത്യയമുളളു. അത് പരിണാമഗ്രഹണം കൊണ്ടേ കാലത്തിന്റെ കാരണത ധ്വനിപ്പിക്കാനാവൂ എന്നതിനാലാണ്..ഇനി ദിക് സാധനം.

സൂത്രം 10.ഇത ഇദമിതിയദസ്തദ്ദിശ്യം ലിംഗം.

ഇത്,ഇദം എന്നീ പ്രത്യയങ്ങൾ പരത്വം,അപരത്വം എന്ന ദ്വന്ദ്വം വസ്തുഗുണത്തിൽ ജനിപ്പിക്കു ന്നു.ഈ ഗുണമാണ് ദിശയുടെ ലിംഗം.പരത്വാപരത്വത്തിൽ ദിങ്നിഷ്ഠമായ ലക്ഷണം അഥവാ ദിങ് ലിംഗം അറിയണം.കാലത്തിൽ ദ്വന്ദ്വമില്ല. ദേശത്തിൽ ദ്വന്ദ്വഭാവന ഉണ്ട്.

സൂത്രം 11.ദ്രവ്യത്വനിത്യത്വേ വായുനാ വ്ഖ്യാതേ

ദേശം പരത്വം,അപരത്വം എന്ന ഗുണത്താൽ ദ്രവ്യമാണ്.ദ്രവ്യാന്തരങ്ങളുടെ ആശ്രിതത്വത്താ ൽ ദേശത്തിന് നിത്യത്വം കിട്ടുന്നു.കാലത്തിന്റെ ആശ്രിതത്വത്താൽ ദേശകാലം നിത്യം. ഇതി നെ വ്യാഖ്യാനിക്കാൻ വായുവെ ആശ്രയിക്കുന്നു.

സൂത്രം 12 തത്വം ഭാവേന.

ദിശയുടെഭാവം ദിക്ത്വം. ദിക്ത്വം ജാതിയല്ല,ബഹുത്വാഭാവം കൊണ്ട്. ദിശ നാനാത്വവ്യവഹാര ങ്ങ ൾക്ക് ഹേതുവായിത്തീരുന്നു.

സൂത്രം 13.കാര്യവിശേഷേണ നാനാത്വം.

ദിശ ഉണ്ടാവുന്നത് കാര്യമായ ഒരു ദ്രവ്യം നിമിത്തമായി വർത്തിച്ചിട്ടാണ്. ഒരു പ്രത്യേകവസ്തു വെ ആധാരമാക്കി ഊർദ്ധ്വം (മുകളിൽ)താഴെ എന്ന് ദിശ ആരംഭിക്കുന്നു.പൃഥിയെ അപേക്ഷി ച്ച് പരം ,അപരം എന്ന് ക്രമത്തിൽ ഗ്രഹിക്കാവുന്നതാണ് ഊർദ്ധ്വദിശ.പൃഥിയുടെ അഭിമുഖം , അപരത്വക്രമേണ അധോദിക് എന്ന് അറിയാവുന്നതാണ്.

സൂത്രം 14.ആദിത്യസംയോഗാത് ഭൂതപൂർവ്വാത് ഭവിഷ്യതോ ഭൂതാച്ച പ്രാചി.

നിമിത്തദ്വയങ്ങലെ ആശ്രയിച്ചാണ് വ്യാവഹാരികിയായ ദിക്ക്.പൃഥി ,ആദിത്യനെന്നിവയുടെ സംയോഗത്തെ അപേക്ഷിച്ച് ,ഏതുദിശയിൽ സൂര്യനുദിക്കുന്നുവോ അത് പ്രാചി(കിഴക്ക്)ദിക്ക്.

സൂത്രം 15.തഥാ ദക്ഷിണാ പ്രതീചി ഉദീചി.

പൂർവ്വാഭിമുഖമായി നിൽക്കുന്ന ഒരാളുടെ ദക്ഷിണഭാഗം,വാമഭാഗം ,പശ്ചാദ്ഭാഗം എന്നിവയും ഇപ്രകാരം ആപേക്ഷികമായി അറിയുന്നു.

സൂത്രം 16.ഏതേന ദിഗന്തരാലാനി വ്യാഖ്യാതാനി.

ദിശയുടെ നിപുണതരനിർണ്ണയാർത്ഥം പൂർവ്വോത്തരങ്ങളുടെ അന്തരാളത്തില് 3 രാശികൾ, പ്രതിരാശി ത്രിംശദ്(30)അംശങ്ങളായി അറിയുക.ഇപ്രകാരം 4 അന്തരാളത്തിലായി ദ്വാദശ രാശികളിൽ ഷഷ്ട്യുത്തരത്രിശതം(360)അംശം.സംഭവിക്കുന്നു. അവയെ പിന്നീട് കല,വികല എന്ന് വിഭാഗം ചെയ്യുന്നു. ഇപ്രകാരമുള്ള സൂക്ഷ്മതരദിങ്മാനകൽപ്പന ശാസ്ത്രത്തില് പ്രസിദ്ധ മാണ്.

അഥ ശബ്ദഃപരീക്ഷണീയഃ ഇത്രയും അറഇഞ്ഞുകഴിഞ്ഞാൽ,ശബ്ദം പരീക്ഷിക്കാം. ശബ്ദം നിത്യ മോ അനിത്യമോ എന്ന സംശയം തീർക്കാനാണ് ശബ്ദപരീക്ഷണം. ശ്രദ്ധകൊണ്ടേ സത്യം അറിയൂ എന്ന് ആമ്നായം. ശ്രുതി കൊണ്ടേ ജ്ഞാനം(സത്യം)അറിയൂ.ശ്രദ്ധകൊണ്ടേ സത്യ ത്തെ കൽപ്പിക്കാനാവൂ.മൂഢന്മാർക്കുപോലും പരതന്ത്രപ്രജ്ഞയില് ശ്രദ്ധ ഉണ്ട്. തത്വവിത്താ യ ദക്ഷന്മാർപോലും ആപ്തത്വം പ്രാപിക്കുന്നില്ല.ഇപ്രകാരം ,തത്വജ്ഞാനം സർവ്വവിധത്തിലും വിമർശമൂലമാണ്.അതിനാൽ,സർവ്വതർക്കമൂലമായ സംശയത്തെ പരീക്ഷിച്ചറിഞ്ഞ് നീക്ക കതന്നെ വേണം.

പ്രത്യക്ഷം ,അനുമാനം എന്ന് ദ്വിവിദം ജ്ഞാനനിഷ്പത്തി.അതുപോലെ ദ്വിവിധം സംശയങ്ങളു മുണ്ട്. ആദ്യം പ്രത്യക്ഷമായ സംശയസ്വരൂപം പ്രതിപാദിക്കാം.

സൂത്രം 17 സാമാന്യപ്രത്യക്ഷാദ്വിശേഷാപ്രത്യക്ഷാദ് വിശേഷസ്മൃതേശ്ച സംശയഃ

ലിംഗജ്ഞാനം ലിംഗാധീനമാമ്.തത്വാവധാരണത്തിനായി വൈശേഷികമായ ലിംഗം ആദ്യം കൽപ്പിക്കണം.ഇത് സാമാന്യലിംഗമാമ്.അല്ലെങ്കിൽ,അതിവ്യാപ്തിയാൽ തത്വാവധാരണം അസാദ്ധ്യമാകും.പൂർവ്വദൃഷ്ടമായ വൈശേഷികലിംഗം സ്മരിക്കാം.എന്നാൽ ഉപലബ്ധമാവില്ല. അതുകൊണ്ട് സംശയം ജനിക്കുന്നു.കുണ്ഡലവും കങ്കണവും പീതനിറത്തിൽ പ്രത്യക്ഷസമാന ലക്ഷണമാണ്. എന്നാൽ,ഒരേമാതിരിയല്ല.രണ്ടും സൌവർണ്ണമാണ്. പിച്ചളയുമാകാം. അവയു ടെ വൈശേഷികലിംഗം ഭാരമാണ്.നിറമല്ല. ഭാരം നോക്കിയാൽ സ്വര്ണ്ണം ഗുരു.പിച്ചള ലഘു. മറ്റെല്ലാംകൊണ്ടും ഒരേപോലെ ഇരുന്നാലും കൃത്യമായഭാരംകൊണ്ട് തിരിച്ചറിയാം. അപ്പോൾ, പൂർവ്വദൃഷ്ടമായ സംശയം വീണ്ടും .വിശേഷലിംഗാഭാവത്തിലേ സംശയമുള്ളു. അതിനാൽ, ലിം ഗം തന്നെയാണ് സന്നിദ്ധമെന്ന് അറിയുക.

സൂക്തം 18 ദൃഷ്ടം ച ദൃഷ്ടവത്.

ലിംഗത്തിൽ വിശേഷദർശനത്താല് സംശയം ഭവിക്കുന്നു.പൂർവ്വദൃഷ്ടമായ ലിംഗം തന്നെ സർവ്വത്ര ഭവിക്കുന്നു.

സൂത്രം 19.യഥാദൃഷ്ടമയഥാദൃഷ്ടത്വാത്.

ഏതുവിധം ലിംഗം മുമ്പ് കണ്ടുവോ ആ വിധംതന്നെ വീണ്ടും കാണുന്നു.പീതത്വം സ്വർണ്ണത്തി നും പിത്തളക്കും കാണുന്നു.സമാനതയുണ്ട്.പക്ഷേ സ്വർണ്ണം രുചിരമെന്ന് മുമ്പുകണ്ടവര് സ്മ രിക്കുന്നു.ഇതിന് അത്ര രുചിരം(തിളക്കം)പോര ,ഇത് പിത്തളയാകുമോ എന്ന് സംശയിക്കുന്നു. പ്രത്യക്ഷത്തിൽ സംശയം ഇതാണ്. ഇനി അനുമാനത്തിലെ സംശയം പറയാം.

സൂത്രം 20.വിദ്യാ അവിദ്യാതശ്ചസംശയഃ

തർക്കത്തിൽഅപ്രതിഷ്ഠാനം കൊണ്ടോ തർക്കദോഷംകൊണ്ടോ സംശയംവരാം. മേഘോന്ന തിയാ ൽ വൃഷ്ടി സംഭവിക്കുന്നുവോ എന്ന തരത്തിലുള്ള സംശയത്തെ വിദ്യാവിദ്യാസംശയമെ ന്നു പറയാം. ശബ്ദം നിത്യമോ അനിത്യമോ എന്ന് പരീക്ഷിക്കപ്പെടേണ്ടതാണ്. ശബ്ദം പര, പശ്യന്തി,മദ്ധ്യമ,വൈഖരി എന്ന് ചതുർവ്വിധമായി ശബ്ദബ്രഹ്മമായി ആമ്നായം പറയുന്നു. ഇതി നെ എങ്ങനെ പരീക്ഷിക്കണം.

സൂത്രം 21.ശ്രോത്രഗ്രഹണോ യോ അര്ത്ഥഃ സ ശബ്ദഃ

ശ്രോത്രേന്ദ്രിയം കൊണ്ട് ഗ്രഹിക്കുന്ന ലോകവിഷയമായ ലൌകികശബ്ദമല്ല പര,പശ്യന്തി, മദ്ധ്യമ എന്ന ആമ്നായശബ്ദം.ധ്വനിരൂപം,വർണ്ണരൂപം,വാഗ്രൂപമെന്ന് ത്രിവിധമായ ശബ്ദത്തെ പരീക്ഷിച്ചറിയണം.അത് അലൌകികമാണ്.

സൂത്രം 22.തുല്യജാതിയേഷ്വർത്ഥാന്തരഭൂതേഷ്വവിശേഷസ്യോഭയഥാദൃഷ്ടത്വാത്.

ദ്രവ്യത്തിന്റെ ഗുണകർമ്മങ്ങളില് ഒന്നിൽശബ്ദം അന്ത്ർഭവിച്ചിട്ടുണ്ട്.സർവ്വത്തിലും ശബ്ദമുണ്ട്, വിശേഷദർശനത്താൽ.തുല്യജാതികളായ ദ്രവ്യങ്ങളിലും വിജാതീയദ്രവ്യങ്ങളിലും ഗുണകർമ്മ ങ്ങളുണ്ട്.തുല്യജാതീയങ്ങളിൽ ഗുണത്തിൽഗുണമായിട്ടും വിജാതീയങ്ങളില് ദ്രവ്യകർമ്മമായിട്ടും ഇരിക്കുന്നു.കർമ്മത്തില് അന്തർഭവിച്ച കർമ്മമായി സജാതീയത്തിലും ,ദ്രവ്യഗുണമായി വിജാ തീയത്തിലും ഇരിക്കുന്നു.രണ്ടിലും വിശേഷദർശനത്താല് സന്നിദ്ധമായി ശബ്ദമിരിക്കുന്നു.

സൂത്രം 23.ഏകദ്രവ്യത്വാന്നദ്രവ്യം.

ഏകദ്രവ്യത്തെ ആശ്രയിച്ചിരിക്കുന്ന ശബ്ദത്തെ ദ്രവ്യാശ്രയത്താൽ അദ്രവ്യമെന്ന് അറിയുന്നു. ഏകദ്രവ്യാശ്രയത്വത്താൽ ശബ്ദം കർമ്മമെന്നും കരുതുന്നു.

സൂത്രം 24.നാപികർമ്മായായുഷത്വാത്

ചക്ഷുരൂപമായ ഏകദ്രവ്യത്തിലിരിക്കുന്നതിനെ കണ്ണുകള് അതിന്റെ കർമ്മമെന്നു ഗ്രഹിക്കുന്നു. അതിനാൽ ചാക്ഷുഷാ കർമ്മമെന്നു പറയുന്നു.ഇപ്രകാരമാണ് ശബ്ദത്തെ ചാക്ഷുഷകർമ്മം അഥവാ ദർശനമെന്നു പറയുന്നത്.

സൂത്രം 25.ഗുണസ്യ സതോ അപവർഗ്ഗഃകർമ്മഭിഃസാധർമ്മ്യം.

ഏകദ്രവ്യത്തിലെ കർമ്മം സംയോഗംകൊണ്ട് മറ്റൊരുദ്രവ്യത്തില് ചേരുന്നു.ഇപ്രകാരം ശബ്ദ ത്തിന്റെ ഉപസർഗ്ഗത്താല് അദ്രവ്യം ദ്രവ്യമായി അപവ്യക്തമായി ദർശിക്കപ്പെടുന്നു.അതിന്റെ കർമ്മത്തിലും സാധർമ്മ്യം വൈധർമ്മ്യം എന്നിവ കാണുന്നു.പദാർത്ഥാന്തരമല്ല, ഗുണക ർമ്മങ്ങളുടെ വ്യവർത്തകലിംഗമാണ് എന്ന് ഇപ്രകാരം ഉഫലബ്ധമാകുന്നു.അതിൽ ലക്ഷണ വിരോധമില്ല.വ്യത്യസ്തപദാർത്ഥങ്ങളില് വ്യത്യസ്താനുപാതങ്ങളിലുള്ള സംയോഗം കൊണ്ടാ ണ് വൈധർമ്മ്യം ഉണ്ടാവുന്നത്. ഇനി ശബ്ദനിത്യത്വാനിത്യത്വപരീക്ഷ.

സൂത്രം 26.സതോ ലിംഗാഭാവാത്.

ശബ്ദം സത്തായി,ത്രികാലസ്ഥായിയായി ,നിത്യമായിരിക്കുന്നു.രൂപാദികളിൽ ഇത്തരം നിത്യ വ്യാപ്തി കാണുന്നില്ല.ക്ഷണികക്ഷായമാത്രം ഉപലബ്ധമാണ്.

സൂത്രം 27 നിത്യവൈധർമ്മ്യാദ്.

അനുത്പത്തിധർമ്മകവും (അനാദി) അവിനാശിയും നിത്യവുമായ ഒന്ന് ക്ഷണികമായി ദൃശ്യമാകുന്നത് നിത്യത്വത്തിന് വൈധർമ്മ്യമാണ്.

സൂത്രം 28.അനിത്യഃരായം കാരണതഃ

ശബ്ദപരീക്ഷണത്തിൽ ഭേരിമേൽ ദണ്ഡംകൊണ്ട് അഭിഘാതം ചെയ്യുമ്പോളുണ്ടാകുന്ന ഭേരീപാണിശ്ലേഷം ഉത്പത്തി,സ്ഥിതി,വിനാശമെന്ന് മൂന്ന് അവസ്ഥ ഉള്ളതാണ്. അനിത്യമാണ് . ഇപ്രകാരമുള്ള അനിത്യമായ ശബ്ദത്തിൽനിന്നുവേണം നിത്യമായ കാരണശബ്ദത്തെ പരീക്ഷിക്കുന്നത്.

സൂത്രം 29.ന ചാസിദ്ധം വികാരാദ്

പ്രകൃതികൂടാതെ വികാരം സംഭവിക്കയില്ല.ഏതൊന്ന് കാര്യരൂപത്തിൽ ഉപലബ്ധമാകുന്നുവോ അത് ഒരുകാരണം കൂടാതെ ഉണ്ടാവുകയില്ല.കാരണമില്ലാതെ കാര്യമില്ല.സത്തില്ലാതെ അസത്തില്ല.അതുകൊണ്ട് അനിത്യമായ കാര്യശബ്ദത്തിന്റെ കാരണം നിത്യശബ്ദമാണ്. രൂപമുള്ളവയി ൽ അഭിവ്യക്തമാകുന്ന ശബ്ദവും വ്യഞ്ജകേന അഭിവ്യക്തിധർമ്മം ഇല്ലാത്തതാണ്. (അഭിവ്യക്തിക്കു മുമ്പുള്ള അവ്യക്തശബ്ദം)

സൂത്രം 30 അഭിവ്യക്തൌ ദോഷാദ്

അഭിവ്യക്തി,വ്യഞ്ജനം എന്നത് നിത്യവസ്തുവിനില്ല.അനിത്യത്തിൽ നിത്യം അഭിവ്യക്തമാകയാണ്. ചുവന്നവസ്ത്രം ഇരുട്ടത്തും ചുവപ്പാണ്.പക്ഷേ പകലിലെ പ്രകാശത്തിലേ അതിന്റെ ചുവപ്പ് അഭിവ്യക്തമാവൂ.ഭേരീസ്ഥിതമായ ശബ്ദം ദണ്ഡംകൊണ്ട് അഭിഘാതം ചെയ്യുമ്പോളേ അഭിവ്യഞ്ജനം ചെയ്യുന്നുള്ളൂ.ഇപ്രകാരം ജന്യമായ ശബ്ദം വ്യംഗ്യമല്ല.പക്ഷേ ജന്യമാവുംമുമ്പ് അതുണ്ടായിരുന്നു.ശ്രോത്രേന്ദ്രിയം കേട്ടിരുന്നില്ലെന്നു മാത്രം. ഇനി കാര്യശബ്ദത്തിന്റെ നിഷ്പത്തിപ്രകാരം.

സൂത്രം 31.സംയോഗാദ്വിഭാഗശ്ച ശബ്ദാച്ചശബ്ദനിഷ്പത്തി.

ശബ്ദസംയോഗവിഭാഗത്തിൽ ശബ്ദനിഷ്പത്തി, അതിനെ ഗ്രഹിക്കൽ,അർത്ഥഗ്രഹണം ഇവയെല്ലാം ഉൾപ്പെടുന്നു. ശബ്ദപ്രകൃതി കാരണശബ്ദമാണ്. ആകാശത്തിൽ വായുസ്പർശം പോലെ ഋജുസംസ്കാരാത്മഗുണമായി ശബ്ദപ്രകൃതിഭൂതമായ ഗുണവിശേഷം ഇരിക്കുന്നു.അതിനെ നാദമെന്നു പറയുന്നു.ദ്രവ്യദ്വയസംയോഗത്താൽ അവക്കുമദ്ധ്യസ്ഥമായ ആകാശത്തില് അഭി ഹതം,ആപീഡിതം,സങ്കോചപ്രസരണാദികളോടെ ശബ്ദം പുനർജ്ജനിക്കുന്നു. ജനിച്ച്,വികാ സം പ്രാപിക്കുന്നു.ഈ വിഭാഗജാതമായ ശബ്ദമാണ് സ്ഫോടം. ലോഷ്ടാദികളിൽ അഭിഘാതം കൊണ്ട് ആകാശത്തില് ജലതരംഗംപോലെ ശബ്ദസംസ്കാരം

ഉണ്ടാവുന്നു.ഇതിന്റെ അനുവിധാനമായ നാദം കാര്യശബ്ദാത്മാവായ മനുഷ്യശ്രോതേന്ദ്രിയം ഗ്രഹിക്കുന്നു.

സംയോഗത്തിൽ അഭിഘാതവേഗവിശേഷത്താലും സംയോഗക്ഷേത്രവിശേഷത്താലും സ്ഫോടവിശേഷങ്ങൾ ജനിക്കുന്നു.ഇവയിൽനിന്ന് ശബ്ദവിശേഷങ്ങള് നിഷ്പന്ദമാകുന്നു. വേഗവിശേഷത്താൽ സംസ്കാരഗതി,വിസ്താരവിശേഷം,താരമന്ദ്രമദ്ധ്യസ്വരാവച്ഛിന്നമായ ശ്രുതിവിശേഷം ഇവയെല്ലാം ജനിക്കുന്നു.സംയോഗസ്ഥാനം മഹച്ഛബ്ദമെന്ന ഉല്പത്തിസ്ഥാനത്തുനിന്ന് അല്പസ്ഥാനത്തിൽ സമത്വബന്ധുതത്വാദിവിശേഷത്തോടെ സ്ഫോടവിശേഷത്തിൽനിന്ന് കകാരാദിവ ർണ്ണങ്ങളുടെ നിഷ്പത്തി ഉണ്ടാവുന്നു.

മനുഷ്യാദികൾക്കേ ചേതനകൊണ്ട് കകാരാദിവർണ്ണങ്ങള് ഉച്ചരിക്കാനാവൂ. ജഡവസ്തുക്കൾക്ക് സാദ്ധ്യമല്ല.ചേതനധ്ധളായ മനുഷ്യേതരജീവികൾക്കും സാദ്ധ്യമല്ല.സ്ഫോടം സ്ഥാനപ്രയത്നവിശിഷ്ടമാണ് എന്നതാണ് ഇതിനു ഹേതു.ചേതനശബ്ദം ജഡത്തിലെ പ്രതിധ്വനിപടലങ്ങളിൽ സൂച്യഗ്രസംയോഗവിഭാഗങ്ങളായ വർണ്ണങ്ങളിൽനിന്നുണ്ടായി,പദ,വാക്യങ്ങളായി നിഷ്പന്നമായവയാണ്.ആകയാൽ നിത്യശബ്ദവും കാരണഭൂതവുമായ നാദത്തിന്റെ സംയോഗവിഭാഗത്താലാണ് ഇക്കാണുന്ന സർവ്വകാര്യവും (പ്രപഞ്ചം)എന്ന് അറിയണം.

സൂത്രം 32.ലിംഗാച്ച നിത്യഃശബ്ദഃ

ശബ്ദനിത്യത്വത്തിൽ ലിംഗാന്തരം അസ്തി (ഉണഅമ)യായിരിക്കുന്നുണ്ട്.അനിത്യമെന്ന പാഠം അതിനാൽ പ്രകരണവിരോധവും പ്രാമാദികവുമാമ്.

സൂത്രം 33.ദ്വയോസ്തു പ്രവൃത്ത്യോരഭാവാത്.

ശബ്ദത്തിന്റെ അർത്ഥമാണ് വാക്ക്.വാക്കുകൊണ്ടാണ് ലോകവ്യവഹാരം പ്രവർത്തിക്കുന്നത്.നിത്യശബ്ദാർത്ഥത്തില് നിത്യയായ വാക്ക് പറയാനോ കേൾക്കാനോ ധ്യാനിക്കാനോ ലൌകികവാഗ്വ്യവഹാരപ്രവൃത്തിക്കോ സാധിക്കാത്തതാണ്.

സൂത്രം 34 പ്രഥമാ ശബ്ദാത്.

പ്രഥമ ഋക്ക്,ദ്വിതീയ ഋക്ക് എന്നിങ്ങനെ വേദവ്യവഹാരത്തിലുള്ള നിത്യശബ്ദം.(ഭാഷ്യം ശരിയല്ലെന്ന് വ്യക്തമാണ്. നിത്യയായ വാക്ക് ഇദംപ്രഥമമായി ഉണ്ടായ വാക്കാണ്.അല്ലാതെ പ്രഥമഋക്ക്,രണ്ടാമത്തെ ഋക്ക് എന്ന് പറയുന്നതല്ല. ഓങ്കാരപ്രണവത്തെയാണ് പ്രഥമശബ്ദമെന്നു പറയുന്നത്)

സൂത്രം 35.സംപ്രതിപത്തിഭാവാച്ച.

ശബ്ദനിത്യത്വഹേതു മറ്റൊരുവിധത്തിൽ പറയുന്നു. ഗകാരം മുമ്പ് ഉച്ചരിച്ചതുപോലെ ഇക്കാലത്തും ഉച്ചരിക്കപ്പെടുന്നു. ഇപ്രകാരം പ്രത്യഭിജ്ഞാനം കൊണ്ട് ശബ്ദം നിത്യമാണ്. ശബ്ദം ഉണ്മ(അസ്തി)യാണ്. സ്വരൂപം കൊണ്ട് നിത്യമാണ്.സംയോഗവിഭാഗത്താൽ കാര്യമായി ,അതിൽ വീണ്ടും അഭിവ്യക്തമാകുന്നതാണ്.(ബുദ്ധമതഗ്രന്ഥങ്ങളിലും പ്രത്യഭിജ്ഞാനത്തെ ഈശ്വരപ്രത്യഭിജ്ഞയായി അറിയുന്നുണ്ട്. പ്രജ്ഞാപാരമിതസൂത്രവ്യാഖ്യാനത്തിൽ കാണുക)

സൂത്രം 36സംദിശ്ധാഃ സതി ബഹുത്വേ

സ്വരൂപത്താൽ നിത്യമായ ശബ്ദം കാര്യകാരണാത്മാവും സത്തുമാണ്.അതിന്റെ ഗുണത്വകർമ്മത്വസാധനയില് സർവ്വത്തിനും ഹേതുവാണ്.അനേകം കാര്യങ്ങളുള്ള പ്രപഞ്ചത്തിൽ ലിംഗബഹുത്വം കൊണ്ട് നിത്യസത്യമായ ശബ്ദത്തിന്റെ ഇപ്രകാരമുള്ള ധ്യാനം പ്രയാസമാണ്.അതുകൊണ്ട് ബഹുത്വം കൊണ്ടാണ് സംശയം ജനിക്കുന്നതെന്നു പറയുന്നു.

സൂത്രം 37.സംഖ്യാഭാവസ്തു സാമാന്യതഃ

കർമ്മഗുണങ്ങളില് ഭക്ത്യഭാവംകൊണ്ട് സംഖ്യാഭാവം സംഭവിക്കുന്നില്ല.കകാരാദികളിൽ ഭക്തികൃതമായി രണ്ടും മൂന്നും അതിലധികവും ഉച്ചാരണം ദൃഷ്ടമാണ്.പരിഛിന്നദ്രവ്യം പോലെ സംഖ്യാഭാവം വർണ്ണങ്ങലില് ഇപ്രകാരം ഉണ്ടാവുന്നു എന്നത് സാമാന്യതയാണ്. ഏകമായ കകാരം വീണ്ടും വീണ്ടും ക്രമേണ ഉച്ചരിക്കപ്പെടുന്നു.അത് അനേകം(ബഹുത്വം)അല്ല. ഇപ്രകാരം സർവ്വത്ര സർവ്വദാ സർവ്വൈരുച്ചാര്യമാണമായ ഏകമായ കകാരവിശേഷം പോലെ നിത്യശബ്ദത്തിലും അറിയണം.ഇപ്രകാരം രണ്ടാമത്തെ അദ്ധ്യായത്തിൽ രണ്ടാമത്തെ ആഹ്നികം കഴിഞ്ഞു.

അദ്ധ്യായം 3 ആഹ്നികം 1.

ആത്മമനസസ്്ുകളുടെ സാധനയാണ് മൂന്നാം അദ്ധ്യായത്തിലെ വിഷയം.ആത്മാവ് മനസ്സുവഴിയാണ് പ്രത്യക്ഷമാവുന്നത്.അനുമാനത്തിലൂടെ വേണം പരീക്ഷിച്ചറിയാൻ. അനുമാനം എന്നത് ലിംഗാധീനമാണ്. ലിംഗവ്യബിചാരത്തില് സർവ്വവും അനുമിതിപരമ്പരാപ്രമാണം കൊണ്ട് ഭവിക്കുന്നു.വൈശേഷികദർശനം താർക്കികദൃഷ്ടിഹേത്വാഭാസാശ്രിതമായി ആത്മപരീക്ഷക്കുമുമ്പ് ലിംഗപരീക്ഷാപ്രക്രിയ തുടങ്ങുന്നു.

സൂത്രം 1.പ്രസിദ്ധാ ഇന്ദ്രിയാർത്ഥാഃ

ശബ്ദസ്പർശരൂപരസഗന്ധങ്ങൾക്ക് ബാഹ്യമായ ഓരോരോ ഗ്രഹണേന്ദ്രിയങ്ങളുണ്ട്. അവയുടെ ഗുണങ്ങൾ സംസ്കാരാത്മകമാണ് എന്നു പറഞ്ഞു.സംസ്കാരത്തിന് പുനർജ്ജാതി, ഗതി, ആകൃതി,അധിഷ്ഠാനം,നീതി മുതലായ വിശേഷങ്ങളുണ്ട്.ശരീരത്തിൽ ഇന്ദ്രിയവിഷയഭേദം

കൊണ്ട്, 3 വിധം കാര്യദ്രവ്യമുണ്ട്.രൂപരസഗന്ധസംസ്കാരങ്ങളിൽ പൃഥ്വീവിഷയാധിഷ്ഠാനം ഇന്ദ്രിയങ്ങളില് ഗന്ധം അറിയുന്ന ഘ്രാണേന്ദ്രിയത്തിനാണ് . രസാധിഷ്ഠാനം രസനേന്ദ്രിയ ത്തിന് .രൂപാധിഷ്ഠാനം ചക്ഷുസ്സിന്. സ്പർശാധിഷ്ഠാനം ത്വക്കിന്.

ചക്ഷുസ്സിൽ വർത്തിക്കുന്ന കൃഷ്ണതാരാത്മകമായ ഇന്ദ്രിയം കൊണ്ട് രൂപം ദർശിക്കുന്നു. നാനാഗതിയോടുകൂടി വിസ്താരവിശിഷ്ടമായ മഹത്ത് എന്ന അർത്ഥസംസ്കാരം വിഷയങ്ങ ൾക്ക് നാനാരൂപദർശനമായി കാണപ്പെടുന്നു.നിയതഗതി,വിസ്താരം ഇവയോടുകൂടിയ അണു തന്റെ ഇന്ദ്രിയസംസ്കാരത്താൽ ഉല്കർഷവും വിഷയസംസ്കാരത്താല് അപകർഷവും സന്നിക ർഷത്തിലുണ്ടാക്കുന്നു.രണ്ടിന്റേയും മദ്ധ്യമമായ അനുപാതം വിലക്ഷണഗതിവിസ്താരമായ ഏക മായ വിശേഷസംസ്കാരമായും ഉണ്ടാവുന്നു.ഇന്ദ്രിയസംസ്കാരം സ്വപദാദികളിൽ വിക്ഷിപ്തമാ ണ്. പുരുഷാധിഷ്ഠിതമായ ഇന്ദ്രിയസംസ്കാരം രുദ്ധമൂലമാവുമ്പോൾ ജ്ഞാനസംസ്കാരമുണ്ടാവു ന്നു. ബുദ്ധി സാപേക്ഷമാണ്.രക്തത്വം,പീതത്വം എന്നിവ ബുദ്ധിലക്ഷണമായ അദ്ധ്യവസായ ഫലമാണ്.അതിനാൽ ആത്മേന്ദ്രിയാർത്ഥസന്നികർഷത്താല് ഉണ്ടായതാണ്. കേവലജഡ വസ്തുവിൽ ഇന്ദ്രിയാർത്ഥസന്നികർഷാദിയില്ല.ഇന്ദ്രിയപ്രത്യക്ഷത്തിൽനിന്നുണ്ടായ അദ്ധ്യവ സായം അറിവുണ്ടാക്കുന്നത് ആത്മസന്നികർഷത്താലാണ്. ലിംഗസ്വരൂപവിവേകാർത്ഥം ആത്മാവിൽ ലിംഗാഭാസം ദർശിക്കുന്നതു പറയുന്നു.

സൂത്രം 2.ഇന്ദ്രിയാർത്ഥപ്രസിദ്ധിരിന്ദ്രിയാർത്ഥഭ്യോ അർത്ഥാന്തരസ്യ ഹേതുഃ

ഹേതുവിന് ലിംഗം ,പ്രമാണം,കരണം,അർത്ഥാന്തരം എന്നിങ്ങനെ പറയപ്പെട്ടിരിക്കുന്നു. സമാ നാർത്ഥമായി സാമാന്യേന പ്രമാണവാചിയായ ശബ്ദം പ്രമാണവിശേഷത്താല് വിശേഷേ ണ അർത്ഥങ്ങള് വ്യപദേശിക്കപ്പെടുന്നു.ഗൌതമീയസൂത്രത്തിൽ ഹേത്വപദേശാത് പ്രതി ജ്ഞായാഃ പുനർവ്വചനം നിഗമന എന്ന് ഹേത്വപദേശത്തെ ഷഷ്ഠീതത്പുരുഷേണ ഹേതോര പദേശേന സംബന്ധഗ്രഹണത്താൽ അർത്ഥാന്തരത്വം ദർശിക്കാം.ലിംഗം ഹേതു എന്ന് പറ യപ്പെടുന്നു.ലിംഗത്തിന് സാദ്ധ്യത്തിൽ വ്യാപ്തിദർശനം അപദേശം.ലിംഗത്തിന്റെ വ്യാപകത്തി ന് വ്യാപ്യഭേദത്താൽ വ്യപദേശഭേദമുണ്ട്.ലിംഗം അതിന്റെ ജ്ഞാനമാത്രയിൽ കാരണം ഗ്ര ഹിക്കുന്നു.ഹേതുശബ്ദത്തിൽ വസ്തുകാരണവും ദൃഷ്ടമാണ്.എപ്രകാരം ധൂമത്തിൽ അഗ്നിലിംഗം ജ്ഞാപകമാത്രമെങ്കിലും നിഷ്പത്തികാരമമല്ലയോ,അപ്രകാരം. അഗ്നി ധൂമത്തിന്റെ ലക്ഷണ മാണ്.(ലിംഗം).അഗ്നി ധൂമത്തിന്റെ ജ്ഞാപകം ഉണ്ടാക്കുന്നു.നിമിത്തകാരണവുമായി ഭവിക്കു ന്നു.ലിംഗത്വം സമാനമാണ്.ഹേതുത്വം അതിന്റെ ഏകത്വമാണ്.ഏതുവസ്തു ധർമ്മമാത്രം ലിംഗ മായി ഭവിക്കുന്നുവോ അതിന്റെ കാരണവും ലിംഗം എന്ന് വിശേഷം.

ലൈംഗികജ്ഞാനത്തിൽ വിശേഷം ദ്രഷ്ടവ്യമാണ്.ലിംഗത്തിൽ പ്രസിദ്ധമെന്ന നാമം സാമാ ന്യമായി കാണുന്ന നിത്യവ്യാപ്തികമാണ്.അത് പിന്നെ രണ്ടുവിധം (പ്രത്യക്ഷം. അനുമാനം) പ്ര

ത്യക്ഷപൂർവ്വകവും അമുമാനികവുമായി ഉദ്ദിഷ്ടാർത്ഥസാധനത്തിന് ആദ്യം പ്രത്യക്ഷമായി ലിംഗം വിധിക്കുന്നു.പിന്നീടാണ് അനുമാനികം.ജ്ഞാനം ഉമ്മ(അസ്തി)യാണ്.പക്ഷേ അത് സർവ്വസാധാരണമല്ല.ജ്ഞാനം വൃത്ത്യാത്മകമായി അറിയുന്നു.വൃത്ത്യാത്മകങ്ങളെ ആശ്രയിക്കാത്ത അനവസ്ഥയിൽ ദ്രവ്യാശ്രിതമായി മാത്രം അത് സംഭവിക്കുമ്പോള് ആശ്രയം അന്വേഷ്ടവ്യമാണ്.(അന്വേഷിക്കേണ്ടതാണ്).ചാർവ്വാകമതത്തില് ജഡമാണ് എന്നമതം (ജഡൈകാന്തലാദിചാർവ്വാകമതം)മായാവാദം പരാമർശിക്കുന്നു.സർവ്വവും ജഡാത്മകമല്ല.ചേതനമെന്ന തത്വാന്തരമുണ്ട്.ജഡത്തിൽത്തന്നെ ദധിയും ഗോമയവും പോലെ. സംയോഗം കൊണ്ട്ചേതനമായ വൃശ്ചികം ചാണകത്തിലുണ്ടാവുന്നു. അതുപോലെയാണ് ജഡത്തിൽ ഇന്ദ്രിയാർത്ഥങ്ങളുണ്ടാവുന്നതെന്ന പ്രസേധനാജ്ഞാനോപപത്തി യുക്തിക്ക് യോജിക്കുന്നതല്ല. ജ്ഞാനാശ്രയത്വത്താൽ ദ്രവ്യാന്തരകൽപ്പന യോജ്യമല്ല.ജ്ഞാനം നിത്യവുമാണ്, അനിത്യ വുമാണ്.

ചിദേകാന്തവാദിപ്രതിലോമചാർവ്വാകമതത്തില് ദ്വൈതവാദം പരാമൃഷ്ടമാണ്. അജഡധർമ്മകമാണ് ശുദ്ധചിന്മാത്രമായ ബ്രഹ്മം. എപ്രകാരം പരിമണ്ഡലമോ അപ്രകാരം പരമാണുവിന്റെ സ്ഥൂസ്ഥചതുരശ്രാദിവിലക്ഷണപരിമാണം കാര്യമാകുന്നു.അതുപോലെ ചിന്മാത്രമായ ബ്രഹ്മം വ്യാക്രിയമാണം ജഡത്വം പ്രാപിക്കുന്നു.അതിനാൽ ജ്ഞാനം നിത്യം. ജഡത്വം ജന്യം അനിത്യം.

സൂത്രം 3.സോ അനപദേശഃ

നാമം ഇന്ദ്രിയാർത്ഥപ്രസിദ്ധമായ ജ്ഞാനത്തിൽനിന്നുണ്ടാവുന്നു.നിമിത്തകാരണത്വമാണ് ഹേതു.അപദേശത്വം ദൃഷ്ടാന്താഭാവത്താൽ ഉപപത്തിയില്ല. അസത്വത്തിൽ നിന്ന് സത്യമുണ്ടാ വില്ല.അതിനാൽ വൃശ്ചികത്തിന്റെ ഉദാഹരണം ചേരുന്നില്ല.പരിമാണത്വസാമാന്യത്താൽ സാ ജാത്യത്താല് ചിത്,അജഡത്വങ്ങളുടെ വിരോധദ്വൈതത്വത്താൽ പരിമാണവൈലക്ഷണ്യദൃ ഷ്ടാന്തവും ചേരുന്നതല്ല.

സൂത്രം 4.കാരണാജ്ഞാനാത്.

കാരണഗുണപൂർവ്വകമായിട്ടാണ് കാര്യഗുണം കാണുന്നത്. ഈ കാരണത്തിൽ, ജ്ഞാനസത്വത്തി ൽ,ജ്ഞാനാത്മകത്വത്തിൽ ഇന്ദ്രിയാർത്ഥങ്ങൾക്ക് പ്രമാണമില്ല.

സൂത്രം 5.കാര്യേഷു ജ്ഞാനാത്

ഇന്ദ്രിയാർത്ഥസംസ്കാരങ്ങൾക്ക് സന്നികർഷത്താല് കാര്യസംസ്കാരത്തില് ജാതമായ ജ്ഞാനനിഷ്പത്തി കാണുന്നുണ്ട്. അത് അകാരണഗുണപൂർവ്വകം ,അനന്വയമായ ജ്ഞാന

മാണ്.ജ്ഞാനഹേതു ഇന്ദ്രിയങ്ങളല്ല. ഇന്ദ്രിയഹേതു കാരണമായ ജ്ഞാനസത്വചിന്മാത്ര യാണ്.

സൂത്രം 6.അജ്ഞാനശ്ച.

ജ്ഞാനം സത്യമാണ്.സത്യത്തിൽനിന്നാണ് ഇന്ദ്രിയാർത്ഥപ്രസിദ്ധമായ ജ്ഞാനവും ജനിക്കുന്നത്. മറിച്ചല്ല.ഇന്ദ്രിയങ്ങൽ ജ്ഞാനാത്മകമായിരിക്കുന്നത് അവയുണ്ടായത് നിത്യമായ
ജ്ഞാനത്തിൽ(ജ്ഞാനകാരണത്തിൽ) നിന്നായതുകൊണ്ടാണ്.അജ്ഞാനത്തിൽനിന്ന് ജ്ഞാനം ജനിക്കുന്നില്ല.

സൂത്രം 7.അന്യദേവഹേതുരിത്യനപദേശഃ

ജ്ഞാനപ്രവൃത്തി ഇന്ദ്രിയാർത്ഥപ്രസിദ്ധമാണ്. അജ്ഞാനപ്രവൃത്തിയും ഇന്ദ്രിയങ്ങളിലുണ്ട്. അവയുടെ സമത്വമാണ് ഇന്ദ്രിയത്തിൽ.അതിന്നധീനമായ ജ്ഞാനാജ്ഞാനങ്ങളിൽ പ്രവൃ ത്തിയും നിവൃത്തിയുമുണ്ട്.അപദേശാഭാസം പ്രദർശിപ്പിക്കയാല് അപദേശസ്വരൂപമാണ്.

സൂത്രം 8.അർത്ഥാന്തരം ഹ്യർത്ഥാന്തരസ്യാനപദേശഃ

ഏതുലിംഗം ദൃഷ്ടാന്തത്തിൽ ഹേതുത്വത്തിനു പറഞ്ഞുവോ,അതുതന്നെ സാദ്ധ്യത്തിൽ അപദേ ശമാണ്.അതിനാൽ അർത്ഥാന്തരമില്ല. ദൃഷ്ടാന്തത്തിൽ അഗ്നി,ധൂമമെന്നത് സാദ്ധ്യത്തിൽ പർവ്വതം,അഗ്നി എന്നു പറയുന്നു. ലിംഗധർമ്മാത്മകമായ അർത്ഥംതന്നെ ഹേതുവായി ഭവി ക്കുന്നു.അവ അപദേശമായി ഭവിക്കുന്നു.അതിനാൽ,ലിംഗധർമ്മങ്ങള് പരീക്ഷിക്കുമ്പോള് അപ ദേശശേഷപരീക്ഷകളും കൂടി പ്രവർത്തനീയമെന്നു പഞ്ചവിധം ലിംഗം ദർശിക്കുന്നു.

സൂത്രം 9.സംയോഗിസമവായ്യേ കാര്യസമവായിവിരോധി ചഃ

ലിംഗം ശേഷം.അതിന്റെ കാര്യം സംയോഗിവ്യാപ്തികം. 1. സംയോഗിലിംഗം തൈലാദികളില് ഗന്ധംപോലെ. സമവായത്താൽ സംബന്ധം . 2. സമവായിലിംഗം പൃഥിയിൽ ഗന്ധംപോ ലെ. 3. ഏകാർത്ഥസമവായിലിംഗം സംയുക്തസമവായിവ്യാപ്തികം –അഗ്നിയിൽഉഷ്ണം പോലെ.4. വിരോധിലിംഗം അനേകവിധം.ഇനി പഞ്ചമലിംഗം പറയുന്നു. 5.സഹചാരിലിംഗം

സൂത്രം 10 കാര്യം കാര്യാന്തരസ്യ

കാരണത്തിൽനിന്നു കാര്യമുണ്ടായി.ഏവംവിധം ഏവം 10 കാര്യം ജനിച്ചു എന്നുംമറ്റുമുള്ള അറി വി ൽ സഹചാരിലിംഗം വിവക്ഷിതമാണ്. പൃഥിയുടെ സാഹചര്യത്താൽ ഗന്ധജ്ഞാനം അനുമാനിക്കുന്നു.അതുപോലെ സ്പർശാദികളില് അനുമാനികജ്ഞാനം പ്രതിപാദിക്കുന്നു.

ഗന്ധവതിയാണെങ്കിൽ പൃഥ്വി എന്നനുമാനം.പൃഥ്വിയെങ്കിൽ സാമാന്യമായി ദൃഷ്ടം, സ്പർശം, മുതലായ ഇതരഗുണങ്ങളും അനുമാനിക്കണം.

സൂത്രം 11 വിരോദ്ധ്യഭൂതം ഭൂതസ്യ.

ഏതൊന്ന് മുമ്പ് കാരണഭൂതമായിരുന്നുവോ,അതുതന്നെ കാര്യത്തിൽ ശീതോഷ്ണാദികളായി രിക്കുന്നു. അഗ്നിയിൽശീതത്വം വിരോദ്ധ്യഭൂതമാണ്. വിറക് അഗ്നിയാണ്. അഗ്നിയുടെ പൂർവ്വ രൂപമായ വിറകിൽ തണുപ്പ്(വിരോദ്ധ്യഭൂതം)ഇരിക്കുന്നുണ്ട്.

സൂത്രം 12.ഭൂതമഭൂതസ്യ

വിരോധലിംഗം എന്നത് ശേഷം .അതിന്റെ നിയമത്തിൽ,നിത്യവ്യാപ്തികം ലിംഗം.അത് അജാ തം,അദൃശ്യം,അഭൂതം,അത് ആദ്യമേ ഉണ്ട്.എന്നും ഉണ്ട്,സംഭവിക്കുന്നില്ല. അപദേശശേഷധ ർമ്മമുള്ള ലിംഗത്തിൽനിന്ന് അത് വിവേചിച്ചറിയണം.

സൂത്രം 13.ഭൂതോഭൂതസ്യ

നിത്യം നിയമമായി,ആ നിയമത്താൽ ഭവിക്കുന്ന ഹേതുവാണ് അപദേശമായി ഭവിക്കുന്നത്.

സൂത്രം 14.പ്രസിദ്ധിപൂർവ്വകത്വാദപദേശസ്യ.

സാമാന്യമായി,ദൃഷ്ടത്തിൽ നിത്യവ്യാപ്തികത്തില് ഇന്ദ്രിയാർത്ഥസന്നികർഷപ്രത്യക്ഷമായി ഗ്രഹിക്കാവുന്ന ലിംഗത്താൽ ഭവിതവ്യം.ദ്രവ്യസാധനത്തിൽ അനുക്ലൃപ്തലിംഗത്തില് അത് സമ ർത്ഥിക്കാവതല്ല.

സൂത്രം 15.അപ്രസിദ്ധോ അനപദേശോ അസൻസംദിഗ്ദശ്ചാനപദേശോ.

പ്രത്യക്ഷവുമല്ല,നിത്യവ്യാപ്തികവുമല്ല എന്നുള്ള ലിംഗം അപദേശമായി ഭവിക്കുന്നു. അവിദ്യമാന മായ ലിംഗം അസത്താണ്.അതിനെ അപദേശമായി കല്പ്പിക്കുന്നു. ഇപ്രകാരം സന്നിദ്ധ ത്തെ അവധാരണം ചെയ്യുന്ന ലിംഗം അപദേശമാവാത്തത് മഹത്വാഭാസത്താലാണ്. ത്രിവിധം ഹേത്വാഭാസങ്ങൾ പ്രസിദ്ധമാണ്.

സൂത്രം 16 യസ്മാദ്വിഷാണി തസ്മാദശ്വ.

അസദ്വത്വാഭാസത്തിലെ ഉദാഹരണം. അശ്വത്തിൽ വിഷം.ഇത് ഹേതുവില്ലാത്തതാകയാൽ അസംഭവ്യമാണ്.

സൂത്രം 17. യസ്മാദ്വിഷാണി തസ്മാദ് ഗൌരീതി ചാനൈകാന്തികസ്യോദാഹരണം.

ഗോവ്,മഹിഷം എന്നിവയിൽ അനൈകാന്തികമായി വിഷം പറയുമ്പോളും സംദിശ്ധവും അപ ദേശവുമാണ്. ഇപ്രകാരം ആത്മപരീക്ഷാപ്രസംഗത്തിൽ ലിംഗം,ഹേതു,ഹേത്വാഭാസം എന്നിവ യെ വിവേചിച്ച് പ്രകൃതത്തിൽ ആത്മപരീക്ഷാപ്രവൃത്തി ചെയ്യണം.

സൂത്രം 18.ആത്മേന്ദ്രിയാർത്ഥസന്നികർഷാദ് യന്നിഷ്പദ്യതേ തദന്യത്.

പ്രവൃത്തിനിവൃത്തിപൂർവ്വകജ്ഞാനം ദ്വഷ്ടം. ഒന്ന് ആത്മാധീനമാണ്. ഇന്ദ്രിയാർത്ഥപ്രസിദ്ധ്യ ധീനമല്ല. ഇന്ദ്രിയങ്ങളിലൂടെ കിട്ടുന്ന ജ്ഞാനമല്ല.ജഡസംസ്കാരമാത്രമല്ല. ആത്മസംസ്കാരോപ രൂഢമായി ഇന്ദ്രിയാർത്ഥസന്നികർഷത്തില് നിഷ്പത്തമായ ദ്രവ്യമാണ് ജ്ഞാനം. അതിനാ ൽ,പ്രവൃത്തി,നിവൃത്തി എന്ന ആത്മലിംഗം രണ്ടും ചേർന്നതാണ്.ചിദാത്മാവും അവ്യക്തവും അജഡവും അന്തരാത്മനും അനാദിയുമായി പരമാത്മഭിന്നമായി മനുഷ്യശരീരത്തിലിരിക്കുന്ന ജീവാത്മാവിന് ഇന്ദ്രിയസന്നികർഷത്തിലുണ്ടാവുന്നതാണ് ജ്ഞാനം.പരബ്രഹ്മത്തിൽ അതി ന്റെ ലയത്തിൽ വിഷയാന്തരത്തിനുപരിയായ ജ്ഞാനത്തെ ഗ്രഹിക്കണം.ആത്മാധീനമാണ് ഇന്ദ്രിയങ്ങലുടെ പ്രവൃത്തിയും നിവൃത്തിയും.അർത്ഥത്തിന് പ്രവൃത്തി ഹേതു.

സൂത്രം 19.പ്രവൃത്തിനിവൃത്തി ച പ്രത്യഗാത്മനി ദ്വഷ്ടേപരത്രലിംഗം.

അന്തരാത്മാവിൽ ,പരമാത്മാവിൽ,(രണ്ടിലും) പ്രത്യയബലത്താൽ(പരത്രേ. ത്രൽ പ്രത്യയം) അന്തര്യാമിത്വം. പ്രവർത്തകത്വം നിയാമകത്വം കൊണ്ട് ഉത്തമഗുണം നൽകുന്നു.പ്രവൃത്തി നിവൃത്തിസമവായം കണ്ടാലേ പരമാത്മലിംഗമാവുകയുള്ളു.പ്രത്യഗാത്മനിൽ അഹംശബ്ദം കൊണ്ട് ശരീരാന്തർഗതമായ ആത്മാവിനേയും പറയും. അന്തരാത്മാ വിരാട്ശരീരം, അവ്യ ക്തശരീരം,ചിദാത്മാ,പരമാത്മാ എന്ന് ശാസ്ത്രവിനിശ്ചയം. ഭൌതികസംഘാതത്താൽ,ഭ്രതം സമവായികാരണം.വിസർഗ്ഗസമവായത്താല് പ്രത്യഗാത്മാ സമവായികാരണം .ബ്രഹ്മാ ണ്ഡസമവായത്താൽ അന്തരാത്മാ സമവായികാരണം. അണ്ഡസർഗ്ഗാത്മകസമവായ ത്താ ൽ പരമാത്മാ സമവായികാരണം. പരത്രേ എന്നതുകൊണ്ട് യജ്ഞദത്തൻ ഇത്യാദി പരാത്മാവിൽ(മര്റൊരു വ്യക്തിയിൽ)എന്ന് ഗ്രഹിച്ചുകൂടേ. ഇല്ല. യജ്ഞദത്തന്റെ ആത്മാവും പ്രത്യഗാത്മത്വത്താൽ സൂചിപ്പിക്കപ്പെട്ടുകഴിഞ്ഞു.

സംയുക്തസമവായാത്മകമായ പാഞ്ചഭൌതികം രചനാവിശിഷ്ടമായ ഉല്പത്തി,സ്ഥിതി, വിനാ ശശീലത്തോടെ ഘടിക്കപ്പെട്ടിരിക്കുന്നു.അതുപോലെ ഈ ശരീരവും സത്രംപോലെ ഭ്രതകാല നിയതിസ്വഭാവത്താൽ,കാരണാന്തരത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ഇപ്രകാരം സമന്വയ ത്താ ൽ ശാസ്ത്രയോനിത്വം കൊണ്ട് സമവായാത്മകമാണ് ബ്രഹ്മാണ്ഡ,പിണ്ഡാണ്ഡരചന. അന്തരാത്മാവാ സമവായികാരണമായി അവിടെ സംഭവിക്കുന്നില്ല. കാലഭ്രതാദികാരണങ്ങ ളാ ൽ സ്വതന്ത്രമായിത്തന്നെ പ്രവൃത്തിനിവൃത്തിരചന സാധിക്കുന്നു.അതിന്റെ സമവായി കാരണം പരമാത്മാവാണ്.

ഈ ശരീരം സത്യമാണ്.പുരുഷാദികാരണത്താല് ചോദനാതന്ത്രം,ബ്രഹ്മാണ്ഡത്തിൽ ഉല്പ ത്തിസ്ഥിതിവിനാശശീലത്വം പോലെ പരതന്ത്രവുമാണ്. ഈ തന്ത്രമാണ് വിരാട്പുരുഷൻ. അവ്യക്തശരീരിയും ചിദാത്മാവും പരമാത്മാവുമാണ്. അവ്യക്തത്തിന് നിത്യത്വം കൊണ്ട് ,നിത്യത്വം മാത്രമല്ല, സ്വാതന്ത്ര്യവും കൂടിയുണ്ട്. അതിനാൽ,പരമാത്മാവാണ്. അതിനാൽ ശാസ്ത്രമാണ്. അഥാംഗിരസ്ത്രിവിധപുരുഷോ അജായതാത്മാന്തരാത്മാപരമാത്മാ എന്ന് പറയുന്നു. ഇപ്രകാരം മൂന്നാം അദ്ധ്യായത്തിലെ ആദ്യത്തെ ആഹ്നികം അവസാനിക്കുന്നു.

അദ്ധ്യായം 3 ആഹ്നികം 2

സൂത്രം 1.ആത്മേന്ദ്രിയാർത്ഥസന്നികർഷേ ജ്ഞാനസ്യ ഭാവോ അഭാവശ്ച മനസോ ലിംഗം.

ആത്മാശ്രിതജ്ഞാനം ഉത്തമം.ആത്മേന്ദ്രിയമസ്യേ കരണാന്തരം ജ്ഞാനത്തെ വഹിക്കുക യോ വഹിക്കാതിരിക്കുകയോ ചെയ്യുന്നുണ്ട്. ഈ കാരണമാമ് മനസ്സ്. ഇതിനാൽലോകവ്യവഹാരം നടക്കുന്നു.മനസ്സ് ബന്ധത്തിനും മുക്തിക്കും കാരണമാണ്.

സൂത്രം 2. തസ്യദ്രവ്യത്വനിത്യത്വേ വായുനാ വ്യാഖ്യാതേ.

ക്രിയാഗുണമിവകളെക്കൊണ്ട് മനസ്സ് ദ്രവ്യമാണ്. സർവ്വവൃത്തിക്കും എന്ന വികാര്യത്വത്താലും ദ്രവ്യാന്തരാശ്രയത്വത്താലും നിത്യവുമാണ്. സഞ്ചാരശീലംകൊണ്ട് വായുവാൽ വ്യാഖ്യാനിക്ക പ്പെടുന്നു.

സൂത്രം 3.പ്രയത്നാ യൌഗപദ്യാജ്ഞാനായൌഗപദ്യാമൈശ്ചകം.

മനസ്സിന് വ്യാസജ്യവൃത്തി ദൃഷ്ടമാണ്. ഇന്ദ്രിയജ്ഞാനങ്ങളിൽ സർവ്വവും ഉപലബ്ധമാകുന്നു. യുഗപദ് ആയ അതീന്ദ്രിയജ്ഞാനോപലബ്ധിക്കുള്ള കഴിവും മനസ്സിനുമട്. പ്രയത്നത്താൽ ഇപ്രകാരമുള്ള പര്യയത്താൽ ,പ്രവൃത്തിദർശനത്താൽ,വ്യാസജ്യവൃത്തി ദൃഷ്ടമാണ്. അതിൽ ഒന്നുമാത്രം പ്രത്യാത്മനിയതമായി മനസ്സിലിരിക്കുന്നു.പ്രതികൂലമായി,ഏകൈകമായിട്ടല്ല. അയം ആത്മാ എന്ന ജ്ഞാനാശ്രയമായി പ്രത്യഗാത്മകത കൊണ്ട് സാദ്ധ്യമാകുന്ന സ്വസം വേദ്യമായ ആത്മസാധനാർത്ഥം മനസ്സിനെ ഉപയോഗിക്കാന് സാധിക്കുന്നു.

സൂത്രം 4.പ്രാണാപാനേ നിമേഷോന്മേഷജീവനമനോഗതീന്ദ്രിയാന്തരവികാരാഃസുഖേദുഃഖേഛരാദ്വേഷപ്രയത്നാശ്ചാത്മ നോലിംഗാനി.

പ്രാണൻ,അപാനൻ,നിമേഷം,ഉന്മേഷം,ജീവനം,ചോദനനിമിത്തം ഇവയെല്ലാം നാം ചെയ്യുന്ന ത് നമ്മുടെ ബുദ്ധികൊണ്ടല്ല.മനോഗത്യാദികളായ കാമങ്ങളുടെ പ്രവൃത്തി ബുദ്ധ്യധീനമാണ്.

ശ്വാസനിയന്ത്രണം ,രക്തചംക്രമണം എന്നിവ നടത്തുന്നത് ബുദ്ധിപൂർവ്വകമല്ല. കണ്പോളക ളുടെ നിമിഷോന്മേഷങ്ങളുടെ നിയന്ത്രണവും നമ്മുടെ ബുദ്ധിക്കല്ല. സമസ്തേന്ദ്രിയവൃത്തിയായി പ്രാണാദിലക്ഷണങ്ങളുടെ ഉപചയം,അപചയം എന്നിവയും ചേർന്ന ശരീരധർമ്മത്തെ ജീവന മെന്നു പറയുന്നു. ഇത് എല്ലാവരിലും കാണാവുന്ന പ്രത്യക്ഷലിംഗമാണ്. മനോഗതി ഇന്ദ്രിയാ ർത്ഥഗ്രഹണം,ഗ്രഹിക്കുന്ന വ്യക്തിയുടെ സ്മൃതി ,വിസ്മൃതി ,സങ്കല്പന,വികല്പം ഇവയെ ആശ്രയി ച്ച് മാറിമാറിക്കാണും.വസ്തുഗതരൂപാദിഗുണദർശനത്താല് പൂർവ്വാനുഭൂതിയില് ഇന്ദ്രിയാന്തര വികാരമാണ് .അത് ആത്മലിംഗമാമ്,ആത്മനിഷ്ഠമാണ്. സുഖാദികൾ ആത്മഗുണമെന്ന് പ്രസിദ്ധം.ഇപ്രകാരം ആത്മവത്വമായി ദർശനത്താല് അനാത്മവസ്തുവേയും ദർശിക്കാം.മറിച്ച് അനാത്മവത്യമായി ചിന്തിച്ചാൽ ആത്മവസ്തുദർശനം സാദ്ധ്യമല്ല.

സൂത്രം 5 തസ്യദ്രവ്യത്വനിത്യത്വേ വായുഅവ്യാഖ്യാതേ

ക്രിയാഗുണവത്വം കൊണ്ടും ദ്രവ്യാന്തരാശ്രിതത്വം കൊണ്ടും നിത്യദ്രവ്യമാണ് ആത്മൻ. അതി ന് വൈദികശ്രുതിയിൽ നിഃശ്രേയസസാധനം ആയി ആത്മവിജ്ഞാനം, ഭൌതികാഭിവൃദ്ധി ക്ക് അനാത്മവിജ്ഞാനം എന്ന് രണ്ടുവിഭാഗമില്ല.ഈ വ്യത്യാസം സ്മൃതികളിലേ ഉള്ളു.ഈ ഭ്രാന്തിനിവാരണാർത്ഥം പ്രകരണം ആരംഭിക്കുന്നു.

സൂത്രം 6. യജ്ഞദത്ത ഇതി സന്നികർഷേ പ്രത്യക്ഷാഭാവാദ് ദൃഷ്ടം ലിംഗം ന വിദ്യതേ.

ആത്മേന്ദ്രിയശരീരസമുദായമാണ് യജ്ഞദത്തന്.അതിൽ ആത്മാവ് അപ്രത്യക്ഷം. ശരീരം പ്രത്യക്ഷം.പ്രാണാപാനാദികൾ ആത്മസംബന്ധത്താല് പ്രത്യക്ഷത്വം നേടുന്ന ആത്മനിഷ്ഠമാ യ അദൃഷ്ടലിംഗങ്ങളാണ്. അവ ശരീരത്തിൽ ശരീരസംബന്ധങ്ങളായി പ്രത്യക്ഷപ്പെടുകയാ ൽ ശരീരലിംഗങ്ങളുമാണ്.ദൃഷ്ടം,അദൃഷ്ടം എന്ന് രണ്ടുവിധവും പറയുന്നതില് അനൌചിത്യ മുണ്ടോ.

സൂത്രം 7.സാമാന്യതോ ദൃഷ്ടാച്ചാവിശേഷഃ

ആത്മാവിൽ അപ്രത്യക്ഷം നൈമിത്തികമല്ല.യജ്ഞദത്തനിലും വിഷ്ണുമിത്രനിലും സർവ്വത്ര സാമാന്യേന അദൃഷ്ടവും പ്രാണാപാനാദിലിംഗങ്ങളാൽ ആത്മനില് സഹസംബന്ധവുമായി രിക്കുന്നതാണ്. എന്നാൽശരീരത്തില് ദൃഷ്ടമാകുമ്പോൾ അവ വെവ്വേറെ, അനിത്യമായി, നൈ മിത്തികമായി കാണപ്പെടുന്നു.

സൂത്രം 8.തസ്മാദാഗമികഃ

അതിനാൽ വേദത്തില് ആത്മജ്ഞാനം പുറത്ത് കാണാവുന്ന ഒന്നല്ല.

സൂത്രം 9.അഹമിതി ശബ്ദസ്യവ്യതിരേകാന്താഗമികം

അഹം അസ്തി.ഞാനുണ്ട്.ഇത് സർവ്വസാധാരണമായ ആത്മപ്രത്യയമാണ്.അഹം എന്ന ശബ്ദം ആത്മാവിൽ വ്യതിരേകേണ ഇരിക്കുന്നതായി കാണുന്നു.അത് ദ്രവ്യാന്തരമായ ശരീരാദിയിൽനിന്ന് വ്യതിരേകമല്ലാതെയും ഇരിക്കുന്നു.അതിനാൽ,ആത്മജ്ഞാനം ലൈംഗികജ്ഞാനമല്ല,കേവലാഗമികമാണ്.

സൂത്രം 10.യദി ദൃഷ്ടമന്വക്ഷമഹം ദേവദത്തോ അഹംയജ്ഞദത്തഇതി.

ആത്മാവാ ദ്രഷ്ടാവ്. വിഷയങ്ങളെല്ലാം ദൃശ്യം. ജ്ഞാനം ദർശനം അഥവാ ദൃഷ്ടി. ഇങ്ങനെ ത്രിപുടമായി(3 ദളമായി)ജ്ഞാനത്തെ അറിയുന്നു. പ്രത്യക്ഷജ്ഞാനമാണ് ദൃഷ്ടി.അത് ആന്വീക്ഷികിയുമാണ്. ഞാനാണ് ദേവദത്തൻ,ഞാൻ യജ്ഞദത്തനാണ് ഇവയില് അഹം അന്യക്ഷമാണ്.

സൂത്രം 11.ദൃഷ്ടവ്യാത്മനി ലിംഗേ ഏക ഏവ ദൃഢത്വാത് പ്രത്യക്ഷവത് പ്രത്യയഃ

ദൃഷ്ടവ്യാത്മകമായ ലിംഗമാണ് അഹമെന്നത് സർവ്വത്തിലും സർവ്വാവസ്ഥകളിലും പ്രത്യഗാത്മനിൽ ദൃഢനിശ്ചയമായ പ്രത്യയമാണ്.ശരീരത്തിൽ അഹം അനിത്യവും സംബന്ധമാത്രമാകയാൽ ഉപാദിയുള്ളതുമാണ് . മമശരീരം(എന്റെ ശരീരം) എന്നുപറയുമ്പോൾ എന്റെ (ആത്മാവിന്റെ)ശരീരമെന്ന് ആത്മാധിഷ്ഠിതമായിട്ടാണല്ലോ പറയുന്നത്. ഈ വ്യതിരേകദ ർശനത്തി ൽ അഹം ആത്മാവാണ് എന്ന്അറിയുക.ആന്വീക്ഷികി ,അനുമാനം ഇവകളെ ആശ്രയിക്കേണ്ടാത്ത ദൃഢമായ പ്രത്യക്ഷജ്ഞാനമാണ് അഹം എന്നത്.ഇതുതന്നെയാണ് പ്രത്യഗാത്മനിൽ പ്രമാണം. ദേവദത്തനിത്യാദി അന്യാത്മാക്കളിലും അതുതന്നെയാണുള്ളത്.

സൂത്രം 12 .ദേവദത്തോഗഛതി യജ്ഞദത്തോഗഛതി ഇത്യുപചാരഛരീരേപ്രത്യയഃ

ശ്വാസോഛ്വാസങ്ങൾ ശരീരലിംഗമായാണല്ലോ കാണുന്നത്. ദേവദത്താദികളുടെ ഗമനം ,പ്രയത്നം ,ശ്വാസം,ഉഛ്വാസം മുതലായ ലിംഗങ്ങൾ ശരീരത്തില് പ്രത്യക്ഷഗ്രഹണം ഔപചാരികം മാത്രമാണ്.മുഖ്യത്വം ആത്മനിലാണ്.

സൂത്രം 13.സംന്ദിഗ്ദ്ധസ്തൂപചാരഃ

സംസൃഷ്ടിയിൽ,ഏകതരമായ അർത്ഥവും ഉപചാരമായി മറ്റൊരർത്ഥവും വരുമ്പോൾ, മുഖ്യത്വം ഗ്രഹിക്കാൻ പ്രയാസം നേരിടുന്നുണ്ട്.ഉപചാരമായത് ഗൌണമാണ്.പ്രയത്നാദികൾക്ക് മുഖ്യാശ്രയമായത് ആത്മനോ ശരീരമോ എന്ന സംശയം വരുമ്പോൾ അതിനെ ഗ്രഹിക്കണം.

സൂത്രം 14.അഹമിതി പ്രത്യഗാത്മനി ഭാവാത്പരത്രാഭാവാദർത്ഥാന്തരപ്രത്യക്ഷഃ

ദേവദത്തനാണ് ഞാനെന്ന് പ്രത്യയത്തിൽ പ്രത്യഗാത്മനില് നിത്യഭാവമായും ശരീരത്തില് ഔപചാരികമായും അഹം ഇരിക്കുന്നു.ഇതുപോലെ യജ്ഞദത്തനിലും . ആത്മാവിന്റെ അർത്ഥാന്തരമാണ് ശരീരം.

സൂത്രം 15.ദേവദത്തോഗഛതി ഇത്യുപചാരാദഭിമാനാത്താവഛരീരപ്രത്യക്ഷോ അഹംകാരഃ

ഞാൻപോകുന്നു എന്നു പറയുമ്പോള് ഞാന് ആത്മാവാണ്.ഗമനം ആത്മനിഷ്ഠമാണ്. യജ്ഞദത്തൻ പോകുന്നു എന്നുപറഞ്ഞാല് അത് ഔപചാരികമായി. യജ്ഞദത്തന്റെ ശരീരം പോകുന്നു എന്നാവുന്നു. ഇപ്രകാരം അന്യഥാഭൂതത്തിൽ അന്യഥാ അറിയുന്ന അഭിമാനിയാണ് അഹം.അഹംസ്ഥാനത്തിൽ ശരീരപ്രത്യക്ഷമായ അഹങ്കാരം ആത്മപ്രത്യക്ഷമായ നിത്യമല്ല.

സൂത്രം 16.സന്ദിഗ്ധസ്തൂപചാരഃ

ഔപചാരികിയായ അഹങ്കാരം സംശയാത്മകമായിരിക്കുന്നു.അത് ആത്മലിംഗമോണോ അല്ലയോ.

സൂത്രം 17.ന തു ശരീരവിശേഷാദ് യജ്ഞദത്ത വിഷ്ണുമിത്രയോർജ്ഞാനം വിഷയഃ

ആത്മസാധനയിൽ അഹം എന്ന പ്രത്യയം ലിംഗത്വത്താല് വിഷയീകൃതമാണ്. യജ്ഞദത്ത വിഷ്ണുമിത്രന്മാരുടെ ശരീരങ്ങളുടെ ഇതരേതരജ്ഞാനം ലിംഗത്വത്താൽ മാത്രം വിഷയീകൃതമാകുന്ന ഒന്നല്ല.

സൂത്രം 18.അഹമിതി മുഖ്യയോഗ്യാഭ്യാം ശബ്ദവ്യതിരേകാവ്യഭിചാരാദ്വിശേസിദ്ധേർന്നാഗമികാഃ

അഹമെന്ന ശബ്ദം മുഖ്യമാണ്.അ എന്ന ആദ്യാക്ഷരം മുതൽ ഹ എന്ന അന്ത്യാക്ഷരം വരെയുള്ള ത്രിപുരസുന്ദരിയുടെ വർണ്ണമാലതന്നെയാണ് എന്റെ ശരീരത്തിലും യോഗ്യമായ ഗുണങ്ങളോടെ ഇരിക്കുന്നതെന്ന് വ്യതിരേകത്താൽ സ്ഫുടമായി ഗ്രഹിക്കണം. അഹമെന്നത് ആത്മാവിന്റെ വൈശേഷികലിംഗമാണ്. അതിനാലാണ് നമ്മുടെ വിശേഷസിദ്ധികളെല്ലാംതന്നെ.

സൂത്രം 19.സുഖദുഃഖജ്ഞാനനിഷ്പത്ത്യവിശേഷാദൈകാത്മ്യം.

സുഖദുഃഖാദികൾ ,ജ്ഞാനാജ്ഞാനങ്ങൾ ഇവയുടെ നിഷ്പത്തിയാല് ഏകാത്മമാണ് വിശേഷമായ ജീവാത്മാവ്.

സൂത്രം 20.വ്യവസ്ഥാനോ നാനാ.

ഏകമായ അത് നാനാത്വമായി വ്യവസ്ഥാനം ചെയ്യപ്പെട്ടുകാണുന്നു.3 തരം(ത്രിധാ)പദാർത്ഥ ത്തി ൽ നാനാത്വം സംഭവിക്കാം താത്വികമായി പരിണാമം കൊണ്ട് നാനാത്വം .ഗുണപരി ണാമം കൊണ്ട് പൃഥിവ്യാദികളുണ്ടാവുന്നു.

സൂത്രം 21.ശാസ്ത്രസാമർത്ഥ്യാച്ച.

ഏകമായ അഗ്നി ഭുവനത്തിൽ പ്രവേശിച്ച് രൂപംരൂപം പ്രതിരൂപമെന്നു ഭവിച്ചു. ഏകം അപ്ര കാരം സർവ്വഭൂതാന്തരാത്മാവായി. (കഠം 2.5.8)അയം ആത്മാ ബ്രഹ്മഃഎന്ന് ബ്രഹ്മാത്മൈ ക്യത്തെ ശ്രുതി പ്രകീർത്തിക്കുന്നു. ഇത് എല്ലാവർക്കും അനുഭവിക്കാവുന്നതുമാണ്.

ക്രമം ,ശ്രുതി,ഗതി എന്നിങ്ങനെ ത്രിപർവ്വഗയായ നാദശക്തി (ഊർജ്ജം)അപുനരാവ ർത്തി യായി ബ്രഹ്മപദത്തിൽ നിഃശ്രേയസത്തിന്റെ പരാകാഷ്ഠയാണ്. മഹത്തത്വമാണ്. മോക്ഷം, കൈവല്യം,കാരണശരീരത്തിൽ പൂർണ്ണലയം,അമൃതത്വം എന്നെല്ലാം പറയുന്നത് ഈ നാദ ബ്രഹ്മവുമായി ഏകാത്മകത്വമാണ്. ഇപ്രകാരം മൂന്നാം അദ്ധ്യായത്തിലെ രണ്ടാം ആഹ്നികം കഴിഞ്ഞു.

അദ്ധ്യായം 4 ആഹ്നികം 1.

സൂക്ഷ്മരൂപാവധാരണമാണ് ഈ ആഹ്നികത്തിലെ ചിന്താവിഷയം.

സൂത്രം 1.സദ്കാരണവന്നിത്യം.

ജഗത്തിന്റെ മൂലകാരണമായിരിക്കുന്നതും അസ്തി (ഉണ്ട)എന്ന് അറിയുന്നതുമായ തത്വം സദ് ആണ്.(Absolute).അത് സ്വയംസിദ്ധമാണ്.അതിന് മറ്റൊരു കാരണമില്ല.(നാസ്തി)എന്ന് അറിയുക. സദ് വിനാശമില്ലാത്തതാകയാൽ നിത്യമാണ്.യോഗത്താല് സാക്ഷാത്ഗ്രഹണം ലഭിക്കാൻ പ്രയാസമാകയാല് അവ്യക്തമാണതിന്റെ ലിംഗം. അനുമാനം കൊണ്ട് അറിയുക യാ ൽ അനുമാനികമാണ്.ജഗത്തിന്റെ ഉപാദാനകാരണത്വത്താൽ പ്രധാനം,പ്രകൃതി എന്ന് അറിയുന്നു.

സൂത്രം 2.തസ്യകാര്യം ലിംഗം.

അത് ജഗത്തിന്റെ കാരണവും ,ജഗത്ത് അതിന്റെ കാര്യവുമാണ് .അതുകൊണ്ട് സത്കാര്യം,സദാത്മകം എന്ന് കാരണത്തെ അറിയുന്നു.(സത്കാര്യവാദം).

സൂത്രം 3.കാരണാഭാവാത് കാര്യാഭാവഃ

കാരണമില്ലെങ്കിൽ കാര്യവുമില്ല. മഹത്ത് മുതലായ വിശേഷാന്തങ്ങളാൽ സാംഖ്യവിധിയാത് സാക്ഷാത്കാരദർശനം സാധിക്കേണ്ട യോഗഭൂമി എന്ന് ഇത് പറയപ്പെടുന്നു. ഈ

ഭൂമികയില് പ്രധാനത്തിന്റെ പരമാർത്ഥികമായ നിത്യത്വത്തിന്റെ ഉണ്മയുണ്ട്. അതിന്റെ അധഃസ്തനങ്ങളിൽ മഹത്വാദിവിശേഷാന്തങ്ങളിലും തത്കാര്യത്വാന്നിത്യത്വമുണ്ട്. വൈശേഷികഭൂമികകളിലും വിശേഷങ്ങളുടെ സൃഷ്ടി പ്രതിപാദനമായ ആരംഭത്വമുണ്ട്. നിത്യത്വാവസ്ഥ പാരിണാമിനിയായി ഗ്രഹിക്കപ്പെടുന്നു.

സൂത്രം4. അനിത്യഇതി വിശേഷതാപ്രതിഷേധഭാവാ.

തന്ത്രത്തിൽ സ്ഥൂലങ്ങളായ വിശേഷങ്ങളില് തൽകാര്യത്വം,അനിത്യത്വം എന്നിവ ഉദ്ദിഷ്ടമാണ്. വൈശേഷികതന്ത്രത്തിൽ പരമാണു പാരമാർത്ഥികനിത്യസത്യമാണ്. (പരമാണുകാരണവാദം).കുതർക്കക്കാരായ കലികാലത്തെ ആചാര്യന്മാരായ പാഷണ്ഡന്മാര് സ്വപക്ഷദോഷദൃക്കുകളായി ഇതിനെ എതിർത്തു. (പരമാണു അദൃശ്യമാകയാൽ).

സൂത്രം 5 അവിദ്യാ.

ദൃഷ്ടംകൊണ്ട് അദൃഷ്ടപ്രതിപത്തി എന്ന ദർശനമാണ് വൈശേഷികമാർഗ്ഗം. പ്രത്യക്ഷജ്ഞാനം ഉപലബ്ധി.ആനുമാനികജ്ഞാനം പ്രതിപത്തി. ഇവരണ്ടും വിദ്യ എന്നു കണക്കാക്കുന്നു. ലൌകികപ്രത്യക്ഷം ,അതിന്റെ പൂർവ്വകമായ അനുമാനജന്യംകൊണ്ടു സാധിക്കുന്നുണ്ട്. ഇപ്രകാരമുള്ള അസന്നിദ്ധജ്ഞാനം വിദ്യ.(മറ്റു മാർഗ്ഗങ്ങളില് അല്പാല്പം വ്യത്യാസമുണ്ട്)

ലൈംഗികജ്ഞാനം ഉപലബ്ധിപൂർവ്വകം ആരംഭിക്കുന്നു. ലിംഗാനുക്ലൃപ്തിപരമ്പരയാൽ, അവിപ്ലവതയായി അത് പ്രവർത്തിക്കുന്നു. നിത്യം, അനിത്യം എന്ന ഭേദത്തോടെ ദ്വിവിദ്യകളുടെ ഉപലബ്ധിയുണ്ട്.അനിത്യഇന്ദ്രിയദോഷം സംസ്കാരദോഷം ഇവയാൽ സംഭവിക്കുന്നു.മനസ്സിന്റെ അതിദൂരം,അതിസാമീപ്യം എന്നീ അവസ്ഥകളാലുണ്ടാവുന്നു.പരമാണു മുതലായ അതിസൂക്ഷ്മസംസ്കാരങ്ങളാല് അഗ്രാഹ്യത്വം അവയുടെ സ്വഭാവമായി ഇരിക്കയാല് ഇന്ദ്രിയങ്ങൾക്ക് അഗ്രഹണം നിത്യമായിരിക്കുന്നു എന്ന് ഉപ ലബ്ധി.ഉപലബ്ധിക്ക് ഹേതുവില്ലെങ്കിൽ അനുപലബ്ധിനിയമമായിത്തീരും.ചാക്ഷുഷത്വത്തിന് രൂപോദാഹരണം.

സൂത്രം 6.മഹത്യനേകദ്രവ്യവത്വാദ്രൂപാച്ചോപലബ്ധിഃ

സൂക്ഷ്മത്തിൽ പരമാണുവോടെ സ്വരൂപാരംഭം തുടങ്ങി.സ്വരൂപപ്രഭൃതങ്ങളില് പിന്നീട് സമമായ നിയമങ്ങൽ വരുന്നു.സംയോഗമാത്രയിൽ അവയിൽനിന്ന് കാര്യമായ സ്ഥൂലരൂപം ഭവിക്കുന്നു. ഇതിനെ പ്രപഞ്ചം എന്നു പറയും. പൃഥിയെ ഇത്തരം വിശേഷമായറിയണം. പൃഥിസ്വരൂപങ്ങൾക്ക് അഗ്നിസംയോഗത്താല് സ്ഥൂലാരംഭം.

രണ്ടുവിധം പൃഥിസ്വരൂപാണുക്കളുടെ സംയോഗത്താല് പ്രചയം സാക്ഷാത്താവുന്നു. സ്വർണ്ണപിഠരാണുക്കളുടെ പ്രചയമാണ് സുവർണ്ണഖണ്ഡം. ആദിയിൽ പൃഥിപിഠരാണുക്കള് പാകജ

സംയോഗത്താൽ അഗ്ന്യാണു ആരംഭിക്കുന്നു.അവ സാമാന്യസംയോഗത്താൽ പ്രചയം ഉണ്ടാവുന്നു. അതിൽനിന്ന് കാഷ്ഠ,പാഷാണാദികളുണ്ടാവുന്നു. ആപസ്സ്,തേജസ്സ്,വായുസ്വരൂപങ്ങളി ൽ പാകജസംയോഗമില്ല.അവ ഏകമായിത്തന്നെ സാക്ഷാത്ത്സ്വരൂപപ്രചയംകൊണ്ട് രൂപമാർജ്ജിക്കുന്നു. പരമാണുസമവായത്താല് സ്വരൂപാരംഭം.പരമാണുഗുണത്താൽ ഇപ്രകാരം സ്വരൂപഗുണാരംഭം.സമവായിഗതമായ സൂക്ഷ്മഗുണസംസ്കാരങ്ങളാൽ സജാതീയഗുണസംസ്കാരങ്ങളും അവയുടെ സന്നികർഷത്തില് വിശേഷങ്ങളും ഉണ്ടാവുന്നു. സജാതീയഗുണസംസ്കാരമുളള സമവേതനങ്ങൾക്ക് സംസ്കാരങ്ങള് സ്വതന്ത്രമായി സംഭവിക്കുന്നില്ല. വായുസമവായികാരണത്താൽ വിദ്യുത് അണുവിന് രൂപമുണ്ടാവില്ല.തേജസ്സിന് വായുസംയോഗം സത്യത്തിൽ രൂപോത്പത്തി ഉണ്ടാക്കുന്നില്ല.വിശേഷസംസ്കാരസ്വരൂപങ്ങളിലെ സംസ്കാരത്തെ വൈശേഷികഗുണമെന്നു പറയുന്നു.അവയുടെ സമവായത്താൽ ധർമ്മം ഉണ്ടാവുന്നു.അതിനാൽ ധർമ്മകൃത്തായിട്ടാണ് വിശേഷമുണ്ടാവുന്നത്.

പാകജസംയോഗത്താൽ ആശ്രയാശ്രയനിയമാഭാവത്താല് സമവായമില്ല.പിഠരങ്ങൾക്ക് ദിക്ദേശവിശേഷാവസ്ഥാനത്താല് പാകജത്തില് സംസ്ഥാനലക്ഷണം ധർമ്മവിശേഷമായി ഭവിക്കുന്നു.അതിന്റെ വിശേഷകാരണഗുണസന്നികര്ഷത്താല്, ഗുണങ്ങളിൽ ധർമ്മവിശേഷം സംഭവിക്കയാൽ വിശേഷം ധർമ്മകൃത്താണ്. ദ്രവ്യധർമ്മഭേദത്താല് ഗുണധർമ്മഭേദം. ഗുണവിശേഷത്താൽ ഇങ്ങനെ ഉപലബ്ധിനിയമം. ഗൌതമീയത്തിൽ ദ്രവ്യഗുണധർമ്മഭേദാച്ചോപലബ്ധിനിയമഃ(ന്യാ.ദർശ.3.2.38) എന്നുകാണാം.സൂക്ഷ്മഗുണസന്നികർഷത്താല് സ്വരൂപഗുണനിഷ്പത്തി പറയുന്നു.ഇന്ദ്രിയാർത്ഥസംസ്കാരങ്ങളില് അവയുടെ സന്നികർഷം വിചാരണം ചെയ്യണം. സംസ്കാരസ്വരൂപം അതിന്റെ വിശേഷമാണ്. സർവ്വവും സർവ്വസംസ്കാരത്തിലും സമാനമാണ് എന്ന് അർത്ഥം. കേവലാശ്രയഭേദം(തരംഗചലനത്തിന്റെ മീഡിയത്തിലുളള വ്യത്യാസം) കൊണ്ടാണ് വിശേഷങ്ങലിൽ ഭേദം.എല്ലാം ചലനമാണ്.ക്രിയാസംസ്കാരങ്ങളുടെ സംയോഗമണ്ഡലമാണ് ആശ്രയം(മീഡിയം).ഗുണസംസ്കാരങ്ങളുടെ ആശ്രയം ആകാശമാണ്. ജ്ഞാനസംസ്കാരങ്ങൾക്ക് ഇന്ദ്രിയസത്വം ആശ്രയം. നിയതഗതിവിസ്താരഗോചരമായി ഇന്ദ്രിയസംസ്കാരം അറിയപ്പെടുന്നു.പരമാണുരൂപസംസ്കാരത്തിന് അണുതമത്വം കൊണ്ട് അഗോചരത്വം (ഇന്ദ്രിയസംസ്കാരങ്ങൾക്ക് കാണാനാവില്ല) ഉളളതിനാൽ സന്നികർഷത്താല് ഗ്രഹിക്കണം. സ്വരൂപസംസ്കാരത്തിന് വിശേഷമായി ഗോചരസ്ഥത്വവും ഇന്ദ്രിയസംസ്കാരത്താ ൽ തന്നികർഷത്വവും ഉണ്ട്.യഥായഥാ അണുപ്രചയത്താൽ ദ്രവ്യമഹത്വം ഉണ്ടാവുന്നുവോ,തഥാതഥാ സംസ്കാരമഹത്വത്തിൽ ജനിക്കുന്ന രൂപരശ്മികളും മഹീയത ഉളളവയാണ് (According to Quantity of atoms/molecules ,quality,size,gravity of matter change). രൂപരശ്മികൾ അതിസൂക്ഷ്മമാകയാല് അവയുടെ തരംഗചലനം ഇന്ദ്രിയഗോചരമല്ല.(Highest frequency waves) ഇപ്രകാരം അനേകരൂപഗുണങ്ങളോടെ ദ്രവ്യം കാണപ്പെടുന്നു.

സൂത്രം 7.സത്യപി ദ്രവ്യത്വേ മഹത്വേ രൂപസംസ്കാരാഭാവാദ് വായോരനുപലബ്ധിഃ

സത്യത്തിൽ ദ്രവ്യത്വം ,അനേകദ്രവ്യത്വം,മഹത്വം,രൂപസംസ്കാരാഭാവം എന്നിവ വായുവിൽ ചിന്തിച്ചറിയണം. വായുവിൽ ദ്രവ്യത്വം ,അനേകദ്രവ്യത്വം,മഹത്വം,രൂപസംസ്കാരം എന്നിവ യില്ല.അതിസൂക്ഷ്മമായ വായുപരമാമുവിൽ രൂപസംസ്കാരമില്ല.അതിനാലതിന് സ്വരൂപമില്ല. വായു അരൂപമാണ്.

സൂത്രം 8.അനേകദ്രവ്യസമവായദ്രൂപവിശേഷാച്ച രൂപോപലബ്ധി.

ചകാരം മഹത്വസമുച്ചയത്തെ സൂചിപ്പിക്കുന്നു.സൂക്ഷ്മത്തിൽ സൂക്ഷ്മം രൂപം സംഭവിക്കുന്നു. സൂക്ഷ്മങ്ങളുടെ സമവായത്താൽ സ്വരൂപത്തില് രൂപവിശേഷമുണ്ടാവുന്നു.സ്വരൂപങ്ങളുടെ സംയോഗത്താൽ രൂപരശ്മിമഹത്വം ഉണ്ടാവുന്നു.

സൂത്രം 9.തേന രസഗന്ധസ്പർശേഷുജ്ഞാനം വ്യാഖ്യാതം.

ആപസ്സ് മുതലായ പരമാണുക്കൾക്ക് സൂക്ഷ്മഗുണമാണ്.സമവായത്താൽ സ്വരൂപത്തില് ഗുണവിശേഷം വരുന്നു.സ്വരൂപങ്ങളുടെ സംയോഗത്താൽ ഗുണവിശേഷങ്ങളില് ബഹുത്വം, മഹത്വം മുതലായ ഗുണങ്ങളുണ്ടാവുന്നു. ഗുണമഹത്വത്തിൽനിന്ന് രസാദിസംസ്കാരാണുഗുണ ങ്ങളിൽ പലവിധം പലഅളവുകൾ, പലവ്യക്തികളിൽ,സ്വരൂപങ്ങളിലുണ്ടാവുന്നു.

സൂത്രം 10.തസ്യാഭാവാദവ്യഭിചാരഃ

ഉപലബ്ധിഹേതുവിന്റെ അഭാവത്തിൽ ഉപലബ്ധിയുടെ അഭാവം പറഞ്ഞു.ന്യായസൂത്രം(3.1.37) നാനുമീയമാനസ്യ പ്രത്യക്ഷതോ അനുപലബ്ധിരഭാവഹേതുഃ എന്ന് പറയുന്നു. അനുമാനഗമ്യ മായ ജഗത്കാരണമാമ് പരമാണു.അത് ശാസ്ത്രപ്രസിദ്ധമായി പ്രതിപാദിക്കപ്പെട്ട സത്ത് അഥവാ സത്യമാണ്.(അഗോചരമെങ്കിലും).അതിന്റെ വൈശേഷികജ്ഞാനം ഉണ്ടാവുന്നില്ല. പരമാണുക്കളുടെ മാത്രാജ്ഞാനം മാത്രം വിഷയമായി ഭവിക്കുന്നു.ലൈംഗികതന്ത്രം ജ്ഞാന ത്തെ ആശ്രയിച്ചാണ്.പ്രത്യക്ഷമായ ലിംഗത്താൽ ഭവിക്കുന്നതാണ്. ഇന്ദ്രിയപ്രത്യക്ഷമാണ്. ഓരോ ഇന്ദ്രിയത്തിനും ഓരോ ഗുണം ഗ്രഹിക്കാനേ സാധിക്കുന്നുള്ളൂ.മറ്റെല്ലാം (ശേഷം) സംഖ്യാദികളാകുന്ന അസംസ്കാരത്വത്താൽ ഇന്ദ്രിയസന്നികർഷത്തില് ഉപപദ്യമാകുന്നു. അതിനാലവയെ (ശേഷത്തെ)അപ്രത്യക്ഷത്വാപത്തിയായി അറിയുന്നു.അവ അലിംഗത്വമാ ണ്. സംഖ്യക്ക് ലിംഗമില്ല.അതീന്ദ്രിയങ്ങൾക്കും ലിംഗമില്ല,ലക്ഷണമില്ല.

സൂത്രം 11.സംഖ്യാഃപരിമാണാനി പൃഥക്ത്വം സംയോഗവിഭാഗൌ പരത്വാപരത്വേ കർമ്മ ച രൂപിദ്രവ്യസമവായാത് ചാക്ഷുഷാണി.

സംഖ്യാദികളുടെ ജ്ഞാനവും പ്രത്യക്ഷമാമ്.അവയുടെ പ്രത്യക്ഷം ചാക്ഷുഷം,സ്പർശനം ഇവകൊണ്ടും ആകാം.അതിനാലവക്കും പ്രസിദ്ധലിംഗത്വമുണ്ടല്ലോ.

രൂപമാത്രമാണ് നേത്രം കൊണ്ടു ഗ്രഹിക്കാവുന്നത്. രൂപം സംസ്കാരാത്മകമാണ്.അവ സംസ്കാരാത്മകമായ ഇന്ദ്രിയങ്ങളുടെ സന്നികർഷത്താല് ഗ്രഹിക്കപ്പെടുന്നു.എന്നാൽ സംഖ്യകളുടെ ജ്ഞാനം ഇന്ദ്രിയം കൊണ്ടല്ല,പ്രത്യക്ഷമാവുന്നത്. സർവ്വത്തിന്റേയും പ്രത്യക്ഷമായ ക്രമം (order,rhythm)) കൊണ്ടാണ്. ക്രമം കാലകൃത്തും ദേശകൃത്തുമാണ്. ക്രമത്തിന്റെ ഗുണം ഭൂമിയിൽ ദ്രവ്യങ്ങളുടെ എണ്ണം എടുക്കുക എന്ന ഇന്ദ്രിയഗ്രഹണം (കണ്ണ്,സ്പർശം എന്നിവ)കൊണ്ട് അറിയുന്നു എന്നേയുള്ളു. ക്രമത്തെ അറിയുന്നത് ബുദ്ധിനിഗ്രഹം കൊണ്ടാ ണ്.അതിനാൽ ഇന്ദ്രിയകമല്ല,ബുദ്ധ്യപേക്ഷമാണ് ക്രമപ്രത്യക്ഷം. ദേശകാലജ്ഞാനം ,ക്രമ ജ്ഞാനം ഇവ ബുദ്ധിഗമ്യമാണ്.ഇന്ദ്രിയവിഷയമല്ല. ദീർഘകാലം, അനേകകാലത്തെ ചരിത്രം എന്നിവക്കും ഇതേ നിയമം കൂടുതൽ വിശാലാർത്ഥത്തില് ബാധകമാണ്.

കല്പയുഗാദികളായ ദീർഘകാലവ്യാപ്തിരൂപങ്ങളുടെ ഗ്രഹണം,അവയുടെ രൂപൈകത്വം, ക്രമകൃതം എന്നിവ ബുദ്ധികൊണ്ടും ഗ്രഹിക്കാവതല്ല.അതിനും അതീതമാണ്. രൂപാദി പ്രത്യക്ഷത്തിൽ ദേശകൃതക്രമം ബുദ്ധികൊണ്ടു ഗ്രഹിക്കാം.ഏകദേശത്ത് സ്ഥിതിചെയ്യുന്ന ഏകമായ സമരൂപം,ദ്വിതീയത്തിൽ ദ്വിതീയം, തൃതീയത്തിൽ തൃതീയം എന്ന് ദേശഭേദത്താല് മൂന്നെണ്ണം പ്രത്യക്ഷം. അങ്ങനെ സംഖ്യയെ അറിയുന്നു. ഇപ്രകാരം ദേശക്രമത്താൽ അറിയ പ്പെടുന്ന രൂപങ്ങളുടെ കൂടെ പരിമാണം,പൃഥക്ത്വം,പരത്വം,അപരത്വം മുതലായ ഗുണങ്ങളും ബോദ്ധ്യമാവുന്നു.രൂപാദിപ്രത്യക്ഷത്തിൽ ഇപ്രകാരം ക്രമവും യുഗപദ് ആയി ഗ്രഹിക്കപ്പെടുന്നു. സംയോഗം,വിഭാഗം,ഗമനം മുതലായി അവയുടെ ചാക്ഷുഷപ്രത്യക്ഷവും അതോടൊപ്പം അറി യുന്നു.ഇപ്രകാരം ബുദ്ധ്യപേക്ഷമായ ഗുണങ്ങളിൽ ക്രമപ്രത്യക്ഷം സ്പർശനം കൊണ്ടും അറി യാം. സംഖ്യാദികളുടെ പ്രത്യക്ഷജ്ഞാനം അതുകൊണ്ട് ലൈംഗികമല്ല,അതീന്ദ്രിയവും ബുദ്ധ്യ പേക്ഷവുമാണ് എന്നറിയുക.

സൂത്രം 12 അരൂപിഷ്വചാക്ഷുഷാണി.

ദ്രവ്യങ്ങളിൽ രൂപഗ്രഹണം ഗുണങ്ങൾക്ക് യഥായോഗ്യം ആകയാല്,സൂക്ഷ്മമായി ചക്ഷുസ്സുകളാൽ ഗ്രഹിക്കാനാവാത്ത അവയെ അരൂപി എന്നു വ്യവഹരിക്കുന്നു. അനുമാനംകൊണ്ട് അവ അറിയുന്നു.വായു അരൂപിയാമ്.ചാക്ഷുഷപ്രത്യക്ഷമല്ല.സ്പർശംകൊണ്ട് വായുവെ അറിയാം.

സൂത്രം 13.ഏതേന ഗുണത്വേ ഭാവേ ച സർവ്വേന്ദ്രിയം ജ്ഞാനം വ്യാഖ്യാതം

ഗുണഗ്രഹണത്താൽ ഗുണിയെ ഗ്രഹിക്കാമെന്ന ന്യായത്താല് സ്ഥൂലഗുണഗ്രഹണത്താല് കാര്യദ്രവ്യോപലബ്ധി എന്ന് കാര്യകാരണപാരമ്പര്യത്താൽ ലൈംഗികമായ വിധിയാല് വിശേഷങ്ങളായ കാരണങ്ങലുടെ ഗുണങ്ങളും ഗ്രഹിക്കാം.പ്രത്യക്ഷമായ സർവ്വഗുണവും കർമ്മത്തിലും പ്രത്യക്ഷമാണ്.അതിനെ ആശ്രയിച്ച ദ്രവ്യങ്ങളിലും ബുദ്ധ്യപേക്ഷമായി പ്രത്യക്ഷമാണ്. ഇപ്രകാരം ഗുണത്വത്തിൽ ഗുണിസദ്ഭാവത്തിൽ, സർവ്വേന്ദ്രിയപ്രത്യക്ഷ ജ്ഞാനവും പറയുന്നു. അതാണ് പ്രസിദ്ധലിംഗത്വമെന്ന് സിദ്ധം. നാലാം അദ്ധ്യായത്തിലെ ഒന്നാം ആഹ്നികം ഇപ്രകാരം കഴിഞ്ഞു.

നാലാം അദ്ധ്യായം രണ്ടാം ആഹ്നികം.

ദ്രവ്യം സ്ഥൂലം,സൂക്ഷ്മം ,സ്വരൂപമെന്ന് മൂന്ുവിധമുണ്ട്(ത്രിരൂപത്തിലുണ്ട്).സൂക്ഷ്മങ്ങളുടെ സമവായത്താലാണ് ധർമ്മവിശേഷംകൊണ്ട് സ്വരൂപാരംഭം. സ്വരൂപങ്ങളുടെ സംയോഗത്താലാണ് മഹത്വവിശേഷംകൊണ്ട് സ്ഥൂലാരംഭം.ദ്രവ്യങ്ങളിൽ സ്വരൂപരൂപം പരീക്ഷിച്ചറിയണം. സ്വരൂപത്തിൽ സ്ഥൂലാരംഭം പരീക്ഷിച്ചറിയണം.ഇവിടെ സൂക്ഷ്മത്തിൽ സ്വരൂപാരംഭം പരീക്ഷിക്കുന്നു.

സൂത്രം 1.തത്പുനഃപൃഥിവ്യാദികാര്യദ്രവ്യം ത്രിവിധം ശരീരേന്ദ്രിയവിഷയസംജ്ഞകം.

തത് എന്ന് മുമ്പ് നിരൂപിച്ച സ്വരൂപം കാര്യദ്രവ്യമായി പരാമർശിക്കുന്നു.പുനഃ എന്ന് പ്രകരണഭേദത്തില് ശബ്ദം.സ്വരൂപത്തിൽനിന്ന് സ്ഥൂലാരംഭം പൂർവ്വപ്രകരണത്തില് പറഞ്ഞു.സൂക്ഷ്മത്തിൽനിന്ന് സ്വരൂപാരംഭം എന്ന് ഇവിടെ പ്രകരണഭേദം.

സ്വരൂപദ്രവ്യത്തിന് ഏകമായ ഭാഗം അണുവാണ്.സൂക്ഷ്മത്തിന്റെ ഏകഭാഗം (യൂണിറ്റ്) പരമാണുവും.സ്വരൂപാണുക്കൾ നാനാധർമ്മവിശിഷ്ടങ്ങലാണെന്നു കാമാം.പരമാണുക്കൾക്ക് യാദൃഛികസംയോഗമാത്രത്താൽ ധർമ്മനിയമം ഉപപാദ്യമല്ല.അതിന്നർത്ഥം അണ്വാരംഭത്തില് പരമാണുക്കളുടെ സംയോഗവിശേഷം ഉണ്ടായിട്ടുണ്ട് എന്നാണ്.സംയുക്തങ്ങൾക്ക് അന്യോന്യം ആശ്രയാശ്രയീഭാവസംബന്ധമാണ് .അതാണ് സമവായം.സമവായത്താൽ പരമാണു അണുവെ ആരംഭിക്കുന്നു.സാമാന്യസംയോഗമാത്ര കൊണ്ടല്ല.

പരമാണുദ്വയസംയോഗം രണ്ട് സമാനങ്ങൽ തമ്മില് നടക്കുന്നു.എങ്കിൽ ഏത് ആശ്രയം, ഏത് ആശ്രയി. നിത്യഗമനശീലമായ പരമാണുക്കൾ നിയതഗതിയിലുള്ള ആഭിമുഖ്യത്താല് ഗമിക്കുന്നു.ഗമിക്കുന്ന പരമാണുവിന്റെ മാർഗ്ഗത്തില് പരമാണ്വന്തരസംയോഗമണ്ഡലമുണ്ട്. അതിനാൽ അവയുടെ അവക്ഷിപ്തത്തില് യുഗപദ് ഗമനാവക്ഷേപണങ്ങള് ദ്വയസംസ്കാരാന്തമായ പരിതോഭ്രമണം സംഭവിക്കുന്നു.ചന്ദ്രൻ ഭൂമിയുടെ ചുറ്റുമെന്നപോലെ.ഇപ്രകാരമുള്ള പരിതോഭ്രമണംകൊണ്ട് രണ്ടു പരമാണുവും പരസ്പരം ആശ്രയിക്കുന്നു. അതിലാലവ സമ

വായികളാണ്. മറിച്ച് ഒന്ന് ഒന്നിനെ ആശ്രയിച്ച് ഭ്രമിക്കുമ്പോള് അത് സംയോഗമാണ്. ഇപ്രകാരം സന്നിവേശത്താൽ ആശ്രയാശ്രയീഭാവം .ഇപ്രകാരം കല്പാന്തരം സംഭവിക്കുന്നു.സമവായത്തിൽ ഏകമാണ് പരമാണു.അത് സമവായിയായി ഭവിക്കുന്നു. (ഏകാർത്ഥസമവായി.).നിത്യഗമനവത്വത്താൽഅത് പര്യടകം എന്നു പറയപ്പെടുന്നു. സ്ഥൈര്യം(സ്ഥിരാവസ്ഥ) അതിനില്ല.(സ്ഥൈര്യാഭാവം).അതിനാൽ,പര്യയം ചെയ്യുന്ന വസ്തു. ഇപ്രകാരമൊരു ഏകാർത്ഥസമവായിയായ അണുവിൽ സ്ഥൈര്യം സംഭവിക്കുമ്പോൾ,സുവർണ്ണം ,രജതം, എന്നിങ്ങനെ ഉണ്ടാവുന്നു. സജാതീയപരമാണുക്കലുടെ ആഭിമുഖ്യത്താൽ സംയുക്തമായി ദ്വണുകം ഉണ്ടാവുന്നു. അവയുടെ ദിക്വിരോധത്താൽ ദ്വണുകത്തിന് സ്ഥൈര്യം ഉണ്ടാവുന്നു. ഇപ്രകാരം ദ്വണുകം,ത്ര്യണുകം,ചതുരണുകം മുതലായി സ്ഥൈര്യമുള്ള ദ്രവ്യങ്ങളുണ്ടാവുന്നു. അവയുടെ പരമാണുക്കളുടെ ഗമനാഭാവത്താൽ ഉത്ക്ഷേപണം,അവക്ഷേപണം മുതലായ ചലനങ്ങൾ,ലോകലോകാന്തരസഞ്ചാരം,ഗുരുത്വം എന്നിവ ചിന്തിക്കണം.ഗുരുത്വം കൊണ്ടുള്ള ആകർഷണമാണ് ഉത്ക്ഷേപണാവക്ഷേപണം ഉണ്ടാക്കുന്നത്. സ്ഥൈര്യം വന്നതോടെ നിത്യഗമനം അവസാനിക്കുന്നു.ഗമനമുണ്ടെങ്കിലേ ലോകലോകാന്തരസഞ്ചാരം ഉള്ളൂ. (അണവോ അശ്നുവന്തി അദ്ധ്വാനമിതി അശ്വാഃകിരണാത് കിരണാഃഖേ ദയന്ത ആകാശേ ഗഛന്തീതി ഖേദയ ഉച്യന്തേ).ഇപ്രകാരം നിഗമത്തെ അനുസന്ധാനം ചെയ്യുക.

സ്വരൂപാണുക്കളുടെ സമവായ്യസമവായികളെന്ന ജാതിസംഖ്യാവഛേദത്താൽ നാനാവികല്പങ്ങ ള്, സംഭവിക്കുന്നു.പൃഥിവിസമവായികാരണകമണു(Fusion) അസമവായിഭേദത്താല് വിഭജനം ചെയ്യുന്നു.(fission)

സൂത്രം 2. പ്രത്യക്ഷാപ്രത്യക്ഷാണാം സംയോഗസ്യാപ്രത്യക്ഷത്വാല്പസാത്മകം ന വിദ്യതേ.

സ്വരൂപദ്രവ്യം എന്ന് ശേഷം.ആകാശം സംയോഗാഭാവത്താൽ സമവായിത്വപ്രതിഷേധമാകയാൽ പഞ്ചാത്മകഗ്രഹണമില്ല.ചതുരാത്മകമെന്ന് അറിയുക. അസമവായികാരണത്വമാണ് ആകാശത്തിന്. വായുവിന്റെ സംയോഗവും സഞ്ചാരവും കൊണ്ടാണ് ആകാശത്തെ (അപ്രത്യക്ഷത്തിൽനിന്ന്)പ്രത്യക്ഷമായി അറിയുന്നത്. സജാതീയസംയോഗത്താൽ ഗുരുത്വം ലഭിക്കുന്നു.അത് ചാക്ഷുഷമാകുന്നു.പിന്നെ സമവായിഗുണപൂർവ്വകമായ കാര്യഗുണം ഭവിക്കുന്നു. ഇങ്ങനെ സുവർണ്ണരജതാദികാര്യദ്രവ്യങ്ങൾക്ക് സമവായികാരണം പഞ്ചഭൂതസമൂഹാത്മകം സ്വന്തം സ്വന്തം ഭ്രമിതോറും ഗുരുത്വത്തോടെ പ്രത്യക്ഷമാകുന്നു.ഓരോ ദ്രവ്യത്തിനും അതാതിന്റെ ദേശത്തില് അതാതിന്റെ ദേശത്തില് (space)അതാതിന്റെ ഗുരുത്വാകർഷണം (magnetic gravitational force of attraction)ഉണ്ട്. ആകാശാത്മകത്വത്താൽ ഗുരുത്വാഭാവം ഉള്ള ആകാശത്തിൽ സംയോഗാഭാവമുണ്ട്. വായ്വാത്മകത്വത്താല് മേരുവിനുചുറ്റും ഗുരുത്വത്താ ൽ തിര്യഗ് ഗമനം(അപസവ്യവായുചലനം)കാണുന്നു.തേജസ്സ് പ്രകൃത്യാ ഊർദ്ധ്വഗമനമുള്ളതാണ്. അതിനാൽ സുവർണ്ണാദികളായ പിഠരങ്ങളില് സമവായികാരണം പഞ്ചഭൂത

സമൂഹാത്മകമായി സംഭവിക്കുന്നില്ല. വായു സംഗൃഹീതവും തേജപ്രകൃതവും സമവായികാരണം സംഭവിപ്പിക്കുന്നില്ല.സമവായികൾക്ക് ഏകപ്രകൃതിത്വത്താല് ഹേത്വന്തരം പറയുന്നു.

സൂത്രം3.ഗുണാന്തരാ പ്രാദുർഭാവാച്ച ന ത്ര്യാത്മകം.

പൃഥി മുതലായ ദ്വിപ്രകൃതികങ്ങളിൽ സമവായികാരണം അവയുടെ ഗുരുത്വപ്രത്യക്ഷാദികളാല് ഗുണാന്തരപ്രാദുർഭാവമുണ്ടാക്കുന്നു. ജലപൃഥിവ്യാദികളില് രസസന്നികർഷത്താല് സുവർണ്ണാദികളില് രസവിശേഷം ഉപലഭ്യമാകുന്നു. സുവർണ്ണാദികളില് ദ്വയാത്മകത്വം സമവായിയല്ല.കേവലമായ സംയോഗത്താൽ പ്രത്യക്ഷമായി ഹേതുവായി ആകാശം ഉൾപ്പെടുന്നതാണ്.കേവലമായി ഗുണാന്തരപ്രാദുർഭാവത്താല് ഹേതുക്കൾക്ക് വ്യാവൃത്തി സംഭവിക്കുന്നു. വായു, തേജസ്സ്,ഇവരണ്ടിനും ഹേതുത്വം പ്രതിഷേധമെന്ന് ചകാരശബ്ദം കൊണ്ട് അറിയണം. അതിനാൽ ഏകപ്രകൃതികമാണ്,ത്ര്യാത്മകമല്ല,സമവായം. പൃഥിവ്യണു കേവലപൃഥീസമവായികാരണകം ആയി ഭവിക്കുന്നു. അതിനാൽ ഏകാത്മകത്വം വ്യാഖ്യാതം.ലോകത്തിലും ശാസ്ത്രത്തിലും ജഗത്ത്,ശരീരം മുതലായ ഭാവനകളിലും പഞ്ചഭൂതകത്വം പ്രഖ്യാതമാണ്. അതിനെ പറയുന്നു.

സൂത്രം 4.അണുയോഗസ്ത്വപ്രതിഷിദ്ധഃ

സ്വരൂപാരംഭത്തിൽ അനേകത്വത്തിന്റെ സമവായിത്വവും സ്ഥൂലാരംഭത്തില് അണുസംയോഗവും ഇവിടെ പ്രതിഷേധിക്കുന്നു.പൃഥിവ്യാദിഅണുക്കൾ ശരീരത്തില് ഇന്ദ്രിയവിഷയഭേദാത്മരൂപത്താൽ മൂന്നുവിധം.ഥിവ്യണുസംയോഗത്താൽ സ്ഥൂരാരംഭം.ശരീരാണുസംയോഗത്താൽ സ്ഥൂലശരീരാരംഭം.

സൂത്രം 5.തത്ര ശരീരം ദ്വിവിധം യോനിജമയോനിജച്ച.

അണുസംയോഗത്താൽരണ്ടുവിധം ശരീരാരംഭം. യോനിജം,അയോനിജം. പശു,കുതിര, മനുഷ്യനെന്നിവ യോനിവ്യവസ്ഥാവിശേഷം നിയതദിഗ് ദേശഗാത്രമുള്ള യോനിജമായ സ്ഥൂലശരീരത്തെ ആശ്രയിച്ചവയാണ്.യോനിയിൽനിന്ന് ജനിച്ചവയാണ്.

സൂത്രം 6.അനിയതാദിഗ് ദേശപൂർവ്വകത്വാത്.

യോനിയുടെ അനുരോധാഭാവം കൊണ്ട് അണുക്കൾക്ക് ജലവായ്വാദികളായ അനിയതദിഗ് ദേശപൂർവ്വകത്വത്താല് സംയോഗം ചെയ്ത അയോനിജസ്വരൂപശരീരാരംഭമുണ്ട്.ഇവ ദിവ്യശരീരങ്ങളാണ്.

സൂത്രം 7.ധർമ്മവിശേഷാച്ച.

സമവായസമവായികൾക്ക് ജ്യോതിസംഖ്യാവഛേദത്താല് അനുവിശേഷങ്ങളുമായി സംയോഗംകൊണ്ട് ദൃഷ്ടമായ സങ്കല്പനിമിത്തസംസ്ഥാനരുപധർമ്മവിശേഷങ്ങളാല് സ്വരൂപശരീരം ആരംഭിക്കുന്നു.ഇതിൽനിന്ന് ലോകവ്യവസ്ഥപ്രതിഷ്ഠമാവുന്നു.

സൂത്രം 8 സമാഖ്യാഭാവാച്ച.

അനേകഭാവസമൂഹമാണ് ശരീരം.അനേകാർത്ഥസമൂഹത്തില് ശരീരം എന്നപേര് കൊടു ത്തിരിക്കുന്നു. പുനരുോഗത്താൽ ഇതിന് രൂഢത വരില്ല.പുരുഷനെ ആശ്രയിച്ചതാണ് ശരീരം.അതിന്റെ നിയതദിഗ് ദേശപൂർവ്വകത്വം സമാഖ്യാതമായി ലഭിക്കുന്നു.ജലത്തിൽ അനിയതദിഗ് ദേശപൂർവ്വകസ്വരൂപമാണ് ശരീരം.അതിന്റെ അനുവിധാനത്താല് യോന്യാ ദിനിമിത്തങ്ങള് നിയതദിഗ് ദേശഗാത്രത്തില് സ്ഥൂലശരീരം ആരംഭിക്കുന്നു.

സൂത്രം 9.സംജ്ഞായാ ആദിത്വാദ്

സംജ്ഞാർത്ഥങ്ങൾക്കു മദ്ധ്യേ സംജ്ഞകൾക്ക് ആദിത്വം.അർത്ഥങ്ങൾക്കല്ല.ആദ്യം വാക്കും പിന്നെ അർത്ഥവും പ്രവൃത്തമാവുന്നു.സംജ്ഞ ആദ്യമുണ്ടായി അതിനനുരൂപമായ അർത്ഥം ദ്രഷ്ടവ്യമാകുന്നു.ഇപ്രകാരം ശരീരത്തിന് നിയതദിഗ് ദേശസംസ്ഥാനം നിമിത്തത്താൽ ഭവിക്കുന്നു.സ്വരൂപമല്ല,ദിഗ് ദേശസംസ്ഥാനമാണ് ലഭിക്കുന്നത് എന്ന് അർത്ഥം.

സൂത്രം 10.സന്ത്യയോനിജാഃ

അയോനിജങ്ങളായ ശരീരങ്ങൾക്കും ഇപ്രകാരംതന്നെയാണ് ഉത്ഭവം.ചതുർവ്വിധം ഭൂത സർഗ്ഗം ഇങ്ങനെ വ്യാഖ്യാതമാണ്.

സൂത്രം 11.വേദലിംഗാച്ച.

അയോനിജസ്വരൂപശരീരസത്വത്തിൽ വേദവചനം ലിംഗമാണ്.ലൈംഗികം തന്നെയാമ് ശബ്ദജ്ഞാനം എന്ന് വേദത്തിന് ലിംഗത്വം(ലക്ഷണത്വം)പറയുന്നു.പ്രജാപതിഃപ്രജാ അസൃ ജത.സ ഊർദ്ധ്വേഭ്യ ഏവ പ്രാണേഭ്യോ ദേവാനസൃജത.യേവാഞ്ചഃപ്രാണാസ്തേഭ്യോ മർത്ത്യാഃ പ്രജാഃഅഥോർദ്ധ്വമേവ മൃത്യും പ്രജാഭ്യോ അത്താരമസൃത.(ശാ.പ. 10.1.3.1)എന്ന് ശ്രുതി. മർത്ത്യാമർത്ത്യഭേദത്താല് യോനിജം അയോനിജമെന്ന് 2 വിധം ശരീരം ശ്രുതിയാണ് പറഞ്ഞിരിക്കുന്നതെന്ന് ദ്രഷ്ടവ്യം.

അദഭ്യഃസംഭൃതഃപൃഥിവ്യൈ രസാച്ച

വിശ്വകർമ്മണഃസമവർത്തതാഗ്രേ

തസ്യത്വഷ്ടാ വിദധ്യദ്രൂപമേതി

തന്മർത്ത്യസ്യ ദേവത്വമാജാനമഗ്രേ.(യ.സം.31.17)

അമർത്ത്യരിൽഋഷിമാരും സാദ്ധ്യരും ആജാനദേവരും ആയി നാനാസംജ്ഞകള് സ്വരൂപ ശരീരഭേദത്താൽ ദ്രഷ്ടവ്യം. ഇപ്രകാരം പ്രസിദ്ധമായി ശാസ്ത്രത്തിൽ വ്യഖ്യാനിക്കപ്പെട്ട ലിംഗ ശരീരം സ്വരൂപശരീരഭിന്നമാണ്. ഇവിടെ നാലാം അദ്ധ്യായം രണ്ടാം ആഹ്നികം കഴിഞ്ഞു.

അദ്ധ്യായം 5 ആഹ്നികം 1

ഈ അദ്ധ്യായം കർമ്മനിരൂപണമാണ്.ആദ്യത്തെ ആഹ്നികത്തിൽ കർമ്മപ്രവർഗ്ഗനിരൂപ ണം. (energy transfer or transmission of force or power from one body to another) രണ്ടാമ ത്തേതിൽ അദൃഷ്ടാദിസംസ്കാരനിരൂപണം.(interplanetary energy)

സൂത്രം 1.ആത്മസംയോഗപ്രയത്നാഭ്യാം ഹസ്തേകർമ്മഃ

കർമ്മം ഏകദ്രവ്യാശ്രയമാണ്.കർമ്മത്തില് സ്വാശ്രയം ത്യജിച്ച് സംയോഗത്താല് ദ്രവ്യാ ന്തരത്തിൽ സംക്രമണം അപവർഗ്ഗമാണ്.സംയോഗത്തിൽ സത്യത്തില് അപവർഗ്ഗം സംഭ വിക്കുന്നു.ആത്യന്തികസന്നികർഷം പരമാണുസംയോഗത്തില് സംഭവിക്കുന്നു. അന്തരാളത്തി ൽ ആകാശം അവതിഷ്ഠമാണ്.ആകാശത്തിൽ നിഷ്ക്രിയത്വത്തിന്റെ അതിലംഘനം കർമ്മ ത്തിന്റെ അവിഭവത്താൽ സംഭവിക്കുന്നു.

പരമാണു പരിതോ (ചുറ്റും)രശ്മിമണ്ഡലവിശേഷമാണ്.സംയോഗഗുണമുണ്ട്. രശ്മികൾ ആകാ ശത്തിൽ വിഭവിക്കുന്നു.ദ്രവ്യസംയോഗത്തിൽ ഉഭയസംയോഗരശ്മി സന്നികർഷത്താല് സേതുഭൂതത്താൽ കർമ്മാപവർഗ്ഗം ഭവിക്കുന്നു.സർവ്വവും ദ്രവ്യസംയോഗകർമ്മജമാണ്. സംയോഗഫലമാണ്.സംയുക്തങ്ങൾക്ക് പിന്നെ അന്യത്തോട് സംയോഗമുണ്ടാവുന്നത് സംയുക്തസംയോഗം.ഇപ്രകാരം സംയോഗപരമ്പര ദ്രവ്യങ്ങലുടെ അപവർഗ്ഗത്തില് പ്രവ ർത്തിക്കുന്നു.പൂർവ്വാശ്രയം ത്യജിച്ച് ഏതൊന്ന് സംയോഗരശ്മി ഉപാരൂഢമായി ഭവിക്കുന്നു,ആ കർമ്മം അതിന്റെ സംസ്കാരത്വം(energy state) പ്രാപിച്ച് കർമ്മത്വം (function,force)നേടുന്നു. ഉത്തരാശ്രയപ്രതിപന്നമായ സംസ്കാരത്വം പിന്നീട് കർമ്മത്വം കൊണ്ട് പരിണമിക്കുന്നു. ഇപ്ര കാരം കർമ്മത്തിന്റെ സംസ്കാരം.സംസ്കാരത്തിൽനിന്ന് വീണ്ടും കർമ്മം ജനിച്ചുകൊണ്ടേ ഇരി ക്കുന്നു. ഉത്തരോത്തരം പര്യായേണ സംസ്കാരപരിണാമപരമ്പരയാൽ കർമ്മാപവർഗ്ഗപ്രവൃ ത്തി ഉണ്ടാവുന്നു.സത്തിൽ അർത്ഥത്തിന്റെ അത്യന്താഭാവത്തില് അസദ് ഉല്പാദിതമാവുന്നു. പൃഥ്വി,ജലം,തേജസ്,വായു ,ആത്മാ,മനസ്സ്,എന്ന് ഷഡ്ദ്രവ്യങ്ങലൾ കർമ്മമായും സംയോജി ച്ചും പ്രപഞ്ചം ഉണ്ടാവുന്നു.അവയുടെ ആദിയിൽ ആത്മകർമ്മാപവർഗ്ഗം ചിന്തിക്കുന്നു. ശരീര ത്തി ൽ ദ്വിവിധം ആത്മകർമ്മപ്രവൃത്തി കാണാം. ഇഛാപൂർവ്വകം പ്രവൃത്തം കർമ്മപ്രയത്നം. അത് ഇഛാതന്ത്രത്താൽ ക്ഷണികം.പ്രാണസംയോഗത്താൽ പ്രവൃത്തം കർമ്മജീവനം. ചോദ

നാധീനമായതിനാൽ നിത്യം.അതിന്റെ ആദിയിൽ പ്രയത്നാപവർഗ്ഗം പരീക്ഷിക്കുന്നു. മുസലത്താൽ ധാന്യാധവഹനത്തില് ആത്മസംയോഗപ്രയത്നത്താൽ അപവൃക്തമായ കർമ്മം ഹസ്തം പ്രാപിക്കുന്നു.

സൂത്രം 2.തഥാ ഹസ്തസംയോഗാച്ച മുസലേ കർമ്മഃ

അപവർഗ്ഗത്താല് ഹസ്തസംയോഗദ്വാരാ കർമ്മം മുസലത്തില് അപവൃക്തമാകുന്നു. ചകാരംകൊണ്ട് ഗുരുത്വഗ്രഹണം .ഗുരുത്വത്താൽ മുസലത്തില് പതനരൂപമായ കർമ്മം പറയണം.

സൂത്രം 3.അഭിഘാതജേ മുസലാദൌ കർമ്മണി വ്യതിരേകാദകാരണം ഹസ്തസംയോഗഃ

അഭിഘാതം (collision of one object with another) രണ്ടു വസ്തുക്കൾ വേഗപൂർവ്വകമായി സഞ്ചരിച്ച് കൂട്ടിമുട്ടുന്നതാണ്. ഉലൂഖലത്തിലിട്ട ധാന്യം ഉലക്കകൊണ്ട് ഇടിക്കുന്നത് അഭിഘാതമാണ്. ഇത് മുസലഗതമായ കർമ്മം. ഏകമായ അംശത്താൽ മുസലത്താല് ധാന്യത്തെ ധാന്യത്തോട് ഉലൂഖലത്തിലെ സംയോഗംകൊണ്ട് പൃഥ്വീസംസ്കാരംചെയ്ത് ദ്രവരൂപം (ആപസ്) ആക്കുന്നു. ആപസ്സിന്റെ അംശത്തെ ധാന്യത്താൽ പ്രത്യാഭിഹതം ചെയ്ത്(മുസലംകൊണ്ട്) മാറ്റിയെടുക്കുന്നു.ഈ അഭിമതകർമ്മങ്ങളില് ഹസ്തസംയോഗമില്ല.കാരണം പ്രയത്നാഭാവാത് അപ്രവൃത്തം.

സൂത്രം 4.തഥാ ആത്മസംയോഗോ ഹസ്തകർമ്മണി.

മുസലസംയോഗത്താൽ അഭിഘാതജകർമ്മം ഹസ്തം പ്രാപിക്കുന്നു.ആ കർമ്മം(അഭിഘാതജം) ഹസ്തത്തിന്റെതാവുന്നില്ല. ആത്മസംയോഗകാരണം ഇഛാപ്രയത്നാഭാവം എന്നിവയാൽ.

സൂത്രം 5.അഭിഘാതാന്മുസലസംയോഗാദ്ധസ്തേ കർമ്മഃ

ഹസ്തയോഗപരമ്പരകൊണ്ടുള്ള ആത്മകർമ്മം ഭൌതികത്വം പ്രാപിക്കുന്നു. ഭൌതികക ർമ്മമായ അഭിഘാതത്താൽ മുസലത്തെ എടുക്കുന്നു. ഹസ്തവും മുസലവും സംയോഗം കൊണ്ട് കർമ്മം നിർവ്വഹിക്കുന്നു.

സൂത്രം 6.ആത്മകർമ്മഹസ്തസംയോഗാച്ച.

കൈകൊണ്ടുള്ള സംയോഗവും ആത്മകർമ്മം തന്നെയാണ്. അഭിഘാതജമായ പ്രത്യപവൃക്ത്തം ,പ്രയത്നജമായ ഉക്ഷേപണം ഇവരണ്ടും ആത്മകർമ്മമെന്ന് ചകാരപ്രയോഗം കുറിക്കുന്നു. മുസലത്തിന്റേയും കയ്യിന്റേയും അഭിഘാതം,പ്രവൃത്തി എന്നീ കർമ്മങ്ങള് അവയുടേതല്ല, ആത്മാവിന്റേതാണ്.

സൂത്രം 7.സംയോഗാഭാവേ ഗുരുത്വാത് പതനം.

ആത്മാവിൽ മുസലവിധാരമം ഇഛരാപൂർവ്വകമാണ്.ആത്മസംയോഗാഭാവത്തില് മുസല ത്തിൽ ഗുരുത്വത്താല് പതനം സംഭവിക്കുന്നു.

സൂത്രം 8.നോദനവിശേഷാഭാവാന്നോർദ്ധ്വ ന തിര്യഗ്ഗമനം

ഋജുഗതിയെ പറയുന്നു.പിണ്ഡത്തിന്റെ ദിഗ്വിക്ഷേപം ഋജുമാർഗ്ഗത്തിലല്ല. അപസവ്യോ ർദ്ധ്വഗമനരൂപമായ ഉദസനം. (deflection,change of direction ,geodesic എന്നിങ്ങനെ കുടിലമായ വളഞ്ഞ ഗതിയെ പറയുന്നു)ഉദസനം കർമ്മാന്തരാധാനത്താല് ഭവിക്കുന്നു. അതിന്റെ ആധാനം ശനകപ്രയുക്തം(slow), നോദനം(pressure),വേഗം(quick, speed), അഭിഘാതം(collision) ഇങ്ങനെയാണ്.നോദനം വിശിഷ്യ ദ്വിധാ പറയണം. 1.ചേഷ്ടാവിശേഷം 2. ദിഗ് വിശേഷം.മുസലത്തിൽ ഗുരുത്വനിമിത്തം ഏകമെങ്കില് പതനം ഋജുവാണ്. ആത്മസം യോഗാഭാവത്താൽ ,പ്രയത്നാബാവത്താൽ ഗുരുത്വാദി അന്യന്നോദനം ഇല്ല എന്നതിനാല് മുസലത്തിന് ഉദസനം ഇല്ല.

സൂത്രം 9.പ്രയത്നാവിശേഷാന്നോദനവിശേഷഃ

സൂത്രം 10.നോദനവിശേഷാദുദസനവിശേഷഃ

ഉദസനമെന്നാൽ ദിക് വിക്ഷേപം. സർവ്വകർമ്മയോഗ്യതാവഛിന്നമായതും സർവ്വയന്ത്ര തന്ത്രാത്മകവും ആത്മാധിഷ്ഠിതവുമാണ് ഇദംശരീരം(ഈ മനുഷ്യശരീരം). ആത്മകർമ്മസം ബന്ധത്താൽ ഭൌതികകർമ്മാപവർഗ്ഗം ഭൌതികവസ്തുക്കളില് കാണുന്നു.(Human body and cosmic body as omnigenious machine capable of doing every action with will,knowledge and action)

സൂത്രം 11.ഹസ്തകമർണ്ണാദാരകകർമ്മവ്യാഖ്യാതം

ആത്മസംയോഗപ്രയത്നത്താൽ ഹസ്തത്തിന് കർമ്മം ചെയ്യാനാവുന്നു.ഹസ്തസംയോഗത്താൽ പരശു,ദണ്ഡം മുതലായ ആയുധങ്ങളാൽ കർമ്മം സാധിക്കുന്നു. പരശുവിന്റെ വേഗമഹത്വത്താൽ ,ധാരായതത്വം,തീക്ഷ്ണത്വം(മൂർച്ച),ധാരാകാഷ്ഠസംയോഗപ്രദേശത്ത് കാഷ്ഠാസംയോഗത്തിന്റെ അല്പാന്തരത്വത്താൽ നാശം(കല്ല് പൊടിയുന്നു)സംഭവിക്കുന്നു.അതിനാൽ വിഭാഗത്താല് കാഷ്ഠദാരണം (കല്ല് പൊടിക്കുന്ന ശക്തി)ആത്മാവിൽനിന്ന് ഹസ്തപ്രയോഗം വഴിതന്നെയുള്ള ശക്തി (force)) ആണ്. ആത്മശക്തിതന്നെയാണ്.

സൂത്രം 12 തഥാ ദഗ്ധസ്യ വിസ്പോടനേ..

ദഗ്ധം force of combustion

വിസ്പോടനം force of explosion

ഇതുപോലെ ദഗ്ധവിസ്പോടനങ്ങളേയും അറിയുക. സോമബഹുലമായ ദ്രവ്യം (alcoholic groups) വിസ്പോടകദ്രവ്യമായി ഭവിക്കുന്നു.സോമാണുക്കളിൽതേജസ്സിന്റെ അണുസംയോഗം കൊണ്ട് പാകദഹനം നടക്കുന്നു.ധൂമാണുക്കളോട്ടുകൂടിയ വിമോകത്തോടെ ഗമനം ,അവക്ഷേപണം എന്നിവ ,വേഗത്തിൽ നാലുദിശയിലും പ്രസരണം എന്നിവയും സംഭവിക്കുന്നു. ഇതാണ് വിസ്പോടനം എന്നുപറയുന്നത്. ഇങ്ങനെ മഹദ് കർമ്മത്തിന്റെ ഉല്പത്തി.

സൂത്രം 13.യത്നാഭാവേ പ്രസുപ്തസ്യ ചലനം

പ്രയത്നാബാവത്തില് പോലും ഉറക്കത്തില് ശ്വാസപ്രശ്വാസജീവനാദികർമ്മങ്ങളെ വായു ചെയ്യുന്നുണ്ട്. ആത്മസംയോഗവിശേഷമാണ് പ്രാണകർമ്മങ്ങൾ. ഇഛകൊണ്ടോ പ്രയത്നംകൊണ്ടോ അല്ല.പ്രാണസംയോഗത്താൽ ശരീരത്തില് ഉറങ്ങുമ്പോളും ചലനം(involuntary movements. Sympathetic and parasympathetic functions) നടക്കുന്നു. പ്രയത്നം കൂടാതെ കൈകാലുകൾപോലും ഇളക്കുന്നുണ്ട്(motor movements during sleep). ഭൌതികവായുകർമ്മം പറയുന്നു.

സൂത്രം 14.തൃണേ കർമ്മം വായുസംയോഗാത്.

നാഡ്യവായുസംയോഗത്താൽ വായുകർമ്മം തൃണവൃക്ഷാദികളില് നടക്കുന്നു. (atmospheric field ലുള്ള വായു. നാഡികളിലെ വായു) അങ്ങനെ അവയിൽ ചലനകമ്പനം ഉണ്ടാവുന്നു. സൂക്ഷ്മവായുകർമ്മം ഇനി പറയുന്നു.

സൂത്രം 15.മണിഗമനം സൂച്യഭിസർപ്പണം അദൃഷ്ടകാരിതം.

മണിഗമനം (കാന്തം കൊണ്ട് മണി ചലിപ്പിക്കുന്നത്.)

സൂച്യഭിസർപ്പണം (കാന്തം കൊണ്ട് സൂചി ചലിക്കുന്നത്).

മണികളിൽ ഉപസർഗ്ഗത്താല് അവ്യക്തരൂപേണ പദാർത്ഥധർമ്മങ്ങള് ആവിഷ്കരിക്കപ്പെട്ടുന്നു. സൂര്യകിരണത്തിൽ അവ്യക്തരൂപത്തില് സംക്ഷിപ്തമായിരിക്കുന്ന കാന്തികശക്തി പ്രകാശമാകുന്നതാണ് സൂര്യകാന്തമണി. അയോഗതമായ(കാന്തത്തിലുള്ള) വായുരശ്മികളാൽ ആവിഷ്കരിക്കപ്പെട്ടത് അയസ്കാന്തമണി,ചുംബകം എന്ന് ലോകപ്രസിദ്ധമാണ്. ച എന്ന ആദിപക്ഷത്തിന് (ചുംബയതി) പരാകരോതി(മറ്റൊന്ന്,മറ്റൊരാൾ ചെയ്യുന്നത്) എന്ന് അർത്ഥമുണ്ട്. ചുംബകത്താൽ മുഖം,പുഛം എന്നിവ ഇതരേതരാകർഷണം ചെയ്യുന്നു. (വിപരീതധ്രുവങ്ങ ള്)

മുഖപുഛങ്ങൾ പരസ്പരാകർഷണമെന്ന ധർമ്മദ്വയം ചുംബകത്തില് യുഗപദ് ആയി കാണുന്നതിനാൽ ചുംബകസ്ഥമായി ചുംബകത്വഗുണം ഇരിക്കുന്നു.

പൃഥ്വീഗോളത്തിൽ ഈ വിധം ചുംബകത്വം ദൃഷ്ടമാണ്.അയഃഖണ്ഡം (ലോഹഖണ്ഡം)ഇത്തരം ഗുണം കാണിക്കുന്നുണ്ട്. അയസ്സിൽനിന്ന് വ്യതിരിക്തമായ ലോഹത്തിലും തൃണകാഷ്ഠാദികളി ലും താരതമ്യേന ചുംബകത്വം ദൃഷ്ടമാണ്.വായ്വണുവില് നിത്യവിധ്യമാനമായ ചുംബനാഖ്യമായ വായുകർമ്മാണുക്കളുടെ സംസ്ഥാനവിശേഷത്താല് പ്രതിരുദ്ധമായ സംസ്കാരത്വം(polarity and physical theory of magnetism) ഇല്ല.സംഘർഷണം ,അഭിഘാതം മുതലായ അണുസം യോഗനാശത്താൽ മേരു പ്രേരിതമായ അണുക്കള് പിന്നീട് സംഘടിതമായി ,വീണ്ടും ചുംബക ത്വം ഉല്പാദിപ്പിക്കുന്നു.ചുംബനം മേരുകാരിതമെന്ന് അദൃഷ്ടകാരിത്വം പറയുന്നു. പൃഥികർമ്മകാ രിതമല്ല. ഖണ്ഡത്തിലും മണിയിലും ഗമനപ്രവൃത്തമായി കാണുന്ന മഹത്തരമായ ആകർഷ ണശക്തി ഗുരുതരം,ലഘുതരം എന്ന് രണ്ടായി കാണാം. ഗുരുതരമായ ആകർഷണശക്തി യുള്ള സൂര്യാദികളിലേക്ക് ലഘുതരമായവ അപസർപ്പണം ചെയ്യുന്നു.(വീഴുന്നു).ദ്രവ്യങ്ങളിൽ ദ്രവ്യാന്തരത്താൽ കർമ്മാപവർഗ്ഗം ഉണ്ടാവുന്നു.

സൂത്രം 26.ഇഷാവയുഗപത്സംയോഗവിശേഷാഃകർമ്മാന്യത്വേ ഹേതുഃ

ഇഷുപ്രത്യജ്ഞാസംയോഗസ്ഥലത്ത് പ്രത്യഞ്ചാസംയോഗാത് സാക്ഷാത് സംയുക്തങ്ങളിൽ അണുക്കളാൽ പ്രത്യജ്ഞാകർമ്മത്തില്(translator motion) സംസ്കാരരൂപത്തില് അധിഷ്ഠിതമാ യിരിക്കുന്നു.സംയോഗരശ്മികളുടെ കർമ്മം സംയോഗത്തിനുശേഷമേ ഇവകളില് കാണുന്നു ളളു. ഇപ്രകാരം അവശിഷ്ടകർമ്മങ്ങളുടെ ദ്വിതീയമാത്ര വീണ്ടും അപവൃജ്യമാകുന്നു. പ്രഥമാണു സംസ്കാരരൂപത്തിൽ സഞ്ചിതം പ്രത്യഞ്ചാകർമ്മക്രമത്താല് കലാംശം ഉത്തരമായ (പിന്നീടു ളള)അവപവൃക്തത്താൽ അസമാപ്തമായി(endless) ഭവിക്കുന്നു. പ്രതിസംയോഗത്തിലും(ഓരോ സംയോഗത്തിലും) കർമ്മണാ ഏകമായ കലയാണ്(Quantum).അനേകസംയോഗങ്ങളാൽ കൃത്സ്നമായ കർമ്മത്തിന്റെ കലാസം അപവൃജ്യമാകുന്നു(വസ്തുക്കളിലെ translator motion എന്ന ശക്തി അഥവാ force കല അഥവാ ക്വാണ്ടം കൊണ്ട് translate ചെയ്യപ്പെടുന്നു എന്ന നിയമമാണ് ഇവിടെ പറഞ്ഞിരിക്കുന്നത്.)

സൂത്രം 27.നോദനാദാധ്യമിഷോഃകർമ്മ തത്കർമ്മകാരിതാച്ച

സംസ്കാരാദുത്തരം തഥോത്തരമുത്തരഞ്ച.

കർമ്മത്താല് വിഭജിക്കപ്പെട്ട ക്ഷണക്രമത്താല് കലാശോപവർഗ്ഗം പറയുന്നു. ഇപ്രകാരം ഏകമായ കലയാൽ ആദ്യാണുവിന്റെ അപവർഗ്ഗം കാണുന്നു.പ്രത്യജ്ഞയാൽ നോദനത്താല് അണുക്രമം സഞ്ചിതമായി ഭവിക്കുന്നു.പ്രഥമകലാണുസംയോഗാരൂഢമായ സംസ്കാരത്വം

പ്രാപിച്ച് ഉത്തരാണു പ്രതിപാദിക്കുന്നു.പിന്നെ കർമ്മത്വത്താല് പ്രവര്ത്തിക്കുന്നു.ഇപ്രകാരം ഉത്തരോത്തരം അണുക്രമത്താൽ പര്യയത്താൽകർമ്മസംസ്കാരപരിവർത്തനപരമ്പരയാല് (energy and face interchangeability in repeated cycles) കർമ്മാപവർഗ്ഗപ്രവർത്തനം അന്ത്യാണുവിലും നടക്കുന്നു.

സൂത്രം 28.സംസ്കാരാഭാവേ ഗുരുത്വാത് പതനം

ഗമനകർമ്മം സമകാലത്തെങ്കിലും ഗുരുത്വത്താല് അവക്ഷേപണം പ്രവർത്തിക്കുന്നു. മുകളിലേക്കിട്ട കാഷ്ഠ(കല്ല്)ഭൂമിയിൽ പതിക്കുന്നു. ഒരേസമയം ഒരേ ബിന്ദുവിൽ നിന്ന് പുറപ്പെട്ട ഗ്രഹങ്ങൾ ഗുരുത്വലഘുത്വം,വേഗത,മന്ദത,ദൂരം എന്നിവയിലുള്ള വ്യത്യാസം കൊണ്ട് ഒരേ സമയത്തല്ല പുറപ്പെട്ട ബിന്ുവില് തിരിച്ചെത്തുന്നത്. അങ്ങനെ സംഭവിക്കുന്നത് വിരളമാണ്. (രാശിമണ്ഡലത്തിൽ).കർമ്മനാശത്താല് കല്ല് ഭൂമിയില് പതിക്കുന്നതുപോലെ , സഞ്ചിതകർമ്മപുണ്യനാശത്താല് ആത്മാക്കളും(സൂക്ഷ്മവസ്തു)ഭൂമിയിൽ പതിക്കുന്നുണ്ട്. (പിതൃക്കളുടെ ധൂമമാർഗ്ഗം).ഇപ്രകാരം അഞ്ചാം അദ്ധ്യായത്തിലെ ഒന്നാം ആഹ്നികം അവസാനിക്കുന്നു.

അദ്ധ്യായം 5 ആഹ്നികം 2.

ഭൂഗോളമണ്ഡലാന്തസ്ഥിതദ്രവ്യങ്ങളുടെ കർമ്മാപവർഗ്ഗമാണ് കഴിഞ്ഞ ആഹ്നികത്തില് പറഞ്ഞത്. ഇവിടെ ബ്രഹ്മാണ്ഡമദ്ധ്യവർത്തികളായ ഗ്രഹനക്ഷത്രാദിഗോളങ്ങളുടെ അന്യോന്യമുള്ള കർമ്മാപവർഗ്ഗം പറയുന്നു.

സൂത്രം 1.നോദനാഭിഘാതാദ് സംയുക്തസംയോഗാച്ച പൃഥിവ്യാം കർമ്മഛ

നമ്മുടെ ഭൂഗോളത്തിൽ പൃഥ്വീധർമ്മസാമാന്യത്തില് കർമ്മാപവർഗ്ഗത്തില് പൂർവ്വാഹ്നികം കഴിഞ്ഞു. നോദനം,അഭിഘാതം എന്നീ കർമ്മങ്ങളുടെ ഉല്പത്തി പറഞ്ഞു. കർമ്മജനകമായ നോദനാഭിഘാതങ്ങൽ ഭൂഗോളാന്തർവർത്തികളായ എല്ലാ വസ്തുക്കളിലും ദൃഷ്ടമാണ്. അവയുടെ കാരിതം തന്നെ കർമ്മദൃഷ്ടകാരിതമായി ഭവിക്കുന്നു.

സൂത്രം 2.തദ്വിശേഷേണാദൃഷ്ടകാരിതം

ഇതിൽനിന്ന് വ്യതിരിക്തമായി ഗോളാന്തരവർത്തിനിയായ നോദനാഭിഘാതങ്ങള് അദൃഷ്ടകാരികമായിട്ട് പറയപ്പെടുന്നു. നാം കാണുന്നില്ലെങ്കിലും സർവ്വവും ഇപ്രകാരം നോദകം കൊണ്ടാണ് കർമ്മാഗന്തുകമായി ഭവിക്കുന്നത്. അപ്രകാരം ലോകാന്തരാദാഗതസംസ്കാരത്തെ വിശേഷേണാദൃഷ്ടകാരിതമായി പറയുന്നു.ഭൂമിയിൽഅദൃഷ്ടമായ,ഇന്ദ്രിയങ്ങൾക്കു കാണാനാവാ ത്തതാണ് ലോകാന്തരസംസ്കാരം.സംസ്കാരമെന്നാൽ കർമ്മപ്രവൃത്തിയാണ്.

അതാണ് ക ർമ്മഹേതുവും. നമ്മുടെ ഭ്രമണ്ഡലത്തിൽ കാണാത്ത സംസ്കാരം ഗോളാന്തരനിഷ്ഠമായിരിക്കു ന്നു. അതിൽനിന്നാണ് ഭ്രമണ്ഡലസംസ്കാരകർമ്മങ്ങള് ജനിക്കുന്നത്.അദൃഷ്ടത്തിൽനിന്ന് ദൃഷ്ടം ഉണ്ടായി എന്ന് സൂത്രാഭിപ്രായം.ഗോളാന്തരത്താൽ അപവൃക്തമായ കർമ്മങ്ങളുടെ സംയോഗം രശ്മ്യാരൂഢമായ സംസ്കാരത്തെ പ്രാപിച്ച് ഗുണപക്ഷത്തിലിരിക്കുന്നതാണ് .ഗുണം അദൃഷ്ടമായ സംസ്കാരത്വമാണ്.

അദൃഷ്ടനാമങ്ങളായ പരമാണുക്കളാലാണ് മനസ്സ് എന്ന ഗുണവിശേഷത്തിന്റെ ക്രിയാഹേതു. മനസ്സ് അതിന്റെ ഉത്പ്രേക്ഷാമാത്രത്താൽ ഭ്രാന്തമായ കല്പനകൾ,കുദർശനങ്ങള് ,മന്ദമതി എന്നിവയെല്ലാം സൃഷ്ടിക്കുന്നു.നിത്യപരമാണുവിൽ അനിത്യഗുണങ്ങള് കാണില്ല.നിത്യവും അദൃഷ്ടവും നിത്യപ്രവൃത്തവും ആയതിൽ അപീതൃഭാവപ്രസംഗത്താല് ക്രിയാഹേതു അനു ച്ഛേദമാണ്.ആദിപ്രവൃത്തമായ പുരുഷന് സഞ്ചിതകർമ്മം സംസ്കാരരൂപേണ ആത്മാവില് അവസ്ഥിതവും അദൃഷ്ടവുമായ ആത്മഗുണമാണ്. ഗോളഗോളാന്തരങ്ങളിലെ കർമ്മാപവ ർഗ്ഗം പറയാം.സൂര്യചന്ദ്രാദിഗ്രഹനക്ഷത്രഗോളങ്ങളിൽ ക്രിയാവിശേഷത്താല് പൃഥിയോടുള്ള അവയുടെ നിബന്ധന ൊന്ന വികാരവിശേഷം ഉമ്ടാവുന്നത് മനുഷ്യർക്കു ദർശിക്കാം. ഗ്രഹ സ്ഥിതിവശാൽ പക്ഷം,മാസം,ഋതു,അയനം,വർഷം,യുഗം ആദിക്രമത്തിൽ പൃഥിയില് ആ ദ്ധ്യാത്മികം,ആധിദൈവികം,ആധിഭൌതികമെന്ന ഭാവങ്ങളിൽ പരിവർത്തനങ്ങളും പ്രാണി കൾക്ക് സുഖദുഃഖാദിഭാവങ്ങളും സർവ്വവും അദൃഷ്ടമായ സൂര്യാദികളുടെ ചേഷ്ടിതത്താല് സംഭ വിക്കുന്നത് ദർശിക്കാം.

പൃഥിവ്യാദിഗോളങ്ങൾക്ക് സമഷ്ടിസംയോഗരശ്മികള് ദീപാദികളുടെ പ്രകാശകിരണങ്ങള് പോ ലെ, അകലെയോ അടുത്തോ എന്നതനുസരിച്ച് വലുപ്പചെറുപ്പം, സർവ്വഥാഭാവം, ദൃശ്യാദൃശ്യം മുതലായവ ഉണ്ടാക്കുകയാണ്. ദൃഷ്ടാപവർഗ്ഗത്താല് സർവ്വവും ജഗദ്ഭാവത്തില് സംപരിസൃ ഷ്ടമായി പ്രവർത്തിക്കുന്നു. അദൃഷ്ടരൂപമായി നിരൂപിക്കപ്പെടുന്നതെല്ലാം അവയുടെ വിവേകാ ർത്ഥം ഇവിടെ നിചിദ് ദൃഷ്ടാദൃഷ്ടകാരിതങ്ങളായി കർമ്മങ്ങളിലുദാഹരിക്കുന്നു.

സൂത്രം 3.അപാം സംയോഗാഭാവേ ഗുരുത്വാത് പതനം.

മേഘത്തിലിരിക്കുന്ന ആപസ്സ് വർഷമായി ഭ്രമിയില് പതിക്കുന്നു. അത് ഗുരുത്വകാരിതമാണ്. അദൃഷ്ടകാരിതമല്ല.

സൂത്രം 4.ദ്രവത്വാത് സ്യന്ദനം.

ദ്രവത്വം ശിഥിലസംയോഗമായതിനാല് അവയവങ്ങള് അത്യന്തം സംഹതങ്ങളല്ല. അത്യന്തം വിഭക്തങ്ങളുമല്ല. ഗുരുത്വത്താൽ നിമ്ന(താഴ്ന്ന)ഭാഗത്തേക്ക് പ്രവഹിക്കുന്നപ്രവണതയുണ്ട്. സ്യന്ദനം (ദ്രവത്വം കൊണ്ടുള്ള ഒഴുക്ക്)എന്ന ദൃഷ്ടകാരണകം ഗുരുത്വകാരിതത്വം കൊണ്ടാണ്.

മേഘം ഭൂമിയിലേക്കു വർഷിക്കുന്നതും ജലം താണനിലത്തേക്ക് ഒഴുകുന്നതും ദ്രവത്വം,സ്യന്ദനം എന്നിവയുടെയും ഭൂഗുരുത്വത്തിന്റേയും ഉദാഹരണം.

സൂത്രം 5 നാഡ്യവായുസംയോഗാദാരോഹണം.

ബാഷ്പീഭൂതമായ അവയവങ്ങൾ ഊർദ്ധ്വഗമനമായി ആകാശത്തിലേക്ക് പോകുന്നത് നാഡ്യ വായുസംയോഗത്താൽ സംഭവിക്കുന്നതാണ്.അദൃഷ്ടകാരിതമല്ല.ഇതിന്റെ പേര് അവരോഹ ണം.

സൂത്രം 6.നോദനാപീഡനാത് സംയുക്തസംയോഗാച്ച.

വേഗവത്തായ ബാഷ്പങ്ങൾ,ധൂമങ്ങൾ,നളികങ്ങളിവയിലെ നോദനം ,ആപീഡനം ഇവയുടെ സംയുക്തമായ സംയോഗയുക്തി കൊണ്ട് (push and pull due due to pressure and compression acting together simultaneously)വലനം(deflection),നോദനം,മുതൽ സർവ്വ യന്ത്രാദിചലനങ്ങളും (all mechanical movements)ദൃഷ്ടകാരിതമായി അനുഭവപ്പെടുന്നു. ഇനി അദൃഷ്ടകാരിതം ഉദാഹരിക്കാം.

സൂത്രം 7.വൃഷാഭിസർപ്പണാമിത്യദൃഷ്ടകാരിതം.

വൃക്ഷാദികളിൽ മൂലദ്വാരത്താല് രസാദികളുടെ ഗമനം മുകളിലേക്കും ശരീരത്തില് മുഴുവനും നടക്കുന്നതാണ് അഭിസർപ്പണം.ഈ വ്യവസ്ഥാനത്തിൽ നാനാരൂപങ്ങളിലും മധുരാദി രസ ഭേദഗ്രഹണം സംഭവിക്കുന്നു.ഇത് സംഭവിച്ചില്ലെങ്കിൽ സമാനഭ്രമാക്കള് ഉപജാതമാകും. വൃ ക്ഷത്തിൽ രസവിശേഷഗ്രഹണം,ബീജധർമ്മം ഹേതുവായി സംഭവിക്കുന്നു എന്ന് നിയമദ ർശനം.എന്നാൽ,രസം ഗ്രഹിക്കുന്നു,പോകുന്നു,വർദ്ധിക്കുന്നു ,വിനാശമടയുന്നു ഇത്യാദിഭാ വങ്ങൾ വൃക്ഷത്തില് ദൃഷ്ടമാകുന്നത് പുരുഷസംബന്ധംകൂടാതെ ഭൂതമായി ഉപപദ്യമാക യില്ല.അനാത്മവസ്തു അല്ല വൃക്ഷം എന്ന് ഗ്രഹിക്കണം.വൃക്ഷം ആത്മാവുള്ള ശരീരമാണ്. അദൃഷ്ടംകൂടാതെ ശരീരോപപത്തിയില്ല.വൃക്ഷത്തിൽ അപസർപ്പണാദിഭാവങ്ങ ള്ജീവാദൃ ഷ്ടകാരിതങ്ങളാണ്.ധർമ്മമാത്രനിമിത്തങ്ങളല്ല.പൃഥ്വീകാരിതങ്ങളുമല്ല. പിന്നീട് പുനർദൃഷ്ട കാരണകകർമ്മം ദർശിക്കുന്നു.

സൂത്രം 8. അപാം സംഘാതോവിലയനശ്ച തേജഃസംയോഗാത്.

മേഘത്തിലുള്ള ജലകണങ്ങൾ വിദ്യുത്സമ്പാതത്താല് അഭിഹതമായി ,സംപീഡിതമായി, സംഘാതമായി ബിന്ദുരൂപം പ്രാപിച്ച് ,ധാരാരൂപത്തിൽ (സംഘാതവിശേഷാൽ ഹിമ, കരകം മുതലായ രൂപത്തിലും ആലിപ്പഴം ആയി)വരുന്നത് തേജസ്സിന്റെ സംയോഗത്താലാണ്. ജല, ഹിമ,കരകാദി അവയവാന്തരാളങ്ങളില് തേജസ്സ് പ്രവേശിച്ച് സംയോഗം,നാശം,വിലയനം

ഉണ്ടാവുന്നത് ദൃഷ്ടകാരണമാണ്. അദൃഷ്ടകാരിതമല്ല.തേജഃസംയോഗത്തിന്റെ പ്രമാണം പറയാം.

സൂത്രം 9.തത്ര വിസ്ഫൂർജ്ജഥുർല്ലിംഗം.

ആപസ്സിന്റെ വിലയനം ,സംഘാതം,തേജഃസംയോഗം,എന്നിവയാൽ വിദ്യുത്സമ്പാതലിംഗം ദൃഷ്ടമാണ്.

സൂത്രം 10.വൈദികഞ്ച.

ശ്രുതിയിലും പറയുന്നുണ്ട്. ഇന്ദ്രോവൃത്രായ വജ്രം പ്രജഹാര.(ശ.ബ്രാ.4.3.3.5)വജ്രം വിദ്യുത്താണ്. വൃത്രനെന്ന വിഭക്തമായ ബാഷ്പാണുക്കളുടെ പരിധിയിൽ വൃത്താകാരമായി ചർമ്മം (കവചം)പോലെ അവനഹതവിശേഷം കാണുന്നുണ്ട്. (surface tension)ഇത് സംയോഗപ്രതിബന്ധകമാണ്.വൃത്രൻ വിദ്യുത്തിന്റെ അഭിഹനനം,ആപീഢനം എന്നിവയാൽ നശിക്കുന്നു. സംയോഗത്താൽ ആപസ്സിന്റെ സംഘാതമുണ്ടാവുന്നു.

സൂത്രം 11.അപാം സംയോഗാദ്വിഭാഗാച്ച സ്തനയിത്നോ.

വേഗവത്തായ മേഘങ്ങളുടെ പരസ്പരസംഹനനത്താൽ വ-ത്രനാശം ഉണ്ടാവുന്നു എന്ന് സംഘാതോപപത്തി. മേഘങ്ങളുടെ പരസ്പരാഭിഹനനത്തിൽ വജ്രനിർഘോഷം ലിംഗം.സംയോഗവിഭാഗങ്ങൾ കൂടാതെ ശബ്ദം ഉണ്ടാവുന്നില്ല.അഥവാ പർവ്വതശിഖരത്തില് മേഘങ്ങള് വേഗത്തിൽ അഭിഹാതം ചെയ്ത് സംഹതമായി വർഷിക്കുന്നു.ഇപ്രകാരം ഭൂഗോലാന്ത ർവർത്തിയായ നോദനം,അഭിഘാതനം മുതലായ കർമ്മങ്ങളാലും ഭൂമിയുടെ അപ്പുറമുള്ള ഗോളാന്തരവർത്തികളായ അദൃഷ്ടനിമിത്തങ്ങലാലും കർമ്മവിവേകത്തില് ഉദാഹരണങ്ങള് കൊണ്ട് അന്യഗോളങ്ങളിലെ അദൃഷ്ടഹേതുകങ്ങളായ കർമ്മങ്ങളേയും പറയുന്നു.

സൂത്രം 12. പൃഥികർമ്മണാ തേജഃകർമ്മ വായുകർമ്മ ച വ്യാഖ്യാതം.

ആപസ്സിൽ വിവക്ഷിക്കപ്പെട്ട ഭൂമികർമ്മങ്ങള് സാമാന്യങ്ങളായ ഭൂമികർമ്മങ്ങളല്ല. സർവ്വ ഗോലത്തിലും പൃഥ്യാത്മകമായ സത്തുക്കളിലും അതാതിന്റെ ഊർദ്ധ്വവ്യാണുഭൂയസ്ത്വം കൊണ്ട് വിശേഷമായി കാണുന്ന കർമ്മമാണ്. പൃഥീഭൂയിഷ്ഠവും ബഹുലമായി ഇരുമ്പയിരുള്ളതുമായ ഭൂഗോളസ്ഥംപ്രതി പൃഥിയിലെ ആപസ്സിന്റെ ഗുരുത്വവും പറഞ്ഞു. ഗുരുത്വം വിശേഷമാണ്. (സജാതീയസംയോഗം കൊണ്ട്).മേരുവിലെ വായുവാലും ഭൂമിയിലെ വായുഭൂയിഷ്ഠതയാലും ഇതുണ്ടാവുന്നു.സൂര്യതേജസ്സായും ഭൂമിയിലെ തേജോഭൂയിഷ്ഠത്താലും പ്രതി തേജസ്സുകളിൽ ഗുരുത്വം സോമഭൂയസ്ത്വമായ ചന്ദ്രമസ്സിന്നാണ്. സമുദ്രതരംഗവിശേഷത്താൽ ഇത് അനുമാനിച്ചറിയേണ്ടതാണ്. ഗോളങ്ങളിൽ ദ്രവ്യഭൂയസ്ത്വമുണ്ട്. അഗ്നീഷോമൌഭാനുചന്ദ്രൌ തത

സ്ത്വംഗാരകാദയഃതേജോഭ്രസ്വാംബുവാതേഭ്യഃക്രമശഃപഞ്ചജജ്ഞിരേ എന്ന് സൂര്യസിദ്ധാന്തം. (12.24).സർവ്വഗോളങ്ങളിലും വെച്ച് പൃഥ്യാദികള് അണുസംയോഗാത്മകത്താല് സ്ഥൂലങ്ങളാണ്. അതുകൊണ്ട്,സർവ്വഗോളങ്ങളിലുംവെച്ച് പാർത്ഥിവദ്രവ്യങ്ങൾക്ക് താരതമ്യേന ഗുരുത്വം അദ്ധ്യവസേയം. അണുഭ്രയസ്ത്വത്താൽ ഗുരുത്വമണ്ഡലവ്യാപ്തിതാരതമ്യം ദ്രഷ്ടവ്യം. ചന്ദ്രമണ്ഡലസ്ഥാനം ഭ്രമണ്ഡലത്തിന് സമീപമാകയാൽ ചന്ദ്രന് ഗുരുത്വം കൊണ്ട് പതനം സംഭവിക്കണ്ടേ എന്ന് ചിലർ ചോദിക്കുന്നു. സ്വസ്വഗോളങ്ങലിൽനിന്ന് ദൂരമനുസരിച്ച് സംയോഗരശ്മികൾ ഉത്തരോത്തരം വിരളമാകയാല് ഗുരുത്വമണ്ഡലത്തില് തനുത്വപ്രതിപത്തി മുമ്പ് പറഞ്ഞിരുന്നു.എന്നാലും വിശേഷജ്ഞാനാർത്ഥം ദേശാന്തരവർഗ്ഗവ്യത്ക്രമാനുപാതത്താല് ഗുരുത്വചേഷ്ടാതാരതമ്യം ഗണിതസാധിതമാണെന്ന് മായാശാസ്ത്രത്തിൽ ദ്രഷ്ടവ്യമാണ്.

സൂത്രം 13.അഗ്നേരൂർദ്ധ്വജ്വലനം വായോസ്തിര്യഗ് പവനമണ്വനാം മനസശ്ചാദ്യം ക ർശാദൃഷ്ടകാരിതം.

ഭ്രമിയിലെ വിഭക്തമായ തേജാണുക്കൾ സൂര്യനിലേക്ക് ഗുരുത്വത്താല് പതനം ചെയ്യുന്നതാണ് ഊർദ്ധ്വജ്വലനം. വായ്വണുക്കൾ വിഭക്തമായി മേരുപ്രതി(മേരുവിലേക്ക്-മേരുവിനു ചുറ്റും)ഗുരു ത്വം കൊണ്ട് പതിക്കുന്നതാണ് തിര്യഗ്പവനം. തിര്യഗ്പവനം മേരുവിൽ തിര്യക്കായി സം സ്ഥിതമാണ്. നൈനിത്തികപ്ലയത്തില് പരമാണുക്കള് പരസ്പരസംയോഗം വിശേഷത്താൽ കർമ്മസാമ്യത്താല് സ്ഥിതിസംസ്കാരം പ്രാപിച്ച് നിശ്ചലമായിരിക്കുന്നു.അവക്കുപിന്നീട് സ്വന്ത മായി സൃഷ്ട്യാരംഭത്തിൽ പ്രവർത്തിക്കാന് സാധിക്കില്ല.പുനഃപ്രവൃത്ത്യർത്ഥം കർമ്മാന്തര ത്തെ ആശ്രയിക്കേണ്ടിവരുന്നു.ഇത് രുദ്രാത്മനിൽ അഹങ്കാരമായി അദൃഷ്ടമായിരിക്കുന്നു. കാലം പ്രാപിക്കുമ്പോൾ ഈ അദൃഷ്ടത്താൽ പരമാണുക്കളില് ആദ്യം കർമ്മം ജനിക്കുന്നു. അവയുടെ സാമ്യഭംഗത്തിൽ പുനഃസർഗ്ഗം പ്രവർത്തിക്കുന്നു. മനസ്സ് ആദ്യകർമ്മനിമിത്തവും അദൃഷ്ടവും ആയ സമഷ്ടിമനസ്സിൽ പ്രജാപതിയായി ഇരിക്കുന്നു. അഹങ്കാരാദിതത്വങ്ങൾ അഭൌതികത്വത്താൽ ദിവ്യത്വം,നിത്യാത്മസംബന്ധം,രുദ്രപ്രജാപത്യാദി അഭിമാനിവ്യപദേശത്തിൽ തന്നെ ആദ്യം കർമ്മം ജനിക്കുന്നു. ഇത് സർഗ്ഗപ്രവൃത്തിയാണ്. അതിന്റെ ഈക്ഷണം പ്രാണ്യദൃഷ്ടകാരണമായി സംഭവിക്കുന്നതാണ്. ഇനി മനഃകർമ്മം പറയാം.

സൂത്രം 14.ഹസ്തകർമ്മണാ മനസഃകർമ്മവ്യാഖ്യാതം.

മനസ്സ് രണ്ടുവിധം. ജ്ഞാനേന്ദ്രിയദ്വാരകമായ കർമ്മം ജ്ഞാനക്രിയ. കർമ്മേന്ദ്രിയദ്വാരകമായത് പ്രയത്നജം. ആത്മസംയോഗപൂർവ്വമായ മനഃസംയോഗത്താല് കർമ്മേന്ദ്രിയങ്ങളില് കർമ്മാപവർഗ്ഗം. ഹസ്താദിസംയോഗത്താല് മുസലാദികളായ വസ്തുക്കളില് ഇത് നേർത്തെ

വ്യാഖ്യാനിച്ചു. അതുപോലെ മനഃസംയോഗം ജ്ഞാനേന്ദ്രിയങ്ങളിലുണ്ടാവുമ്പോൾ ജ്ഞാനക്രി യയും ഉണ്ടാവുന്നു.

സൂത്രം 15.ആത്മേന്ദ്രിയമനോ അർത്ഥസന്നികർഷാത് സുഖദുഃഖേ

ആത്മാവിൽ ഗുണകർമ്മങ്ങളുടെ അവ്യതിരേകത്താല് ഗ്രഹണം ആത്മകർമ്മങ്ങളുടെ സംസ്കാരാത്മകത്വം ,ആത്മകർമ്മവൈധർമ്മ്യം,ഗുണത്വം ഇവയുടെ ഗ്രഹണാർത്ഥവും , ആകുഞ്ചനാത്മകമായ ദുഃഖം ,പ്രസരണാത്മകമായ സുഖം ,അവക്ഷേപണാത്മകമായ ഇഛ ഇവ ഗ്രഹിക്കാനുമാണ്. ആത്മന്റെ ഉത്ക്ഷേപണം ദ്വേഷം. ഈ ബാഹ്യനിമിത്തങ്ങളാൽ ആന്തരികമായി ഇവ ഉത്പന്നമാവുന്നു. ബാഹ്യനിമിത്തങ്ങൾ അർത്ഥം .അവയുടെ ഇന്ദ്രി യസന്നികർഷം സംസ്കാരം. മനസ്സന്നികർഷത്താല് ആത്മാവില് ക്രിയ. അതിന്റെ സം വേദനം യഥായോഗം സുഖം,ദുഃഖം ,ദ്വേഷം ,ഇഛ ഇപ്രകാരം.

സൂത്രം 16.തദനാരംഭ ആത്മസ്ഥേ മനസി ശരീരസ്യ ദുഃഖാഭാവാഃസ യോഗഃ

ആത്മേന്ദ്രിയമദ്ധ്യവർത്തിയായ മനസ്സ് രണ്ടിനാലും സന്നികൃഷ്ടമാണ്. സ്വാത്മാവിൽ സ്ഥിത മായ സന്നികർഷാഭാവത്താല് വൃത്ത്യാഭാവം. അപ്രകാരമായ വൃത്തിനിരോധമാണ് യോഗ മെന്നു പറയുന്നത്. യോഗത്തിൽ ശരീരത്തില് ദുഃഖാഭാവം. ഉത്ഥിതമാകുമ്പോൾ മനസ്സില് ആത്മേന്ദ്രിയാർത്ഥസന്നികർഷത്താല് വീണ്ടും ദുഃഖാദികള് , പ്രവൃത്തികൾ ആരംഭിക്കുന്നു. സ്വപ്രകൃതിലയരൂപയോഗമെന്ന അസംപ്രജ്ഞാതസമാധി മനസ്സിന് വൃത്തിനിരോധത്താൽ സാധിക്കുന്നു. ശരീരത്തിൽ ചോദനാത്മകകർമ്മം ഉല്പാദിപ്പിക്കുന്നത് പറയുന്നു.

സൂത്രം17.അപസർപ്പണമുപസർപ്പണമശിതപീതസംയോഗാഃകാര്യാന്തരസംയോഗാശ്ചേത്യദൃ ഷ്ടകാരിതാനി.

ശരീരത്തിൽനിന്ന് മലങ്ങളെ പുറത്തേക്കു തള്ളുന്നത് അപസർപ്പണം. ശരീരത്തിൽ രസസം പ്രാപ്തിയാൽ രുധിരാദിധാതുക്കളുടെ ഉല്പത്തി അവയാൽശരീരേന്ദ്രിയഭാവങ്ങളുടെ പോഷണം , അപസർപ്പണം ഇത്യാദി ശരീരഭാവാരംഭം അദൃഷ്ടകാരിതം. ശരീരത്തിന് പുറത്ത് സ്ഥിതിചെ യ്യുന്ന അന്നപാനാദി ഭോഗവസ്തുക്കള് ,സ്ത്രീപുത്രധനധാന്യാദി കാര്യാന്തരങ്ങളുമായി സംവേദ നം അദൃഷ്ടകാരിതം.

സൂത്രം 18. തദഭാവേ സംയോഗഭാവോപ്രാദുർഭാവശ്ചമോക്ഷഃ

അവയുടെ അഭാവം അദൃഷ്ടാഭാവം.ശരീരാരംഭത്തിൽ അദൃഷ്ടസംയോഗം ഹേതുവാണ്. അദൃ ഷ്ടാഭാവത്തിൽ അതിന്റെ സംയോഗാഭാവം.സംയോഗാഭാവത്തിൽ ശരീരാരംഭം നടക്കുന്നില്ല. അതാണ് ജനനമരണനിവൃത്തി എന്ന മോക്ഷം.മനസ്സ് സ്വപ്രകൃതിയിൽ ലയിച്ച് സർവ്വവൃത്ത്യ

ഭാവത്തിൽ സ്ഥിതിസംസ്കാരങ്ങള് പ്രാപിച്ചിരിക്കെ ,മനസ്സിൽ നിതാന്തജ്ഞാനാവസ്ഥയാണ് അസംപ്രജ്ഞാതസമാധി. അതല്ലാത്തത് (ക്ഷണികമായ)സംപ്രജ്ഞാ എന്ന് അറിയപ്പെട്ടുന്നു.ആത്മമനസ്സുകളിൽ സംയോഗവിശേഷത്താല് ആത്മദർശനമുണ്ടാവുന്നത് ആത്മപ്രത്യക്ഷം. അതിന്റെ അവസ്ഥയിൽ ആത്മപ്രത്യക്ഷത്തില് സത്യം അദൃഷ്ടസദ്ഭാവമായി ശരീരാഭാവത്തിൽ അദൃഷ്ടനിബന്ധനത്വത്താല് ശരീരത്തില് കാണാം. ഈ അവസ്ഥ ജീവന്മുക്തിയാണ്. അദൃഷ്ടത്തിലും ഭോഗകായത്തിൽ ശരീരപാതത്തില് കിട്ടുന്ന കൈവല്യം മോക്ഷമാണ്. ആത്മദർശനത്താല് പ്രവൃത്ത്യഭാവത്തില് അദൃഷ്ടാനാരംഭത്തില് ശരീരത്തിന്റെ അനാരംഭമാണ് പരമമായ അപവർഗ്ഗം. പൃഥ്വി,ആപസ്സ്,തേജസ്സ്,വായു,ആത്മാവ്,മനസ്സ് എന്ന്ഷഡ്ദ്രവ്യങ്ങളിൽ കർമ്മവും അതിന്റെ അപവർഗ്ഗവും നിരൂപിച്ചു. ദേശകാലാകാശാദികളുടെ ഗുണകർമ്മങ്ങള്, ഇവയില് കർമ്മത്തിന്റെ അർത്ഥമായിരിക്കുന്ന കർമ്മസംബന്ധവും പരീക്ഷിച്ചു.ഇനി പ്രസംഗവശാൽ പ്രാപ്തമായ കർമ്മങ്ങളെ പ്രകാശിപ്പിക്കുന്നു.

സൂത്രം 19.ദ്രവ്യഗുണകർമ്മനിഷ്പത്തി വൈധർമ്മ്യാദഭവസ്തമഃ

ഇരുട്ടിൽ ഛായകളും ചലമപ്രത്യയകർമ്മാഭാസങ്ങളും അവയുടെ കർമ്മവുമില്ല. ഛായകളിൽ അദ്രവ്യത്വമുണ്ട്. പ്രകാശാഭാവത്താൽ ഛായ ദ്രവ്യമല്ല.എങ്ങനെ. ദ്രവ്യഗുണനിഷ്പത്തിവൈധർമ്മ്യത്താൽ. ചലനപ്രത്യമാത്രം കർമ്മമല്ല. ചലനഹേതുകൂടിയാണ് കർമ്മം. അതിൽ ഏകദ്രവ്യവൃത്തി ദൃഷ്ടമാണ്. ഇരുട്ടിൽ ഏകദ്രവ്യത്വമില്ല.ദ്രവ്യഗുണകർമ്മനിഷ്പത്തി ഇല്ല. ഹേത്വന്തരം ഇനി പറയാം.

സൂത്രം 20.തേജസോ ദ്രവ്യാന്തരാവരണാച്ച.

ദീപാദിപ്രകാശാധിഷ്ഠാനങ്ങളിൽ ചലിക്കുന്നതായി കാണുന്ന പ്രകാശാവരകദ്രവ്യഛായകളിലെ ചലനപ്രതീതി ഭ്രാന്തിയാണ്. പ്രകാശാഭാവജ്ഞാനമാത്രമാണ് എന്ന്.

സൂത്രം 21.ദിക് കാലാവകാശാച്ച ക്രിയാവദ് വൈധർമ്മ്യാന്നിഷ്ക്രിയാണി.

ദ്രവ്യത്തിന്റെ ക്രിയാവത്വം ദ്വിധാ ഭവിക്കുന്നു.ആശ്രയാശ്രയിഭാവരൂപസംബന്ധത്താൽ ദിത്വമുണ്ടാവുന്നു. ദേശകാലങ്ങൾക്ക് സമവായം കൊണ്ട് ക്രിയാസംബന്ധമില്ല.കാലത്തിൽ ചലിക്കുന്നു,ദേശത്തിൽ ചലിക്കുന്നു എന്ന് കർമ്മത്തില് ദ്വയസംബന്ധമായി ദേശകാലങ്ങളുടെക്രിയാവത്വം പ്രതിഷേധിക്കുന്നില്ല. കർമ്മത്താല് പൃഥിവ്യാദികൾക്ക് തങ്ങളുടെ സമവായത്താൽ, ക്രിയാസംബന്ധത്താൽ, ക്രിയാവത്വം ഉക്തം.അപ്രകാരമുള്ള ക്രിയാവത്വം ദേശകാല ങ്ങൾക്കില്ല.ആകാശത്തിന് പൃഥക്ഗ്രഹണത്താൽ അതിന്റെ നിഷ്ക്രിയത്വം വിശിഷ്ടമാണ്. ശബ്ദ സംസ്കാരങ്ങൾക്ക് ക്രിയാത്മകത്വത്താല് ആകാശത്തിന്റെ വിശേഷമായ ക്രിയാവത്വമുണ്ട്. ഏകദ്രവ്യത്തിന്റെ യാദൃക് ക്രിയാവത്വം

താദൃശസമാകാശത്തിന് ഇല്ല എന്ന പ്രതിഷേധം ആകാശത്തിന്റെ ക്രിയാവത്വത്തിന് ഉണ്ടുതാനും.

സൂത്രം 22.ഏതേന കർമ്മാണി ഗുണാശ്ച വ്യാഖ്യാതാഃ

ഇപ്രകാരം കർമ്മങ്ങൾക്ക് നിമിത്തവശാല് സംസ്കാരത്വപ്രപത്തിയാല് ക്രിയാത്മകത്വമുണ്ട്. എന്നാലൊട്ടില്ലതാനും .കർമ്മവത്വം കർമ്മത്തിനെന്നപോലെ. ഇപ്രകാരം ഗുണപക്ഷത്തിലും യോജ്യമാണ്. രൂപാദികൾക്ക് സംസ്കാരാത്മകത്വത്താല് ക്രിയാത്മകത്വം സംഭവിക്കുന്നു. എന്നാൽ കർമ്മവത്വത്തിന് ക്രിയാവത്വമില്ല.

സൂത്രം 23.നിഷ്ക്രിയാണാം സമവായഃകർമ്മഭ്യോ നിഷിദ്ധഃ

പരമാണുവിലാമ് ദ്രവ്യാരംഭം.സംയുക്തസമവായത്തിൽആകാശാദികളില് ഗ്രഹിക്കാവുന്ന പരമാണുക്കളുടെ കർമ്മസംയോഗപൂർവ്വകസമവായമില്ല.അതിനാൽ അത്തരം സമവായ ത്തിൽ ഉദാസീനകാരണത ഭവിക്കുന്നു. അത് അസമവായികാരണത എന്ന് നിഷ്ക്രിയങ്ങളിൽ പറയപ്പെടുന്നു.

സൂത്രം 24.കാരണം ത്വസമവായിനോ ഗുണാഃ

ദേശകാലാവകാശം കർമ്മങ്ങളില് ഗുണമായി സമവായി,അസമവായികാരണമായി അറി യപ്പെടുന്നു. ആ ഗുണങ്ങളിൽ സമവായത്തിൽ കാരണത്വം പറയുന്നു. കർമ്മത്തില് സമവാ യനിഷ്പത്തി ഇപ്രകാരം സമവായത്തില് കർമ്മങ്ങളുടെ കാരണത്വമാണ്. ദ്രവ്യത്തിൽ സം യോഗത്തിൽ ആകാശത്തിന്റെ വിഭവത്താൽ,കർമ്മപ്രവൃത്തിയില് ആകാശത്തിന്റെ കാരണ ത്വം സമവായത്തിലാണ്..പരത്വം,അപരത്വം ഇവയിലും ദേശകാലങ്ങളുടെ കാരണത്വം സമ വായത്തിലുണ്ട്. ഇപ്രകാരം അസമവായിഗുണങ്ങളുടെ സമവായത്തില് കാരണത്വം ഭവിക്കു ന്നു.

സൂത്രം 25.ഗുണൈർദിവ്യാഖ്യാതാ.

സമവായത്തിൽ ദിക് ദേശാപേക്ഷം പരത്വാപരത്വം പരമാണുക്കളുടെ ദിക് കാരണകം . ഇപ്രകാരം ഗുണങ്ങൾ ദിക് കാരണത്വത്താൽ വ്യാഖ്യാതമായ സമവായത്തിൽ, സാക്ഷാത്ക ർമ്മത്തിലില്ല.

സൂത്രം 26.കാരണേന കാലഃ

കാരയതി ഇതി കാരണം. കാലത്താൽ കാരതി ,കാരിതം,സമവായം. ക്ഷണക്രമമാണ് കാലം. കാലമാണ് സർവ്വത്തിനും കാരണം. ഇപ്രകാരം അഞ്ചാം അദ്ധ്യായം രണ്ടാം ആഹ്നികം അവസാനിക്കുന്നു.

അദ്ധ്യായം 6 ആഹ്നികം 1.

ആത്മക്രിയാപവർഗ്ഗം ഈ അദ്ധ്യായത്തില് ചിന്തിക്കുന്നു. (Fundamental principles of ethics and acquisition and development of moral values as attributes of spirit through rituals and conduct)ക്രിയ എന്ന കർമ്മസംസ്കാരത്തില് സമാനം അഭിധാനം. ക്രിയ ദ്വിവിധം. ജ്ഞാന ക്രിയ, ബലക്രിയ. രണ്ടുക്രിയയും ആത്മാവിന്റേതാണ്. ബുദ്ധി,സുഖദുഃഖം, ഇഛ,ദ്വേഷം, ജ്ഞാ നാത്മകസംസ്കാരമായ ജ്ഞാനക്രിയ. പ്രയത്നമാണ് ബലക്രിയ. ആത്മസംയോഗപ്രയത്ന ത്താ ൽ ഹസ്തത്തില് കർമ്മമെന്ന പ്രയത്നസ്ഥാനാത്മദ്രവ്യത്തില് സാക്ഷാത് സംയോഗ ത്താ ൽ ജഡകർമ്മത്വപ്രതിപത്തി പൂർവ്വാദ്ധ്യായത്തില് പറഞ്ഞു. ഈ ജഡക്രിയയെ ബല മെന്നു പറയുന്നു. ജ്ഞാനക്രിയാപവർഗ്ഗം ഈ ആഹ്നികത്തില് ചിന്തിക്കുന്നു.

ബുദ്ധിപൂർവ്വകകൃതകാരിതാനുമോദിതമായ കർമ്മങ്ങള് ദ്രവ്യത്തിൽ ഗതിയായി ഭവിക്കുന്നു. അപവർഗ്ഗത്താല് അധിദൈവതത്തില് ഗ്രഹനക്ഷത്രാദികളില് സംസ്കാരരൂപേണ അവ സ്ഥിതമായ കർമ്മാദൃഷ്ടം (Extrinsic energy)പറയപ്പെടുന്നു.അതുതന്നെ ദിവിഷ്ടത്വം കൊണ്ട് ദൈവമെന്നും പറയപ്പെടുന്നു.(തദേവ ദിവിഷ്ടത്വാത് ദൈവമുക്തം).അതുതന്നെ സർവ്വപ്രാണി സാധാരണനിധിഭൃതത്തിൽ വിരാഡാത്മനില് പുരുഷനായി സ്വകീയഭാഗത്തില് നിക്ഷിപ്തമാ യതിനെ ഭാഗ്യം എന്നു പറയുന്നു. ഇപ്രകാരം ചെയ്യപ്പെട്ട കർമ്മങ്ങളാല് സംസ്കാരരൂപേണ ആത്മനിൽ അവസ്ഥാനം ചെയ്യപ്പെട്ടത് ധർമ്മം.(Intrinsic energy.)എന്നറിയുന്നു. കർമ്മത്തി ന്റെ ഈ ഉഭയസ്ഥിതി സംസ്കാരാത്മകത്വത്താല് ധർമ്മത്വം,അദൃഷ്ടത്വം,സമാനം ഇപ്രകാരം ആത്മാവസ്ഥിതസംസ്കാരങ്ങളിൽ തജ്ജാതീയകം ഏവാദൃഷ്ടഫലം ഭവിക്കുന്നു. ദൃഷ്ടത്വാദൃഷ്ട ത്വവ്യവസ്ഥ,ആപേക്ഷികമല്ല. ദൈവരൂപാദൃഷ്ടസംസ്കാരങ്ങൾ ജാത്യാ ആയുർഭോഗാദിഫലം ലോകത്തിൽ ദൃഷ്ടമായി നൽകുന്നു. ഈ കർമ്മവ്യവസ്ഥ വിശേഷമായി അദൃഷ്ടത്വമെന്നു പറ യുന്നു. പുനഃതദ്വിശേഷേണാദൃഷ്ടകാരിതം (5.22)എന്ന് അധിഷ്ഠാനവിശേഷത്താൽ വിവേകാ ർത്ഥമായി വിശേഷേണ അദൃഷ്ടത്വം. അഹിംസ മുതലായ ആത്മധർമ്മങ്ങൾക്ക് ആത്മാവില് അനുഭൂയമാനത്വം(അനുഭൂതി)കൊണ്ട് ദൃഷ്ടത്വം ഭവിക്കുകയാണ്. വിശേഷേണ ദിവിഷ്ടസം സ്കാരത്താൽ സർവ്വഥാ അദൃഷ്ടത്വമെന്ന് വിശേഷേണാദൃഷ്ടസംജ്ഞ ബോദ്ധ്യമാകുന്നു. ഫലാ ഭിസംബന്ധത്താൽ മുമ്പ് ശരീരത്തില് അവിദ്യമാനത്വം (മുമ്പ് അറിയാത്ത അനുഭവം) കൊ ണ്ട് ഇതിനെ അപൂർവ്വമെന്ന് വിളിക്കുന്നു.ധർമ്മമെന്ന സംസ്കാരസാമാന്യത്താല് അഭ്യുദയ സാധകത്വം,ബാധകത്വനിരപേക്ഷമാകയാൽ ധർമ്മാധർമ്മശബ്ദം.ഇത്തരം ധർമ്മത്താല് ആത്മാവിൽ അതാതിന്റെ ലക്ഷണമായ അഹിംസ,ഹിംസാദികളും അഭിവ്യക്തമാകുന്നു.

അഭ്യുദയനിഃശ്രേയസസാധകമാമ് അഹിംസാദിലക്ഷണമുള്ള അധർമ്മം. അഭ്യുദയസാധകമായ ധർമ്മത്തെ യമം,(യമൻ) എന്നു വിളിക്കുന്നു. അതിനെ സംക്ഷേപമായി അഹിംസാ, സത്യ,മസ്തേയ,ബ്രഹ്മചര്യാപരിഗ്രഹ,യമാഃ (യോ.ദ.2.30)എന്ന് അഞ്ചായി പറയുന്നു. സ്മൃത്യന്തരത്തിൽ,

ധൃതിഃക്ഷമാ ദമോ അസ്തേയം ശൌതമിന്ദ്രിയനിഗ്രഹഃ

ധീർവ്വിദ്യാസത്യമക്രോധോ ദശകം ധർമ്മലക്ഷണം (മഹാ. 6.62) എന്നു കാണാം. അഹിംസാദിസംസ്കാരങ്ങൾ ആത്മാന്തരത്താല് ആത്മാന്തരത്തില് അപവർഗ്ഗമായി സമഭിവ്യാപാരത്താൽ ഭവിക്കുന്നു. ഇപ്രകാരം അദൃഷ്ടത്തിലും കർതൃപുരുഷനില് പ്രത്യപവർഗ്ഗസമഭിവ്യാപാരം ഭവിക്കുന്നു. ധർമ്മാദൃഷ്ടത്തിൽ പ്രതിസംവേദനത്താൽ, കർതൃജാത്യാ ,ആയുർഭോഗരൂപകർമ്മഫലപ്രതിപത്തി അദ്ധ്യാത്മാദിദൈവപുരുഷനില് സമഭിവ്യാഹാരത്താല് ഭവിക്കുന്നു.എന്ന് സമഭിവ്യാഹാരം (intercourse)കൊണ്ടു വ്യാഖ്യാനിക്കണം. ഇന്ദ്രിയങ്ങളാല് ബാഹ്യമായവയെ ഗ്രഹിക്കുന്നതാണ് ആഹാരം.ഇന്ദ്രിയദ്വാരേണ ആത്മഗുണങ്ങളെ ബാഹ്യജഡത്തിനോട് പ്രതിപാദനം ചെയ്യുന്നത് വ്യാഹാരം. ബുദ്ധിപൂർവ്വകം,ആഭിമുഖ്യത്തോടെ ഇപ്രകാരം പ്രതിപാദിക്കുന്നത് അഭിവ്യാഹാരം. രണ്ടുപേർ പരസ്പരം ബുദ്ധിപൂർവ്വകം സംവദിക്കുന്നത് സമഭിവ്യാഹാരം. രണ്ടുപേർ ഭോജനം,ആസനം,ശയനം,വചനം ആദികളിൽ പരസ്പരസംസ്കാരത്തെ അനുപ്രദാനം ചെയ്യുന്ന സമഭിവ്യാഹാരമെന്ന ആത്മകർമ്മാപവർഗ്ഗം ഇപ്രകാരം സമാഖ്യയാണ്. സമഭിവ്യാഹാരം കൊണ്ട് ധർമ്മം ജനിക്കുന്നു. അദൃഷ്ടസമ്പാദനത്തിൽ ,ഭൌതികകർമ്മോല്പത്തിയില് സർവ്വക്രിയാപ്രകൃതിത്വം ഇനി പ്രതിപാദിക്കാം.

സൂത്രം 1.ബുദ്ധിപൂർവ്വാ വാക് പ്രകൃതിര് വേദേ.

ജ്ഞാനബലത്താൽ ഉഭയവിധമായ ക്രിയയാല് ഈ വൈദികീവാക്ക് പ്രകൃതിയായി ഭവിക്കുന്നു. വാച്യാർത്ഥാവബോധനത്താല് ജ്ഞാനക്രിയ എന്ന അർത്ഥനിഗമനത്താല് വേദവാക്യത്തിൽ നിഗമസംജ്ഞ. വിഹിതമായ ദൃഷ്ടാർത്ഥത്തില് ഭാവയിത്രി ബലക്രിയയാണ്. അതുതന്നെ പശ്യന്തി എന്ന നാമത്തിൽ ചോദയിത്രിയായ വാക്ക് എന്ന് ഗുഹ്യയായി വേദവാക്യത്തിൽ മന്ത്രസംജ്ഞാ. വേദം എന്ന് വേത്തി ,വിന്ദതി എന്ന ഉഭയക്രിയകളുടെ (അറിഞ്ഞത്,അറിയുന്നത്)ഗ്രഹണാർത്ഥം മാത്രമല്ല,ബ്രാഹ്മണവാക്യഗ്രഹണാർത്ഥം,അതിന്റെ ആമന്ത്രത്വം,ആഛരാബ്ദിബാവനാഭാവം എന്നിവയാലും കേവലനിഗമത്വത്താലും സർവ്വക്രിയാപ്രകൃതിത്വം ഉപപത്തമാകുന്നു.ബ്രാഹമണവാക്യങ്ങളുടെ ചോദകത്വം ,അവയുടെ അർത്ഥപ്രത്യാ പുരുഷനിഷ്ഠമല്ല,ശബ്ദനിഷ്ഠമാണെന്ന് കേവലാർത്ഥം. ഈ ശബ്ദനിഷ്ഠമായ കേവലാർത്ഥി ഭാവന എന്നറിയുന്നു. വാക്യക-തി എന്ന പാഠത്തില് പ്രാമാദികര് മന്ത്രങ്ങളില് അപൌരുഷേയത്വത്താൽ അകൃതകത്വം പറയുന്നു.

സൂത്രം 2.ബ്രാഹ്മണേ സംജ്ഞാകർമ്മസിദ്ധിലിംഗം.

ലോകത്തില് മന്ത്രപ്രഭാവം മന്ത്രങ്ങളുടെ അർത്ഥസത്യം കൊണ്ടാണെന്ന് പ്രസിദ്ധമാണ്. ബ്രാഹ്മണങ്ങളിലും ഇത് വിധിക്കപ്പെട്ടിരിക്കുന്നു.വേദത്തില് ബ്രാഹ്മണഭാഗത്തില് കൃതമായ വാക്കുകളിൽ നാനാഗൌണീസംജ്ഞകള് അതിന്നു പ്രമാണമാണ്. ക്രിയാത്വവിശേഷത്താൽ മന്ത്രങ്ങളിൽ സംജ്ഞകള് ശ്രുവിക്കപ്പെടുന്നു. യോജനക്ക് ആജ്യ,ഉത്ഥാപത്തിന് ഉക്ഥം, സമീകരണത്തിന് സാമം എന്നിങ്ങനെ. ഛാന്ദോഗ്യത്തിൽ (4.16.1)തസ്മാദേഷ ഏവ യജ്ഞസ്തസ്യ മനശ്ച വാക്ച വർത്തിനീ എന്നും ജൈമിനീയസൂത്രത്തില് (2.1.32)തച്ചോദകേഷു മന്ത്രാഖ്യാ എന്നും കാണാം.അർത്ഥസമ്പന്നമായ ബ്രാഹ്മണങ്ങളില് വിധിക്കപ്പെട്ട മന്ത്രങ്ങളില് നിഗമത്വം ഇവിടെ പറയുന്നു.വേദവാക്കിന് സർവ്വക്രിയാപ്രകൃതിത്വം സാധിതം.ഇത് ബുദ്ധിപൂർവ്വകമെന്ന് അടുത്ത സൂത്രം.

സൂത്രം 3.ബുദ്ധിപൂർവ്വോ ദധാതി.

ബുദ്ധിപൂർവ്വം വ്യാഹൃത്യാചാര്യന്മാരാലും അന്തേവാസികളാലും പ്രദത്തമായ വാക്ക് ചോദയിത്രിയായി കാണപ്പെടുന്നു.നിഗമപക്ഷത്തിലും ബുദ്ധിപൂർവ്വകത്വം വാക്കിന് (ചോദയിത്രിക്ക്) പ്രസിദ്ധമാണ്.

സൂത്രം 4.തഥാ പ്രതിഗ്രഹഃ

ഏതൊന്ന് ആചാര്യന്മാരാൽ ബുദ്ധിപൂർവ്വം നൽകപ്പെട്ടുവോ,അത് ബുദ്ധിപൂർവ്വം അന്തേവാസികളാൽ ഉപാസിക്കപ്പെട്ട് ആവാഹിക്കപ്പെട്ട്,പ്രതിഗ്രഹിക്കപ്പെടുകയും വീര്യവതിയായി കാണപ്പെടുകയും ചെയ്യുന്നു. ബുദ്ധിപൂർവ്വമായവൈദികീവാക്ക് ജ്ഞാന,ബലക്രിയകളാൽ പ്രകൃതിയിൽ ഇങ്ങനെ ദൃഷ്ടമാകുന്നു(വ്യക്തമാകുന്നു).ആ വാക്ക് ബുദ്ധിപൂർവ്വകം വിധിപ്രകാരം ദാനം, പ്രതിഗ്രഹം എന്നിവ ചെയ്യാഞ്ഞാൽ ഗുണാധാനം ദൃശ്യമാകുന്നതല്ല. ബ്രഹ്മാസ്ത്രമഭ്യസിക്കാത്ത വടുകന് മന്ത്രോച്ചാരണത്താൽ,ശരസന്ധാനം അഭ്യസിച്ച മറ്റൊരു വടുകന് ബ്രഹ്മാസ്ത്രമായത് വെറും ശരമേ ആവുകയുള്ളൂ. ശ്രുവണപഠനമാത്രേണ മന്ത്രത്തിന്റെ ചോദകത്വം ദൃഷ്ടമാകുന്നു.മന്ത്രത്തിന്റെ പാരമാർത്ഥികമായ ആഗമത്വം ഇങ്ങനെ പറയുന്നു.

സൂത്രം 5.ആത്മാന്തരഗുണാനാം ആത്മാന്തരേ കാരണത്വാത്.

ഇപ്രകാരം സർവ്വം ബുദ്ധിപൂർവ്വകം മന്ത്രദാനപ്രതിഗ്രഹരൂപേണ സമഭിവ്യാഹാരേണ ആത്മാന്തരഗുണങ്ങൾ ആത്മാന്തരത്തില് കാരണത്വമായി സംഭവിക്കുന്നു. അങ്ങനെയല്ലാതെ സമഭിവ്യാഹാരത്താൽ ആത്മാവില് ധർമ്മോപജനമുണ്ടാവുന്നതല്ല. ഗർഭാധാനാദയത്തില് സർവ്വത്തിലും ചതുരാശ്രമത്തിലും വിഹിതമായ സംസ്കാരം വ്യാഖ്യാനിച്ച് അറിയേണ്ടതാണ്.എന്ന് സമഭിവ്യാഹാരത്താൽ ആത്മാവില് ധർമ്മത്തിന്റെ ആധാനം ദർശിതം. ബ്രഹ്മ

ഭാവം പുരുഷനാൽ പ്രതിപദ്യമാനമായ ദ്രഷ്ടോഹേതുവായല്ല,അദ്ദൃഷ്ടകാരണകമായ അദ്ദൃഷ്ട മായാണ് സാധിക്കുന്നത്.

സൂത്രം 6.തദ്ദൃഷ്ടഭോദനേന വിധ്യതേ.

അത് അദഷ്ടമായ സത്ത(ഉണ്മ,അസ്തി)യാണ്.അതിനെ ദൃഷ്ടമായ ഭോജനങ്ങളാൽ (ഭക്തി, വിഭ്രതി)അനുമാനിക്കാനേ കഴിയൂ.

സൂത്രം 7.ദൃഷ്ടം ഹിംസായാം.

ഭോജനം ശരീരത്തിൽ ദോഷധാതുവൈഷമ്യം ജനിപ്പിക്കുന്നതിനാല് ഹാനികരമാണ്. സ്വഭാ വത്താൽ അദൃഷ്ടമായ ദുഗ്ധം മുതലായ ഭോജനങ്ങളില് പോലും രോഗസംപ്രാപ്തി ഉണ്ടാവുന്നു ണ്ട്. ദൃഷ്ടമായ മറ്റുഭോജനങ്ങളുടെ കാര്യം പറയാനില്ല. ഭോജനത്തില് ഹിംസ ദൃഷ്ടമാണ്. ദൃഷ്ട ത്തിൽ നിന്ന് സർവ്വത്തിനും അദൃഷ്ടമാണ് കാരണം എന്ന് അനുമാനിക്കണം.

സൂത്രം 8.തസ്യ സമഭിവ്യാഹരതോ ദോഷഃ

ദോഷവും അദൃഷ്ടകാരണകം തന്നെ. അവയും സമഭിവ്യാഹാരത്താൽത്തന്നെ ഒരാളിൽനിന്ന് മറ്റൊരാളിലേക്ക് സംക്രമിക്കുന്നു.

സൂത്രം 9. തദദുഷ്ടേന വിഖ്യാതം.

ദോഷം ഭോജനകാരിതമായി സംഭവിക്കുന്നില്ല.വസ്തുനിഷ്ഠമാകയാൽ അത് വസ്തുവില് നിത്യ മാണ്. അതിനാൽ ദുഷ്ടഭോജനം കഴിച്ചാലും ദോഷം ജനിക്കില്ല എന്നനുമാനിക്കാം. അദൃഷ്ടം ആത്മാവിൽ സംബന്ധമാകയാല് സുഖദുഃഖാദിബാഹ്യഭാവനകളുടെ സമഭിവ്യാഹാരത്താല് സംപ്രാപ്തി സംഭവിക്കുന്നു. ഇപ്രകാരം സമാനകാലദേശകാലത്തിലെ ജനങ്ങൽക്ക് പുരുഷന്റെ അഹിംസ,സത്യം,അസ്തേയം,ബ്രഹ്മചര്യം,അപരിഗ്രഹം മുതലായ ആത്മകർമ്മങ്ങളാല് അഭ്യു ദയഭേദം കാണുന്നു. സ്ത്രീ,പുത്ര,പശു,ധനധാന്യാദി ബാഹ്യാർത്ഥപ്രതിസംവേദനഭേദം കാണു ന്നു . ഇവ അദൃഷ്ടം കൊണ്ടല്ല,പുരുഷന്റെ കർമ്മം കൊണ്ടാണ് .അവയുടെ കൃതം രണ്ടുവിധം. സംസ്കാരരുപേണ ആത്മാവിൽ സഞ്ചിതമായത് ധർമ്മം. ഗ്രഹനക്ഷത്രാദികളിൽ സംസ്കാര രുപേണ സ്ഥിതമായത് അദൃഷ്ടം. ധർമ്മം,അദൃഷ്ടം ഇവയുടെ ആശ്രയഭേദത്താലും അവയു ടെ പ്രതിസംവേദനം കൊണ്ടും അവയുടെ സമഭിവ്യാഹാരം കൊണ്ടും അനേകം ഭേദങ്ങൾ കാണുന്നു.ധർമ്മസംസ്കാരാദൃഷ്ടസങ്കരത്തില് ,വിനിയോഗവ്യഭിചാരങ്ങളാൽ, സമഭിവ്യാ ഹാരത്തിലെ ബുദ്ധിപൂർവ്വകത്വമായ ഉപയോഗത്തിലുള്ള ഭേദത്താല് ഇത്തരം നാനാത്വം. അന്തരാത്മാവിലെ ബുദ്ധിപൂർവ്വകമായ സമഭിവ്യവഹാരത്തില് മനുഷ്യര് തമ്മില് ഒട്ടേറെ ഭേദങ്ങളുണ്ട്. അതിനാൽ ശാസ്ത്രം പറയുന്നുഃ-

യഥാ പുഷ്പഫലാപേതോ ബഹുശാഖോ മഹാദ്രുമഃ

ആത്മനോ നാഭിജാനിതേ ക്വ മേ പുഷ്പം ക്വ മേ ഫലം

ഏവമാത്മാ നാഭിജാനിതേ ക്വ ഗമിഷ്യേ കുതോ അന്വഹം

അന്യോഹ്യസ്യന്തരാത്മാസ്തി യഃസർവ്വമനുപശ്യത്.(ബ്ര.പു. 237. 22-23)

ഭൂതാത്മാന്തരമായ മനോവിശേഷത്തെ കുറിച്ച് മനുഃ-

യോ അസ്യാത്മനഃകാരയിതാ തം ക്ഷേത്രജ്ഞം പ്രവക്ഷ്യതേ

യഃകരോതി തു കർമ്മാണിസ ഭൂതാ സോച്യതേ ബുധൈഃ

ജീവസംജ്ഞോ അന്തരാബാഹ്യഃസഹജാസർവ്വദേഹിനാം

യേന വേദയതേ സർവ്വം സുഖം ദുഃഖഞ്ച ജന്മസു(മനു 12. 12-13)

കർമ്മാന്തരത്തില് ഫലാഭിസന്ധിനിയമത്തില് ധർമ്മത്താല് ഇഷ്ടത്തില് പ്രീതി, സമാനകർതൃത്വം എന്നിവ വരുന്നു.ഹിരണ്യഗർഭപുരുഷനില് സമഭിവ്യാഹാരം, സർവ്വസമഭിവ്യാഹാരമൂലമാണ്.പുരുഷശരീരസംഭവത്തിൽ ധർമ്മവും അദൃഷ്ടവും ഈശ്വരനും സർവ്വവും ഹേതുവാകയാൽ നമ്മുടെ ജന്മം യോഗം എന്ന് അറിയുക.സർവ്വശരീരകാരണം ഏകാന്തവാദത്തില് നിരസ്തമെന്ന് അറിയുക.സംയോഗവർഗ്ഗസമഭിവ്യാഹാരത്തില് പ്രവൃത്തിനിയമം ഇനി പറയാം .(Law of energy ,forces and matter).

സൂത്രം 10 പുനർവിശിഷ്ടേപ്രവൃത്തിഃ

പുനരെന്ന ശബ്ദം പ്രസക്തപ്രകരണാന്തരാരംഭം കുറിക്കുന്നു.സംയോഗാദികളുടെ പ്രവൃത്തി നിയമം,പ്രക്രിയ ഇപ്രകാരം . കർമ്മത്താല് പിണ്ഡങ്ങളുടെ സംയോഗം.അതിൽ അധികമായ കർമ്മം വിശിഷ്ടം.(Higher potential),അതിൽ ന്യൂനമായ കർമ്മം ഹീനം(lower potential), രണ്ടിന്റേയും കർമ്മസാമ്യം സമത്വം(equal potential).ഇവയിൽ വിശിഷ്ടത്തിന്റെ കർമ്മാപവ ർഗ്ഗം ഹീനത്തിൽ പ്രവർത്തിക്കുന്നു.അതിന്റെ പ്രവാഹം ഹീനത്തില് പ്രവർത്തിക്കുന്നതിനാല് പ്രവൃത്തി എന്നു പറഞ്ഞിരിക്കുന്നു. ഉച്ചസ്ഥലത്തുനിന്ന് നിമ്നസ്ഥലത്തേക്ക് എങ്ങനെ ജലപ്രവാഹം നടക്കുമോ, പ്രവർത്തിക്കുമോ അതുപോലെ ഉച്ചത്തില് പ്രവർത്തിക്കുന്ന ശക്തി വിശിഷ്ടമാണ് .ഇപ്രകാരം സമഭിവ്യാഹാരത്തിലും സംസ്കാരം ബലവത്തായാൽ വിശിഷ്ടമായും നിർബ്ബലമായാ ൽ ഹീനവുമായിരിക്കും. വിശിഷ്ടത്തിൽനിന്ന് ഹീനത്തിലേക്ക് സംസ്കാരം പ്രവഹിച്ച് പ്രവർത്തിക്കുന്നു.

സൂത്രം 11..സമേഹീനേവാപ്രവൃത്തിഃ

ഏതുശബ്ദം സമഹീനങ്ങളുടെ വികല്പത്തിൽ ,പ്രവൃത്തിവികല്പമായിരിക്കുന്നുവോ,അത് . ഹീനത്തിന് വിശിഷ്ടത്തിൽ പ്രവൃത്തിയില്ല.ഊഭയമായ സമത്വത്തിലും പ്രവൃത്ത്യഭാവമാണ്. ആചാര്യനിൽനിന്ന് വിശിഷ്ടജ്ഞാനം അന്തേവാസികളിലേക്ക് പ്രവഹിച്ച് പ്രവർത്തിക്കുന്നത് ഈ നിയമപ്രകാരമാണ്.

സൂത്രം 12.ഏതേന ഹീനസമവിശിഷ്ടധാർമ്മികേഭ്യഃപരസ്വാദാനം വ്യാഖ്യാതം.

ഏവം സർവ്വത്ര സംയോഗത്തില് സമഭിവ്യാഹാരത്തില്,വിശിഷ്ടധാർമ്മികരിൽനിന്ന് ഹീന ധാർമ്മികരിലേക്ക് ദ്രവ്യഗുണകർമ്മങ്ങളുടെ പ്രവൃത്തി ഭവിക്കുന്നു. പാകത്തിൽ ഈ പ്രവൃത്തിനി യമം കാണാം. (Chemical combination).പരമാണുക്കൾ ദ്വണുക,ത്ര്യണുകാദി സമവായികാര ണത്തിൽ എപ്രകാരം ഭവിക്കുമോ, അപ്രകാരം സംയോഗാണുക്കള് സമവായത്തില് സാമ്യേ ന ധാരണം ചെയ്യപ്പെടുന്നു.(സാമ്യേന ധാര്യന്തേ).അധികം സംയോഗാണുക്കളുള്ള ദ്രവ്യം വിശിഷ്ടമാണ്.(Positive).കുറവുള്ളത് ഹീനമാണ്(negative).സാമ്യത്തിൽ(neutral)വിശിഷ്ട, ഹീനങ്ങളായവ സമമാണ്. വിശിഷ്ടഹീനങ്ങളായ തേജാണുക്കളുടെ പ്രതിപാദനമാണ് പാകം. സമയത്തിൽ സംയോഗം നടക്കുന്നത്(opposite in nature as vice and virtue) പാകമല്ല, അവി ടെ പാകം നടക്കുന്നില്ല..

സൂത്രം 13 തഥാ വിരുദ്ധാനാം ത്യാഗഃ

വിരുദ്ധങ്ങളുടെ സംസ്കാരങ്ങൾ പരസ്പരം നശിപ്പിക്കുന്നതിനാല് ത്യജിക്കുക.പാപസംസ്കാരം പുണ്യസംസ്കാരത്തെ നശിപ്പിക്കും. വിരുദ്ധഭക്ഷണം അതുപോലെ ആരോഗ്യം നശിപ്പിക്കും.

സൂത്രം 14.ഹീനേ പരേ ത്യാഗം.വിരോധികളിൽ ഹീനമായത് സ്വീകരിച്ചാല് സർവ്വഥാ നാശം. അതിനാലത് ത്യജിക്കണം.

സൂത്രം 15.സമേ ആത്മത്യാഗഃപരത്യാഗോ വാ.

വിരോധികർമ്മങ്ങളില് സാമ്യത്തില് രണ്ടും നശിക്കുന്നു. അത് ആത്മത്യാഗമാണ്.

സൂത്രം 16.വിശിഷ്ടേ ആത്മത്യാഗ ഇതി.

വിശിഷ്ടമായത് ഹീനത്തോടു ചേർത്താല് വിശിഷ്ടത്തിന്റെ ആത്മനാശം. അതും ആത്മത്യാ ഗമാണ്.പുണ്യപാപസമഭിവ്യാഹാരത്തിൽഋണധനസംസ്കാരത്തില് വിശിഷ്ടത്തില് അധിക മുള്ളത് പചിക്കപ്പെട്ട് കൈമാറുന്നു.സച്ചിത്തങ്ങൾക്ക് പ്രാബല്ല്യങ്ങളാല് ഉഭയവിധകർമ്മങ്ങളാ ൽ നാശം സംഭവിക്കുന്നു.ഇതിന് പ്രായശ്ചിത്തം(propitiation of sin) എന്നു പറയുന്നു.

നിഹന്യാദ് ദുർബ്ബലം ദൈവം പുരുഷകാരേണ ബുദ്ധിമാന് എന്ന് അതിനാല് പറയപ്പെട്ടു ന്നു.തപോജ്ഞാനബുദ്ധിയാൽ പുണ്യാത്മാക്കള് സമഭിവ്യാഹാരം ഉപാദേയം ,ഹേയം എന്ന് പാപാത്മാക്കൾക്ക് സമഭിവ്യാഹാരത്താല് ആത്മാവില് ധർമ്മാധർമ്മനിഷ്പത്തി ഉണ്ടാക്കു ന്നു. ഇപ്രകാരം ആറാം അദ്ധ്യായം ഒന്നാം ആഹ്നികം സമാപിക്കുന്നു.

അദ്ധ്യായം 6 ആഹ്നികം 2.

കർമ്മങ്ങളുടെ ധർമ്മാദൃഷ്ടജനകത്വവ്യവസ്ഥ ഈ ആഹ്നികത്തില് പറയുന്നു.

സൂത്രം1. ദൃഷ്ടാദൃഷ്ടപ്രയോജനാനാം ദൃഷ്ടാഭാവേ പ്രയോജനമഭ്യുദയായ.

കൃതമായ കർമ്മത്തിന്റെ ആശ്രയഭേദത്താൽധർമ്മം,അദൃഷ്ടം എന്ന് രണ്ട് വിധം പറയുന്നു. ഫലമപേക്ഷിച്ച് വീണ്ടും കർമ്മത്തില് രണ്ടുവിധം ഭവിക്കുന്നു.ജാത്യായുർഭോഗം മുതലായ ദൃഷ്ട ഫലകം കർമ്മാദൃഷ്ടം സദ് എന്ന് ദൃഷ്ടപ്രയോജനം പറഞ്ഞ ഭോഗാദിഫലത്തിന്റെ ദൃഷ്ടത്വ ത്താലാണ്. ആഭ്യുദയികമായ കർമ്മം ദൃഷ്ടം ,സദ് എന്ന് അദൃഷ്ടംപ്രയോജനം പറയപ്പെട്ട ധർമ്മരൂപഫലത്തിന്റെ ദർഷിതവർജ്ജിതത്വത്താലാണ്.ഫലസ്വരൂപഭേദത്താൽ കർമ്മ ത്തിന്റെ വിഭാഗം വിവക്ഷിതമാണ്. ഫലകാലഭേദകൃതദൃഷ്ടാദൃഷ്ടജന്മവേദനീയത്വവ്യവസ്ഥയാ ലല്ല ആശ്രയഭേദവിവക്ഷ എന്ന് ദ്രഷ്ടവ്യം.കർമ്മങ്ങളിലെ ദൃഷ്ടഫലങ്ങൾക്ക് വിനിയോഗമില്ലെ ങ്കി ൽഅവ ആഭ്യുദയപ്രയോജകമായി ഭവിക്കുന്നില്ല.ബുദ്ധിപൂർവ്വകമായ കർമ്മങ്ങളില് ഒരിക്ക ലും നാശമുണ്ടാവുന്നില്ല.അതിനാൽ കർമ്മങ്ങളില് ധർമ്മജനകത്വം നിത്യം ദൃഷ്ടഫലകത്വം , വൈകല്പികം,നിമിത്തവശത്താലാണ്.സാമാന്യത്താൽ ധർമ്മാദൃഷ്ടജനകത്വത്തിന്റെ നിയമം പറയാം.

സൂത്രം
2.അഭിഷേചനോപാവാസബ്രഹ്മചര്യഗുരുകുലവാസവാനപ്രസ്ഥയജ്ഞദാനപ്രോക്ഷണാലിംഗ നക്ഷത്രമന്ത്രകാലനിയമാശ്ചാദൃഷ്ടായ

അഭിഷേചനം,ഉപവാസം,ബ്രഹ്മചര്യം,ഗുരുകുലവാസം,വാനപ്രസ്ഥം,യജ്ഞം.ദാനം,പ്രോക്ഷ ണം എന്നീ നിയമങ്ങലെ അദൃഷ്ടങ്ങളായി കല്പിക്കുന്നു.അദൃഷ്ടങ്ങളിൽനിന്നുണ്ടാവുന്ന അദൃഷ്ട ഫലങ്ങളെയാണ് ധർമ്മമെന്നു പറയുന്നത്.ദൈവവാചികളായഅദൃഷ്ടങ്ങളുടെ വിനിയോഗ ങ്ങളാണവ.അഭിഷേചനാദിനിയമങ്ങൾ സാമാന്യമായി പറയുന്നു.പ്രപഞ്ചശാസ്ത്രത്തിൽ അവ ദ്രഷ്ടവ്യങ്ങളാണ്.

ആഗമോ അർത്ഥഃപ്രജാദേശഃകാലകർമ്മ ച ജന്മ ച

ധ്യാനം മന്ത്രോ അഥ സംസ്കാരോ ദശൈതേ ഗുണഹേതവഃ(ഭാ. 11.13.4)

ആത്മന്യദൃഷ്ടരൂപധർമ്മജനകങ്ങളെന്നർത്ഥം.

ദീക്ഷാദികളിൽ മന്ത്രപൂതമായ തീർത്ഥജലത്താലുള്ള സ്നാനം അഭിഷേകം. കൃഛ്റങ്ങളായ അനശനാദിവ്രതങ്ങൾ ഉപവാസം.പ്രാജാപത്യം,ചാന്ദ്രായമം മുതലായ വ്രതങ്ങളില് ദ്രവങ്ങള് മാത്രം ഭക്ഷിച്ച് പാപബന്ധം ശിഥിലീകൃതമാക്കുന്നതാണ് ഉപവാസം.ബ്രഹ്മചര്യം വീര്യരക്ഷണമാണ്.ശൌചം,തേജോഭിവൃദ്ധികൊണ്ട് ഗുണോത്കർഷം.ഗുണാധാനസാമർത്ഥ്യവും ഇതിൽ വരും.അന്തേവാസികൾ ഗുരുശുശ്രൂഷാദികളായ സമഭിവ്യാഹാരത്തിന്നായി ഗുരുകുലത്തിൽ പാർത്ത് ഗുണാധാനം ഗുരുകുലവാസം.തപസ്വികൾ പ്രാണായാമാദിതപോയോഗാദികളുടെ അവസാനത്തിൽ അന്തഃകരണദ്രാവണത്തോടെ അനുഷ്ഠിക്കുന്നത് വാനപ്രസ്ഥം. ശിഥിലബന്ധമായ പാപത്തെ സ്വാദ്ധ്യായത്താൽ നിരസനം ചെയ്യുന്നതാണിത്. വാനപ്രസ്ഥം തപഃ പ്രധാനമാണ്.പർവ്വതധാതുക്കള് തേജസ്താപസംയോഗത്താല് ദ്രവമായി മലങ്ങളെ നീക്കി ശുദ്ധീകരിക്കുന്നതുപോലെ.തപസ്സുകൊണ്ട് അന്തഃകരണം പാപനാശംവന്ന് ദ്രവീകൃതവും ശുദ്ധവുമാകുന്നു.തപസ്സ് ആത്മതേജസ്സാണ്. യജ്ഞം മന്ത്രങ്ങളാൽ സംഗതികരണത്തിനായി ദ്രവ്യദേവതകളിലൂടെ വിരാട്പുരുഷനെ ആപ്യായനം ചെയ്യുന്നത്. ദാനം പ്രസിദ്ധം. അഭിമന്ത്രിതജലത്താല് മാർജ്ജനാദികളായ സൂക്ഷ്മപാപശോധനം പ്രോക്ഷണം. പ്രാങ്മുഖം, ഉദങ്മുഖം,ശാന്തികം,പൌഷ്ടികം,ഇപ്രകാരം ചെയ്യണം.ദക്ഷിണാമുഖം പൈതൃകമായ ആഭിചാരികമായ ദിങ് നിയമം കൊണ്ട് കർമ്മം ചെയ്യൽ.അതാതിന്റെ ഉദയത്തിൽനക്ഷത്രസ്ഥിതികളില് സൂര്യചന്ദ്രാദിഗ്രഹങ്ങളില് അതാതിന്റെ കർമ്മം ചെയ്യണം.കൃത്തികാസ്വാഗ്നിയിൽ ആദിനക്ഷത്രനിയമം.അന്വാനം,അർദ്ധർച്ചസം,പാദശം പഞ്ചാക്ഷരത്താൽ. പ്രതിലോമം ഉച്ചത്തിലുള്ള ഉപാംശുജപം എന്നിങ്ങലെ മന്ത്രനിയമം.പൂർവ്വാഹ്നാപരാഹ്നങ്ങളിൽ പൌർണ്ണമാസ്യാമവാസികളിൽ,വിഷുവങ്ങളിൽ,കർത്തവ്യകർമ്മങ്ങളുടെ വിധാനം കാലനിയമം. ഇങ്ങനെ വിഹിതകർമ്മങ്ങള് .കൂടാതെ ചതുരശ്രം അവിഹിതകർമ്മങ്ങളുമുണ്ട്. ഇവയെല്ലാം ആഭ്യുദയികമായ നിയമങ്ങളാണ്.നിയമങ്ങളാൽ അഭിക്രമനാശത്തില് ദൃഷ്ടാദൃഷ്ടഫലകത്വത്തില് നിയാമകത്വം ഇനി പറയുന്നു.

സൂത്രം 3.ചാതുരാശ്രമ്യമുപധാ അനുപധാശ്ച.

ബ്രഹ്മചര്യാദി ചതുരാശ്രമകർമ്മങ്ങള് സങ്കല്പഭേദത്താല് ദ്വിവിധം .ഉപധാ,അനുപധാ എന്ന്.

സൂത്രം 4.ഭാവദോഷ ഉപധാ അദോഷോ അനുപധാ.

ഭാവമെന്ന നാമം അഭിപ്രായത്തിന്റേതാണ്. കാമം,രാഗം,എന്നിവ അഭിപ്രായങ്ങളാണ്. അവയുടെ മൂലം അസത്യം,ആമയം,ലോഭം ഇത്യാദി ദോഷങ്ങളാണ്.ഇപ്രകാരം അനുവിദ്ധമായ കർമ്മം ഭാവദുഷ്ടമായ ഉപധയായി ഭവിക്കുന്നു.അവ കാമ്യമാത്രങ്ങളല്ല.ധർമ്മസ്ഥാപനത്തെ ഉദ്ദേശിച്ച് കൃതകാരിതാനുമോദിതമായി ദുഷ്ടവധം ചെയ്താൽപോലും ദുഷ്ടമൂലസ്ഥമായ ഇത്തരം

കാമദോഷം ഭവിക്കുന്നില്ല.ദോഷമൂലമായ ഇഛ,ദ്വേഷം എന്നിവ ചെയ്യുമ്പോൾ കർമ്മം ദുഷ്ടമായിത്തീരുന്നു.സൃഷ്ടി യമത്തിനുവേണ്ടിയാണ്.ക്രിയമാണമായ സർവ്വകർമ്മവും നിർദ്ദോഷമായി ഭവിച്ച് അഭ്യുദയത്തിനായി കല്പിക്കുമ്പോള് സൃഷ്ടി പ്രവൃത്തമാകുന്നു. ഭാവശുദ്ധി,ഭാവദോഷം എന്നിവ ഇങ്ങനെ പറഞ്ഞു.ഇവയുടെ സമഭിവ്യാഹാരം ഭക്ഷ്യ ഭോജ്യാദിദ്രവ്യങ്ങളുടെ സംസർഗ്ഗദോഷം ,അതിന്റെ ശുദ്ധി എന്നിവയിലാണ്.

സൂത്രം 5.യദിഷ്ടരൂപരസഗന്ധസ്പർശം പ്രോക്ഷിതമഭ്യുക്ഷിതഞ്ച തഛ്ശുചിഃ

ഇഷ്ടങ്ങളായ ഉപാദേയങ്ങൾ രൂപം,രസം,ഗന്ധം,സ്പർശം എന്നിവ ഏതൊരു ദ്രവ്യത്തിലു ണ്ടോ അവ ഇഷ്ടദ്രവ്യങ്ങളായി തീരുന്നു.സർവ്വവും സമഭിവ്യാഹാര്യമായ അന്നപാനാദിദ്രവ്യ വും ഇവിടെ വിവക്ഷിതമാണ്.അതിൽനിന്ന് ഉപസൃഷ്ടങ്ങളാകുന്ന മലങ്ങള് അഭ്യുക്ഷണം ,മാ ർജ്ജനം ,പ്രക്ഷാളനം ഇവകൊണ്ട് ശുദ്ധമാക്കേണ്ടതുണ്ട്.അതുപോലെ ദുഷ്ടസംസർഗ്ഗം കൊ ണ്ട് ഉണ്ടായ സംസ്കാരദുഷ്ട് നിർമ്മലമാക്കാല് മന്ത്രപൂർവ്വകമായ പ്രക്ഷാളനാദികളാല് ശുചി ചെയ്ത് നിർദ്ദോഷമാക്കുന്നു.

സൂത്രം 6.അശുചീത് ശുചിപ്രതിഷേധഃ

അശുചിക്ക് രണ്ടർത്ഥമുണ്ട്.ഭക്ഷണാദികളിൽ നിന്നുള്ളത്.ദുഷ്ടസംസർഗ്ഗം കൊണ്ടുള്ളത്. അശുചി വരുമ്പോൾ ശുചി ഇല്ലാതാവുന്നു.

സൂത്രം 7 അർത്ഥാന്തരഞ്ച.

ഭാവദുഷ്ടത്തിലും ഇത്തരം അർത്ഥാന്തരം വ്യവക്ഷിതമാണ്.യമം,നിയമം എന്ന് ഉഭയവിധ ത്തിലും ധർമ്മത്തിന്റെ ശാസ്ത്രം ഉപദേശിക്കുന്നത് കേൾക്കുന്നു.സത്യം വദ,ധർമ്മം ചര, മനോ നിയഛ,മാ ഹിംസ്യാത് സർവ്വഭൂതാനി ഇത്യാദികള് യമോപദേശങ്ങളാണ്. സ്വാദ്ധ്യായോ അദ്ധ്യേതവ്യ, അഗ്നിഹോത്രം ജുഹുയാത്,തപശ്ചരേത് ഇത്യാദി നിയമവിധികളാ ണ്.യമനി യമങ്ങളി ൽ ഏതാണ് മുഖ്യധർമ്മം. ഏതാണ് യോഗ്യം.ഇത് ഇനി വ്യവസ്ഥാപിക്കുന്നു.

സൂത്രം 8.അയതസ്യ ശുചി ഭോജനാദഭ്യുദയോ ന വിദ്യതേ നിയമാഭാവാദ് വിദ്യതേ വാ അർത്ഥാന്തരത്വാദ്ധ്യമസ്യ.

അഹിംസ,അസ്തേയം,സത്യം,ബ്രഹ്മചര്യം ,അപരിഗ്രഹം എന്നിവ അഭ്യുദയികമായ ആത്മധ ർമ്മങ്ങളായ യമമാണ്. ബാഹ്യസാധനകളെ അപേക്ഷിച്ച് അനുശീലനംകൊണ്ട് മാത്രം അനുഷ്ഠാനം സാധിക്കുന്നവയാണ്.അഭ്യുദയസമ്പാദനാർത്ഥം ഉപാധികള് യമത്തിന് വിഹി തമായ പ്രോക്ഷണം ,അഭ്യുക്ഷണം മുതലായ ശൌചനിയമങ്ങൾ ,തപോമന്ത്രാദ്യനുഷ്ഠാനവിധ ങ്ങളായ നിയമങ്ങൾ ഇവയാണ്. ബാഹ്യസാധനങ്ങളെ അപേക്ഷിച്ച് ചെയ്യുന്നതിനെ അനു

ഷ്ഠാനം എന്നു പറയുന്നു.യമവിരോമെങ്കിൽ വിധിവത്തായി അനുഷ്ഠീയമാനമായ നിയമങ്ങ ൾപോലും അഭ്യുദയം ജനിപ്പിക്കയില്ല.ഛലം,ചൌര്യം,ഹിംസ,വഞ്ചന ഇവകളാൽ ആർജ്ജിച്ച ദ്രവ്യം വിധിവത്തായി പ്രോക്ഷിതമെങ്കിലും ശുചിയല്ല. അഭ്യുദയം തരില്ല.അവ ദോഷത്താൽ സംസർഗ്ഗദോഷമെന്ന അർത്ഥാന്തരത്വത്താല് ദോഷം ബലവത്തരമാകയാലാണിത്. യമ മുണ്ടെങ്കിൽ,നിയമാഭാവത്തിലും അഭ്യുദയം ഉണ്ടാവും. നിയമാനുഷ്ഠാനം ധർമ്മശുദ്ധിക്കാണ്. ധർമ്മശുദ്ധിയാല് യമപ്രതിഷ്ഠ കൈവരുന്നു.യമപ്രതിഷ്ഠയാൽ വ്യവഹാരശുദ്ധി. അതിൽനി ന്ന് അഭ്യുദയം.

സൂത്രം 9.അസതി ചാഭാവാത്.

വിധിപോലെ അനുഷ്ഠിച്ചാലും നിയമത്തിൽ യമാഭാവം കൊണ്ട് അഭ്യുദയാഭാവം കാണുന്നു. ജടാവല്കലധാരികളും ദണ്ഡകമണ്ഡലുകഷായധാരികളും ,ശൌചസ്വാദ്ധ്യായാദിനാനാനിയമസാ ധനപാരായണരുമായിട്ടും ലോഭമോഹമൂഢരും ലോകവഞ്ചനപരരുമായ ആളുകൾ ഭാവദോ ഷത്താൽ അഭ്യുദയവിധുരരായി ലോകത്തില് ഭ്രമിക്കുന്നത് കാണുന്നു.(മനുസ്മൃതി 2.6).

വേദാസ്ത്യാഗശ്ച യജ്ഞശ്ച നിയമാംശ്ച തപാംസി ച

ന വിപ്രദുഷ്ടഭാവസ്യസിദ്ധിം ഗച്ഛന്തികർഹിചിത്.

യജ്ഞയാഗതപോശൌചാദിആചാരനിയമങ്ങളുടെ അനുഷ്ഠാനം മാത്രമാണ് മുഖ്യധർമ്മമെ ന്ന മൂഢവാദം നിരർത്ഥമാണ്. യമാനുശീലനമാണ് മുഖ്യധർമ്മം. അതിനുള്ള സാധനമാത്ര ത്വമേ യാഗാദിനിയമങ്ങളുടെ ആചാരത്തിനുള്ളു. സാദ്ധ്യത്തേക്കാളും സാധനത്തിന് മുഖ്യത്വ മില്ല. യമത്തിൽനിന്നുള്ള വ്യഭിചാരമാണ് ഭാവദോഷമായി ഭവിക്കുന്നത്. യജ്ഞത്തിന്റെ മുഖ്യ ത്വം ,അതിന്റെ കർമ്മാത്മകമായ നിയമങ്ങളുടെ ശ്രേഷ്ഠത്വം ,അക്ഷയാപൂർവ്വജനകത്വം എന്നിവ യമത്തെ അപേക്ഷിച്ചവയല്ല. അവയെല്ലാം സാധനങ്ങളാണ്.യമം സാദ്ധ്യമാണ്.

സൂത്രം 10.സുഖാദ്രാഗഃ

രാഗനാമം ആത്മാവിന് വിഷയത്തിലുള്ള തൃഷ്ണയാണ്. രാഗം സത്യമാണ്.എന്നാലത് പ്രതി പുരുഷം ഭേദമുള്ളതായി കാണുന്നു. പലർക്കും പലതിലാണ് രാഗം. ഒരാൾക്ക് നൃത്യത്തിലും ഗീ തത്തിലുമാകാം.ഒരാൾക്ക് തത്വചിന്തയിലാകാം.പക്ഷേ എല്ലാവർക്കും സുഖനിബന്ധന ദൃഷ്ട മാണ്.രാഗമുള്ള വസ്തുവോട് നിബദ്ധമായാണ് അവരുടെ സുഖാനുഭവം. (ആനന്ദാനുഭവം) പുരുഷന് സുഖം എന്നു തോന്നുന്നതിലാണ് രാഗം ജനിക്കുന്നത്. പൂർവ്വജന്മങ്ങളിൽ മുഹ ർമു ഹർ(വീണ്ടുംവീണ്ടും) അഭ്യസിച്ച വിഷയത്തെ വാസനാവശാൽ ഈ ജന്മത്തിലും നാം സുഖ മെന്നു ഗ്രഹിച്ച് അതിൽ രാഗമുള്ളവരായിത്തീരുന്നു.

സൂത്രം 11.തന്മയത്വാച്ച.

പൂർവ്വാഭ്യസ്തവിഷയങ്ങളില് തദ്വിഷയകമായ സംസ്കാരം ഭൂയം(വലുത്,മഹത്ത്)ആയി പടം പോലെ നമ്മിൽ മുദ്രിതമായിരിക്കയാല് ആ വാസനാവിശേഷത്താലാണ് അതേ വിഷയ ത്തിൽത്തന്നെ രാഗം ജനിക്കുന്നത്,അതിൽ തന്മയീഭവിക്കുന്നത്.

സൂത്രം 12 അദൃഷ്ടാച്ച.

ദേശകാലനിമിത്താപബന്ധത്താൽ അതാതു ജാതീയമായ അദൃഷ്ടം വിപാകോന്മുഖമായി ഭവിച്ച് തജ്ജാതീയരാഗമായി ജനിക്കുന്നു.ബുധഗ്രഹോപലക്ഷിതമായ അദൃഷ്ടവിപാകകാല ത്ത് വിദ്യാശില്പാദികളിൽ പ്രീതിവിശേഷം ജനിക്കുന്നു.ഇപ്രകാരം അന്യങ്ങളായ കർമ്മവിപാക ശാസ്ത്രങ്ങളിലും ദ്രഷ്ടവ്യം.

സൂത്രം 13.ജാതിവിശേഷാച്ച.

അനാദിപരമ്പരയായി നാനാജന്മകൃതകർമ്മങ്ങൾദൈവരൂപേണ സഞ്ചിതമാകുന്നു. അതി ന്റെ മദ്ധ്യത്തിൽ ചിത്തായി ഒരു ജന്മത്തിൽശരീരമാരംഭിക്കുന്നു. ജാത്യായുർഭോഗത്രൂപഫല ത്തിനായി കല്പിക്കുന്നു. ജാതിവിശേഷത്താൽ രാഗവിശേഷം ജനിക്കുന്നു. അതിനാൽ പശുക്ക ൾക്ക് തൃണാദികളിലാണ് രാഗവിശേഷം. മനുഷ്യന് അങ്ങനെയല്ല. സുഖാദികൾ സർവ്വത്തി നും ഹേതുക്കളായ സമുച്ചയങ്ങളാൽ രാഗത്തില് വിശേഷമായി ജനിക്കുന്നു.ഏവം ദുഖഃപൂർവ്വക മായ ഹേതുക്കളാൽ ദോഷവിശേഷങ്ങളും ജനിക്കുന്നു.

സൂത്രം 14.ഇഛാദ്വേഷപൂർവ്വകാ ധർമ്മാധർമ്മപ്രവൃത്തിഃ

ഇഛാപൂർവ്വകമായി ധർമ്മാധർമ്മത്തില് വിഹിതാവിഹിതങ്ങളായ പ്രവൃത്തികള് ഭവിക്കുന്നു. ദ്വേഷപൂർവ്വകമായ കർത്തവ്യാകർത്തവ്യങ്ങളില് നിന്ന് നിവൃത്തിയും ജനിക്കുന്നു.സുഖത്തിലാ ണ് പുരുഷന്റെ രാഗം.അതിൽനിന്നാണ് സർവ്വവും പ്രവർത്തിക്കുന്നത്.സുഖത്തിനുള്ള പ്രവ ർത്തനത്തെ പുരുഷാർത്ഥമെന്നു പറയുന്നു.സുഖമില്ലാത്തതിൽനിന്ന് മനുഷ്യന് സ്വാഭാവിക മായും നിവർത്തിക്കുന്നു.പരമോത്കർഷം തരുന്ന പരമസുഖത്തെ മോക്ഷമെന്നു പറയുന്നു. മോക്ഷത്തിനുള്ള പ്രവർത്തനം ശരീരബന്ധത്തിൽനിന്നുള്ള നിവൃത്തിക്കായിട്ടാണ്.ഈ പ്രവ ർത്തനംപോലും ഒരു ബന്ധനമായി കലാശിച്ചുകൂടേ. അങ്ങനെ സംഭവിക്കുന്നില്ല. സത്യത്തിൽ നൈഷ്കർമ്മ്യമാണ്. പുഃനപ്രവൃത്തി ജനിക്കുന്നില്ല.ചതുരാശ്രമങ്ങളിൽ വിധിക്കപ്പെട്ട ധർമ്മം പ്രവൃത്തിപൂർവ്വകം അനുഷ്ഠിക്കുന്നത് ബന്ധകാരണമായി ഭവിക്കുന്നില്ല. പ്രവൃത്തിയല്ല, ലോഭം, മാത്സര്യം, മുതലായവയാണ് ദോഷം.അവയാണ് വീണ്ടും വീണ്ടും ബന്ധനമുണ്ടാക്കുന്നത്. ചരകസംഹിതയിൽ (1.63),

ഉപധാ ഹി പരോ ഹേതുദുഃഖദുഖ-ശ്രുയപ്രദാഃ

ത്യാഗാ സർവ്വോപധാനാം ച സർവ്വദുഃഖവ്യപോഹകഃ

എന്ന് ഉപധയെ ദുഖാശ്രുയമായി ,ശരീരത്തിന്റെ ദുഃഖഹേതുവായി പറയുന്നു. ഗീതയിൽ, സന്യാസതത്വം(18.2)കാമ്യാനാം കർമ്മാണാം ന്യാസം സന്യാസം കവയോ വിദുഃഎന്നാണ്. പുരുഷന്റെ സുഖാർത്ഥമായ പ്രവൃത്തിതന്നെ അനാദിയാണ്.തത്പൂർവ്വകമായ കർമ്മവും അനാദി.അതിനാൽ (അനാദിത്വത്താൽ)സന്യാസം ഉപപത്തമാവുന്നില്ല.അതിനാൽ സന്യാസം സംഭവിക്കുന്നത് ഉപധകളെക്കൊണ്ടാണ്. അതിന് ഉല്പത്തി,തിരോധാനധർമ്മകത്വം മുതലായ അനിത്യത്വങ്ങൾ കാണുന്നുണ്ട്. അഭ്യുദയികമായ കർമ്മം കാമ്യകർമ്മമാണ്. എന്നാ ൽ ലോഭാദിദോഷാനുവിദ്ധമായ കർമ്മമായി ഭവിക്കുന്നില്ല.സന്യാസവും കാമ്യക ർമ്മമാണ്.ലോഭാദികളില്ലാത്തതാണ്.ധർമ്മോദയത്തില് ആത്മാവിന്റെ ഭാവം സ്വാഭാവികമായ നിത്യവും അജന്യവുമായ ധർമ്മമാണ്.ബുദ്ധ്യാദികൾക്ക് ആത്മഗുണത്തില് ആത്മമനഃസംയോഗവിശേഷത്താൽ ഉണ്ടാവുന്ന ദോഷനിമിത്തമായി ഉല്പത്തി വിനാശദോഷധർമ്മം കൊണ്ടുള്ള അനിത്യത്വമുണ്ട്.അനാദിത്വം ജീവാത്മാവിന്റേതാണ്.അനിത്യത്വം ,സാന്തത്വം ആത്മാവിന്റെ മോക്ഷോപദേശത്താലാണ്.

സൂത്രം 15.തത് സംയോഗേ വിഭാഗഃ

ഏകാത്മകത പറയുന്നു.അവിഭക്തമായ ആത്മാവ് വിഭക്തമെന്നപോലെ നാനാത്വമായി തോന്നിക്കുന്നു.അതിന്റെ ഇഛ,ദ്വേഷം,സംയോഗം,സ്വപ്രകൃതിദത്തമായ വിഭാഗം ഇവയെല്ലാം നാനാത്വകാണമായി ഭവിക്കുന്നു.അഥവാ ആത്മമനസ്സുകളുടെ സംയോഗവിശേഷമാണ് മോക്ഷം. ഈ സംയോഗവിശേഷത്തിന് ഇഛാദികളുണ്ട്.യുഗപദ് ആയ സംയോഗദ്വയം സംഭവിക്കുന്നു.മനസ്സിന്റെ വ്യാസദ്യവൃത്തിത്വം കൊണ്ടാണ് അത്.ഇഛാദിസംയോഗദശകളിലെ മോക്ഷവിഭാഗം ഇപ്രകാരമാണ്.

സൂത്രം 16.ആത്മകർമ്മസു മോക്ഷോ വ്യാഖ്യാതഃ

ഇഛ ദോഷമാണെങ്കിലും അത് ധർമ്മത്തിലാവുമ്പോള് മോക്ഷമാവുന്നു. അധർമ്മാദികളിൽനിന്ന് മോചനമുണ്ടാവുന്നു.സംയോഗമോചനസാമാന്യത്താൽ മോക്ഷത്തിന് കർമ്മത്വം ഉക്തം.ആത്മകർമ്മമെന്ന്അതിനാല് മോക്ഷത്തെ വ്യാഖ്യാനിക്കുന്നു.ഇഛാദികളിൽനിന്ന് വിമുക്തരായവർക്ക് ജ്ഞാനാദിഭാവനകള് പരമോത്കർഷം പ്രാപിക്കുന്നു. മിത്ഥ്യാജ്ഞാന നിബന്ധനകളാകുന്ന ദോഷങ്ങള് സമൂലമായി വിഛേദിച്ച് ഉപധാഭാവത്തില് ശരീരാഭാവം അനുഭവപ്പെടുത്തുന്നു.ശരീരത്തെക്കുറിച്ച് സംസരണയുടെ അഭാവം (സംസരണാഭാവം)

കൊണ്ട് ഈ അനുഭവം നേടുന്നു.അതാണ് മോക്ഷം.ഇവിടെ ആറാം അദ്ധ്യായം രണ്ടാം ആഹ്നികം അവസാനിക്കുന്നു.

അദ്ധ്യായം 7 ആഹ്നികം 1.

പാകജഗുണനിരൂപണം സംഖ്യാധനാരംബകഗുണനിരൂപണം എന്നിവ ഏഴാം അദ്ധ്യായത്തിന്റെ വിഷയങ്ങളാണ്.

സൂത്രം 1. ഉക്താ ഗുണാഃ

രൂപരസഗന്ധസ്പർശഗുണാരംഭകമായ സംസ്കാരാത്മകമായ ഗുണങ്ങള് വ്യാഖ്യാനിച്ചു. സജാതീയഗുണങ്ങളുടെ സന്നികർഷപ്രാപ്തി സംയോഗം ,സമവായിഗുണം,അവയുടെ ഗുണാന്തരത്വപ്രാപ്തി മുതലായ സജാതീയഗുണാന്തരാരംഭകത്വം പറഞ്ഞു.എപ്രകാരം ദ്രവ്യങ്ങളിൽ ദിക്,കാലം, ആകാശം എന്നിവ നിഷ്ക്രിയത്വത്താൽ ദ്രവ്യാന്തരാരംഭകത്വമില്ലാതിരിക്കുന്നുവോ അപ്രകാരം സംഖ്യാദിസപ്തഗുണങ്ങളുടെ അസംസ്കാരത്വത്താൽ ഗുണാന്തരാരംഭകത്വം ഉണ്ടാവുന്നില്ല.സംഖ്യാദിഗുണങ്ങൾ അസുരാചാര്യന്മാര് വ്യാഖ്യാനിച്ചിട്ടുണ്ട്. രൂപാദികളുടെ ആരംഭകപരീക്ഷാശേഷം പറയാം.

സൂത്രം 2.പൃഥിവ്യാദിരൂപരസഗന്ധസ്പർശോ ദ്രവ്യാനിത്യത്വാദനിത്യാശ്ച

പൃഥി,ആദിത്യൻ മുതലായ ആദിശബ്ദങ്ങള് കാരണവാചികളാണ്.പ്രഭൃത്യർത്ഥമുള്ളതല്ല.പൃഥിസമവായികാരണവും അതിന്റെ കാര്യങ്ങൾ പൃഥിവ്യാദികളുമാണ്.പൃഥിവീപ്രഭൃതികൾക്ക് നിത്യർത്ഥമില്ല.പൃഥിവ്യാദിസ്വരൂപാണുക്കളുടെ രൂപാദികളാകുന്ന ഗുണങ്ങൾ അനിത്യങ്ങളാണെന്ന് ആ അണുക്കളുടെ അനിത്യത്വൽത്തന്നെ ബോദ്ധ്യമാണ്.പരമാണുക്കൾ കാര്യാവസ്ഥയിൽപോലും നിത്യങ്ങളാണെന്ന് ചകാരാർത്ഥം.

സൂത്രം.3.ഏതേനനിത്യേഷ്വനിത്യത്വമുക്തം.

നിത്യമായപരമാണുവിൽരൂപാദികളും നിത്യമാണ്.

സൂത്രം 4.അപ്സുതേജസിവായൌ ച നിത്യാ ദ്രവ്യനിത്യത്വാത്

പരമാണുക്കളുടെ രൂപരസഗന്ധസ്പർശാദികളും നിത്യമാണ്.തേജഃപരമാണുവിന്റെ രൂപസ്പർശം നിത്യമാണ്.വായുപരമാണുവിന്റെ സ്പർശം നിത്യമാണ്.ഇത് പരമാണു ദ്രവ്യത്തിന്റെ നിത്യത്വത്താലാണ്.

സൂത്രം 5.അനിത്യേഷ്വനിത്യാ ദ്രവ്യാനിത്യത്വാത്

ജലസ്വരൂപമായ അണു ,തേജസ്വരൂപാണു,വായുസ്വരൂപാണു എന്നിവയിൽ യഥോക്തമായ കാരണഗുണം പ്രാദുർഭവിക്കുന്നു.അത് സംയോഗിഗുണമല്ല.വായ്വണുവിൽ തേജസംയോഗത്താ ൽ സ്പർശമാരംഭിക്കുമെന്നല്ലാതെ രൂപാരംഭം സംഭവിക്കുന്നില്ല.ഇപ്രകാരം സർവ്വത്ര ചിന്തിച്ചറിയണം. ആരബ്ധഗുണം അണുവിന്റെ അനിത്യത്വത്താൽ അനിത്യമായി ഭവിക്കുന്നു.

സൂത്രം 6.കാരണഗുണപൂർവ്വകാഃപൃഥിവ്യാം പാകജാഃ

സമവായത്തിൽ സമവായി,സംയോഗി എന്നു രണ്ടുവിധം ദ്രവ്യങ്ങളുടെ കാരണത ഭവിക്കുന്നുണ്ട്. സമവായിഗുണപൂർവ്വകത്തില് മുമ്പുണ്ടായിരുന്ന ഗുണം സമവായിഗുണത്തില് സംയോഗഗുണത്തിന് മുമ്പുണ്ടായിരുന്നപോലെ സ്വതന്ത്രമായി കാണുകയില്ല.പാകത്തിൽ ഗുണാരംഭം വിശേഷമാണ്.പാകത്തിൽ സംയോഗമാത്രം ഉഭയവും സമാനവുമാണ്. ആശ്രയാശ്രയീഭാവമില്ല. സംയോഗിയിൽ രണ്ടിന്റേയും സമാനകാരണതയാല് പാകത്തില് ഉഭയഗുണപൂർവ്വകമായ സന്നികർഷത്തില് നിന്നു ജനിച്ച ഗുണങ്ങളുടെ പ്രാദുർഭാവമാണ് വിശേഷം.ഇവിടെ പാകത്തിൽ ലാഘവാർത്ഥം പ്രതിപന്നമായ സംജ്ഞാ,ക്രിയാ എന്നിവഅറിയണം. സമവായത്തിൽ സമവായി,സംയോഗി എന്ന് കാരണദ്വയമുണ്ട്.സംയോഗ്യണു പീലു എന്നു പറയപ്പെട്ടുന്നു.സർവ്വത്തിലും സമവായത്തെ പിഠരം എന്നു പറയുന്നു.സജാതീയദ്വി,ത്ര്യാദിഅനേകപരമാണുസമൂഹാത്മകത്തെയാണ് സമവായി എന്നു പറയുന്നത്.സമവായിനിയായ പരമാണ്വവസ്ഥയിൽ പീലുക്കള് പരിധിയില് ഭ്രമിച്ചുകൊണ്ടിരിക്കുന്നു എന്ന് സാമാന്യമായി സങ്കല്പിക്കുന്നു . സമസംഖ്യകളെ ദ്വയമെന്നു പറയും അതിലധികം(രണ്ടിലധികം)ഉള്ളവയാണ് പീലുക്കള്. അതിനാലവയുടെ ദ്വയത്തെ വിശിഷ്ടമെന്നു പറയും.ദ്വയത്തിലൊന്നുപോയാൽ ഹീനമാകും. അവയുടെ സംയോഗത്താൽ ഹീനസമവിശിഷ്ടേഭ്യഃപരസ്വാധാനനിയമോ വ്യാഖ്യാതഃ(6.1.12). പിഠരത്തിൽ തേജസ്സിന്റെ പീലുക്കളുടെ ആധാനപ്രദാനാത്മകമായ വ്യാപാരത്താൽപാകം എന്ന ക്രിയ ലഭിക്കുന്നു.പിഠരത്തിന്റെ ബാഹ്യപരിധിയിലുള്ള തേജഃപീലുക്കൾ സംയോഗസംഭവത്താ ൽ പൃഥിവിപിഠരത്തിലെ തേജഃപീലുവിലേക്കു ഗമിക്കുന്നു.അങ്ങനെയല്ലാതെ പാകം സംഭവിക്കയില്ല.ആഗ്നേയം,കനകം പ്രോക്തം സർവ്വലോഹാനി വാ പുനഃ എന്ന് അതിനാല് പറഞ്ഞിരിക്കുന്നു.പാകത്തിന് അഗ്നിജലാപേക്ഷകൊണ്ട് സംയോഗശൈഥില്യങ്ങൾക്കു കാരണമായി ഭവിക്കുന്നു.പാകജസംയോഗവ്യാഖ്യാനത്താൽ പൃഥിക്ക് ജലം മൂലം സംയോഗം.സ്നേഹം വായുകൃതസംയോഗത്താൽ വ്യൂഹമാകുന്നു എന്നിങ്ങനെ അറിയണം.

ഇപ്രകാരം സംഖ്യാദികളുടെ ഗുണവും പരീക്ഷണഈയമായ സംഖ്യാകൾക്ക് ഏകദ്രവ്യവൃത്തിത്വസാമാന്യത്താൽ രൂപാദികള് സാഹചര്യം,അതിനുശേഷം ഉദ്ദേശസൂത്രത്തിൽ ഗ്രഹണം എന്നിവ വിദിതമാണ്. എന്നാലും പരിമാണത്തിൽ വിഭുപരിഛിന്നോഭയവൃത്തിത്വത്താല് ഉണ്ടായ പരിമാണം എന്നിവ പരീക്ഷിക്കണം.

സൂത്രം 7 ഏകദ്രവ്യത്വാദ്.

വിഭുപരിഛിന്നോഭയവൃത്തിപരിമാണം .ഏകദ്രവ്യത്തിൽ പരിഛിന്നത ഉണ്ടാവുമ്പോള് പരിമാണവ്യവസ്ഥ പറയുന്നു.

സൂത്രം 8.അർണ്ണോർമഹതശ്ചോപലബ്ധ്യനുപലബ്ധി നിത്യേ വ്യാഖ്യാതേ.

ഏകദ്രവ്യഖണ്ഡത്തിൽ കണാത്മകമായ അണുശബ്ദം നിത്യപുല്ലിംഗമാണ്.ദ്രവ്യാണു പിന്നീട് മഹാനാവാം.അല്ലെങ്കിൽ അണുതന്നെയാവാം. അണുശബ്ദം അല്പത്വവാചിയാണ്. മഹശ്ശബ്ദത്തിന്റെ പ്രതിയോഗി(വിപരീതം) ആണ്.അമുവിൽ അണുത്വം,മഹത്വം എന്നീ പരിമാണങ്ങളുടെ ഉപലബ്ധി അനുപലബ്ധി എന്നിവ യുഗപദ് ആയി അവിരോധമായി ഭവിക്കുന്നു.ത്ര്യണുകം ദ്വണുകം എന്നിവയെ അപേക്ഷിച്ച് മഹത്താണ് ചതുരണുകം.ഇങ്ങനെ മഹത്വം ,അണുത്വം എന്നിവ സംഖ്യയെ ആശ്രയിക്കുന്നു.രൂപത്തിൽ കൃഷ്ണാവലബ്ധിയുള്ളപ്പോള് ശ്വേതാവലബ്ധിയില്ല.അതുപോലെ ഉപലബ്ധി,അനുപലബ്ധി എന്നിവ നിത്യഗുണങ്ങളാണ്. പരമാണുവിൽ അനുപലബ്ധി നിത്യയാണ്.അതിനുമുമ്പ് ഒരു നിത്യകാര്യത്തിന്റെ അനുപലബ്ധിയാൽ. പരമാണുവിൽ ഉപലബ്ധമായ ബീജം നിത്യമായ ഉണ്മയാണ്.ഇപ്രകാരം സുവർണ്ണഖണ്ഡത്തിലുപലബ്ധമായ നിത്യം, തത്കാരണമായ പരമാണുവുംനിത്യം. ഉഭയത്തിൽ നിത്യം പറയപ്പെടുന്നു. ധർമ്മത്തിൽ പിന്നെ അധികം ഇല്ല.കുറവും ഇല്ല.ധർമ്മമാത്രയാണ് ഉപലഭ്യമായിരിക്കുന്നത്. സർവ്വഥാ അനുപലഭ്യമായ പരമാണു സംയോഗംകൊണ്ട് ഉപലബ്ധമാക്കാൻ സാധിക്കില്ല. ദേശകാലങ്ങളുടെ അനുപലബ്ധി നിത്യമായിരിക്കുന്നതിനാല് യോഗത്താലും അവ ഉപലബ്ധമല്ല. ഇന്ദ്രിയങ്ങളാൽ ഉപഗ്രഹണം സാധിക്കാത്ത പരമാണുവെ സൌക്ഷ്മ്യമായ വിഷയംകൊണ്ട് മാത്രമേ അനുമാനിക്കാനാവൂ.

സൂത്രം 9 കാരണബഹുത്വാച്ച.

ചകാരത്താൽ സമവായഗ്രഹണം. സമവായത്തിൽ കാരണബഹുത്വത്താല് സന്നിക ർഷത്താൽ ഗുണോത്കർഷം.പിന്നീട് സംയോഗബഹുത്വത്താല് ദ്രവ്യം മഹത്താവുന്നു.അതിന്റെ ഗ്രാഹ്യഗുണങ്ങൾ മഹത്വത്താല് ഉപലബ്ധമാവുന്നു.ഏകദ്രവ്യത്തിൽ അണുത്വമഹത്വവ്യവസ്ഥ പറഞ്ഞു.

സൂത്രം 10.അതോ വിപരീതമണു.

അണു നപുംസകവചനം.വിശേഷണത്വദ്യോതനാർത്ഥം. ആകാശാദിവിഭുക്കളിൽ അണുശബ്ദം നിരവയവത്വത്താൽ അതിസൌക്ഷ്മ്യം. ദേശം,കാലം ,ആകാശം,ആത്മാമുതലായ നിരപേക്ഷങ്ങളിൽ,അണുത്വമഹത്വേ നിത്യാനുപലബ്ധി. ഭക്ത്യാഭാവത്താൽ മഹാന് ആകാശാണുവുമാണ്.ഇപ്രകാരം കാലാദികളുടേയും.

സൂത്രം 11. അണുമഹദിതി തസ്മിൻവിശേഷഭാവാത് വിശേഷാഭാവാച്ച.

വിഭുവിലും ദേശകാലാദികളിലും ഏതൊരണുത്വം അതിന്റെ പരിഛിന്നത്വാണുത്വം കൊണ്ട് വിശിഷ്ടമാണോ ആ അണുപരിമാണകൃതമായ പരസ്പരാപേക്ഷമുള്ള അണുത്വമുള്ളതാണ്. സൌക്ഷ്മ്യമാത്രമായ അണുത്വം ദേശാദികളിലുണ്ട്.അവയുടെ മഹത്വം വിശിഷ്ടമാണ്. അണുക്കളുടെ ബഹുത്വം മഹത്വമുണ്ടാക്കുന്നു.ദേശാദികൾ വ്യാപകത്വം,അഖണ്ഡത്വം,മഹത്വം എന്നീ വിശേഷങ്ങളുള്ളതാണ്.അണുക്കളിൽ താരതമ്യത്താല് അണുത്വമഹത്വങ്ങള് ഇപ്രകാരം താരതമ്യം ചെയ്താൽ വിശേഷം ഇല്ല.വിഭുപരിമാണം ശ്രുതിയിലുള്ളതാണ്. അണോരണീയാൻ മഹതോ മഹീയാൻ ഇതിഃ വിഭുവില് ഏകത്വാദിവ്യവഹാരത്തില് ഭാക്തമുണ്ട്.

സൂക്തം 12.ഏകകാലത്വാത്

സൂക്തം 13.ദൃഷ്ടാന്താച്ച.

സൂര്യാദികൾ ഉദയാന്തരം ഏതൊരുകാലം ഏകദിനം –അത് സൂര്യസംക്രമണദൃഷ്ടാന്തം. മാസം,ഋതു,വർഷം,യുഗം എന്നിവ ,ഘടി,പല,വിപല എല്ലാം കൊണ്ട് കാലമാനം ഭാക്തമാണ്. ഏകാംഗുലപരിമിതമായ ദേശം ഏകാംഗുലമെന്ന ദൃഷ്ടാന്തം. ഹസ്തം,ദണ്ഡം, യോജന കൊണ്ട് ദേശമാനം ഭാക്തം. പ്രയത്നംകൊണ്ട് കർഷമാത്രദ്രവ്യം, ഏകാംഗുലപ്രതിക്ഷണഗതിയാ ൽ ചലിക്കുന്നത് ഏകമായ വേഗം, കർമ്മത്തിന്റെ മാനത്തിന്റെ ഭാക്തം. ഇപ്രകാരം ഗുരുത്വാദിക്രിയാഗുണങ്ങളെ ഭാക്തമാക്കിയ മാനം ദ്രഷ്ടവ്യം. ഏവം സർവ്വത്ര ദേശകാലദൃഷ്ടാന്താപേക്ഷയാൽ ഉഷ്ണത്വം,ശീതത്വം,ഗുരുത്വം എന്ന് ഭാക്തമായ ഏകകാലത്തിന്റെ മാനത്തെ ദൃഷ്ടാന്തമായെടുക്കാം.

സൂത്രം 14. അണുത്വമഹത്വയോരണുത്വമഹത്വാഭാവഃകർമ്മഗുണൈർവ്യാഖ്യാതഃ

കർമ്മങ്ങൾക്ക് കർമ്മാഭാവത്താല് ,ഗുണങ്ങൾക്ക് ഗുണാഭാവത്താല് .

സൂത്രം 15.കർമ്മഭിഃകർമ്മാമിഗുണൈശ്ചഗുണാവ്യാഖ്യാതാഃ

കർമ്മങ്ങള് കർമ്മങ്ങളുടെ ദൃഷ്ടാന്തം കൊണ്ട് അറിയണം. ഗുണങ്ങൾ ഗുണദൃഷ്ടാന്തത്താലും .ഇതാണ് വിഭുക്കളുടെ ഭാക്തമാനത്തിന്റെ നിയമം.

സൂത്രം 16.അണുത്വമഹത്വാഭ്യാം കർമ്മഗുണാശ്ച വ്യാഖ്യാതാഃ

കർമ്മഗുണത്തില് അണുത്വമഹത്വവ്യവസ്ഥ വിഭുവില് ദ്രഷ്ടവ്യമാണ്.

സൂത്രം 17.ഏതേന ദീർഘത്വഹ്രസ്വത്വേ വ്യാഖ്യാതേ.

പരിഛിന്നവും സമാനാശ്രിതവും ദീർഘത്വഹ്രസ്വത്വമെന്ന വിശേഷാകൃതിനിഷ്പത്തിയുള്ളതു മായ സർവ്വ വസ്തുവും മൂർത്തി എന്ന് അറിയപ്പെടുന്നു.മൂര്ത്തിമാനാണ് പരമാണു.അതിന്റെ ഉപലബ്ധി ,അനുപലബ്ധി എന്നിവ മുമ്പത്തെപ്പോലെ നിത്യാകാരമായി വ്യാഖ്യാനിക്കപ്പെടുന്നു.

സൂത്രം 18.അനിത്യേ അനിത്യം

അനിത്യമായഅമുവിന് ആകാരം അനിത്യം.

സൂത്രം 19. നിത്യേ നിത്യം

നിത്യയമായ പരമാണുവിന് ആകാരം നിത്യം.

സൂത്രം 20.നിത്യം പരിമണ്ഡലം.

നിത്യം പരിമാണമുണ്ട് പരിമണ്ഡലത്തിന്. ത്ര്യസ്തം മുതലായ ആകാരം,അതിന്റെ കാര്യവാദം നിത്യം. പരമാമുവിന് ആകുഞ്ചനം,പ്രസരണശീലമെന്നിവയുണ്ട്. അങ്ങനെയിരിക്കെ എങ്ങനെ പരിമണ്ഡലം നിത്യമാവും. ആകുഞ്ചനപ്രസരണനിമിത്തത്താൽ പരമാണുവിന്റെ ആകാരം എങ്ങനെ ചുരുങ്ങാതെയും വികസിക്കാതെയും ഇരിക്കും.പ്രകൃതിയിൽ ഗമിച്ച് പരിമണ്ഡലമായി ഭവിക്കുന്നു.ആ പരിമണ്ഡലത്തിന്റെ നിത്യത്വം അങ്ങനെ സിദ്ധമാകുന്നു. വികാരാപേക്ഷ കൊണ്ട് പ്രകൃത്യാ നിത്യത്വം ഉണ്ടാവുന്നു. വിഭുവിന്റെ നിത്യമഹത്വത്തിന്റെ പ്രമാണം.

സൂത്രം 21 അവിദ്യാ ച വിദ്യാലിംഗം.

പ്രതിയോഗികൾക്ക് ഇതരേതരാഭാവം കൊണ്ട് അവസ്ഥാനം നിത്യം. ദിനമുള്ളപ്പോൾ,രാത്രി അനുഭവപ്പെടില്ല.മറിച്ച്,രാത്രിയിൽ, ദിനവും അനുഭവമല്ല. ഇങ്ങനെ വിപരീതലിംഗത്താൽ അനുമാനം ഭവിക്കുന്നു.അവിദ്യയുള്ളപ്പോൾ, വിദ്യയുണ്ടാവില്ല.

സൂത്രം 22.വിഭവാൻമഹാനാകാശസ്തഥാ ചാത്മാ.

അണുത്വമഹത്വത്തിൽ പ്രതിയോഗി അവസ്ഥിതമല്ല. ആകാശം പരിഛിന്നമല്ലാത്തതുപോലെ .അതുപോലെ വിഭു ആകാശമായി ,വിഭവത്തിൽ മഹത്തായി അനുമാനിക്കപ്പെടുന്നു.ആത്മനും വിഭുർ,മഹാനെന്നറിയുന്നു.വിഭു പരിഛിന്നമല്ല.പരിഛിന്നമെങ്കിലത് വിഭുവാകയുമില്ല.

സൂത്രം 23. തദഭാവാദണു മനഃ

പ്രതിശരീരനിയമത്വം കൊണ്ട് ശരീരാന്തരത്തിൽ വ്യാപ്ത്യഭാവമായിരിക്കുന്ന മനസ്സി ൽ,വിഭുത്വമില്ല.അതിന്റെ അഭാവമുള്ള അണുവാമ് മനസ്സ്.അങ്ങനെ വിപരീതലിംഗംകൊണ്ട് അനുമാനിക്കണം.

സൂത്രം 24.ഗുണൈർദിഗ് വ്യാഖ്യാത്.

ദേശനിഷ്ഠമായി പരത്വം,അപരത്വം ഇവയോടെ സകലജഗദ്വ്യാപിത്വത്താൽ,ദേശത്തിന്റെ വ്യാപകത്വം മഹത്വമെന്ന് അനുമാനിക്കപ്പെടുന്നു.നിഷ്ഠത്വത്താൽ അത് ലിംഗം അനുവിധീയമായ ലിംഗിയാണ്.

സൂത്രം 25.കാരണേന കാലഃ

കാരയതി കലയതി ജഗദ്ഭാവാനിതി കാലഃ കലനകൊണ്ട് അനാദിത്വം കൊണ്ട് മഹത്തും വ്യാപകവുമാമ് കാലം. ഇങ്ങനെ ഏഴാം അദ്ധ്യായം ഒന്നാം ആഹ്നികം അവസാനിക്കുന്നു.

അദ്ധ്യായം 7 ആഹ്നികം 2

സൂത്രം 1 രൂപരസഗന്ധസ്പർശവ്യതിരേകാദർത്ഥാന്തമേകത്വം.

പരിഛിന്നമായ ആമലകാദികളിലും കൂടി ഏകത്വബുദ്ധി പ്രസിദ്ധമാണ്. അതിന്റെ ഏകത്വം ദ്വയഗുണമല്ല. രൂപാദിഗുണങ്ങളിൽ അന്തർഭവിച്ച വ്യതിരേകത്താല് ഗ്രഹിക്കപ്പെടുകയാല് ഗുണാന്തരമായ ഏകത്വമാണ്.

സൂത്രം 2.തഥാ പൃഥക്ത്വം.

അപ്രകാരം പരിഛിന്നമായ ആമലകങ്ങളിൽ അന്യോന്യം നമ്മാല് പൃഥക്ത്വം ദൃഷ്ടമാണ്. പൃഥക്ത്വം ദ്രവ്യഗുണത്തില് രൂപാദികളാല് വ്യതിരേകത്താല് ഗുണാന്തരമാണ്. ദ്വി,ത്രി മുതൽ പരാർദ്ധംവരെ ഉള്ള സംഖ്യകളില് ഏകത്വപൃഥക്ത്വത്താൽസർവ്വത്ര സമാനം.ആദ്യത്തെ ആമലകത്തിൽ ഏകത്വവും പൃഥക്ത്വവും സമാനം.എന്നാൽ,സംഖ്യാകൃതമായ ഏകത്വം വിശേഷമാണ്. രണ്ടാമത്തെ ആമലകത്തിൽ ഏകത്വവും പൃഥക്ത്വവും സമാനം. എന്നാൽ,സംഖ്യാകൃതമായി ദ്വിതീയത്വം വിശേഷം.ഇപ്രകാരം മൂന്നാമത്തേതിൽ ത്രിത്വമാണ് വിശേഷം. ഏകത്വപൃഥക്ത്വങ്ങളിൽ ദ്രവ്യങ്ങളില് പുനർദിത്വത്രിത്വാദിവിശേഷബുദ്ധി സംഖ്യാനിമിത്തമാണ്.

സൂത്രം 3.ഏകത്വൈകപൃഥക്ത്വയോരേകത്വൈകപൃഥക്ത്വാഭാവോ അണുത്വമഹത്വാഭ്യാം വ്യാഖ്യാതഃ

ഗുണത്തിൽഗുണാഭാവമെന്നു വ്യാഖ്യാനിക്കുന്നു.

സൂത്രം 4.നിഃസംഖ്യത്വാദ് കർമ്മഗുണാനാം സർവ്വൈകത്വം ന വിദ്യതേ.

നാനാകർമ്മങ്ങളില് ഗുണങ്ങള് ലോകത്തില് അന്യോന്യപരിഛേദത്താല് ഗ്രഹിക്കപ്പെടുന്നു. ഏകദ്രവ്യഗതമായ കർമ്മത്താല് പരിഛേദംകൊണ്ട് ഗ്രഹിക്കപ്പെടുന്നു.രക്തത്വം രണ്ടു രക്ത

ങ്ങളുടെ പരിച്ഛേദം കൊണ്ടാണ് ഗ്രഹിക്കുന്നത്.അപ്പോൾ കർമ്മഗുണങ്ങളാല് വിഭുത്വം എങ്ങനെ പറയും. അതിന്നുത്തരം-

സൂത്രം 5.ഭ്രാന്തം തത്

തർക്കം ഇവിടെ സാധുവല്ല.കർമ്മഗുണത്താല് വിഭുത്വം പറയാവതല്ല.അത് ഭ്രാന്തമാണ്.

സൂത്രം 6.ഏകത്വാഭാവാത് ഭക്തിസ്തു ന വിദ്യതേ.

സർവ്വൈകത്വത്തിന്റെ അഭാവത്തില് കർമ്മഗുണങ്ങൾക്ക് വിഭുത്വം ഭക്തികൊണ്ടല്ലാതെ സാധിക്കില്ല. മൂർത്തിത്വവിശിഷ്ടമായതേ ഭക്തിയാവുന്നുള്ളു എന്ന് അണുക്കളില് കണ്ടു .മൂർത്തിത്വമില്ലാത്തതിനെ വിഭജിക്കാനാവില്ല. വിഭുക്കളിൽ മൂർത്തിവ്യധിവിശിഷ്ടത്വം പ്രതിഷിദ്ധമാണ്. പക്ഷേ വിച്ഛേദം പ്രതിഷിദ്ധമല്ല. പരമാണ്വപബദ്ധദേശത്തിൽ ആകാശാഭാവത്താൽ ആകാശത്തിന്റെ വിവിക്തത നേരത്തെ പറഞ്ഞു. ഇപ്രകാരം വിഭുത്വവചനംകൊണ്ട് കർമ്മഗുണങ്ങളുടെ ഭക്തി പ്രതിഷിദ്ധമാണ്,വിവിക്തത പ്രതിഷിദ്ധമല്ല. ആത്മദേശകാലത്തിൽ വിഭുത്വസാമാന്യത്താൽ ധർമ്മവിശേഷയോഗത്താലേ സാധിക്കു.വിഭു ശാശ്വതവും കലനാത്മകവുമായ കാലമാണ്. വിഭു ശാശ്വതവും ധ്രുവവുമായ ദേശമാണ്. വിഭു ശാശ്വതവും കൂടസ്ഥവുമായ ആത്മാവാണ്. ഇപ്രകാരം സർവ്വപദാർത്ഥവ്യതിഭേദമായി അവിച്ഛേദമായിരിക്കുന്ന തത്വം ശാശ്വതമെന്ന് അറിയുന്നു.

സൂത്രം 7. കാര്യകാരണയോരേകത്വൈകപൃഥക്ത്വാഭാവാദേകത്വൈകപൃഥക്ത്വം ന വിദ്യതേ.

കാര്യം നാനാകാരണമസൂഹമാണ്. കാരണത്തിൽ അനേകം കാര്യമില്ല. ഇപ്രകാരം കാര്യത്തിന് അനേകം കാരണം സാദ്ധ്യമല്ല. കാര്യകാരണങ്ങള്ക്ക് പരസ്പരം പൃഥക്ത്വം ഇല്ല. അവയിൽ ഏകത്വബുദ്ധി കാര്യത്തിലും കാരണത്തിലും ഭവിക്കാം. ആമലകത്തിലെന്നപോലെ രണ്ടെണ്ണത്തിലുള്ള ഏകത്വം കാര്യകാരണങ്ങളുടെ വിഭാഗത്താൽ ഗ്രഹിക്കാവതല്ല. അതിനാൽ കാര്യകാരണങ്ങള് തമ്മില് പരസ്പരം ഏകത്വത്തില് ഏകത്വം പൃഥക്ത്വം എന്നത് പ്രതിഷി ദ്ധമാണ്.

സൂത്രം 8.ഏതദനിത്യയോവ്യാഖ്യാതം.

നേരത്തേ പറഞ്ഞ സൂത്രത്തിൽ കണ്ട അർത്ഥം തന്നെ.സംയോഗവിഭാഗപരീക്ഷക്കായി പറയുന്നു.

സൂത്രം 9.അന്യതരകർമ്മജഉഭയകർമ്മജഃസംയോഗശ്ച സംയോഗഃ

സംയോഗമെന്നത് ഭാവത്തിൽ പ്രത്യയം സംയോജനം-രണ്ടെണ്ണത്തിന്റെ മിലന(മേളന) രൂപ വ്യാപാരത്തിൽ ജന്യമാകുന്നതാണ് സംയോഗം. കരണത്തിലത് പ്രത്യയമാണ്. അതേ സമയം സംയോഗമെന്നത് ദ്രവ്യഗുണവിശേഷമാകയാല് നാമമാണ്. ചുംബകം മുതലായ

ചേഷ്ടാപൂ ർവ്വകപരസ്പരധാരണാ,ആകർഷണയോഗ്യത,അവിഛിന്നത മുതലായവ ദ്രവ്യ ശക്തിയാണ്. ദ്രവ്യഗുണമാണ്. അതിനാൽ സംയോഗം ദ്രവ്യഗുണമെന്ന അർത്ഥത്തില് നിത്യമാണ്. സംയോജനരൂപമാണ് സംയോഗം.സംയോഗഗുണം സഹിതം എന്ന ക ർമ്മ ത്താൽ ജനിക്കുന്നു.ഏകതരമായ വസ്തുവിൽ സാദ്ധ്യമല്ല.കർമ്മത്താലത് പൃഥക് സ്ഥിതമാണ് . പരമാണുക്കളുടെ അന്യോന്യമായ സാമീപ്യം അതിനാവശ്യമാണ്. സംയോഗമണ്ഡലസ്പ ർശംകൊണ്ടാണ് സംയോഗം നടക്കുന്നത്.പരമാണുക്കൾ പരസ്പരധാരണ, ആകർഷണം, വൈദ്യുതം എന്നിവയോടെ കാര്യരൂപത്തിലവതിഷ്ഠമാണ് എന്നർത്ഥം.അങ്ങനെ സംയോജ കമെന്ന കർമ്മം നിവർത്തിക്കുന്നു.സംയോഗസഹഭാവിത്വത്താൽ അവക്ഷേപണം ക്രിയാരൂ പത്തി ൽ വർത്തിക്കുന്നു.അത് കേവലകർമ്മജന്യമായി ദ്രവ്യങ്ങളുടെ പരസ്പരമിലനമാത്ര മായി സംസർഗ്ഗമാത്രമായി സംയോഗഗുണത്തിൽനിന്ന് ഭിന്നമായിരിക്കുന്നു.എപ്രകാരം ആമ ലനങ്ങളുടെ മേലനം സംസർഗ്ഗമാണ് ,അപ്രകാരം അത് സംയോഗമല്ല,അതുപോലെത്ത ന്നെ . (അതിൽ സംയോഗചേഷ്ടാഭാവമാണുള്ളത്).

സൂത്രം 10.എതേനവിഭാഗോ വ്യാഖ്യാതഃ

ഇപ്രകാരം വിഭാഗം ജന്യം,ഓജസ്സ് എന്നു രണ്ടുവിധമാണ്. അന്യന്തരകർമ്മജം,ഉഭയകർമ്മ ജം, വിഭാഗഗുണജം എന്നിവ ജന്യവിഭാഗം.വിഭാഗനാമമായ ദ്രവ്യഗുണം അജം(ഓജ)നിത്യം എന്ന് ദ്രഷ്ടവ്യം.

സൂത്രം 11.സംയോഗവിഭാഗയോഃസംയോഗവിഭാവാഭാവോ അണുത്വമഹത്വാഭ്യാം വ്യാഖ്യാതഃ

ഗുണവും ഗുണാഭാവവും സംയോഗവിഭാഗങ്ങളിലും അവയുടെ അഭാവത്തിലും അണുത്വമഹത്വ ത്തിലും ഇങ്ങനെ വ്യാഖ്യാനിക്കുന്നു.

സൂത്രം 12. കർമ്മഭിഃകർമ്മാണി ഗുണൈർഗുണാ അണുത്വമഹത്വാഭ്യാമിതി.

അണുക്കളുടെ ബഹുത്വത്താൽ,ദ്രവ്യത്തിൽമഹത്വം വരുന്നു.അണുകർമ്മത്താല് ,സംയോഗ ത്തി ൽ മഹത്കർമ്മം ഇപ്രകാരം ജനിക്കുന്നു.അണുഗുണങ്ങളിൽ സംയോഗത്തിലാണ് മഹാൻ ഗുണം നിഷ്പദ്ധ്യമായിരിക്കുന്നത്.ഭാക്തത്വം അണുത്വമഹത്വത്താൽ വ്യാഖ്യാതമാണ്.

സൂത്രം 13.യുതസിദ്ധ്യഭാവാത് കാര്യകാരണയോഃസംയോഗവിഭാഗൌ ന വിദ്യതേ.

പൃഥക്സ്ഥിതമാണ് യോഗം എന്ന് യുതി.കാരണത്തിൽ പൃഥക്കാര്യം സംഭവിക്കുന്നില്ല. കാര്യ കാരണങ്ങൾ തമ്മില് പൃഥക്ത്വാഭാവം കൊണ്ട് യുതി ഉത്ഭവിക്കുന്നില്ല.അതിനാ ൽ,സംയോഗ വിഭാഗങ്ങൾ അനുപപത്തമാണ്.ദ്രവ്യഗുണകർമ്മത്തില് പരസ്പരസംബന്ധമുണ്ട്.അത് ത്രിവി ധമാണ്.സംസർഗ്ഗസംബന്ധം,സംയോഗസംബന്ധം,സമവായസംബന്ധം.ഏതുതരമാണ് ശബ്ദാർത്ഥസംബന്ധമെന്ന് വിചാരം ചെയ്യാം.

സൂത്രം 14.ഗുണത്വാത്

ശബ്ദം സന്നികൃഷ്ടഗുണങ്ങളാല് രൂപാദികളെപ്പോലെ തന്നെ അറിയപ്പെടുന്നു.(വിജ്ഞായതേ).

സൂത്രം 15.ഗുണോ അപി വിഭാവ്യതേ.

രൂപസംസ്കാരം സ്വാധിഷ്ഠാനസമവേതമായി സംഭവിക്കുന്നു.അതിന്റെ നിഃസൃതാക്രിയാസംസ്കാരങ്ങളിൽ ബാഹ്യമാനമായ സ്വവർണ്ണത്തില് സ്ഥിതമായത് യുക്തിയാല് ദേശാന്തരത്തിലും ആകാശത്തിലും വിഭാവനം ചെയ്യാനാവും.(വിഭാവയിതും.projection and amplification at a distance from its source ,through sky).അതിനെ ഇന്ദ്രിയസന്നികർഷം കൊണ്ട് വീണ്ടും ഗ്രഹിക്കാനാവും.(ഇത് Property of sound and light waves. ഇപ്പോള് Radio and Television ഉപയോഗിക്കുന്നത് ഇതിനെയാണ്).എന്നാൽ ശബ്ദസംസ്കാരത്തില് വാച്യാർത്ഥത്തില് സംബന്ധം നമുക്ക് ഉപലഭ്യമാകുന്നില്ല.അർത്ഥത്തിന് ശബ്ദത്തില് അധിഷ്ഠാനത്വം ഇതിൽനിന്ന് ഉപപദ്യമാകുന്നു.

സൂത്രം 16.നിഷ്ക്രിയത്വാത്.

ശബ്ദത്തിന്റെ നിഷ്ക്രിയത്വം കൊണ്ട് അർത്ഥത്താല് സംയോഗസംബന്ധം അതിനു സംഭവിക്കില്ല.ക്രിയാസഹചരത്വത്താൽ സംയോഗം സംഭവിക്കുകയോയുള്ളു.

സൂത്രം 17.അസതിനാസ്തീതി ച പ്രയോഗാത്.

ഘടം.ഘടശബ്ദം ഇവയുടെ സംസർഗ്ഗം ഇല്ല.എന്നാലും ഘടമെന്നു പറയുമ്പോൾ അതിന്റെ അർത്ഥവും നാം അവബോധിക്കുന്നു.ഘടം അസ്തി,ഘടം നാസ്തി എന്നു പറയുമ്പോ ൾഘട,ഘടശബ്ദസംസർഗ്ഗാഭാവത്തിലും അതിന്റെ ഉണ്മ നാം ഗ്രഹിക്കുന്നു.

സൂത്രം 18.ശബ്ദാർത്ഥാവസംബദ്ധൌ.

ശബ്ദാർത്ഥങ്ങൾക്ക് സംയോഗ,സംസർഗ്ഗ,സമവായസംബന്ധങ്ങളാൽ ഏകതമം എന്നത് ഉപലബ്ധമല്ല.

സൂത്രം 19.സംയോഗിനോ ദണ്ഡാത് സമവായിനോ വിശേഷാച്ച.

ദണ്ഡിപുരുഷന് ദണ്ഡത്തോട് സംയോഗസംബന്ധമുണ്ട്.ശബ്ദാർത്ഥങ്ങൾക്ക് ആ മട്ടിലുള്ള സംയോഗവും കാണുന്നില്ല.സമവായത്തിൽ സമവായികൾക്ക് വിശേഷഗുണോപലബ്ധി ദൃശ്യമാണ്.അർത്ഥവികാരത്തില് അതിന്നനുവിധമായ വിശേഷം ശബ്ദത്തില് ഉപലബ്ധമല്ല.അതിനാൽ,

സൂത്രം 20.സാമയികശബ്ദാർത്ഥപ്രത്യയഃ

നാം ശബ്ദംകൊണ്ടാണ് അർത്ഥം ഗ്രഹിക്കുന്നതെന്നത് ലോകത്തില് സത്തായ നിയമമാണ്.ഇതിനെ സമയം എന്നു പറയുന്നു.അതായത് സമയം കൊണ്ടാണ് ലോകത്തിൽ

ശബ്ദത്തിൽനിന്ന് അർത്ഥമുണ്ടാവുന്നത്. മറിച്ചല്ല.ഇപ്രകാരം സംബന്ധം സിദ്ധിക്കുന്നു. പരത്വാപരത്വത്തിൽ പറയാം.

സൂത്രം 21.ഏകദിക്കാഭ്യാം ഏകകാലാഭ്യാം സന്നികൃഷ്ടാഭ്യാം പരമ്പരഞ്ച.

അന്യോന്യാപേക്ഷ പരത്വാപരത്വബുദ്ധിയാണ്. ദിക് കൃതം,കാലകൃതം,പരിണാമക്രമകൃതം എന്ന് മൂന്നുവിധമാണത്.ദേശത്തിന് സമീപസ്ഥമായത് അപരം,ദൂരസ്ഥമായത് പരം. കാലത്തിന് സമീപകാലഘടിതം അപരം,ദീർഘകാലഘടിതം പരം.

സൂത്രം 22.കാരണപരത്വാത്കാരണാപരത്വാച്ച.

പരിണാമക്രമത്തില്,കാര്യകാരണപരമ്പരകളിൽ,വർത്തമാനക്ഷണത്താല് അതീതമായ ആഗതങ്ങളിൽ സന്നികൃഷ്ടമായ അപരത്വം ,വിപ്രകൃഷ്ടത്തിൽ പരത്വം.

സൂത്രം 23.പരത്വാപരത്വയോഃപരത്വാപരത്വാഭാവോ അണുത്വഹേത്വാഭ്യാം വ്യാഖ്യാതഃ

ഗുണത്തിൽ ഗുണാഭാവം മുതലായവ ഇപ്രകാരം .പരത്വത്തിൽ അപരത്വമോ അപരത്വത്തില് പരത്വമോ അണുത്വത്തിൽ മഹത്വമോ ഇല്ല.

സൂത്രം 24.കർമ്മഭിഃകർമ്മാണി.

സൂത്രം 25.ഗുണൈർഗുണാഃ

കർമ്മത്തില് പരത്വാപരത്വത്തില് കർമ്മാപേക്ഷവും ഗുണത്തില് ഗുണാപേക്ഷയുമുണ്ട്. ദ്രവ്യഗുണകർമ്മസാമാന്യവിശേഷങ്ങള് പഞ്ചപദാർത്ഥങ്ങള് ഇവയെ പരീക്ഷിച്ചു. അനാത്മദ്രവ്യഗുണമായ വിശേഷങ്ങള് പരീക്ഷിച്ചു.ബുദ്ധ്യാദ്ധ്യാത്മഗുണങ്ങൾ വിശേഷപരീക്ഷണത്താ ൽമുമ്പ് സമവായമെന്നു പേരുള്ള ആറാമത്തെ ഷഷ്ഠപദാർത്ഥമെന്നു നിരൂപിച്ചു. അതിനെ പറയുന്നു.

സൂത്രം 26.ഇഹേദമിതി യതഃകാര്യകാരണയോഃസ സമവായഃ

സംയോഗമെന്ന പേരുള്ള സംബന്ധം പറയുകയുണ്ടായി.ദ്രവ്യങ്ങളില് ദ്രവ്യഗുണങ്ങളുടെ ഗുണത്താൽ കർമ്മങ്ങള് പറഞ്ഞു.പിന്നെ പൃഥക്സ്ഥിതങ്ങളായവയുടെ സംയോഗത്താൽ ജനിച്ചു എന്ന് യുതസിദ്ധം ദൃഷ്ടമായി.സംവേഗസംബന്ധത്താൽ, ഭിന്നാപരസംബന്ധമെന്ന പോലെ ഗുണഗുണിസംബന്ധവും കാണുന്നു.അത് ഉല്പാദിപ്പിക്കപ്പെടുന്നത് യുതസിദ്ധമായല്ല. ഗുണഗുണികൾക്ക് പൃഥക്ത്വവുമില്ല. ഇപ്രകാരം അയുതസിദ്ധമായി ഔത്പത്തികസംബന്ധ, സമവായസംബന്ധങ്ങൾ പറയപ്പെടുന്നു.ദ്രവ്യത്തിൽ ഗുണകർമ്മത്താല് സമവായം നിത്യമാണ്.ദ്രവ്യഗുണകർമ്മങ്ങളില് ദ്രവ്യം കാരണം. കാരണസംബന്ധത്താൽ ഗുണകർമ്മങ്ങൾക്ക് കാര്യത്വം വരുന്നത് ഭാക്തം ഔപചാരികം. ദ്രവ്യങ്ങളിൽ ഏവംവിധം സമവായങ്ങള് ദൃഷ്ടം. നാനാകാരണസമൂഹാത്മകം കാര്യദ്രവ്യമായി ഭവിക്കുന്നു.കാര്യം കാരണങ്ങൾക്ക് പൃഥക്സ്ഥിതങ്ങൾക്ക് സംയോഗത്താല് സംബന്ധം.എന്നാൽ കാര്യങ്ങൾക്ക് പിന്നീട് കാരണങ്ങളോട് യുതി സംഭവിക്കുന്നില്ല. (പൃഥക്ത്യാഭാവത്താൽ).ദ്രവ്യത്തിൽ കാര്യകാരണസംബന്ധം സമ

വായമാണ്.പൃഥിപ്രഭൃതികൾക്ക് ചതുർവ്വിധം പരമാണുക്കളുടെ സംയോഗത്താല് കാര്യം ആരംഭിക്കുന്നു.നാനാവിധകർമ്മങ്ങൾസ്വസ്വലക്ഷണവിശിഷ്ടങ്ങളായി കാണുന്നു. പരമാണു ക്ക ൾക്ക് യാദൃച്ഛികസംയോഗമാത്രയില് കാര്യത്തില് പരമാണുക്കള് ദിദേശവിശിഷ്ടങ്ങളാ ണ്. സംസ്ഥാനിയമം എന്തോ അതുതന്നെയാണ് അവയുടെ ലക്ഷണവ്യവസ്ഥ.

ദേശം കാര്യങ്ങളാൽ അപബദ്ധമാകയാൽ,കാരണം ദേശത്തിൽ ഗ്രാഹ്യമല്ല. കാര്യകാര ണങ്ങൾ ഇപ്രകാരം സാദേശ്യത്തില് സപ്തമാവലത്താൽ പ്രയോഗംകൊണ്ട് ദ്രഷ്ടവ്യമാണ്. കാര്യകാരണങ്ങളുടെ സംബന്ധത്തിൽ ഇത് ഇവിടെ പൃഥി,ഇത് ഇവിടെ ആപസ്സ്,തേജസ്സ്, ഇവിടെ വായുപരമാണു എന്ന് ദിഗ് ദേശവിശിഷ്ടമാണ് .പരമാണുക്കളുടെ ഈ സന്നിവേശപ്ര ത്യയം കൊണ്ടാണ് സമവായമുണ്ടാവുന്നത്.നിത്യസമവായപക്ഷത്തിലും ദ്രവ്യത്തിൽ ഗുണക ർമ്മങ്ങളില് ഇപ്രകാരം പ്രത്യയം ഭവിക്കുന്നു.ഇഹ(ഇവിടെ)എന്ന് പിന്നീട് ആശ്രയാശ്രയീ ഭാവത്താലാണ് പ്രത്യയം. ഇവിടെ എന്ന ആശ്രയത്തിൽ ആശ്രിതവസ്തു .ഇവിടെ ദ്രവ്യത്തിൽ ഗുണകർമ്മങ്ങൾ.ഇവിടെ കാരണത്തിൽ കാര്യം.ഇങ്ങനെ ആശ്രയാശ്രയീഭാവത്താൽ സം ബന്ധം സമവായമാണ്. എന്തുകൊണ്ട് വിഷയം ആശ്രയാശ്രയീഭാവമെന്ന് കാര്യകാരണ ങ്ങളാ ൽ ഇങ്ങനെ വിഷയസപ്തമീബലത്താല് കാര്യകാരണവിഷയം, കാര്യകാരണവിഷയ ങ്ങളിൽ കാരണങ്ങൾക്ക് ബഹുത്വം എന്ന്.കാര്യസ്ഥാനത്ത് ഏകത്വാനുപത്തി നാസ്തി. കാര്യ കാര്ണവിഷയങ്ങൾക്ക് ആശ്രയാശ്രയീഭാവം കാണാം. കാര്യകാരണവിഷയത്തില് കാര്യം ആശ്രയി.കാരണം ആശ്രയം.കാരണങ്ങളുടെ ബഹുത്വത്താൽ അതിന്റെ വിഷയത്തില് ആ ശ്രയം.സമവായിആശ്രിതത്വത്താൽ സംയോഗിഎന്ന് പറയപ്പെടുന്നു.സത്യമായ പരമാണു ഏകാണുകം,സമവായാത്മാവായത് ഏകാണുകമാവില്ല.ദ്രവ്യസമവായം സംയോഗപൂ ർവ്വക ത്വത്താൽ സംയുക്തസമവായംഅനിത്യമെന്നു പറയപ്പെടുന്നു.

സൂത്രം 27.ദ്രവ്യത്വഗുണത്വപ്രതിഷേധോ ഭാവേന വ്യാഖ്യാതഃ

ബുദ്ധ്യപേക്ഷത്വം കൊണ്ട് ഭാവമാത്രമായ സമവായം .അതിനാൽ ദ്രവ്യത്തിന് ഗുണമോ ക ർമ്മമോ ഇല്ല.

സൂത്രം 28.തത്വംഭാവേന.

സമവായത്തിന് ഭാവത്താൽ സമവായിത്വം പറഞ്ഞു.ജാതിയോ അനേകത്വമോ അവി ശേഷത്തിനില്ല.ഏഴാം അദ്ധ്യായം രണ്ടാം ആഹ്നികം അവസാനിക്കുന്നു.

അദ്ധ്യായം 8 ആഹ്നികം 1

ബുദ്ധ്യാദികളായ ആത്മഗുണങ്ങളെ രണ്ടദ്ധ്യായങ്ങളിലായി പരീക്ഷിക്കുന്നു.എട്ടാം അദ്ധ്യായ ത്തിലെ ഒന്നാം ആഹ്നികത്തിൽ,ഐന്ദ്രിയകം പ്രത്യക്ഷം,രണ്ടാമത്തേതില് ബുദ്ധ്യപേക്ഷമായ പ്രത്യക്ഷം വിചാരിക്കപ്പെടുന്നു.

സൂത്രം 1.ദ്രവ്യേഷു ജ്ഞാനം വ്യാഖ്യാതം.

ദ്രവ്യങ്ങളിൽ ജ്ഞാനമെന്ന് വിഷയസപ്തദീപകത്തിൽ ദ്രവ്യവിഷയമായ ജ്ഞാനം ഭവിക്കുന്നു.അഭിവ്യാപ്തിപക്ഷത്തിൽ,ദ്രവ്യനിഷ്ഠമായ ജ്ഞാനം ,ദ്രവ്യത്തിലെ ജ്ഞാനം എന്ന് രണ്ടർത്ഥത്തിലും പ്രസക്തമാണ്.പ്രകൃതത്തിൽ ഒരർത്ഥത്തില് ദ്രവ്യത്തിലെ ജ്ഞാനം എന്ന് ശ്ലിഷ്ടാർത്ഥകമായ വചനം മാത്രം ഗ്രഹിക്കണം.സർവ്വവും ദ്രവ്യജാതമായ ജ്ഞാനാത്മകം ജ്ഞാനധർമ്മകം,ജ്ഞേയം എന്ന് വിവക്ഷിതം.പ്രത്യക്ഷം ,ലൌകികം എന്ന് രണ്ടുവിധം ജ്ഞാനം വ്യാഖ്യാതം. ഇന്ദ്രിയാർത്ഥസംസ്കാരത്താല് സാക്ഷാത്സന്നികർഷത്താല് ഏകമെന്ന് ഉഭയമദ്ധ്യപാതിവിശേഷസംസ്കാരം നിപദ്യമാക്കിയിരിക്കുന്നു.അതിൽ ഇന്ദ്രിയസംസ്കാരാപേക്ഷയാല് ഏത് വിശേഷമോ അത് ഇന്ദ്രിയസംസ്കാരോപരുദ്ധത്താൽ പുരുഷന് ജ്ഞാനസംസ്കാരത്താൽ അദ്ധ്യവസായമാകുന്നു.രക്തം,പീതം,ശ്വേതം ഇത്യാദി പുരുഷന് അദ്ധ്യവസായപ്രത്യക്ഷം പറയുന്നു.ഇങ്ങനെ രസഗന്ധസ്പർശങ്ങളിലും സാക്ഷാത്പ്രത്യക്ഷം വ്യാഖ്യാതം. സംഖ്യാദിനാമസംസ്കാരാത്മകത്വത്തിന് ഇന്ദ്രിയസംസ്കാരമില്ല.സാക്ഷാത് സന്നികർഷം ഇന്ദ്രിയപ്രത്യക്ഷമാണ്.ബുദ്ധ്യാപേക്ഷമായ പ്രത്യക്ഷവും സാക്ഷാത്താണ്. അതിനെ പരീക്ഷിക്കാം.

സൂത്രം 2.തത്രാത്മാമനശ്ചാപ്രത്യക്ഷേ.

ആത്മാവിൽ മനസ്സ് ,ബുദ്ധി മുതലായ ഗുണങ്ങളുടെ സംസ്കാരാത്മകത്വം ഇന്ദ്രിയസന്നികർഷാസംഭവം .അതിൽ ഇന്ദ്രിയപ്രത്യക്ഷം വേണമെന്നില്ല.ഗ്രഹീതൃത്വം,ഗ്രഹണത്വം,മുതലായവ മനസ്സിന്റെ ഗ്രാഹ്യത്വം പറയുന്ന വചനമാണ്.അതുപോലെ അഗ്രഹണവും ഉണ്ട്.ഇന്ദ്രിയപ്രത്യക്ഷമായാലും മനസ്സിന്റെ അഗ്രഹണത്താൽ അതിന്റെ സന്നികർഷാഭാവം കാണാറുണ്ട്.

സൂത്രം 3.ജ്ഞാനനിർദ്ദേശേ ജ്ഞാനനിഷ്പത്തിവിധിരുക്തഃ

ഈ പ്രകരണത്തിൽ ജ്ഞാനശബ്ദത്താല് ജ്ഞാനനിഷ്പത്തിവിധി എന്നർത്ഥമാണ്. പരിഭാഷയിൽ ലാഘവാർത്ഥത്തിനാണിത്. എഅനാത്മദ്രവ്യനിഷ്ഠജ്ഞാനത്തിന്റെ വിഷയോദ്ഭൂതമായ ആത്മജ്ഞാനത്താൽ ബുദ്ധിയാല് ഏതൊന്നു ഗ്രഹിക്കുന്നുവോ,അതിന്റെ പ്രതിപത്തിയാണ് ജ്ഞാനനിഷ്പത്തിവിധി.ദ്വിഭൂമികകളിൽ പ്രത്യക്ഷജ്ഞാനനിഷ്പത്തിവിധി ഗ്രഹിക്കാം. ധർമ്മപരിണാമത്തിൽ ,ലക്ഷ ണപരിണാമത്തിൽ. സന്നികർഷാദ്യങ്ങളായ സംസ്കാരപരിണാമമാണ് ധർമ്മപരിണാമം.സമവായത്താൽ രൂപാദികാരണസംസ്കാരസന്നികർഷനിഷ്പന്നമായ വിശേഷസംസ്കാരം ,സ്വരൂപസംസ്കാരം .അനേകദ്രവ്യസംയോഗത്താൽ ബഹുതരം വിശേഷസംസ്കാരങ്ങളുടെ സന്നികർഷത്താൽസ്ഥൂലസംസ്കാരനിഷ്പത്തി. അങ്ങനെ മഹാൻസംസ്കാരം. അതിൽനിന്ന് പിന്നെ മഹതാസംസ്കാരത്തിൽനിന്ന് അഭിവ്യഞ്ജകത്താല് പ്രകാശാദിസംസ്കാ രങ്ങളുടെ സന്നികർഷത്താല് അഭിവ്യക്തസംസ്കാരനിഷ്പത്തി.നിഷ്പന്നസംസ്കാരങ്ങളിൽ ഇ ന്ദ്രിയസംസ്കാരസന്നികർഷത്താല് പ്രത്യാസന്നസംസ്കാരം ഉണ്ടാവുന്നു. ജ്ഞാനനിഷ്പത്തിവിധങ്ങളി ൽ വസ്തുനിഷ്ഠത്തിൽ,ധർമ്മപരിണാമം .നാലാമദ്ധ്യായത്തിൽ മഹത്യനേകദ്രവ്യവത്വാദ് രൂപോച്ചോപലബ്ധി ഇത്യാദിസന്ദർഭങ്ങളില് വ്യാഖ്യാനിച്ചു.

ഇന്ദ്രിയാർത്ഥപ്രസേധനാനിഷ്പത്തിക്കായി പ്രത്യാസന്നസംസ്കാരങ്ങളെ പിന്നീട് പുരുഷനിഷ്ഠജ്ഞാനസംസ്കാരത്തിന്റെ സന്നികർഷത്താല് നിഷ്പന്നമായ സംസ്കാരങ്ങളെ ബുദ്ധിസം

സ്കാരമെന്ന് പറയും.പുരുഷനാൽ,അദ്ധ്യവസാരിതമായ രക്തം,പീതം ഇത്യാദികൾ ബുദ്ധില ക്ഷണമായ അദ്ധ്യവസായമാണ്. ഇത്തരം അദ്ധ്യവസായസംസ്കാരങ്ങളുടെ ല ക്ഷണപരി ണാമം ആത്മേന്ദ്രിയാർത്ഥസന്നികർഷാദ്ധ്യന്നിഷ്പധ്യതേതദന്യമെന്ന് മൂന്നാം അദ്ധ്യായ ത്തിൽ വ്യാഖ്യാനിച്ചു.പുരുഷസംസ്കാരത്തിലെ ജ്ഞാനാത്മാവ് ചേതനയാണ്. ഇന്ദ്രിയ്ർത്ഥ പ്രസേധനസംസ്കാരം ജഡവും. ഈ വൈജാത്യം സന്നികർഷത്തില് സംഭവിക്കരുത് .ഭവി ക്കുന്നു എന്ന് സന്നികർഷം.ഇപ്രകാരം അർത്ഥസംസ്കാരത്തില് ജ്ഞാനാനുവിദ്ധ്യത്വം ഗമ്യ മാണ്. ജാതിഗത്യമായ ആകൃതി,ധർമ്മവിശിഷ്ടമായ അർത്ഥസംസ്കാരങ്ങൾ,എന്നിവ അദ്ധ്യ വസായാത്മകമല്ല.പുരുഷന്റെ രക്തത്വപീതത്വാദിപ്രതിനിയതബുദ്ധിലക്ഷണോദ്ധ്യവസായ ത്താ ൽ ജനിതം.പ്രതിപുരുഷാദികൾക്ക് യാദൃഛികപുരുഷസാമയികമായി ഉപപദ്യമല്ല. അ പൌരുഷേയത്തിലും അദ്ധ്യവസായം യോജിക്കുന്നില്ല.പുരുഷവിശേഷമാണ് ജഗത്തിൽ അ ദ്ധ്യവസിതമെന്ന് അതിനാൽ സത്യമായി ബോദ്ധ്യപ്പെടുന്നു.അതാത് പദാർത്ഥത്തില് ദ്രവ്യ ഗുണകർമ്മങ്ങളാല് ഇപ്രകാരം ലക്ഷണങ്ങളാല് സാമാന്യവിശേഷസമവായമെന്ന് പുരുഷ വിശേഷങ്ങൾക്ക് അദ്ധ്യവസായനുരൂപമായി ജഗത്പുരുഷനിലും അധ്യവസായം ചെയ്യപ്പെട്ടു ന്നു.എപ്രകാരം ഐന്ദ്രജാലികന്റെ കയറിൽ സർപ്പത്തെ അധ്യവസായം ചെയ്യപ്പെടുന്നുവോ , അങ്ങനെ കണ്ണിന് പാമ്പായി തോന്നുന്നുവോ,അതുപോലെ .ഈ പുരുഷവിശേഷത്തെ അന്ത രാത്മാ എന്നു പറയുന്നു.അതിനാൽ അദ്ധ്യവസിതമായ ദ്രവ്യങ്ങളിൽ,ജ്ഞാനം ഇന്ദ്രിയാർത്ഥ സംസ്കാരസന്നികർഷത്താല് ബാഹ്യമാനപുരുഷനില് സമഭിവ്യാഹാരത്താല് യഥാതഥമാ യി ഗ്രഹിക്കുന്നു.ജ്ഞാനനിഷ്പത്തിവിധി ഇപ്രകാരം പറയപ്പെടുന്നു.അന്തരാത്മകല്പമല്ലാതെ മ റ്റൊരുകല്പം സംഭവിക്കുന്നില്ല.ബുദ്ധികൂടാതെ ഒരു ധർമ്മവും ഉപപാദിക്കാൻ,ലിംഗഭൃതത്തിന് സാധിക്കയില്ല.അദ്ധ്യവസായാത്മക,വിവർത്താനുരൂപമായി സംസൃഷ്ടി ആമ്നായത്തില് മു മ്പോ പറയപ്പെട്ടതാണ്. ശ്രുതി പറയുന്നു. തമേവഭാന്തമനുഭാതി സർവ്വം തസ്യഭാസാ സ ർവ്വമിദം വിഭാതി.(മുണ്ഡ.2.2.10)സർവ്വേശ്വരന് ,സർവ്വജ്ഞൻ,പ്രാജ്ഞനെന്ന് 3 അവസ്ഥ കളിൽ 3 നാമം ബ്രഹ്മത്തിനു കൊടുക്കുന്നു.അതിന്റെ ദർശനം ,അന്വയം തന്നെയാണ് പുരു ഷൻ കാണുന്നത്. ആദിയിൽ ദൃഷ്ടമല്ലാത്ത മറ്റൊന്നും പ്രഭവിക്കുന്നില്ല.എപ്രകാരം ബീജം , ത്വക്, അസ്ഥി,ശാഖ,പത്രം,പുഷ്പം,ഫലം മുതലായ നാനാകാര്യകരണസമൂഹാത്മകവൃക്ഷത്തെ അപേക്ഷിച്ച് അതിനനുരൂപമായ ഫലത്തിൽ വിത്തുണ്ടാവുന്നുവോ,അതുപോലെ പുരുഷവിശേ ഷത്തിൽഅദ്ധ്യവസിതമായ പദാർത്ഥങ്ങളിൽ,ജ്ഞാനബീജം അർത്ഥേന്ദ്രിയമനോബുദ്ധ്യാദി നാനാസംസ്കാരാപേക്ഷമായി യഥാതഥമായി പുരുഷനിൽ നിഷ്പന്നമാകുന്നു.ഇപ്രകാരം ജ്ഞാ നനിഷ്പത്തിവിധി.

ഇങ്ങനെ ഉല്പന്നമായ ജ്ഞാനം 2 വിധം.

1.അവ്യഭിചാരിജ്ഞാനം .വിദ്യ. 2. വ്യഭിചാരിജ്ഞാനം അവിദ്യ.

സംശയവിപര്യയസ്വപ്നങ്ങളാൽ അദ്ധ്യവസായം ചെയ്യപ്പെടുന്നതാണ് അവിദ്യ. പ്രത്യക്ഷ, ലൈംഗിക,സ്മൃത്യാ.ർഷലക്ഷണങ്ങളാല് വിദ്യ ചതുർവ്വിധമുണ്ട്. സാക്ഷാത് ഇന്ദ്രിയസന്നിക ർഷദ്വാരകം,ബുദ്ധ്യപ്രേക്ഷം എന്ന് രണ്ടുവിധം പ്രത്യക്ഷം. ലൈംഗികാദിജ്ഞാനങ്ങൾക്ക് പ്രത്യ ക്ഷപൂർവ്വകത്വത്താല് ആദിയില് പ്രത്യക്ഷനിഷ്പത്തിവിധി പറയുന്നു.

സൂത്രം 4. ഗുണകർമ്മസു സന്നികൃഷ്ടേഷു ജ്ഞാനനിഷ്പത്തേന്ദ്രിയം കാരണം.

സന്നികർഷമെന്ന് സംസ്കാരസമാസത്തില് പറയപ്പെട്ടു.സംയോഗസമവായങ്ങളാൽ സന്നിക ർഷശബ്ദം വിധേയമല്ല. ഇന്ദ്രിയർത്ഥസന്നികർഷത്താല് സംസ്കാരസന്നികർഷം വിവക്ഷിതമാണ്.അവയുടെ സംയോഗമല്ല.സാക്ഷാദ് ഇന്ദ്രിയസംസ്കാരത്തിൽ അർത്ഥത്തിനായി സംസ്കാരാത്മകമായ ഗുണങ്ങളുടെ സന്നികർഷത്തെ സന്നികർഷഗുണങ്ങളായ രൂപരസഗന്ധസ്പർശങ്ങളാല് പറയുന്നു.കർമ്മങ്ങളില് സ്പർശസംസ്കാരത്തിന്റെ സന്നികർഷത്താല് സന്നികൃഷ്ടത്വം ഉക്തം.സന്നികൃഷ്ടഗുണകർമ്മം ഏവം ഇന്ദ്രിയദ്വാരകമായ പ്രത്യക്ഷം സംഭവിക്കുന്നു.സംഖ്യാദികളുടെ അസംസ്കാരാത്മാവാൽ ഇന്ദ്രിയസന്നികർഷാസംഭവം നാസ്തി. സാക്ഷാദിന്ദ്രിയദ്വാരകം പ്രത്യക്ഷംപോലും ബുദ്ധ്യാപേക്ഷമായ പ്രത്യക്ഷമാണ്. സന്നികൃഷ്ടഗുണകർമ്മങ്ങളില് ദ്രവ്യാശ്രിതത്വം കൊണ്ട് ദ്രവ്യം തന്നെയാണ് ജ്ഞാനകാരണം.

സൂത്രം 5.സാമാന്യവിശേഷേഷു സാമാന്യവിശേഷാഭാവത്തത ഏവ ജ്ഞാനം.

ശ്വേതത്തെ ശ്വേതമെന്ന് പൃഥക്ബുദ്ധിയായിട്ടാണ് ഉഭയമായി അറിയുന്നത്.ശ്വേതത്തിലെ ശ്വേതലക്ഷണസംസ്കാരം ,പൃഥഗിന്ദ്രിയസംസ്കാരം,അവയുടെ സന്നികർഷം കൊണ്ട് ഉഭയം.

ഉഭയത്തിൽശ്വേതത്തില് സാമാന്യബുദ്ധിയാണോ ,ദ്രവ്യാധീനവും സാമാന്യബുദ്ധിജനക സംസ്കാരത്തിലെ ദ്രവ്യാഭാവവുമായ ബുദ്ധിയോണോ ഉള്ളത്. സാമാന്യജ്ഞാനം തന്നെ ബുദ്ധിസംസ്കാരാപേക്ഷമാണ്.സാക്ഷാദിന്ദ്രിയാർത്ഥസംസ്കാരവിശേഷാപേക്ഷമല്ല.ദ്രവ്യഗതമായ ശ്വേതത്വസാമാന്യാപേക്ഷം തന്നെയാണ് അതിന്റെ ജ്ഞാനം.ശ്വേതത്തിൽ ശ്വേതബുദ്ധി സാക്ഷാദിന്ദ്രിയാർത്ഥസന്നികർഷജന്യമാണ്.രക്തത്തിൽ രക്തത്വബുദ്ധിയും അപ്രകാരം . എന്നാൽ ശ്വേതത്വരക്തത്വബോധം വിശേഷബുദ്ധിജന്യമാണ്. കാരണഭൂതമായത് ദ്രവ്യാഗമസംസ്കാരവിശേഷമാണ്.ശ്വേതത്വരക്തത്വപ്രത്യക്ഷം ദ്രവ്യാധീനമാണ് .ദ്രവ്യഗുണകർമ്മങ്ങളിൽ ജ്ഞാനം സാമാന്യവിശേഷാപേക്ഷമായി ഭവിക്കുന്നു.സാമാന്യവിശേഷങ്ങളിൽ സാമാന്യവിശേഷാഭാവത്താൽ അതാതിന്റെ ജ്ഞാനം എന്ന് സന്നികൃഷ്ടഗുണകർമ്മത്തില് ഇപ്രകാരം ജ്ഞാനം ബുദ്ധ്യപേക്ഷമാണ്.

സൂത്രം 6.സാമാന്യവിശേഷാപേക്ഷം ദ്രവ്യഗുണകർമ്മസു.

ദ്രവ്യഗുണകർമ്മങ്ങളില് സാമാന്യം ,വിശേഷം ഇവയുടെ നാനാത്വജ്ഞാനമാണ് സാമാന്യവിശേഷാപേക്ഷമായിരിക്കുന്നത്.

സൂത്രം 7.ദ്രവ്യേ ദ്രവ്യഗുണകർമ്മാപേക്ഷം.

സന്നികർഷഗുണങ്ങകർമ്മങ്ങള് ഇന്ദ്രിയകം പ്രത്യക്ഷം എന്ന് സംസ്കാരസന്നികർഷത്വത്താൽ പറയപ്പെടുന്നു.താദൃശമായ സ്വകീയസന്നികൃഷ്ടസംസ്കാരം ഇന്ദ്രിയങ്ങളിൽ സന്നികർഷമായ പോലെ ദ്രവ്യങ്ങളിലില്ല.ദ്രവ്യത്തിൽ സാക്ഷാദ് ഐന്ദ്രിയകംപ്രത്യക്ഷം ഇല്ല.അതിലെ പ്രത്യക്ഷം ഗുണകർമ്മാപേക്ഷം ബൌദ്ധം പ്രത്യക്ഷമാണ്. ദ്രവ്യാശ്രിതത്വത്താൽ ഗുണകർമ്മങ്ങളിൽ ദ്രവ്യാപേക്ഷമായി ദ്രവ്യജ്ഞാനം പറയപ്പെടുന്നു.

സൂത്രം 8.ഗുണകർമ്മസു ഗുണകർമ്മാഭാവാദ് ഗുണകർമ്മാപേക്ഷം ന വിദ്യതേ.

ഗുണകർമ്മങ്ങളില് സന്നികൃഷ്ടത്തില് സാക്ഷാദ് ഐന്ദ്രിയകം പ്രത്യക്ഷം. ഗുണകർമ്മാഭാവ ത്താ ൽ ദ്രവ്യപ്രത്യക്ഷംപോലെ ഗുണകർമ്മാപേക്ഷമായ പ്രത്യക്ഷം കാണുന്നു.പൂ ർവ്വോക്തമാ യഅർത്ഥം ഉപസംഹരിക്കുന്നു.

സൂത്രം 9.സമവായിനാഃശൈത്യാച്ഛ്രൈന്യബുദ്ധേശ്ച ശ്വേതേ ബുദ്ധിസ്തേ ഏതേ കാര്യകാരണഭൂതൈ.

പുരുഷന് ശ്വേതത്തിലെ ശൈത്യം അദ്ധ്യവസായത്താല് ജനിക്കുന്നു.അതിന് 2 കാരണം. സമവായിനി ശൈത്യം ഇപ്രകാരം അതിന്റെ ലക്ഷണസംസ്കാരം .ആ സംസ്കാരത്തിന്റെ അന്തരാത്മാവിൽ ശൈത്യം എന്ന ദ്ധ്യവസായം.അന്തരാത്മാവിൽ ശൈത്യാദ്ധ്യവസാ യത്തിന് അനുരൂപമായിട്ടാണ് സമവായിനിയായ ശ്വത്യസംസ്കാരം കാര്യം.അതിനെ,പിന്നെ പുരുഷന്റെ ശ്വേതത്തിലുള്ള ബുദ്ധികാര്യം എന്ന് കാര്യദ്വയം.കാര്യകാരണഭൂതത്തിൽ ഏവം സംസ്കാരം നിയതമായി അദ്ധ്യവസായം എന്ന് 2 കാരണം ഭവിക്കുന്നു,പുരുഷന്റെ അദ്ധ്യ വസായത്തിൽ .

സൂത്രം 10.ദ്രവ്യേഷ്വാനിതരേതരകാരണാഃ

ദ്രവ്യത്തിൽ സ്വഗതമായ ഗുണകർമ്മാപേക്ഷം പ്രത്യക്ഷമാകുന്നു.ദ്രവ്യാന്തരനിമിത്തത്താൽ ദ്രവ്യാന്തരത്തിൽ ജ്ഞാനം നിഷ്പന്നമാകുന്നു.അതിന് ലൈംഗികം പ്രത്യക്ഷമല്ല.

സൂത്രം 11. കാരണയോഗപദ്യാദ് കാരണക്രമാച്ച ഘടപടാദിബുദ്ധീനാം ക്രമോ ന ഹേതു ഫലഭാവാത്.

ഘടത്തിലുള്ള രൂപസംസ്കാരം ഘടരൂപപ്രത്യക്ഷത്തിന്റെ കാരണമാണ്. ദീർഘകാലവ്യാപി സംസ്കാരമായി ഘടത്തിൽനിന്ന് ഉത്തിഷ്ഠമാകുമ്പോള് അനേകം(ബഹവോ)സംസ്കാരങ്ങളു ത്തിഷ്ഠമാകുന്നു.ക്ഷണക്രമേണ അനേകസംസ്കാരങ്ങൾ ഘടത്തിൽനിന്ന് ഉത്തിഷ്ഠമാകുന്നു.ഒറ്റ ക്ഷണത്തിൽ ഏകം ഏവം സംസ്കാരം ഘടത്തി ൽനിന്ന് പ്രസൂതമായി ഇന്ദ്രിയസംസ്കാരത്താ ൽ സന്നികൃഷ്ടമായി ഏകം ഏവ ഘടാകാരപ്രത്യയം ജനിക്കുന്നു.ദ്വിതീയലക്ഷണത്തിൽ ദ്വിതീ യം, തൃതീയം ഇത്യാദ് അസംഖ്യം പ്രത്യയങ്ങൾ ഘടജ്ഞാനനിഷ്പത്തിയിൽനിന്ന് ക്രമമായി പ്രവർത്തിക്കുന്നു.അവയുടെ സഞ്ചാരം ആലാതചക്രം പോലെ ഘടമെന്ന ഏകത്വബുദ്ധി നിഷ്പദ്ധമാണ്. ഹേത്വന്തരഫലസ്വരൂപത്തിൽ ഏകത്വബുദ്ധി എന്ന രീതിയിലല്ല. ഇവിടെ എട്ടാം അദ്ധ്യായത്തിലെ ആദ്യത്തെ ആഹ്നികം അവസാനിക്കുന്നു.

അദ്ധ്യായം 8 ആഹ്നികം 2.

മുമ്പത്തെ ആഹ്നികത്തിൽ സാക്ഷാദിന്ദ്രിയജന്യപ്രത്യക്,നിഷ്പത്തിവിധി പറഞ്ഞു.ഈ ആ ഹ്നികത്തിൽ ബുദ്ധ്യപേക്ഷപ്രത്യക്ഷമായ സംഖ്യാദ്ധ്യസന്നികൃഷ്ടഗുണങ്ങള് പറയുന്നു.

സൂത്രം 1.അയമേഷത്വയാകൃതം,ഭോജയൈനമിതിബുദ്ധ്യപേക്ഷം.

സന്നികൃഷ്ടമായ അർത്ഥത്തില് അയം എന്ന ബുദ്ധി ,അപരത്വബുദ്ധി എന്നിവ. വിപ്രകൃഷ്ടമായ അർത്ഥത്തില് ബുദ്ധിപരത്വജ്ഞാനം. അയം എന്ന ശബ്ദത്തിൽ പരത്വാപരത്വങ്ങളുടെ ഗ്രഹണം ചെയ്യുന്നു.പരാപരങ്ങൾ ആമലകങ്ങളിൽ സന്നികർഷത്വത്താല് സാക്ഷാദ് ഐന്ദ്രിയകം രൂപപ്രത്യക്ഷം.പരത്വാപരത്വങ്ങളിൽ സംസ്കാരാത്മകത്വത്താ ൽസന്നിക ർഷാഭാവംസംഭവിക്കുന്നില്ല.ഇപ്രകാരമാണ് സാക്ഷാദ് ഐന്ദ്രിയകപ്രത്യക്ഷം .അസ്തി എന്നാൽ പരത്വാപരത്വങ്ങളില് പ്രത്യക്ഷഗ്രഹണം.ഇത് ബുദ്ധ്യപേക്ഷമായ പ്രത്യക്ഷമാണ്. ആദ്യത്തെ ആമലകത്തിൽ അയംബുദ്ധി.രണ്ടാമത്തേതിൽ അയശബ്ദത്തിൽനിന്ന് സംഖ്യയെ ഗ്രഹിക്കുന്നു.ആദ്യത്തെ ആമലകങ്ങളിൽ സാക്ഷാദിന്ദ്രിയസന്നികർഷമാണ് സംഖ്യാജ്ഞാനം.പ്രഥമത്വം,ദ്വിതീയത്വം മുതലായ സംഖ്യാനാമസംസ്കാരാത്മകത്വത്താൽ ബാഹ്യപ്രത്യക്ഷം അസംഭവമാകയാല് ബുദ്ധ്യപേക്ഷമാണ് പ്രത്യക്ഷം .ഇപ്രകാരം സംഖ്യപരിമാണത്തി ൽ,പൃഥക്ത്വസംയോഗവിഭാഗങ്ങളിൽ പരത്വാപരത്വത്തില് അസംസ്കാരാത്മകമായ ഗുണങ്ങളുടെ സാക്ഷാദിന്ദ്രിയസന്നികർഷസംഭവത്താല് ബുദ്ധ്യപേക്ഷമാണ് പ്രത്യക്ഷം. ചാക്ഷുഷത്വം പ്രത്യക്ഷത്തിന് രൂപിദ്രവ്യസമവായത്താല് രൂപസാഹചര്യം പറയുന്ന രൂപവത്വം കൊണ്ടല്ല എന്ന് ദ്രഷ്ടവ്യം.

ഇപ്രകാരം കർമ്മങ്ങളിലും സാക്ഷാത് ഇന്ദ്രിയസന്നികർഷകർമ്മത്താൽ, ബുദ്ധ്യപേക്ഷപ്രത്യക്ഷം ഉക്തം. നിന്നാൽ കടകം ചെയ്യപ്പെട്ടു. കടകത്തിന്റെ കർത്താവായ പുരുഷന്റെ പ്രത്യക്ഷം ക്രിയമാണമായ കടകത്തിൽനിന്ന് പ്രത്യക്ഷമായ ഇന്ദ്രിയസന്നികർഷജമാണ്. കരണവ്യാപാരങ്ങളിൽ നിന്റെ (ത്വ)സംസ്കാരാത്മകത്വത്താൽ,സന്നികർഷാഭാവത്താല് സാക്ഷാദ് ഐന്ദ്രിയകം പ്രത്യക്ഷം നാസ്തി. അത് ബുദ്ധ്യപേക്ഷമായ പ്രത്യക്ഷം. ചാക്ഷുഷത്വം പൂർവ്വവദ് വ്യാഖ്യാതം.ഏവം ഭോജനാദിവിധിനിഷേധം ആത്മവ്യാപാരത്തില് പ്രത്യക്ഷനിഷ്പത്തിവിധിയായി ദ്രഷ്ടവ്യം.

സൂത്രം.2.ദ്രഷ്ടേഷു ഭാവാദദൃഷ്ടേഷ്വഭാവാത്.

ദൃഷ്ടമറിയുന്നു.അധൃഷ്ടമറിയുന്നില്ല.ആമ്ലകരൂപരസാദിസന്നികൃഷ്ടഗുണങ്ങൾ അറിയുന്നവയാണ്.സാക്ഷാദ് ഇന്ദ്രിയസന്നികർഷത്താല് കിട്ടിയ പ്രത്യക്ഷജ്ഞാനമാണ്. സംഖ്യാദിഅസംസ്കാരാത്മകഗുണങ്ങള് അവയുടെ സമവായത്താല് ബുദ്ധ്യപേക്ഷമായ പ്രത്യക്ഷമാണ്.ഈ ഗുണം ആമലകത്തിൽ അറിയാവതല്ല.അതിന്റെ അഭാവജ്ഞാനം പ്രത്യക്ഷജ്ഞാനപക്ഷത്തിൽ വിരോധിപ്രത്യക്ഷത്വത്താല് അസ്തമിക്കുന്നു.അതിന്റെ ലൈംഗികം ഇപ്രകാരം അഭിപ്രായം .പ്രസക്തപ്രകരണാന്തരം ആരംഭിക്കുന്നു.

സൂത്രം 3.അർത്ഥ ഇതി ദ്രവ്യഗുണകർമ്മസു.

അർത്ഥനിർദ്ദേശത്തില് ദ്രവ്യഗുണകർമ്മങ്ങൾക്ക് വ്യസ്തം,സമസ്തം എന്ന് ഗ്രഹണം ബോദ്ധ്യം. ദ്രവ്യത്തിന്റെ അർത്ഥം,കർമ്മത്തിന്റെ അർത്ഥം എന്ന് പരിഭാഷ ചെയ്യണം. ശരീരത്തിൽ ഇന്ദ്രിയവിഷയസംജ്ഞകമായി ത്രിവിധം കാര്യദ്രവ്യമുണ്ട്. കാരണം,പരമാണു, സമവായനിയമത്താൽ സംയോഗം കൊണ്ട് സ്വരൂപദ്രവ്യാരംഭം.സ്വരൂപദ്രവ്യം സമവായവിശേഷമായ സ്വരൂപതയിൽനിന്ന് ഭിന്നമാണ്.

സൂത്രം 4.ദ്രവ്യേഷു പഞ്ചാത്മകത്വം പ്രതിഷിദ്ധം.

സ്വരൂപാണുക്കൾ,അനേകഭൂതസമവായാത്മകത്വത്താൽ ഏകപ്രകൃതികമാണ്. സമവായിഗുണങ്ങളിൽ,സംയോഗി,സന്നികൃഷ്യോത്ഭവം പറയുന്നു.ഘ്രാണേന്ദ്രിയസ്വരൂപാണു പൃഥീപരമാണു പ്രകൃതികമാണ്.ആ പരമാണു രൂപരസസ്പർശവാനാണ്. ഘ്രാണത്താൽ അത് കേവലം ഗന്ധം മാത്രം ഗ്രഹിക്കുന്നു. രൂപാദിഇനങ്ങളിലും രൂപം മാത്രം ഗ്രഹിക്കുന്നതാണ് കണ്ണ്. ഇന്ദ്രിയങ്ങൾക്ക് ഏകൈകഗുണഗ്രഹണമേ വ്യവസ്ഥ ചെയ്തിട്ടുള്ളു.

സൂത്രം 5.ഭൂയസ്ത്വാദ് ഗന്ധവത്വാച്ച പൃഥിവീ ഗന്ധജ്ഞാനേ പ്രകൃതിഃ

ഘ്രാണേന്ദ്രിയത്തിൻ ഗന്ധജ്ഞാനം പൃഥീപ്രകൃതിയാണ്.സമവായികാരണമാണ്. അനേകപൃഥീപരമാണുസമൂഹത്താൽ,സമവായികൾക്ക് കാര്യത്വം പൃഥീഭൂയസ്ത്വവുമാണ്. സമവായിനിപരമാണുസന്നിവേശത്തില് ഗന്ധേതരസ്രോതസ്സുകളുടെ പ്രതിരോധത്താല് അത് അഭിഭവിക്കുന്നു.സംസ്ഥാനവിശേഷവശാൽ ഗന്ധസ്രോതസ്സുകളുടെ അപ്രതിരോധത്താല് ഉദ്ഭൂതത്വത്താൽ ഗന്ധവത്വം പറയുന്നു.ഗന്ധങ്ങളിൽ ഏകസവർണ്ണസംസ്കാരസന്നികർഷം
ഗന്ധസംസ്കാരമഹത്വം.അതിന്റെ അർത്ഥസന്നികർഷത്താല് കേവലഗന്ധഗ്രഹണം. മറ്റു രസാദികളിൽ പ്രതിരോധത്താല് അഗ്രഹണം ഭവിക്കുന്നു.പരമാണുബഹുത്വതന്ത്രം അനഭിഭൂതഗന്ധതന്ത്രവും ഗന്ധഗ്രഹണവും എന്ന് അർത്ഥം. ഇന്ദ്രിയത്താൽ ഏകഗുണഗ്രഹണനിയമം രസാദികളിൽ ദൃശ്യമായിരിക്കുന്നു.സൂത്രം 6.തഥാപസ്തേജോവായുശ്ച രസരൂപസ്പർശാവിശേഷാത്.

ആപസ്സിന്റെ സമവായികാരണകം രസമെന്ന് നിർദ്ദേശം. അനേകപരമാണുസമൂഹാത്മകമായ രസനേന്ദ്രിയം സമവായി.അതിന് പരമാണുബഹുത്വത്താൽ ഭൂയസ്ത്വം. രസേതരസ്രോതസ്സുകൾക്ക് പ്രതിരോധത്താല് അവയുടെ ഗുണങ്ങള് അഭിഭവിക്കുന്നു. സംസ്ഥാനവിശേഷത്താൽ മാത്രം രസത്തില് ഭൂയത്വംകൊണ്ട് രസസംസ്കാരത്താല് ഉല്കർഷം, അവിശേഷത്വം, സവര്ണ്ണസംസ്കാരസന്നികർഷത്തില് വിശേഷാഭാവത്താലുണ്ടാവുന്നു. സംയോഗിസംസ്കാരത്താൽ സന്നികർഷാഭാവം വരുന്നു.അതിന്റെ അഭാവം സംസ്ഥാനവിശേഷത്താൽ സംയോഗ്യഭാവത്താൽ മാത്രം സംഭവിക്കുന്നു.ഇപ്രകാരം തേജഃപ്രകൃതികമായ ചക്ഷുർവ്വായുപ്രകൃതികം ,

സ്പർശേന്ദ്രിയം എന്നിവയും വ്യാഖ്യാനിക്കണം.എട്ടാം അദ്ധ്യായം രണ്ടാം ആഹ്നികം ഇവിടെ അവസാനിക്കുന്നു.

അദ്ധ്യായം 9.ആഹ്നികം 1.

സത്സംബന്ധത്താൽ പ്രത്യക്ഷം .അസത്പ്രത്യക്ഷവും അങ്ങനെത്തന്നെ. അസത്പ്രത്യക്ഷ വിഷയം ആദ്യത്തെ ആഹ്നികത്തിൽ പറയുന്നു. ആദ്യത്തെ 5 സൂത്രം സദസദ്വിവേകമാണ്.

സൂത്രം 1. ക്രിയാഗുണവ്യപദേശാഭാവാത് പ്രാഗസത്.

കേവലപ്രത്യയാത്മകവും നിരുപാഖ്യവുമായ ഭാവം അസദ്.അസ്തി എന്ന പ്രത്യയസാമാന്യത്താൽ അസദ്ഭാവം. ബാഹ്യജഗത്തിൽ വിധ്യമാനമായ വസ്ത്വാത്മകമായ അർത്ഥം സദ്. അസ്തി എന്ന പ്രത്യയസാമാന്യത്താൽ സദ്ഭാവം. എന്നാൽ,അതിൽസദ് എന്ന പ്രത്യയ വിശേഷം കേവലഭാവാത്മകം സത്.സത്താത്മകഭാവം സത്. സത്താത്മനിൽ,ഭാവത്തിൽ ക്രിയാഗുണം പൃപദേശം ഭവിക്കുന്നു. പ്രത്യയാത്മനിൽ ഭാവമാത്രയില് ക്രിയാഗുണവ്യപദേശമില്ല.പ്രത്യയാത്മനിൽ മാനസത്തില് രഥത്തില് സ്ഥിതമായി ഗമനം പറയുന്നു.സച്ഛബ്ദത്താൽ സത്താപ്രതിഷേധം പറയുന്നില്ല.ഭാവപ്രതിഷേധവുമില്ല.മുമ്പ് അസദ്സൃഷ്ടമാണ് എന്ന് ഉപവാദനം.സദ് ഘടത്തിന്റെ അഭാവം ത്രിവിധം. ഉല്പത്തി,പ്രാഗ്,ഘടാഭാവം പ്രാഗസത്.

സൂത്രം 2.സദസത്.

ഉല്പത്യനന്തരം വിധ്യമാനമായഘടമാണ് സദ്. അതിന്റെ പുനരപസരണത്തിൽ നാശം അല്ലെങ്കിൽ സദസദ് അവസ്ഥ ഭവിക്കുന്നു.ഘടത്തിനുശേഷം വരുന്ന അഭാവവും സദസദ് ആണ്.

സൂത്രം 3.അസതഃക്രിയാഗുണവ്യപദേശാഭാവാദർത്ഥാന്തരം.

ക്രിയാഗുണവത്താണ് സത്തായ ഘടം.നിഷ്ക്രിയവും നിർഗ്ഗുണവും അസത്തായ ഘടം. സദ്ഘടത്തിന്റെ അർത്ഥാന്തരമാണ് അതുകൊണ്ട് അസദ്ഘടം.അസത്തിന്റെ അ ർത്ഥാന്തരത്വപ്രവചനത്താൽ സ്വതന്ത്രപദാർത്ഥത്വം പ്രതിഷിദ്ധവും അർത്ഥത്വം അനുജ്ഞാതവുമാണ്. ദ്രവ്യഗുണകർമ്മങ്ങളില് ഏകതമത്തില് അത് അന്തർഭാവമാണ്. ക്രിയാഗുണവ്യപദേശാഭാവത്താൽ ദ്രവ്യത്തിന്റെ അഭാവമാണ് അസദ്ഘടം.കർമ്മഗുണം അതില് സംഭവ്യമല്ല.ഏതു ഗുണമണുള്ളത്.ഒരു ഗുണവുമില്ല.ഗുണവ്യപദേശാഭാവമാണ് അസദ്. അതിനാല് ജ്ഞാനമാത്രമായി ആത്മനിഷ്ഠമായി മാത്രം ഇരിക്കുന്നതാണ് അസദ്ഘടം. അഭാവത്തെ തൃതീയകല്പമെന്നു പറയുന്നു.

സൂത്രം 4.സച്ചാസത്.

സച്ചാസച്ചമെന്നു പറയുന്നത് യുഗപദ് ആണ്.ഘടം സത്.അതിന്റെ പടം അസദ്. പടത്തിൽ ഘടാഭാവം. ഘടത്തിൽ പടാഭാവം. അന്യോന്യാഭാവത്തെ സദസദ് എന്നു പറയുന്നു. എന്നാ ൽ പരമാർത്ഥികമായ നിത്യസത്താശൂന്യമായ ചതുർത്ഥമാണ് അസദ്.

സൂത്രം 5.യച്ചാന്യദസദതസ്തദസത്.

സത്താസംബന്ധത്താൽ ത്രിവിധം അസദ് പറയപ്പെടുന്നു. അതിൽനിന്നു ഭിന്നമായതും സത്തും നിത്യവും സത്താശൂന്യവുമായത് അസത്ത്. എപ്രകാരം ധർമ്മജ്ഞാനവൈരാഗ്യ ഐശ്വര്യാദികൾ ഭാവംകൊണ്ടും നിദ്രാദികളില് ഭാവപ്രത്യക്ഷജ്ഞാനരൂപമായി പുരുഷനിഷ്ഠമായി അറിയുന്നുവോ,അപ്രകാരം.അത് നിത്യം അസദ്രൂപമാണ്.ചതുർവ്വിധത്തിലും സത്താഭാവത്തിൽ ജ്ഞാനനിഷ്പത്തിവിധി.

സൂത്രം 6.അസദിതിഭൂതപ്രത്യക്ഷാഭാവാത് ഭൂതസ്മൃതേർവിരോധിപ്രത്യക്ഷവത്.

അഭൂതം നാസ്തി ഇപ്രകാരം ,അനർത്ഥാന്തരം ഇപ്രകാരം, വക്ഷ്യമാണമാകയാൽ അഭൂതശബ്ദം നാസ്തി എന്നർത്ഥം. എപ്രകാരം ഭൂതശബ്ദത്തിൽ അർത്ഥമറിയുന്നുവോ അപ്രകാരം. രൂപാദിസന്നികർഷഗുണകർമ്മത്താല് സംസ്കാരത്താല് ആത്മകത്വത്താല് സാക്ഷാദ്ഇന്ദ്രിയസന്നികർഷജം പ്രത്യക്ഷം. അസംസ്കാരാത്മകമായ സംഖ്യാദികള് പ്രത്യക്ഷസാഹചര്യങ്ങളാൽ ബുദ്ധ്യപേക്ഷമായിട്ടാണ് പ്രത്യക്ഷം.അഭാവത്തിൽ പ്രത്യക്ഷമില്ല. ഭൂതപൂർവ്വപ്രത്യക്ഷത്തിന്റെ സ്മൃതിസംസ്കാരസാഹചര്യങ്ങളാല് ബുദ്ധ്യപേക്ഷമായ പ്രത്യക്ഷമേ ഉള്ളൂ. പ്രതിഷേധത്തിൽ പ്രാപ്തിപൂർവ്വകത്വത്തിന് വിരോധിയാണ് പ്രത്യക്ഷവത്തായ ജ്ഞാനം.

സൂത്രം 7 തഥാഭാവേ ഭാവപ്രത്യക്ഷത്വാച്ച.

നിദ്രാദിനിത്യാസദാത്മാവിൽ ഭാവങ്ങള് സർവ്വൈന്ദ്രിയകം പ്രത്യക്ഷം ഉപപദ്യമല്ല.അവ കേവലബുദ്ധ്യപേക്ഷപ്രത്യക്ഷമാണ്.അതിന്റെ അഭാവത്തിലും ഭൂതപൂർവ്വമായ പ്രത്യക്ഷത്തിന്റെ സ്മൃത്യപേക്ഷമാണ് പ്രത്യക്ഷം.

സൂത്രം 8.ഏതേനാഘടോഗൌരധർമ്മശ്ചവ്യാഖ്യാതഃ

ഘടാദികളുടെ അഭാവത്തിലും വിധിയാൽ അവയുടെ പ്രത്യക്ഷം നിഷ്പത്തമായിരിക്കുന്നു.

സൂത്രം 9.അഭൂതം നാസ്തീത്യനർത്ഥാന്തരം

അഭൂതമെന്നർത്ഥമില്ല,ശബ്ദത്തിന്. ഭൂതമെന്ന് അസ്തിക്ക് അർത്ഥം പരിഭാഷ ചെയ്യുമം.

സൂത്രം 10. നാസ്തിഗേഹേ ഘടഇതി സതോ ഘടസ്യഗേഹസംസർഗ്ഗപ്രതിഷേധഃ

വീട്ടിൽ ഘടമില്ല എന്ന് വീട്ടില് ഘടത്തിന് അഭാവം പറഞ്ഞു.അഭാവം ഘടനിഷ്ഠമല്ല, എന്നാലഭാവമുണ്ട്.ഘടാഭാവം ഗേഹനിഷ്ഠമാണ്.ഘടാഭാവമല്ലാതെ ഗേഹാഭാവമില്ല. എന്നാല് ഗേഹഘടസംസർഗ്ഗാഭാവം ഉണ്ട്. സംസർഗ്ഗത്തെ ബുദ്ധ്യപേക്ഷപ്രത്യക്ഷമായും അതിന്റെ അഭാവ ത്തെ അതിന്റെ സ്മൃതിപൂർവ്വകമായ വിരോധിപ്രത്യക്ഷവത്തായ ജ്ഞാനമായും അറിയുന്നു.

സൂത്രം 11. ആത്മന്യാത്മമനസോഃസംയോഗവിശേഷാദാത്മപ്രത്യക്ഷം.

സർവ്വേന്ദ്രയങ്ങളേയും അപേക്ഷിച്ച് സാകഷാദ് ആത്മാവില് ഏതൊരർത്ഥഗ്രഹണമുണ്ടോ, അത് ആത്മപ്രത്യക്ഷം. ഇന്ദ്രിയമനസംയോഗത്തിൽ രൂപാദികളുടെ ഗ്രഹണം സംഭവിക്കുന്നു. യുഗപത്തായി സർവ്വേന്ദ്രിയസംയുജ്യമാണ് മനസ്സ്. ജ്ഞാനം യുഗപത്തായ വ്യാസജ്യവൃത്തിയാവുന്നതാണ് മനസ്സെന്നറിയുന്നത്. അതിനാൽ,പര്യായം കൊണ്ടാണ് ഇന്ദ്രിയമനസംയോഗം സംഭവിക്കുന്നത്. സംയോഗത്തിൽ പുനർദർശവിശേഷാപേക്ഷ സംഭവിക്കുന്നു. മനസ്സിൽ ഏകമായ ദേശം സർവ്വേന്ദ്രിയസംയോഗത്താലാണ് ഭവിക്കുന്നത്. സർവ്വജ്ഞാനയൌഗപത്താൽ സംകരാപത്തി. മനസ്സിന്റെ പ്രദേശഭേദമാണ് എല്ലാം. സംയോഗവിശേഷം ഉല്പന്നമാകുമ്പോൾ, രൂപാദിവിശേഷങ്ങളെ ഗ്രഹിക്കുന്നു. ഇപ്രകാരം മനസ്സ് ശുഷിവിശേഷങ്ങളിലും ആത്മമനസംയോഗവിശേഷത്താൽ ബുദ്ധ്യാത്മവൃത്തിയാല് വിശേഷമായി പ്രവേശിക്കുന്നു. മനസ്സിന്റെ പ്രദേശവിശേഷം സംയുക്തമായി ആത്മനിൽ സർവ്വവൃത്തിനിരോധമായി അസ്ഥിയായിരിക്കുന്നു.അയം ആത്മഎന്ന് വിശിഷ്ടബുദ്ധികൊണ്ട് സാക്ഷാദാത്മന്യാത്മാനം അറിയുന്നു.അത് സർവ്വേന്ദ്രിയനിരപേക്ഷമായ ആത്മപ്രത്യക്ഷമാണ്.

സൂത്രം 12.തഥാ ദ്രവ്യാന്തരേഷു പ്രത്യക്ഷം

വിധിയാൽ ആത്മേതരദ്രവ്യങ്ങളിലും സാക്ഷാദ് ആത്മസംയോഗത്താല് പ്രത്യക്ഷം ഉണ്ടാവുന്നു.

സൂത്രം 13. അസമാഹിതാന്തഃകരണ ഉപസംഹൃതസമാധ്യയസ്തേയസ്തേഷാഞ്ച.

ഇപ്രകാരം സമാധ്യഭ്യാസപാഠത്തിനായി വിവേകജജ്ഞാനപ്രതിഷ്ഠയില്, സമാധി കൂടാതെ യോഗികൾ ആത്മപ്രത്യക്ഷം സർവ്വാത്മപ്രത്യക്ഷം പ്രവർത്തിപ്പിക്കുന്നത് പറഞ്ഞു.

സൂത്രം 14.തത് സമവായാത് കർമ്മഗുണേഷു.

ദ്രവ്യത്തിൽ ആത്മപ്രത്യക്ഷത്താല് അതിന്റെ സമവേതഗുണകർമ്മമെന്ന ആത്മപ്രത്യക്ഷം സംഭവിക്കുന്നു.

സൂത്രം 15.ആത്മസമവായാദ് ആത്മഗുണേഷു

ആത്മാവിൽ പ്രത്യക്ഷത്തില് ആത്മഗുണത്തില് ആത്മപ്രത്യക്ഷം അതിന്റെ സമവായത്താല് ജനിക്കുന്നു.ഇപ്രകാരം ഒമ്പതാം അദ്ധ്യായം ഒന്നാം ആഹ്നികം അവസാനിക്കുന്നു.

അദ്ധ്യായം 9.ആഹ്നികം 2.

സാക്ഷാത്ഇന്ദ്രിയപ്രത്യക്ഷം,ബുദ്ധ്യപേക്ഷം,ആത്മപ്രത്യക്ഷം എന്ന് ത്രിവിധം പ്രത്യക്ഷനിഷ്പത്തിപ്രകാരം വ്യാഖ്യാനിച്ചു.ഇന്ദ്രിയനിരപേക്ഷം സാക്ഷാത്മനോദ്വാരകം മാനസജ്ഞാനമെന്ന് നിരൂപിച്ചു.അതിന് ലൈംഗികം,ശാബ്ദം,സ്മാർത്തം,പ്രത്യക്ഷമെന്ന് നാലുവിധം .ആദ്യം ലൈംഗികം പറയുന്നു.

സൂത്രം 1. അസ്യേദം കാര്യം കാരണം സംയോഗി വിരോധിസമവായി ചേതി ലൈംഗികം.

ഇദം എന്ന് ധർമ്മധർമ്മിസംബന്ധത്തില് ഗുണഗുണിസംബന്ധം,കർമ്മകർമ്മവത്സംബന്ധം,കാര്യകാരണസംബന്ധം ഇവ പറയുന്നു. സംബന്ധത്തിൽ ഏകതരമായ പ്രത്യക്ഷമനുസംബന്ധത്താല് അപരത്തിന്റെ അപ്രത്യക്ഷത്തിന് അതിന്റെ ജ്ഞാനം ,അനുമാനമാണ്. ഏതൊന്നിന്റെ പ്രത്യക്ഷം അതിന്റെ ലിംഗം അപ്രത്യക്ഷമോ അത് ലിംഗിയാവുന്നു.ലിംഗപൂർവ്വകത്വത്താല് അനുമാനം ലൈംഗികജ്ഞാനമെന്നു പറയുന്നു.കാര്യകാരണസംബന്ധത്തിൽ പുനഃസംയോഗികാരണം, വിരോധികാരണം, സമവായികാരണം ,വേത്തി ആദിവിശേഷജ്ഞാനം എന്നിവ ലിംഗമായി ഭവിക്കുന്നു.

സൂത്രം 2. അസ്യേദം കാര്യകാരണസംബന്ധശ്ചാവയവാദ് ഭവതി.

ധർമ്മധർമ്മ്യനുമാനത്തില് കാര്യകാരണാനുമാനത്തില് പ്രതിജ്ഞാപദേശനിദർശനാനുസന്ധാനപ്രത്യാമ്നായങ്ങളില് പഞ്ചപർവ്വങ്ങളില് ലൈംഗികവിജ്ഞാനത്തിന് പഞ്ചാവയവം പറയുന്നു.

അനുമേയത്തിന് അദൃഷാർത്ഥത്തിന് നിർദ്ദേശമാണ് പ്രതിജ്ഞ.എപ്രകാരം പർവ്വതം തീയുള്ളതാണ് എന്ന് പർവ്വതത്തില് ദൃഷ്ടമായ അഗ്നി എന്ന് സദ്ഭാവമെന്ന സാദ്ധ്യത്വത്താല് നിർദ്ദേശിക്കുന്നുവോ ,അതുപോലെ. അനുമേയത്തിന് സഹചാരിദൃഷ്ടാർത്ഥമാണ് ലിംഗം. അത് ഹേതുവാകുന്നു. സാദ്ധ്യജ്ഞാനത്തിൽ അതിന്റെ നിർദ്ദാശോപദേശങ്ങള് എപ്രകാരം ധൂമംപോലെയോ അതുപോലെ . ധൂമം കണ്ടാല് തീയുണ്ട് .തീ സഹചാരിയായി അറിയുന്നു. സംന്ദിഗ്ധാഭിഭൂതം,ഉദ്ഭൂതം ആയ ലിംഗത്തിന്റെ ഭാവനയാൽ അവധാരണാർത്ഥം ഉപായങ്ങളായ നാനാകാരണപ്രതിസന്ധാനം യുക്തി. യുക്തിയാൽ ലിംഗാവധാരണം സംഭവിക്കുന്നു. സർവ്വഥാ ലിംഗമൂലം അനുമാനമാണ്. പ്രസിദ്ദാസന്നിദ്ധേ സത്യം മാത്രം അതിന്റെ സദനുമാനം സംഭവിക്കുന്നു.എപ്രകാരം കാറ്റിൽ സാമാന്യത ഉപലബ്ധമാനമായ സ്പർശമോ, ആ വായുലിംഗം ഭ്രാന്തമെന്ന് അഭിമന്യമാകുന്നു. സൂര്യരശ്മിസംയോഗത്താൽ ഋത്വനുരോധ

ത്താൽ,അതിന്റെ വ്യഭിചാരദർശനമാണ് സ്പർശം പൃഥിയില് സംഭവിക്കുന്നത്. അപ്രസിദ്ധമായ സന്നിശ്ധമായ ലിംഗം വ്യതിരേകത്താല് വായുവില് സാധിക്കുകയില്ല. ശരീരോഷ്ണാപേക്ഷയാൽ സ്പർശം വിപരിവർത്തമാനമായി ദൃഷ്ടമാകുന്നു. സാമാന്യമായി അനുഷ്ണം,ശീതം, ജ്വരം ഇവയെല്ലാം ശീതമായിത്തന്നെ ഗ്രഹിക്കണം. യുക്തിയാൽ വിദ്യുത്ത് അറിയാം. വായു സ്പർശം അവ്യഭിചാരത്താല് വായുവില് പ്രസിദ്ധസന്നിശ്ധലിംഗം ഭവിക്കുന്നതുപോലെ.

സാക്ഷാത്തല്ലിംഗവ്യാപ്തികസ്യാർത്ഥസ്യോദാഹരണം ദൃഷ്ടാന്തരതന്നിദർശനം. എപ്രകാരം മഹാനസമോ,അപ്രകാരം ധൂമത്തിൽനിന്ന് തീയിന്റെ വ്യാപ്തി ഗ്രഹിക്കാം. വഹ്നി,ധൂമമെന്നിവയി ൽനിന്ന് എപ്രകാരമാമ് അട്ടുക്കളയെന്ന് നിർദ്ദേശിക്കാം. ധർമ്മംപോലെ തോന്നുന്ന ,ധർമ്മസാദൃശ്യത്താലും ചിലപ്പോള് നിദർശനം ചെയ്തേക്കാം. ധർമ്മസാദൃശ്യത്തിന് ഉപമാനം വസ്തുസ്വരൂപാലോചനാമാത്രയിൽ അതിന് ബാധകമായി ഭവിക്കയില്ല.സഹായകമാവുകയേ ഉള്ളു. തരംഗമുള്ള ആകാശം ജലംപോലെ തരംഗവത്വസാധർമ്മ്യത്താല് നിദർശനം കാണിക്കുന്നത് ഉദാഹരണം. വിഭുവായ ആകാശത്തിൽ വാസ്തവത്തില് ജലമില്ല.ജലത്തിൽ വിഭുത്വപ്രതീതിയല്ലാതെ വിഭുത്വവുമില്ല. സാദൃശ്യം അതിനാല് പൂർണ്ണമല്ല. അനുമാനസാധനാവയ വം നിദർശനമാവുന്നില്ല. ജലത്തിൽ അവിഭുത്വവും ആകാശത്തില് വിഭുത്വവും ധ്യേയം. സാമാന്യമായി ദൃഷ്ടത്താല് ലിംഗലിംഗിസംബന്ധനിയമത്താല് നിദർശനവും സന്ധിയുടെ അനുസന്ധാനമാണ്. എപ്രകാരം എവിടെയെവിടെ ധൂമമുണ്ടോ, അവിടെയവിടെ അഗ്നി എന്ന സാമാന്യം ദൃഷ്ടമാകുന്നുവോ, വ്യാപ്തിനിയമത്തിന്റെ നിദർശനത്താല് അത് മഹാനസത്തില് അനുസന്ധാനം ചെയ്യുവോ,അപ്രകാരമാണ് മഹാനസത്തിന്റെ അനുസന്ധാനം. അർത്ഥപ്രതിജ്ഞയിൽ ആദ്യം സാദ്ധ്യത്വത്തില് ആമ്നായത്തില് സ ഏവ ഹേതു എന്നു പറഞ്ഞതും ഇതുപോലെ അനുമാനാവയവങ്ങളുടെ സുസാധിതത്തിനും സന്ദിശ്ധത അവധാരണം ചെയ്യുന്നതിനുമുള്ള പ്രത്യാമ്നായമാമ് .അപ്രകാരം തന്നെ നിഗമനവും അറിയേണ്ടതാണ്. ഇപ്രകാരം പര്വ്വതത്തില് അഗ്നി ധൂമം കണ്ടതിനാലനുമാനിക്കുന്നു.അത് അട്ടുക്കളയിൽ ധൂമമുള്ളത് അഗ്നിയാലാണെന്ന അനുഭവം കൊണ്ടാണ്. എവിടെയെവിടെ ധൂമം അവിടെയവിടെ അഗ്നി എന്ന സാമാന്യനിയമം വെച്ചാണ്. പർവ്വതത്തില് അഗ്നി എന്നത് ഇക്കാരണത്താല് പഞ്ചാവയവാനുമാനത്താൽ ഉപപന്നമാണ് എന്ന് അർത്ഥം.ഈ പ്രമാണത്താൽ പരിഗ്രഹിക്കണം.

സൂത്രം 3 ഏതേന ശബ്ദം വ്യാഖ്യാതം.

ശബ്ദമെന്ന ശബ്ദജന്യമാണ് ജ്ഞാനം.അതുകൊണ്ട് ജ്ഞാനം ലൈംഗികമാണ്.(ലക്ഷണമുള്ളതാണ്).ശബ്ദത്തിൽവാചകം,അർത്ഥം,വാച്യം എന്ന് വാച്യവാചകസംബന്ധത്താൽ ശബ്ദഃപ്രത്യക്ഷം.പ്രത്യക്ഷലിംഗം അദൃഷ്ടമാണ്.വാച്യാർത്ഥം അനുമാനം ചെയ്യേണ്ടതുണ്ട്. എപ്രകാരം ഗോശബ്ദം പ്രത്യക്ഷം,അനുമേയങ്ങളാൽ സത്യവിശേഷേണ വാച്യത്താല് സമവായത്തോട് സംബന്ധപ്രസിദ്ധമോ അതുപോലെ സത്വവിശേഷമാണ് പശു എന്ന

ലിംഗം.വേദത്തിൽ പ്രതിപാദിതമായ ജ്ഞാനത്തെയാണ് ശബ്ദമെന്ന ശബ്ദലിംഗത്താല് പറയുന്നത്.ശബ്ദമാത്രത്താൽത്തന്നെ അവിടെ ലിംഗവും പ്രത്യക്ഷമാണ്.വാച്യത്തിനും അർത്ഥത്തിനും സ്വർഗ്ഗാദികളില് അദൃഷ്ടത്വത്താല് അദൃഷ്ടലിംഗമായ ശബ്ദമാണ് ജ്ഞാനമാവുന്നത്.അല്ലാതെ,വിശേഷേണ കൃതമായ സങ്കേതത്തോടുകൂടിയ ശബ്ദമല്ല,കേവലമായ മീമാംസയാൽ അസന്ദിഗ്ദമായി ഭവിക്കുന്ന സങ്കേതവുമല്ല.അതിനാൽ സങ്കേതവിശുദ്ധിക്കായി ലക്ഷണശാസ്ത്രമാശ്രയിക്കേണ്ടിവരുന്നുണ്ട്. സദ്ഭൂതാർത്ഥമായ നിഗമത്തിന്റെ ആമ്നായവചനം ഇങ്ങനെ പ്രസിദ്ധമാണ്. എന്നാലും അതിന്റെ അർത്ഥത്തിന് ഹേത്വാദികള് ഉപപാദനം ചെയ്യുന്നതിനായി ഇപ്രകാരം ലക്ഷണശാസ്ത്രം പണ്ട് ആപ്തന്മാർ സാക്ഷാത്കൃതധർമ്മമായി പ്രവർത്തിപ്പിച്ചിട്ടുണ്ട്.അതിനെ മൂഢന്മാർക്കുവേണ്ടി സ്മൃതിശാസ്ത്രം സ്വമനീഷകൊണ്ട് അർത്ഥം രചിച്ച് കേവലം അപാർത്ഥകവേദപ്രമാണത്താല് പ്രവർത്തിപ്പിച്ചു.ആർഷം ധർമ്മോപദേശം ച വേദശാസ്ത്രവിരോധിനാ യസ്തർക്കേണാനുസംധത്തേ സ ധർമ്മവേദനേതരഃ (മ.12.103) ഇനി ശബ്ദത്തിന്റെ അർത്ഥലിംഗത്വം ഉപപാദിക്കാം.

സൂത്രം 4.ഹേതുരപദേശോ ലിംഗം പ്രമാണം കരണമിത്യനർത്ഥാന്തരം.

ഹേതുത്വാദികളായ ശബ്ദങ്ങൾ സമാനാർത്ഥങ്ങളാണ്. ശബ്ദം അപദേശമാണ്. ഉപദേശവിശേഷത്താൽ ഇപ്രകാരം വ്യപദേശമെന്നു പറയുന്നു.നിഷ്പത്തിയിൽ ഹിതം ഭവിക്കുന്നതിന്റെ കാരണത്വം ഹേതു.ജ്ഞാനനിഷ്പത്തിയിൽ കാരണത്വത്തിന്റെ ലിംഗമാണ് ഹേതു.ഉപദേശിക്കുന്നു,വിജ്ഞാപിക്കുന്നു,സ്വസംബന്ധാർത്ഥം ഇപ്രകാരമുള്ള അപദേശം ഹേതു. ലിംഗയതി വിജ്ഞാപയതി, സ്വസംബന്ധാർത്ഥജ്ഞാനം എന്ന് കരണം. ഇപ്രകാരം ശബ്ദം സമാനാർത്ഥമെന്ന് ബോദ്ധ്യം.

സൂത്രം 5.അസ്യേദമിതി ബുദ്ധ്യപേക്ഷിതത്വാദ്

സർവ്വോപരി അർത്ഥം ശബ്ദത്താല് അഭിധീയമാണ്.(അഭിധീയതേ) ദേശകാലജാതിസമയാദിഭേദത്താൽ ഛേദഭേദം ഉണ്ടായാലും ശബ്ദസാമാന്യത്താല് അർത്ഥസംബന്ധം ഭവിക്കുന്നു എന്നതിനാൽ ശബ്ദാർത്ഥസംബന്ധം നിത്യമാണ്. ഈ സംബന്ധത്തെ സങ്കേതമെന്ന് പറയുന്നു.ദേവ,ഋഷി,മനുഷ്യ,മ്ലേഛാദികളുടെ എല്ലാം വ്യവഹാരം നടക്കുന്നത് അതിനാൽ മാത്രമാണ്. ഇദം എന്ന സംബന്ധജ്ഞാനത്തിന് സർവ്വത്ര ബുദ്ധ്യപേക്ഷിത്വത്താൽ,സങ്കേതവും ബുദ്ധ്യപേക്ഷമെന്ന് ശബ്ദാർത്ഥങ്ങളുടെ ലിംഗലിംഗിഭാവത്തിന്റെ ഉപപത്തിയില് ലൈംഗികത്വം ഉക്തം. ശബ്ദജ്ഞാനം ലൈംഗികമാണ്. സ്മൃതി പറയുന്നു:

സൂത്രം 6. ആത്മമനസോഃസംയോഗവിശേഷാത് സംസ്കാരാച്ച സ്മൃതിഃ

എപ്രകാരം ഇന്ദ്രിയസംയോഗത്താൽ,മനസ്സിനെ സുഷയമെന്ന് പറഞ്ഞുവോ അപ്രകാരം സുഷിസംയോഗത്താൽ ആത്മമനസ്സുകളുടെ സംയോഗത്തില് മനസ്സ് സുഷിവിശേഷത്താല് ആത്മമനസ്സ് എന്ന സംയോഗവിശേഷമായി ഭവിക്കുന്നു.ആ സംയോഗവിശേഷത്താൽ ആത്മാവിൽ അറിയപ്പെട്ട പൂർവ്വാനുഭൂതസംസ്കാരങ്ങൾക്ക് മനഃസന്നികർഷത്താല് സ്വപ്നനിഷ്പത്തി ഉണ്ടാവുന്നു..

സൂത്രം 7തഥാ സ്വപ്നഃ

അപ്രകാരം ആത്മമനസ്സിൽ സംയോഗവിശേഷത്താല് പൂർവ്വാനുഭൂതസംസ്കാരസന്നികർഷത്താല് സ്വപ്നനിഷ്പത്തി.

സൂത്രം 8.സ്വപ്നാന്തികം.

സ്വപ്നാവസാനത്തിൽസ്വപ്നസ്മൃതിയും ഇപ്രകാരം ഉണ്ടാവുന്നു.

സൂത്രം 9 ഘർമ്മാച്ച.

പുരുഷനാൽ കൃതമായ കർമ്മം ദ്വിഷ്ടം എന്നു പറയപ്പെടുന്നു.ഗ്രഹനക്ഷത്രാദികളിൽ സംസ്കാരരൂപേണ അവസ്ഥിതമായ കർമ്മാദൃഷ്ടം അന്തഃകരണത്തില് സംസ്കാരരൂപേണ സ്ഥിതമായ കർമ്മം അഥവാ ധർമ്മമെന്ന് അറിയുന്നു.കാലവശത്താൽ വിപാകോന്മുഖമായ അദൃഷ്ടത്തിൽ ധർമ്മാദൃഷ്ടസംവേദനത്താല് ധർമ്മസംസ്കാരങ്ങളുണ്ടായി സ്വപ്നത്തില് ആത്മാവില് സന്നികൃഷ്യമായി ഭാവിയിലെ അദൃഷ്ടഫലം അപദേശിക്കപ്പെടുന്നു.

സൂത്രം 10.ഇന്ദ്രിയദോഷാദ് സംസ്കാരദോഷാച്ചാവിദ്യാ:

ജ്ഞാനം ദ്വിവിധം ഭവിക്കുന്നു.സദ്ഭൂതാർത്ഥജ്ഞാനം വിദ്യ. സംശയവിപര്യാദിവ്യഭിചാരിജ്ഞാനം അവിദ്യ. ഇവയുടെ ജ്ഞാനം ബുദ്ധീന്ദ്രിയസംസ്കാരസന്നികർഷമാണ്. ആത്മനിഷ്ഠത്വത്താൽ നിത്യശുദ്ധയായ ബുദ്ധിസംസ്കാരമായി അത് ഭവിക്കുന്നു. ഇന്ദ്രിയങ്ങളിൽ ഭൗതികത്വത്താൽ ദ്രവ്യദോഷത്താല് വചനദോഷം ഇന്ദ്രിയസംസ്കാരങ്ങളില് ദോഷസംഭവാജ്ഞാനം വ്യഭിചരിക്കുന്നത് അവിദ്യ. ഇന്ദ്രിയങ്ങളിൽ മനസ്സിന്റെ ഗ്രഹണം കൂടി ഇവിടെ പറയപ്പെട്ടിരിക്കുന്നു.

സൂത്രം 11. തദ്ദൃഷ്ടജ്ഞാനം

ദൃഷ്ടജ്ഞാനം അവിദ്യയാണ്.പ്രമാണങ്ങളാൽ കല്പിതമല്ല.

സൂത്രം 12.അദൃഷ്ടം വിദ്യാ.

നിർദ്ദോഷേന്ദ്രിയങ്ങളില് സംസ്കാരം നിർദ്ദോഷമായി ഭവിക്കുന്നു. അതിൽനിന്നേ സദ്ഭൂതാർത്ഥജ്ഞാനം ജനിക്കുകയുള്ളു. ഈ വിദ്യ പ്രമാണങ്ങലാൽ ഭവിക്കുന്നു. അത് മാനസപ്രത്യക്ഷമാണ്.

സൂത്രം 13.ആർഷം സിദ്ധദർശനഞ്ച ധർമ്മേഭ്യഃ

ധർമ്മശബ്ദത്താല് ചിത്തസംസ്കാരം പറയുന്നു എന്ന് നേരത്തേ പറഞ്ഞു. അത് ത്രിവിധം. ബാഹ്യാർത്ഥനിമിത്തം ,സ്വപ്നസ്മൃതിതർക്കാനുഭവം,പ്രത്യയാത്മകം. ധർമ്മജ്ഞാനവൈരാഗ്യൈശ്വര്യങ്ങള് ആത്മസംസ്കാരങ്ങളും ഭാവാത്മകങ്ങളുമാണ്. ചിത്തനിരോധജങ്ങളായ സമാധിസംസ്കാരങ്ങൾ യോഗജധർമ്മങ്ങളാണ്. സമാധിസംസ്കാരങ്ങൾ ചിത്തത്തില് പ്രത്യയാത്മകങ്ങളായ അന്യസർവ്വസംസ്കാരങ്ങളേയും സ്വമഹിമയാൽ പ്രതിസന്ധിക്കുന്നു. ഈ അവസ്ഥയിൽ ചേതസ്സില് ഏത് പ്രജ്ഞ ഇരിക്കുന്നുവോ, അത് സമാധിപ്രജ്ഞയാണ്. ലൌകികപ്രജ്ഞയിൽനിന്നു വിഭിന്നമാണത്. ആ പ്രജ്ഞാലോകം ,ന്യാസം മുതലായ ഇന്ദ്രിയങ്ങളുടെ സാന്നിദ്ധ്യം കൂടാതെ സാക്ഷാത്തായി മനസ്സില് അർത്ഥസന്നികർഷത്താല് ജനിക്കുന്ന ജ്ഞാനമാണ്. മാനസപ്രത്യക്ഷമായ ഈ ജ്ഞാനത്തെ യൌഗികപ്രത്യക്ഷമെന്നു പറയുന്നു. യൌഗികദർശനത്തെ ആലംബഭേദത്താല് പിന്നീട് രണ്ടായി കാണാം. ഭൂതങ്ങളിൽ സ്ഥൂലത്വരൂപസൂക്ഷ്മാദ്യവസ്ഥാക്രമേണ,ബ്രഹ്മത്തിൽ ശബലസ്വരൂപത്തെ ആശ്രയിച്ച് ക്രിയ. സമാധിപ്രജ്ഞ സിദ്ധദർശനമാണ്. പരമവിശാരദരായ സിദ്ധരിൽ യോഗികളില് വിവേകജമായ ജ്ഞാനം പ്രാദുർഭവിക്കുന്നു.അതിനെ പറയുന്നുഃ താരകം സർവ്വവിഷയം സർവ്വഥാ വിഷയമക്രമം ചേതി വിവേകജം ജ്ഞാനം (യോ.ദ. 3.5) സിദ്ധരിൽ വത്സാനുസാരിണ്യമായി പശുവെന്നപോലെ ഭൂതപ്രകൃതികള് അനുചരികളായി ഭവിക്കുന്നു, ഭൂതജയംകൊണ്ടാണിത്. പ്രാധാന്യത്താൽ ശബ്ദബ്രഹ്മം സമാധിപ്രജ്ഞയില് വിഷയീകൃതമാകുന്നു. അതുപോലെ യോഗികൾ ശബ്ദധർമ്മം ,അർത്ഥധർമ്മം, ജ്ഞാനധർമ്മം എന്ന് സർവ്വവിഷയവും സർവ്വഥാ വിഷയങ്ങൾക്കതീതമായി വരുന്നതും ഏകക്ഷണത്തിൽ ഉപരൂഢമായി ആർഷജ്ഞാനമായി തങ്ങളില് പ്രാദുർഭവിക്കുന്നതും ദർശിക്കുന്നു. വാഗധീനത്വത്താൽ അതിന്റെ അനുവിധത്വത്താല് സത്യസൃഷ്ടി .ഇപ്രകാരം ആർഷദർശനം സർവ്വദർശനത്തിലും വെച്ച് അർഹിതൈമം എന്നു പറയുന്നു. ബലപക്ഷത്തിലും ബ്രഹ്മണോ ഹി ബലം മഹദ് എന്ന് ശ്രുതി .അചിന്ത്യശക്തിർഹി ഋഷിഃശ്രൂയതേ വാചാം വിജയാദുക്തം ച മന്ത്രശാസ്ത്രേ,

യസ്യൈകാക്ഷരമാത്രേ അപി സംസിദ്ധേ സ്പർദ്ധതേ നരഃ

രവിതാക്ഷ്യൈന്ദുകന്ദർപ്പാശങ്കരാനലവിഷ്ണുഭിരിതി.

ഏതൊന്ന് സർവ്വകാരണനിരപേക്ഷമായി സാക്ഷാദ് ആത്മനാത്മനി സ്വയംപ്രഭമായി സ ർവ്വഭാവജ്ഞാനമായി ഉദിക്കുന്നുവോ,അതിന്റെ വിജ്ഞാനമാത്രം ദർശനപക്ഷത്തിലോ ,ബു ദ്ധ്യപേക്ഷദർശനത്തിലോ ഉള്ളതല്ല. കരണവിശിഷ്ടമായ ജ്ഞാനവൃത്തിയാണ് ബുദ്ധി. ഇപ്ര കാരം ഒമ്പതാം അദ്ധ്യായം രണ്ടാം ആഹ്നികം അവസാനിക്കുന്നു.

അദ്ധ്യായം 10. ആഹ്നികം 1.

ആത്മഗുണമായ ബുദ്ധി മുമ്പത്തെ രണ്ട് അദ്ധ്യായങ്ങളിലായി പരീക്ഷിച്ചു. സുഖദുഃഖേഛാ ദ്വേഷമെന്നിവയും പരീക്ഷിച്ചു. സുഖം,ദുഃഖം ,ഇഛ,ദ്വേഷം എന്നീ ആത്മഗുണങ്ങള് അനുഭവാ ത്മകത്വമെന്ന ജ്ഞാനസാമാന്യത്താല് ബുദ്ധിയാല് പരസ്പരം വൈധർമ്മ്യത്താല് അർത്ഥാ ന്തരത്വം കൊണ്ടറിയുന്നു. അവ ബുദ്ധിയില് അന്തർഭാവങ്ങളല്ല. ബുദ്ധിസാമാന്യത്തിന് വി ശേഷമായി ഉപപദ്യവുമല്ല എന്ന് ഇനി പറയുന്നു.

സൂത്രം 1. ഇഷ്ടാനിഷ്ടകാരണവിശേഷാദ്വിരോധാച്ച മിഥഃസുഖദുഃഖയോരർത്ഥാന്തരഭാവാഃ

ഇഷ്ടകാരണകം സുഖം.അനിഷ്ടകാരണകം ദുഃഖം. കാരണഭേദത്താൽ പരസ്പരം അർത്ഥാന്ത രത്വം. വിരുദ്ധങ്ങൾക്ക് വൃത്ത്യാത്മകതയാല് ഏകമെന്ന സംയോഗനിഷ്പത്തി യോജിക്കുന്നില്ല എന്ന് സംയോഗവിഭാഗത്തിൽ പറഞ്ഞു.ആത്മമനസ്സിൽ പൃഥക്സംയോഗവിശേഷമായ മനസ്സി ന്റെ നിഷ്പത്തി അതിനാൽ മിത്ഥ്യയാണെന്ന് അർത്ഥാന്തരാഭാവം . സുഖം ,ദുഃഖം ഇവ ഭിന്ന ഗുണങ്ങളാണ്. ഇഛാദ്വേഛങ്ങളും ഇഷ്ടാനിഷ്ടകാരണഭേദത്താല് സംയോഗവിശേഷത്താല് അന്യങ്ങളായ സുഖദുഃഖാദികളും പരസ്പരം അർത്ഥാന്തരഭാവത്തില് വ്യാഖ്യാനിക്കാമെന്നറി യണം. ഇപ്രകാരമുള്ള ബുദ്ധിയുടെ അർത്ഥാന്തരത്വത്തെ ഇനി പറയുന്നു.

സൂത്രം 2. സംശയനിർണ്ണയാന്തരാഭാവശ്ച ജ്ഞാനാന്തരത്വേ ഹേതുഃ

അനേകകോടിസ്പൃഗ്വിജ്ഞാനം സംശയം. ആ സശയത്തിൽ ഏകതരത്വാവധാരണം നി ർണ്ണയം. സംശയം ബുദ്ധിധർമ്മമാണ്. നിർണ്ണയവും നിർണ്ണയാന്തരപ്രതിപത്തിയും ബുദ്ധിധ ർമ്മമാണ്. സുഖാദിജ്ഞാനത്തിൽ അദൃഷമായ സംശയനിർണ്ണയധർമ്മം പറയപ്പെട്ടുന്നില്ല. (അറിയുന്നില്ല) അതിനാൽ അത്തരം ആത്മഗുണങ്ങള് ബുദ്ധിയിൽനിന്ന് ഭിന്നമായ അനപേ ക്ഷഗുണങ്ങളാണ്.

സൂത്രം 3.തയോർനിഷ്പത്തിഃപ്രത്യക്ഷലൌകികാഭ്യാം.

സംശയനിർണ്ണയങ്ങളുടെ നിഷ്പത്തി പ്രത്യക്ഷപൂർവ്വകം,അനുമാനം ഇവയാണ്.സുഖാദികൾക്ക് അപ്രകാരം പഞ്ചാവയവമനുമാനം അറിയുന്നില്ല.അതിനാലവ ബുദ്ധിയിലെ അർത്ഥാന്തരഭാവങ്ങളാണ്. പിന്നീട്ഃ

സൂത്രം 4.അഭ്രദിത്യപി

അതീതാനാഗതവിഷയങ്ങളുടെ അനുമാനം ബുദ്ധിധർമ്മമാണെന്ന് ദൃഷ്ടം.സുഖാദിജ്ഞാന ങ്ങ ൾക്ക് അപ്രകാരം അതീതാനാഗതവൃത്തം അനുമീയമല്ല. അതിനാൽ അവയിൽ ബുദ്ധി ജ്ഞാനത്തിന്റെ ജ്ഞാനാന്തരത്വം ഉക്തം.ഇപ്രകാരം ആത്മഗുണങ്ങൾ പരീക്ഷിച്ച് ഉപലബ്ധി നിയമശോധന പറയുന്നു.

സൂത്രം 5.സതി ച കാര്യാദർശനാത്

പൃഥിപരമാണുക്കളിൽ ഗന്ധത്തിൽ, സത്യമായി,കാര്യമായി അതിന്റെ അനുപലബ്ധി ദൃഷ്ടമാ ണ്. അനുത്ഭവത്താൽ അനുപലബ്ധിയെന്ന് ഭവിക്കുന്നു. എന്നാലും കാരണം അസ്തി എന്ന് വാച്യം. പിന്നെ എങ്ങനെ ഉപലബ്ധിയുണ്ടായെന്ന് ഉദാഹരിക്കുന്നു.

സൂത്രം 6. ഏകാർത്ഥസമവായികാരണാന്തരേഷു ദൃഷ്ടത്വാത്.

ഏകാർത്ഥസമവായികാരണമെന്ന് സന്ദിഗ്ധം നിർദ്ദേശം. ഗുണകർമ്മങ്ങളില് സമവായി ത്വം അസംഭവമാകയാൽ ദ്രവ്യങ്ങളില് ഏകമാത്രാർത്ഥത്തില് സമവായികാരണത്വം ഉക്ത മെന്ന് ഏകാർത്ഥവചനം വൃഥാവിലാണ്. ശബ്ദം അഷ്ടാർത്ഥമാണ്. ഏകസ്ഥാർത്ഥത്തിന് ഗുണഭൂതത്തിന് സമവായികാരണം ഏകാർത്ഥസമവായികാരണമായ ദ്രവ്യം വായുസ്പ ർശൈകഗുണസമവായമാണ്.ആകാശം മാത്രമാമ് ഏകാർത്ഥസമവായികാരണമായ ദ്ര വ്യം .ശബ്ദൈകമാത്രസമവായത്താൽ . ഏകാർത്ഥസമവായത്താല് തേജഃപ്രഭൃതികളുടേയും അഗ്രഗ്രഹണം.

വായുപരമാണു സമവായികാരണം. തേജസംയോഗി വിദ്യുദണുവെന്ന് വിജ്ഞാതമാണ്. അതിൽ ഉഷ്ണശീതസ്പർശങ്ങൾക്ക് ദൃഷ്ടത്വാദനഭിഭവാനുദത്ഭവം എന്നിങ്ങനെ അദൃഷ്ടത്വ ത്താൽ ഏകാർത്ഥസമവായികാരണമായ ദ്രവ്യത്തില് ഗുണങ്ങളുടെ നിത്യോപലബ്ധി.

രണ്ടാമത്തെ വരണകം. ദ്രവ്യസമവായികൾക്ക് ദ്വണുക,ത്ര്യണുകാദിഅനേക പരമാണുത്വ ത്താൽ അനേകാർത്ഥത്വം വിവക്ഷിതം. ഏകാണുസമവായികാരണകം ദ്രവ്യം ഭവിക്കുന്നു എന്ന് സൂചിപ്പിക്കാനുള്ള പ്രയോഗമാണതെന്ന് കാണണം. എപ്രകാരമെന്നാൽ, അഗ്നി, വിദ്യുത്,പ്രകാശാദിസ്വരൂപാണുക്കൾക്ക് ഏകാണുസമവായിത്വം പറഞ്ഞപോലെ.

തേജഃപ്രഭൃത്യനേകഗുണവദ് ദ്രവ്യസമവായികാരണത്തില് ,കാര്യത്തിൽ ,ഗുണത്തിൽ, അനു ത്ഭവാദിഭവാദിഅനുപലബ്ധമെന്നു കണ്ടു. ഏകാർത്ഥസമവായികാരണത്തിൽ,വിദ്യുത് ആദിക ളിൽ നിത്യോപലബ്ധി എന്നർത്ഥത്തില് നിയമം ദ്രവ്യഗുണധർമ്മഭേദാച്ചോപലബ്ധി നിയമഃ

(ന്യാ. ദ. 3.3.1. 38).ിത് മുമ്പ് ഉദാഹരിച്ചു. ഉല്പാദനീയമെന്ന പൂർവ്വോക്തമായ സൃഷ്ടിവാദം പരമാണുവിൽനിന്ന് അതിദിശനമെന്ന് ഇനിപറയുന്നു.

സൂത്രം 8.ഏകദേശേ ഇത്യകസ്മിൻ ശിരഃപൃഷ്ഠമുദരം മർമ്മാണി തദ്വിശേഷസ്തദ്വിശേഷേഭ്യഃ

ഏകമായ ശരീരദേശത്തിൽ ശിരസ്സ്,പൃഷ്ഠം,ഉദരം,മർമ്മസ്ഥാനങ്ങളെന്നിവ അനേകദേശത്തിൽ വ്യത്യസ്തങ്ങളെന്നപോലെ വിന്യസിക്കപ്പെട്ടിരിക്കുന്നു. ദേശത്തിൽ ,മർമ്മങ്ങൾ, സ്വസ്വവ്യാപാരങ്ങളിലൂടെ അനുഭവിക്കുന്നതെല്ലാം ഏകമായ ശരീരം തന്നെയാണ്. അതാതിന്റെ സംയോഗവിശേഷഗുണങ്ങള് സംഭവിക്കുന്നു,അതാതുദേശത്തിൽ അതാതിന്റെ വിശേഷഗുണങ്ങളുത്ഭവിക്കുന്നു. ഇതുപോലെ വായുപരമാണുക്കളിൽ ഒന്നുമാത്രമാണ് സ്പർശസ്രോതസ്സ്. തേജസ്സിൽ രൂപസ്പർശങ്ങളെന്ന സ്രോതസ്സുകൾ. ജലത്തിൽ രൂപരസസ്പർശമെന്ന സ്രോതസ്സുകൾ. രൂപരസഗന്ധസ്പർശമെന്ന് നാലെണ്ണം പൃഥ്വീപരമാണുവിൽ സ്രോതസ്സുകൾ.

ആകാശത്തിൽ വിഭവത്താല് സർവ്വഗുണസംസ്കാരങ്ങളാല് ആകാശത്തെ ആശ്രയിച്ച് സർവ്വസംസ്കാരവുമിരിക്കുന്നു.അതിനാൽ ശ്രുതി ആകാശോഹിനാമരൂപയോനിർവ്വിഹിതാ (ഛാ. 9.13.1)എന്നു പറയുന്നു.രൂപാദിസംസ്കാരങ്ങളുടെ അധിഷ്ഠാനഗതി ,ആകൃതി,ജാതി മുതലായ വിശേഷങ്ങൾ പിന്നീട് അറിയപ്പെടുന്നു.പൃഥിപരമാണുവിന്റെ അധിഷ്ഠാനം ഗന്ധസംസ്കാരം. ജാതി യോനി.ഗന്ധസ്രോതസ്സുകളായ പരമാണുക്കളില് ഗന്ധസംസ്കാരത്താല് യോനി ഭവിക്കുന്നു. രൂപസ്രോതസ്സിൽനിന്ന് ഇതുപോലെ രൂപസംസ്കാരങ്ങളുടെ യോനി ഇത്യാദി തത്തദ്സ്രോതവിശേഷങ്ങളിൽനിന്ന് അതാതു ഗുണവിശേഷം.

ആകൃതിവിശിഷ്ടമായി പിന്നത്തെ സംസ്കാരം ഭവിക്കുന്നു. യോനിക്ക് അനുരൂപമായ ആകൃതി ഭവിക്കുന്നു. ഈ ആകൃതിവിശിഷ്ടങ്ങള് സ്രോതസ്സുകളിലേക്കു ഗമിക്കുന്നു.ഇപ്രകാരം വീണ്ടും തദ് വിശേഷങ്ങളിൽനിന്ന് തദ് വിശേഷമായി രൂപരസാദിസംസ്കാരവിശേഷങ്ങളുടെ ഉപപത്തി. മർമ്മാദികളെന്ന് വിരോധിസംയോഗത്താല് ഗുണങ്ങളുടെ ഉത്ഭവം ,നാശം രണ്ടും സൂത്രത്തിൽ സൂചിതമാണ്. ഏവം മുഖപുഛകല്പനകൊണ്ട് അഭിമുഖ്യമായ പരമാണുക്കളുടെ ഗമനത്തിന്റെ ഉപപത്തി. ഉദരത്തിൽ നിന്ന് ആകുഞ്ചനം ,പ്രസാരണം. പൃഷ്ഠത്തിൽനിന്ന് ഉത്ക്ഷേപണം, അവക്ഷേപണം.

അതാതുപ്രദേശത്തുനിന്ന് ഉപഗമത്താൽ പരമാണുക്കളുടെ നിത്യത്വം വ്യഹനിക്കപ്പെടുന്നു. തന്ത്രത്തിൽ പരമാണു പരിണാമികി, നിത്യത ഇവരണ്ടിലും ഉപഗമിക്കുന്നതാണ്. പാരമാർത്ഥികിയല്ല. അനിത്യമിതിവിശേഷതഃപ്രതിഷേധഭാവഃ ഇപ്രകാരം ആരംഭവാദത്തിൽ സാമാന്യാപേക്ഷയാൽ വിശേഷത്തിന് നിത്യത്വം മുമ്പ് വ്യാഖ്യാനിച്ചു. പരമാണുവിന്റെ അകാരണകത്വം തന്ത്രത്തിൽ പ്രതിജ്ഞായതമാണ്. അകാരണവത്വം പരമാർത്ഥികം നിത്യത്വം എന്നിവ കേവലസന്മാത്രയുടെ വ്യതിരേകത്തിനായി പറയപ്പെട്ടവയാണ്. സദ

കാരണവന്നിത്യമെന്ന്. പരമാണുക്കൾ പാരമാർത്ഥികം ,നിത്യമെന്ന് പരമാണുകാരണവാദത്തിൽ ഉപലഭ്യമായത് ആ താർക്കികപാശങ്ങളില് മതിമാന്ധ്യം വന്ന പ്രൌഢിവാദികള് ധൌത്ര്യമാത്രമറിയുന്ന വിദ്വത്തുകളെന്ന്.

ഇപ്രകാരം അദ്ധ്യായം പത്തിലെ ഒന്നാം ആഹ്നികം കഴിഞ്ഞു.

അദ്ധ്യായം 10 ആഹ്നികം 2.

ഇത് ഉപസംഹാരാഹ്നികമാണ്.

സൂത്രം 1. കാരണമിതി ദ്രവ്യേ കാര്യസമവായാത്

സമവായം എന്ന് അനേകാർത്ഥശബ്ദം ഇപ്രകാരം ഉപപരീക്ഷണീയം . സാമാന്യമായി ഭാവമാത്രയിൽ അനേകം പ്രത്യയങ്ങളുടെ ഏകീഭവനമായ സമവായനം സമവായം. അതിന്റെ അന്തർഭാവിതാർത്ഥം അനേകങ്ങളുടെ ഏകീഭാവനം സമവായം. സമൂഹത്തിന്റെ സമത്വവും ഏകീഭാവവും സമവായമാണ്. സമൂഹം കാര്യം. ആ കാര്യത്തിന്റെ സമവായനത്തിനുള്ള ദ്രവ്യം സമവായികാരണം.

സൂത്രം 2. കാരണേ സമവായാത് കർമ്മാണി

ദ്രവ്യത്തിൽ കർമ്മങ്ങള് സമവായം ചെയ്യുന്നു എന്ന് ദ്രവ്യകർമ്മസംബന്ധത്തില് സമവായശബ്ദം. ദ്രവ്യം സമവായ്യാശ്രയത്വമുള്ളതാണ്. അതിനാൽ കർമ്മത്തിനും സമവായത്തില് കാരണം ഭവിക്കുന്നു. സമവായത്തില് സംയോഗിപരമാണുക്കള് ,ഭ്രമണം, ഉത്ക്ഷേപണം, അവക്ഷേപണം,ആകുഞ്ചനം,പ്രസരണം മുതലായ പ്രവർത്തികൾ ചെയ്യുന്നുവെന്ന് ബഹുവചനത്താൽ ഗ്രഹിക്കണം. കാരണേ എന്ന് ഊഭയവിധകാരണങ്ങളെ പറഞ്ഞു. സംഗ്രഹിച്ച് ഗ്രഹണം .കർമ്മകർമ്മസാദ്ധ്യം സാദ്ധ്യമല്ല എന്ന് കാര്യകാരണകർമ്മത്തില് വിശേഷാർത്ഥം.

സൂത്രം 4.തഥാരൂപേകാരണൈകാർത്ഥസമവായാച്ച.

രൂപമെന്ന് രൂപാദിഗുണങ്ങളിൽ കാരണശബ്ദം.കാരണത്തിൽ അറിയാവുന്ന രൂപാദികളായ ഗുണങ്ങൾ കാര്യഗുണങ്ങളിൽനിന്ന് കാരണങ്ങള് ഭവിക്കുന്നു.സമവായിസമവായത്താൽ, സംയോഗിസമവായം സംഭവിക്കുന്നു.കാരണൈകാർത്ഥം മാത്രമാമ് സംയോഗി. ചകാരം സംയോഗിസമവായി എന്ന് ഉഭയമായ ഗുണസന്നികർഷാർത്ഥമാണ്.കാരണങ്ങളുടെ വിഭാഗത്താൽ വചനം സമവായിരൂപമേവ സംയോഗിരൂപത്തില് ഉത്കൃഷ്യമാവുന്നു. സ്വം രൂപം എന്ന് ദ്യോതനാർത്ഥമല്ല. വായുവിൽ രൂപാഭാവത്താല് സംയോഗികളായ തേജസങ്ങ ൾ രൂപവത്തായി വായുകാര്യത്തില് രൂപം ഉത്ഭവിപ്പിക്കുന്നതിന് കഴിവുള്ളവരായിത്തീരുന്നില്ല.

സൂത്രം 5.കാരണസമവായാത് സംയോഗഃപടസ്യ

സമവായത്തിൽ സന്നികൃഷ്ടഗുണകാരണത പറഞ്ഞ് സംയോഗത്തിന്റെ കാരണതയും പറഞ്ഞു. എപ്രകാരം പടത്തിൽ കാരണങ്ങളായ തന്തുക്കളുടെ സംയോഗം പരസ്പരധാരണാകർഷണങ്ങളാകുന്ന കാരണമായി ഭവിക്കുന്നുവോ പടത്തിന് അപ്രകാരം സംയോഗിസമവായി എന്ന് ഉഭയമായി സമവേത്തമായ സംയോഗം പരസ്പരധാരണാകർഷണങ്ങള് കാരണം ഭവിക്കുന്നുവോ അപ്രകാരം കാര്യത്തിലും. പടഗ്രഹണം ഉത്തരാർദ്ധം. കാര്യത്തിൽ സംയോഗത്തിൽനിന്ന് അന്യമായ വിധത്തിലുള്ള കാരണത ഇനി പറയുന്നു.

സൂത്രം 6. കാരണകാരണസമവായാച്ച.

പടത്തിന് തത്വങ്ങൾ കാരണം, തന്തുക്കളുടെ അംശങ്ങൾ കാരണം.അംശങ്ങൾ പടത്തിന്റെ കാരണകാരണം. തഥൈവ ഏകപരമാണുസംയോഗത്താൽ ദ്വണുക,ത്ര്യണുകാദി സമൂഹാത്മകം സമവായികാരണം ഭവിക്കുന്നു. അതിന്നും പരമാണുക്കൾ കാരണമായി ഭവിക്കുന്നു. അവ സംയോഗത്തിന്റെ കാരണത്വമായി ഭവിക്കുന്നു. സംയോഗ്യാണുക്കളും നാനാപരമാണുസമവായാത്മാക്കളായി ഇപ്രകാരം ഭവിക്കുന്നു. അവയുടെ സംയോഗികാരണത്തിനും പരമാണുക്കളാണ് കാരണം. കാരണകാരണങ്ങൾക്ക് ധാരണാകർഷണങ്ങള് സംയോഗകാരണം എന്ന് അതുകൊണ്ട് പറയുന്നു.

സൂത്രം 7 .സംയുക്തസമവായാദഗ്നൈർവൈശേഷികം.

ഉഷ്ണസ്പർശവിശിഷ്ടമാണ് തേജസ്സ് അഥവാ അഗ്നി. പൃഥിസംയോഗിതേജപ്രകൃതികമാണ് അതിന്റെ അണു. അതിന്റെ ഉഷ്ണത വൈശേഷികഗുണമാണ്. വൈശേഷികഗുണം അഗ്നിയി ൽ സ്വാഭാവികമല്ല,കാര്യസ്പർശമാണ്. സംയുക്തസമവായജന്യമാണ്. സംയുക്തങ്ങൾക്ക് സമവായം എന്ന് സംയുക്തസമവായം ദ്രവ്യസമവായം പറയുന്നു. കാര്യത്തിൽ സ്വരൂപാണവോഷ്ണം സന്നികർഷത്താല് ജനിക്കുന്നു. കാരണത്തിൽ പരമാണുക്കൾക്ക് ഉഷ്ണമെന്ന നാമമില്ല. അതിനാൽ,വിശേഷമെന്നു പറയുന്നു. ഇങ്ങനെ സർവ്വം വിശേഷമായി വ്യാഖ്യാനിക്കുന്നു.

ഇപ്രകാരം സൂക്ഷ്മഭൂതങ്ങളിലും പരമാണുക്കളിലും സമവായത്താൽ സ്വരൂപാണുക്കളുടെ സൃഷ്ടി.വീണ്ടും സംയോഗത്താൽ,സ്ഥൂലഭൂതങ്ങളുടെ ഉല്പത്തി. അവയിൽ പൃഥ്യാദിഗ്രഹനക്ഷത്രഗോളങ്ങളുടെ ഉല്പത്തി. ഗോളങ്ങളുടെ സമവായത്താൽ പരമാണുക്കള്സ്വരൂപോല്പത്തിവന്മണ്ഡലസൃഷ്ടി. (field of energy particles around the spheres)എപ്രകാരം സൌരയൂഥത്തിൽ സൂര്യൻ സമവായിയും ബുധാദിഗോളങ്ങള് സംയോഗികളുമാണോ, അപ്രകാരം. ഇപ്രകാരം നക്ഷത്രമണ്ഡലം,സപ്തർഷിമണ്ഡലം ഇത്യാദി നാനാമണ്ഡലസമവായം ബ്രഹ്മാണ്ഡമണ്ഡലഗോളാന്തരാത്മാവിൽ സമവേത്തമായി ദ്രവ്യഗുണകർമ്മസാമാന്യവിശേഷസമവായാത്മാവായി വിരാട്ശരീരവും സൂത്രാണുവും അധിദൈവപുരുഷനുമായിരിക്കുന്നു എന്ന് അർത്ഥം.

ഇപ്രകാരം പരമാണുക്കളിൽ,ശരീരൈന്ദ്രിയസ്വരൂപാണുസൃഷ്ടികർമ്മത്താല് നിഷ്പന്നമായ ശരീരം ആത്മാവിൽ സമവേത്തമായി ഇരിക്കുന്നു. സോയം പുരുഷോ എന്ന് വ്യാഖ്യാനിക്കുന്നു. അതിന്റെ അഭ്യുദയനിഃശ്രേയസസിദ്ധി ഇഷ്ടസിദ്ധി. അതിന്റെ സിദ്ധിക്കായി ജ്ഞാനവിജ്ഞാനപൂർവ്വകമായി കർത്തവ്യതാരൂപാനുഷ്ഠാനധർമ്മം വ്യാഖ്യാനിക്കുന്നു. അതിനുള്ള അനുഷ്ഠേയധർമ്മം യമ എന്ന് പറയുന്നു. സാക്ഷാത്തായി ബാഹ്യസാധനാനപേക്ഷമായി ദ

ർശനവർജ്ജിതത്വത്താല് അദൃഷ്ടമാണ് യമം. സാക്ഷാത് സത്വനിഷ്ഠയാൽ സത്വാനുരൂപ മായിട്ട് ശരീരം വിധിക്കപ്പെടുന്നു. ദൃഷ്ടവും ആനുഷംഗികവുമായ അത് ഫലമാണ്. എന്നാലും പ്രാനൃത,അദൃഷ്ടപ്രയോജനത എന്നിവയാൽസാക്ഷാദഭ്യുദയം ചെയ്യുന്നതുമാണ്. തപഃസ്വാ ദ്ധ്യായാദികൾ ക്രിയാത്മാവിൽബാഹ്യസാധനാപേക്ഷയായ ധർമ്മം ,നിയമം എന്നറിയുന്നു. അവ ദൃഷ്ടമാണ്.അവയുടെ ഫലവ്യവസ്ഥ പറയാം.

സൂത്രം 8.ദൃഷ്ടാനാം ദഷ്ടപ്രയോജനാനാം ദൃഷ്ടാഭാവേ പ്രയോജനമഭ്യുദയ.

നിയമങ്ങൾക്ക് രണ്ടുവിധം ഫലം ഭവിക്കുന്നു. അവ ഭോഗാദികാമ്യഫലങ്ങളിൽ പ്രയോഗിക്കു ന്നു. അഭീഷ്ടഫലം യഥായോഗം സാധിപ്പിക്കുന്നു. സ്വാർത്ഥം ഉദ്ദേശിച്ച് നിയമാർത്ഥം ഈശ്വ രാർപ്പണബുദ്ധ്യാ കർത്തവ്യതയാല് ലോകഹിതത്തിനായി പ്രയോഗിച്ചാലും കൂടി, സത്വശുദ്ധി. ആത്മനിയമത്തിൽ നിഷ്പാദ്യമായി ക്രമേണ അഭ്യുദയം ഉണ്ടാക്കുന്നു. അധികാരിഭേദത്താൽ ധർമ്മം വിധിക്കപ്പെട്ടിരിക്കുന്നു. ആമ്നായത്തിൽ പറഞ്ഞ അർത്ഥങ്ങൾക്ക് പ്രതിജ്ഞാപദേശ നിദ ർശനാനുസന്ധാനപ്രത്യാമ്നായങ്ങള് എന്ന് പഞ്ചാവയവസമ്പത്ത് വൈജ്ഞാനികള് വിധിച്ചിട്ടുണ്ട്. സിദ്ധാന്തോപപത്തി,അവധാരണപൂ ർവ്വകം ധർമ്മാനുഷ്ഠാനം വിധിച്ചിരിക്കുന്ന പടി, നിഗമനാമമായി ചെയ്യുന്നത് സനാതനമാർഗ്ഗം എന്ന് അറിയപ്പെടുന്നു. (The way of eternal spirituality)നിഗമത്തിൽ ധീ,ധൃതി,സ്മൃതിമതാനുസാരം സർവ്വഭാവസ്വഭാവജ്ഞാനങ്ങ ളി ൽ അദ്ധ്യാത്മ,അധിദൈവത,അധിഭൂതമിത്യാദി ത്രിവിദ്യാധികൃതരായ ശുദ്ധസത്വന്മാരാൽ ബ്രഹ്മർഷി,ദേവാദികളാൽ വിധിക്കപ്പെട്ടത് രണ്ടാമത്തെ മാർഗ്ഗം.

സർവ്വാഗമങ്ങളിലും നിഗമം തന്നെയാണ് മൂലമായി ഭവിച്ചിട്ടുള്ളത്. അധികാരിയോഗ്യതാനു രോധനങ്ങ ള് സിദ്ധാന്താചാരങ്ങളാല് സംക്ഷിപ്യമായ ഭേദങ്ങളോടുകൂടി പരിഗ്രഹണം വിധി ച്ചിരിക്കുന്നു.യമപ്രതഷ്ഠയാൽ അഭ്യുദയസിദ്ധി. യമത്താൽ പിന്നീട് നിയമാനുശീലനം സിദ്ധി ക്കണമെന്നില്ല. ശുദ്ധസത്വരും ലോകമാത്രനിഷ്ഠരും യാഥാതഥ്യമായി സർവ്വനിയമാനുഷ്ഠാന ങ്ങളും അശക്യമാകയാൽ പ്രായേണ ഈശ്വരാരാധന ഒറ്റ ഒന്നുകൊണ്ടുതന്നെ നിയമത്തില് മുഖ്യത്വം കല്പിച്ചു. ഭക്തിയോഗത്താൽ അതിന്റെ സമഭിവ്യാഹാരത്താല് ലാഘവമായി പാപ ക്ഷയത്താൽ സത്വശുദ്ധി നിയമത്തില് യോഗ്യതയായി ഭവിക്കുന്നു. അതിനാൽ,യമപ്രതിഷ്ഠാ ക്രമത്തിൽ അഭ്യുദയം കിട്ടുന്നു.

സർവ്വധര്മ്മാന് പരിത്യജ്യ മാമേകശരണം വ്രജ

അഹം ത്വാ സർവ്വപാപേഭ്യോ മോക്ഷയിഷ്യാമി മാ ശുചഃ(ഗീത. 18.66)

അപി ചേത് സുദുരാചാരോ ഭജതേ മാമനന്യഭാക്(ഗീത)

ക്ഷിപ്രം ഭവതി ധർമ്മാത്മാ ശാശ്വച്ഛാന്തിനിഗച്ഛതി(ഗീത)പരതന്ത്രപ്രജ്ഞയിൽ പ്രായേണ ഭക്തിമാർഗ്ഗം മുഖ്യമായി അതിനാല് സ്വീകരിച്ചിരിക്കുന്നു. ഈശ്വരോപാസനം ധർമ്മമൂലമാ ണ്. അന്തരാത്മാ, പരമാത്മാ,ആത്മാ എന്ന് ത്രിവിധം.

അയമാത്മാ- ഭോക്താവ്

ബ്രഹ്മാണ്ഡശരീരം ഹിരണ്യഗർഭം –ഭോഗ്യം.

രണ്ടിന്റേയും നിയാമകമായി അന്തര്യാമിപരമാത്മാ –പ്രേരയിതാവ്.

ഈ മൂന്നും ഏകീഭൃതമായി പരമാത്മനിൽ പരമാർത്ഥികം സ്വരൂപമായി നിഗമങ്ങളില് ബ്രഹ്മം എന്നു വിളിക്കപ്പെട്ടിരിക്കുന്നു. ത്രയം യദാ വിന്ദതേ ബ്രഹ്മമേതത് (ശ്വേ.1.8).പരതന്ത്രപ്രജ്ഞാ നാഗമങ്ങളിൽ ഇപ്രകാരം ബ്രഹ്മത്തെ ഗത്യഭാവത്തോടെ പരമാത്മൈകദേശഭൃതമായ വിഭൃതികളോടെ ദേശകാലസ്വഭാവപരിഛിന്നമായ സർഗ്ഗദേവന്മാരായ ഈശ്വരത്വത്തോടെ ഉപാസനം ചെയ്യുന്നത് വിധിച്ചിരിക്കുന്നു. ഏകം സദ് വിപ്രാബഹുധാ വദന്തി എന്ന് ഏകത്തെ നാനാഈശ്വരസ്വരൂപമാക്കുന്നു,ആഗമം.ഈശ്വരൻ ചിദ്രൂപമാണ്,പുരുഷനുമാണ്, സ്ത്രീയുമാണ്, മദ്യമാംസപ്രിയനാണ് ,അവയെ ജുഗുപ്സയോടെ കാണുന്നവനുമാണ് ശംഖാദിവാദനത്തിൽ പ്രവീണനുമാണ്,അവയെ ഭയക്കുന്നവനുമാണ്,ദൈത്യരെ വധിക്കുന്നവനുമാണ്, ഭസ്മാസുരനിൽനിന്ന് പലായനം ചെയ്യുന്നവനുമാമ്, വൈകുണ്ഠത്തിൽ അധിഷ്ഠാതനുമാണ്, കൈലാസവാസിയുമാണ്, സപ്തമാകാശത്തിൽ കൃതപരിഗ്രഹനുമാമ്, നാമരൂപമുള്ളവനും ഇല്ലാത്തവനുമാമ് ,പ്രത്യഗാത്മനായ ഈശ്വരൻ ദേശകാലസ്വഭാവപരിഛേദത്താല് ഭേദം കൊണ്ട് ആഗമികത്തിൽ അഭ്യുപഗതനായി ദൃശ്യനുമാണ്. ഏകസ്മിൻ അദ്വിതീയമായ പരമാത്മനെന്ന യുഗപദ്സംഭവനുമാണ്, നാനാഗമങ്ങളിലെ ഈശ്വരനുമാണ്.

ഏകമേവാദ്വിതീയം ബ്രഹ്മമെന്ന് സർഗ്ഗാർത്ഥം പ്രകൃതിയില് അനേകം ബീജായമാനമായും ഇരിക്കുന്നു. കൌശീതകത്തിൽ(2.3)യഥാഗ്നേജ്വലതോവിസ്ഫുലിംഗാ വിപ്രതിഷ്ഠേരന്നേവമേ വൈതസ്മാദ് ആത്മനഃപ്രാണ യഥാ ആയതന വിപ്രതിഷ്ഠതേ ,പ്രാണേഭ്യോ ദേവാ ദേവേഭ്യോ ലോകാഃ െന്ന് അധികാരിസ്വഭാവാനുരോധത്താൽ അവ്യക്താ ഹി ഗതിദുഃഖം ദേഹവദ്ഭിരവാപ്യയ എന്ന് ന്യായം അതാതുലോകാധിഷ്ഠാതൃദേവതകളായ ഈശ്വരത്വത്തിൽ ഉപദേശിച്ച് ഇഷ്ടദേവതക്ക് വിഹിതസിദ്ധാന്താചാരപ്രധാനവും നാനാഭേദവിശിഷ്ടവുമായ ആചാര്യന്മാരുടെ ആഗമപ്രവർത്തനങ്ങളെ ധർമ്മങ്ങളെ ഏകദേശത്തെ ആഗമമായി പറയുന്നു. ഇങ്ങനെ വൈദികരിൽ വേദസാഹ്യമായി ദ്വിവിധം ആരാധനയുണ്ട്. വൈദികാഗമത്തിൽ ആത്മമാത്രേശ്വരദേവതാനാമത്തിൽ ഭേദത്തോടെ ഉപാസന വിധിച്ചിട്ടുണ്ട്.

മന്ത്രരൂപി ഭവേദ് ദേവോ ദേവരൂപി ഗുരുർഭവേദ്

ഗുരുരൂപി ഭവേദ് ആത്മാ ആത്മരൂപി മനുർഭവേദ്.

ഗുരു(സദ്ഗുരു)ക്ലേശകർമ്മവിപാകാശയത്തില് ദേശകാലങ്ങളെ അവഛേദിക്കുന്നതിനുമുമ്പ് ഉള്ള ആഗമത്തിലെ ഈശ്വരൻ അഥവാ സർവ്വദേവനായ പരമഗുരുതന്നെയാണ്.

ബ്രഹ്മാനന്ദം പരമസുഖദം കേവലം ജ്ഞാനമൂർത്തിം

ദ്വന്ദ്വാതീതം ഗഗനസദൃശം തത്വമസ്യാദിലക്ഷ്യം

ഏകം നിത്യം വിമലമചലം സർവ്വദാസാവിഭൃതം

ഭാവാതീതം ത്രിഗുണരഹിതം സദ്ഗുരും തന്നമാമി.

ഇപ്രകാരമുള്ള അഭേദോപാസനയെ ആത്മയജ്ഞം (ആത്മയജനം)എന്നു പറയും. ഈശ്വരനെന്ന് തന്മയതാപൂർവ്വം ഉപാസിച്ച് മനുഷ്യൻഈശ്വരന് എന്ന ഭേദമോ, ഗുരു,ശിഷ്യ ൻ,ഭക്ത ൻ,ഭഗവാനെന്ന ഭേദമോ ഇല്ലാതാവണം. വൈദികാഗമത്താൽ ചരിച്ച് ,സത്വശുദ്ധിയോടെ അനന്യമനസാ ഭജിച്ചിട്ട്,നിരഭിവേശനായി, സോപാനക്രമത്തിൽ ജന്മാന്തരത്തില് ഉത്കൃഷ്ടത്തിൽ ഉത്കൃഷ്ടതരമായ മാർഗ്ഗത്തിന്റെ അധികർത്താവായി ആഗമനിഗമഗ്രഹണം സുസാദ്ധ്യമാകുന്നു. പ്രജ്ഞാപ്രാസാദങ്ങൾ ,മന്ദമതിക്കുപോലും ശ്രദ്ധാരക്ഷണാർത്ഥം തത്തദ്ധർമ്മത്താലുണ്ടാവുന്ന ,ബുദ്ധിഭേദം ഉണ്ടാവാതിരിക്കാനാണ്. ഉദാഹൃതമായ ആത്മൈകജ്ഞാനം സംഭവിച്ചില്ലെങ്കിൽ ,ബാഹ്യാഗമങ്ങളിൽ ഭേദോപാസനം വിധിക്കപ്പെട്ടിട്ടുണ്ട്. അവയിൽ പൂർവ്വോക്തദേശകാലസ്വഭാവവിഛിന്നമായ ദേവതകളെ പാരമാർത്ഥികഈശ്വരത്വം , അന്യഗമാഭ്യുപഗതേശ്വരത്വം എന്ന് ഭിന്നാത്മകമായി ,ഭേദദർശികളായ മൂഢന്മാരായ ഈശ്വരനിന്ദകർ,പരധർമ്മനിന്ദകർ,ഉത്കൃഷ്ടവിദ്വേഷികൾ ,അസൂയക്കാർ ,അഭിനിവേശാത്മകർ,കലുഷന്മാർ എന്നിവര് ഭേദം വർദ്ധിപ്പിച്ചുകൊണ്ടേ ഇരുന്ന് ലോകത്തിന്റെ ദ്വൈതം ഉപസ്ഥാപിച്ചുകൊണ്ടിരിക്കുന്നു.

ഇപ്രകാരം വ്യവസ്ഥിതമായ ലോകത്തിൽ സ്വഭാവതയാല് ദുർഗ്ഗമമായ നൈഗമം മഹാമഹിമയുള്ള സനാതനധർമ്മം .അതിനെ സുതരാം സുഗമമായി എല്ലാവർക്കും പ്രാപിക്കാനാണ് ഭക്തിമാർഗ്ഗം. കാലക്രമേണ മൂഢോപദേശദോഷമൂലമായി ആഗമങ്ങൾ വ്യഭിചരിക്കപ്പെടുന്നു. ആഗമനിഗമവിമുഖരായവർ അതിനെ ലോകധർമ്മപ്രായമാക്കുന്നു.ജനങ്ങൾ പ്രായേണ അസൂയക്കാരും അമർഷമുള്ളവരും,അനുബന്ധകോപാഛിദ്രപ്രഹാരികളും,ആത്മപൂജകരും , സാഹസികരും,ക്രൂരകർമ്മികളും ഭീരുക്കളും ഭീഷണിക്കാരും അർത്ഥകാമലോലുപരും അതിപ്രവൃദ്ധമായ ലോഭരോഷമോഹമദമാത്സര്യമുള്ളവരും അതിക്രാന്തശാസകരും ആണ്. ദേശനഗരനിഗമജനപദപ്രധാനങ്ങൾ പ്രായേണ അല്പസത്വരും ഭാഗ്യഹീനരുംക്ഷുദ്രാശയരും പ്രജ്ഞാപരാധത്താൽ ആത്മപൂജക്കുവേണ്ടി സംഘബലം ഇഛിക്കുന്നവരും ,ലോകരഞ്ജനത്തിനായി അധർമ്മം വർദ്ധിപ്പിക്കുന്നവരും ആയിക്കാണുന്നു. സത്വമാണ് സഛാസനത്തിനു ശക്തം.ശാസ്ത്രംകൊണ്ട് മാത്രം സാധിക്കുന്നതിനെ ശസ്ത്രബലം കൊണ്ടു നേടുമ്പോൾ പ്രജാസഞ്ചയത്തിന് ആശകൾ വർദ്ധിക്കും. അതിന്റെ പരിണാമം സ്വയം വിനാശമാണ്. ഇങ്ങനെ വ്യവസ്ഥ ചെയ്ത സമഷ്ട്യദൃഷ്ടവശാല്,നക്ഷത്രഗ്രഹചന്ദ്രസൂര്യാനിലാനലന്മാരുടെ മണ്ഡലങ്ങൾ വിക്രിയം ചെയ്യപ്പെടുന്നു. ഋതുക്കൾ പ്രവർത്തിക്കുന്നു. അതിവൃഷ്ടി ,അനാവൃഷ്ടി, മഹായുദ്ധം,മഹാരോഗം ഇവ ലോകത്തിൽവന്ന് നിരദ്ധ്യക്ഷമായി നസിക്കുന്നു. ദൃഷ്ടവും അദൃഷ്ടവും പ്രതികർത്താക്കളായി വരാന് സാധിക്കുന്നവയാണ്. സമഷ്ടി അധൃഷ്ടം ആപൂർത്തശതമായി

ജനിക്കുന്നു. ഇഷ്ടധർമ്മത്താല് യജ്ഞാദിശ്രേഷ്ഠതമകർമ്മാമ്നായങ്ങളെ സാദ്ധ്യമാക്കുന്നു. അതിനാൽ,നിഗമമാണ് ധർമ്മമൂലം.യഥാന്യായം ധർമ്മത്തെ സംരക്ഷിച്ചാല് ധർമ്മരക്ഷ തന്നെ ലോകരക്ഷയായി ഭവിക്കുന്നു.രക്ഷണം ശാസനാധീനമാണ്. ശാസനം ദണ്ഡാധീന മാണ്. അതിന്റെ പ്രണയനം പുരുഷസ്വഭാവാധീനമാണ്. പ്രായേണ ലോകപീഡനത്തിന്നാ യി ദുഷ്ടയുക്തമാകാനുള്ള സാദ്ധ്യത ലോകത്തിൽ കണ്ടുവരുന്നതാമ്. അങ്ങനെ വന്നാൽ, ആരാണ് ശരണം എന്ന ചോദ്യത്തിന് മനു പറയുന്നു:

തസ്യാർത്ഥേ സർവ്വഭൂതാനാം ഗോപ്താരം ധർമ്മമാത്മജം

ബ്രഹ്മതേജോമയം ദണ്ഡമസൃജത് പൂർവ്വമീശ്വരഃ(മനു 7.14)

തസ്യസർവ്വാണി ഭൂതാനി സ്ഥാവരാണിചരാണി ച

ഭയാദ്ഭോഗായ കല്പന്തേ സ്വധർമ്മാണചലന്തി ച(മനു15)

ശ്രുതിയിൽ ഏകമാത്രം ബ്രഹ്മദണ്ഡം മാത്രമാണ് അനുശാസനകാരണം.

തത് സത്യം വൈ ബലേ പ്രതിഷ്ഠിതം.

ഭയാദസ്യാഗ്നിസ്തപതി ഭയാത്തപതിസൂര്യഃ

ഭയാദിൻദ്രശ്ചവായുശ്ചമൃത്യുർധാവതിപഞ്ചമഃ എന്നു കാണുക.

ആത്മതോജോമയമായ ബ്രഹ്മദണ്ഡസ്ത്വാത്മവിത്തുക്കൾക്ക് ,സത്യസന്ധർക്ക് ധർമ്മം മാത്രമേ ധാരണം ചെയ്യാനും പ്രണമിക്കാലും ശക്യമായിട്ടുള്ളു. അതുമാത്രമേ പ്രയോഗിക്കാനു മുള്ളു.ഇക്കാണുന്ന സർവ്വം അതിന്റെ അധികാരത്താല് ധർമ്മകോശഗോപ്തൃത്വത്താല് നിഗ മമാർഗ്ഗത്തെ അടിസ്ഥാനമാക്കി, യഥായോഗ്യം വിധാതവ്യമാണ്. ഇപ്രകാരം നിദാനമായി നിഗമോക്തമായ സനാതനധർമ്മത്തിന്റെ പന്ഥാവ് വ്യാഖ്യാനിക്കുന്നു.

സൂത്രം 9. തദ്വചനാദാമ്നായസ്യ പ്രാമാണ്യം

ആമ്നായപ്രതിപാദിതമായ ധർമ്മം ഋഷിമാര് ത്രികല്പമായി വിധിച്ചു.സമ്യഗ്വിജ്ഞാനം ,ശ്രുതി, സ്മൃതിന്യായം ഇവയാണ് മൂന്നെണ്ണം. പ്രസ്ഥാനത്തിലും വൈശേഷികത്തിലും ഇവ വ്യാഖ്യാനി ക്കപ്പെട്ടിരിക്കുന്നു. ധർമ്മം വേദപ്രതിപാദിതമാണ്. വേദവിരോധിയും വേദബാഹ്യവുമായി ഏ തെങ്കിലും സ്മൃതിയിൽ കണ്ടാല് അതിനെ പ്രമാണമായി സ്വീകരിക്കാറില്ല.ആമ്നായോക്തവും ഔപനിഷദികവും ആയ ധർമ്മം ബൌദ്ധദർശനത്തില് സ്വതന്ത്രബുദ്ധിസാദ്ധ്യമായും സ്മാ ർത്തത്തില് മഹാമഹിമാനധർമ്മമായും സ്മാർത്തധർമ്മവിജ്ഞാനമെന്ന പേരിലും പ്രതിപാ ദിക്കുന്നു. ഉന്മത്തപ്രലാപമാത്രരായ മന്ദബുദ്ധികളും സ്വപക്ഷമൂഢന്മാരും അതിനെ സ്വന്ത

മെന്നു വ്യാഖ്യാനിക്കുന്നു. സ്മൃതികൃത്തുകൾ സമയത്തെ അനുസരിച്ച് അതാതു കാലത്ത് അവയെ വ്യാഖ്യാനം ചെയ്തു. ശാസ്ത്രകൃത്തുകളും പ്രതിജ്ഞാമനസ്സുകളും അവയുടെ വ്യാഖ്യാനത്തിനർഹരല്ല. അതിനെ അനാദരിക്കുന്നവർ ,വിരോധവാദം ചെയ്യുന്നവർ ആകയാലാണ് ഇങ്ങനെ അനർഹരാവാന് മൂലകാരണം. വിരോധവാദം ആശ്രയിച്ച് സ്വപക്ഷദോഷത്താല് അതിപ്രമാണമായി സ്മൃതിശാസ്ത്രത്തിൽ നാനാസമ്പ്രദായാചാര്യവൈദികമാന്യര് നാനാവ്യാഖ്യാനങ്ങൾ പ്രവർത്തിപ്പിച്ചു. അതിനാൽ അതിന്റെ വ്യാഖ്യാനത്തില് ശാസ്ത്രകൃത്തുക്കളുടെ സമയം (ജീവിതകാലം) സർവ്വദാ അനുസരിച്ചിരിക്കയാണ്. (എല്ലാ കാലത്തേക്കും ഉള്ളതല്ല)

നൈയായികാർത്ഥമാലേകൃതഥാഹീശ്വരകാരണം

പ്രതിഷ്ഠാനാനി വേദസ്യ ഏതേ തർക്കാ ഉദാഹൃതഃ

പ്രത്യക്ഷം ചാനുമാനം ച ശാസ്ത്രം ച വിവിധാഗമം

ത്രയം സുവിദിതം കാര്യം ധർമ്മശുദ്ധിമഭീപ്സിതാ (വൃ.യാ.12.18-19)

ആർഷം ധർമ്മോപദേശം ച

വേദശാസ്ത്രാവിരോധിനഃ

യസ്തർക്കേണാനുസന്ധത്തേ

സ ധർമ്മം വേദ നേത്തരഃ(മനു 12.106)

ഇപ്രകാരം ഈശ്വരകരണവാദം സമൃക്കായി പ്രതിഷ്ഠിച്ചിട്ട് വേദാന്തവിദ്യാസ്ഥാനങ്ങളെ ആലോചിച്ച് വേദവിരോധിസത്തർക്കാശ്രിതങ്ങളായ ആചാര്യമതങ്ങളെ സമൃഗ്വിജ്ഞാനത്താൽ ചിന്തിച്ച് ,സ്മൃതിവ്യാഖ്യാനം യഥാമതി ചെയ്യണം സർവ്വവും അറിയാവതല്ല.സർവ്വജ്ഞന് നാസ്തി(ഇല്ല).അനുഗൃഹീതനായ തത്വബുഭുക്ഷുക്കൾക്കു കൂടി സുതരാം വിധിപ്രകാരം അറിഞ്ഞ് സംശോധിച്ച് ഇത് പരിഗ്രഹിക്കാവുന്നതാണ്.

ത്രിലോകബുദ്ധിനിർഗ്ഗമേ കലൗ ശ്രുതൈ്യകധർമ്മകേ

പ്രവൃത്തലോഭമത്സരൈ്യർവിമർശശീലമായികൈഃ

വിലുപ്തവേദഭാസ്കരവിമോഹരാത്രിനാശനം

സുഭാഷ്യകം തു കാശിനാ ഭവേ ഗുരൗ സമർപ്പിതം

ഇതി കണാദേ വൈശേഷികദർശനേ കാശീയം വേദഭാസ്കരഭാഷ്യം സമാപ്തം.

വൈശേഷികത്തിലെ ചില പദങ്ങളും അവയുടെ തത്തുല്യമായ ഇംഗ്ലീഷുപദങ്ങളും താഴെ കാണുക.

വൈശേഷികത്തിലെ പദം	ഇംഗ്ലീഷ് തത്തുല്യം
ദ്രവ്യം	Matter
ഗുണം	Property,quality
കർമ്മം	Force,power,function
സാമാന്യം	Similarity in genera
വിശേഷം	Difference in species
സമവായം	Composition and relativity
സമവായിപരമാണു	Nucleolus (a subatomic particle)
സംയോഗിപരമാണു	Planetary (subatomic particle)
പൃഥ്വി	Earth
വായു	Air and magnetism
തേജഃ	Fire energy
പ്രകാശ	Light energy
ആകാശ	Spacetime-ether
ദേശകാലം	Timespace continuum
സംസ്കാരാത്മകം	Vibrations,undulatory motion
പരിമാണം	Dimensions of shape and measure
പൃഥക്സംയോഗം	Attraction(gravitation,fluidity,cohesion,adhesion)
വിഭാഗം	Repulsion.division
പരത്വാപരത്വം	Relativity in time,space and order
കുണ്ഡലി	Helix as a spring
സങ്കോചവികാസം	Contraction,expansion (elasticity)
ഉത്ക്ഷേപണം	Force of repulsion
അവക്ഷേപണം	Force of contraction
ആകുഞ്ചനം	Force of expansion
പ്രസാരണം	
ഗമനം	Kinetic force in field direction and magnitude
നിയതദിശം	motion in a fixed dirction
നിയതശക്തി	magnitude of fixed force of motion
സത്പ്രത്യയകർമ്മം	force in action kinetic energy
അപ്രത്യയകർമ്മം	potential energy
പാകം	chemical combination, digestion
സ്നേഹം	adhesion

സംഘാതം	cohsion
ഗതി	frequency of motion
തരംഗം	wave motion
ആകൃതി	shape
ജാതി	origin
അധിഷ്ഠാനം	source of origin
ഔച്ചം	amplitude
ലംബായി	wavelength
സജാതീയം	homogenous, more resonant
വിജാതീയം	heterogenous,less resonant
സവർണ്ണ	highly resonant
അവർണ്ണ	less resonant
സ്വരൂപാണു	atom
വിഷയാണു	physical atom
ശരീരാണു	physiological atom
ഇന്ദ്രിയാണു	organic atom
അപവർഗ്ഗം	transmission of force
പ്രത്യപവർഗ്ഗം	reaction to force of action
ഹസ്തകർമ്മം	splitting force done by hand,instrument
വിസ്ഫോടനം	explosive force
ജ്വലനം	combustion
മേരുഗതവായു	magnetism
കലാശം	by quantum
സ്ഥിതസംസ്കാരം	intrinsic energy
അദൃഷ്ടസംസ്കാരം	extrinsic energy
ആന്തരികസംസ്കാരം	biological energy
സംസ്കാരഭേദം	potential difference
സമം	neutral
വിശിഷ്ടം	positive
ഹീനം	negative

Filename: വൈശേഷികം.docx
Directory: C:\Users\user\Documents
Template: C:\Users\user\AppData\Roaming\Microsoft\Templates\Normal.dotm
Title:
Subject:
Author: user
Keywords:
Comments:
Creation Date: 1/7/2016 8:46:00 AM
Change Number: 528
Last Saved On: 5/6/2020 9:16:00 AM
Last Saved By: user
Total Editing Time: 2,916 Minutes
Last Printed On: 5/6/2020 9:16:00 AM
As of Last Complete Printing
Number of Pages: 140
Number of Words: 38,597 (approx.)
Number of Characters: 220,006 (approx.)